
മാവേലിക്കര-താമരക്കുളം
ഗ്രാമ പഞ്ചായത്ത്



വികസനരേഖ


"പഞ്ചായത്തീരാജ് സ്ഥാപിക്കപ്പെട്ടുകഴിയുമ്പോൾ
അക്രമത്തിന് ഒരിക്കലും നേടാൻ കഴിയാത്തത്
പൊതുജനാഭിപ്രായത്തിന് നിർവ്വഹിക്കാൻ കഴിയും"

ഗാന്ധിജി.

"പ്രത്യയശാസ്ത്രത്തിനുവേണ്ടിനിലകൊള്ളാതെ
പ്രവർത്തിക്കുവേണ്ടിയായിരിക്കണം നാം നിലകൊള്ളേണ്ടത്.
തനിക്കുവേണ്ടി മാത്രം പ്രവർത്തിക്കാതെ മറ്റുള്ളവർക്കുവേണ്ടിക്കൂടി
പ്രവർത്തിക്കുക എന്നതാകണം നമ്മുടെ ലക്ഷ്യം"

നെഹ്റു.

45-1



മാവേലിക്കര

താമരക്കുളം ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം


വികസന രേഖ


വികസനസെമിനാർ

1997 ജനുവരി 14


പി.എൻ.പി.എം. എൽ.പി.എസ്. (ചാവടി സ്കൂൾ)

താമരക്കുളം



കേരള സംസ്ഥാനം
ആലപ്പുഴ ജില്ല


ആലപ്പുഴ ജില്ല
താമരക്കുളം ഗ്രമപഞ്ചായത്ത്

പഞ്ചായത്തു ഭരണസമിതി



കെ. നടരാജൻ
വൈസ് പ്രസിഡന്റ്




ശ്രീ.കൊപ്പാറ ജി. ദാമോദരൻ നായർ
പ്രസിഡന്റ്




കെ. രാധാകൃഷ്ണനുണ്ണിത്താൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ




കെ. ശിവശങ്കരൻ നായർ



ബൈജു കലാശാല



പി.ഷാഹുൽഹമീദ് റാവുത്തർ



ഡി. ശിവശങ്കരപിള്ള



വത്സലാ അജിത്



സി. മണി



മഹിളാ വിജയൻ



ജബനിസാബീവി



എം. ഗീവർഗ്ഗീസ് (സെക്രട്ടറി)

എഡിറ്റോറിയൽ ബോർഡ്

കൊപ്പാറ ജി. ദാമോദരൻനായർ

വി. അപ്പുക്കുട്ടൻ പിള്ള

കെ. രാധാകൃഷ്ണൻ ഉണ്ണിത്താൻ

കെ. ശിവശങ്കരൻ നായർ

ബൈജു കലാശാല

ജബനീസാ ബീവി

ഡോ. മുഹമ്മദ് ഖാലിദ്

പഞ്ചായത്ത് ജീവനക്കാർ

എ. സരസമ്മ, ഹെഡ് ക്ലാർക്ക്

ആർ. സരസ്വതി, യു.ഡി. ക്ലാർക്ക്

കെ. രാധാമണി, യു.ഡി. ക്ലാർക്ക്

വി. വത്സലകുമരിയമ്മ, യു.ഡി. ക്ലർക്ക്

ടോജി ഉമ്മൻ, എൽ.ഡി. ക്ലാർക്ക്

പി.ജി.ചെല്ലപ്പൻ

ഒ. ഉസ്മാൻകുട്ടി

എൻ മധുരൻ

എൻ.എൻ. ലളിത, പാർടൈം ലൈബ്രേറിയൻ

Type Setted at :
PRINTEC COMPUTER GRAPHICS
Charummoodu - 690 505
Cover Page Designed by Baiju Kalasala
Printing Escala Pandalam

ഉള്ളടക്കം

ആമുഖം

ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിൽ

പഞ്ചായത്ത് പൊതുവിവരണം


സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം

ഉപസംഹാരം

മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്ത്.





ആമുഖം

ഭാരതത്തിന്റെ തൊണ്ണൂറ്കോടി ജനങ്ങളുടെ ഭാഗധേയം നിർണ്ണയിക്കുന്ന ഭരണമന്ദിരങ്ങളിൽ ഭരണകർത്താക്കളുടെ തലക്കുമുകളിൽ ഒരു കൊച്ചു മനുഷ്യന്റെ ചിത്രമുണ്ട്. വരുന്ന യുഗങ്ങളിൽ പുരുഷാന്തരങ്ങളുടെ സ്വപ്നങ്ങളിൽ പുനർജനിക്കുന്ന മഹാത്മാഗാന്ധിയുടെ പടം. രാഷ്ട്രപിതാവിനെ ബഹുമാനിക്കുന്ന ലോകജനതയുടെ മുന്നിൽ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ പലപ്പോഴും ചവുട്ടിമെതിക്കപ്പെടുന്നത് നിസ്സംഗതയോടെ നാം കാണുന്നു.

ഭാരതത്തിന്റെ ആത്മാവിന്റെ സ്പന്ദനം ഗ്രാമങ്ങളിലെ ദരിദ്രനാരായണന്മാരുടെ വികാരവിചാരങ്ങളുമായി താദാത്മ്യം പ്രാപിച്ചു. ഊതിക്കാച്ചിയ പൊന്നുപോലെ അനുഭവങ്ങളുടെയും പഠനങ്ങളുടെയും തെളിമയിൽ മഹാത്മജി പറഞ്ഞു ' ഗ്രാമസ്വരാജ് എല്ലാ അർത്ഥത്തിലും ഗ്രാമങ്ങൾക്ക് സ്വയം ഭരണാവകാശം. സ്വാതന്ത്ര്യത്തിന്റെ അമ്പതാം പിറന്നാളിന്റെ കാലൊച്ചകേൾക്കുമ്പോൾ ഗാന്ധിജിയുടെ സ്വപ്നം സാക്ഷാൽക്കരിക്കാനുള്ള നടപടി മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായി കേരളം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു- 'ജനകീയാസൂത്രണം' ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അകൽച്ച നാൾതോറും കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തങ്ങളെയെങ്ങനെ ഭരിക്കണമെന്ന്കൂടി പറയുവാനുള്ള അവകാശം ഈ സ്വതന്ത്രപരമാധികാര ജനാധിപത്യരാഷ്ട്രത്തിലെ ഓരോ പൗരനുമുണ്ട്. ഉല്പാദന സേവന വിതരണരംഗങ്ങളിൽ നേരിട്ടിടപ്പെടുന്നവർ അവരുടെ അനുഭവങ്ങളുടെ പുലർവെളിച്ചത്തിൽ ഈ രംഗങ്ങളിലെ നാളിതുവരെ കൈവന്ന വികസനവും നാളെമുതലുള്ള വികസനസാദ്ധ്യതകളും ശരിയായി വിലയിരുത്തുന്ന ഒരു നടപടി ഉണ്ടാകണം. ശാസ്ത്രസാങ്കേതികരംഗങ്ങളിൽ കൈവരിച്ചനേട്ടങ്ങൾ കാർഷിക-വ്യവസായിക സേവനരംഗങ്ങളിൽ ഒരു കൂതിച്ചുചാട്ടത്തിനുതകുന്ന അനുകൂലസാഹചര്യം ഒരുക്കിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ അനുഭവങ്ങളുടെ തീച്ചൂളയിൽ ഉരുകിത്തെളിഞ്ഞ കർഷകരും തൊഴിലാളികളും കൈവേലക്കാരും ശാസ്ത്രസാങ്കേതിക രംഗത്തെ നൂതനപ്രവണതകളും അനുഭവങ്ങളും അറിവുകളും പങ്കിടുമ്പോൾ ഒരു പുതിയ സംസ്കാരം- വികസനസംസ്കാരം ഉദിച്ചുയരുന്നു.

ഗ്രാമീണത തഴച്ചുനില്ക്കുന്ന ശാലീനമായ അന്തരീക്ഷത്തിൽ നെൽവയലും വയലുകളെ കിറിമുറിച്ചൊഴുകുന്ന തോടുകളും സസ്യജാലനിബിഡമായ കരഭൂമിയും ഗ്രാമത്തിലെ ഭൂസമ്പത്തിന്റെ സവിശേഷതതന്നെ. കാവും കുളവും





ചാലുകളും ചിറകളും ഈ നാടിന്റെ ജല സമ്പത്തിന്റെ നട്ടെല്ലാണ്. തത്തയും, മൈനയും, കാക്കയും, പരുന്തും, കൊക്കുകളും കുഞ്ഞോലകിളികളും നമ്മുടെ അനുഗ്രഹീത ജൈവസമ്പത്തുതന്നെ. പഴമയുടെ പാരമ്പര്യത്തിൽനിന്നും ആധുനികതയുടെ വിപ്ലവസമ്പത്തുകളിൽ അഭിമാനത്തോടും സഹിഷ്ണതയോടും ഉല്പന്നങ്ങളുടെ വളർച്ച ആസ്വദിക്കുന്ന ഗ്രാമീണകർഷക ജനതതി ഇന്നു പ്രശ്നങ്ങളുടെ നടുവിലാണ്.

ദേശിയ-സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക രംഗങ്ങളിലെ മാറ്റങ്ങൾ ഒരു പരിധിവരെ ഉൾക്കൊണ്ട് മാറ്റങ്ങൾക്കായികൊതിക്കുന്ന സാധരണക്കാരും ഈ നാടിന്റെ വികസനത്തിനായി കാത്തിരിക്കുന്നു. വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രഗത്ഭരേയും പ്രതിഭാശാലികളെയും പണ്ഡിതന്മാരെയും സംഭാവന ചെയ്ത ഈ ഗ്രാമം ഇനിയും ഈ രംഗത്ത് വളരെയേറെ പിന്നിലാണ്. കാലാനുസൃതമായ സാങ്കേതികവും നൂതനവുമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളിലൂടെ നേടിയെടുക്കാവുന്ന മേഖലയെ പറ്റി ബോധ്യപ്പെട്ട് മുന്നോക്കം നീങ്ങുകയാണ്.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ തൂർബ്ബലരും സ്ത്രീകളും തൃപ്തരല്ല. തൊഴിൽ രംഗത്തും സാമ്പത്തിക രംഗത്തും വളരെ പിന്നിൽ നിൽക്കുന്ന ഈ ഗ്രാമവാസികൾ വികസന പ്രവർത്തനങ്ങൾക്കായി വേഴാമ്പലുകളെപ്പോലെ കാത്തിരിക്കുകയാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ട് സംസ്കാരത്തിന്റെ പ്രതീകങ്ങളായ മണിമാളികകൾ നമ്മുടെ നാട്ടിലും ധാരാളമായി ഉയർന്നുവരുന്നു. നമ്മുടെ സംസ്കാരം മറ്റെല്ലാ തലങ്ങളിലുമെന്നപോലെ കൂടിലിൽനിന്നു തൂർബ്ബലരും പട്ടികജാതി-വർഗ്ഗക്കാരും നല്ല ഒരു കൊച്ചുവീടിനു വേണ്ടി ദാഹിക്കുകയും ചെയ്യുന്നു.

ഗതാഗതരംഗത്ത് ആശ്വാസകരമായ നേട്ടങ്ങൾ ഉണ്ടാക്കിയ ഈ ഗ്രാമത്തിന് ഇനിയും ആവശ്യങ്ങൾ ഏറെയാണ്. ഉൾനാടൻ റോഡുകളുടെ പരിചരണവും യാത്രാസൗകര്യങ്ങളും തീരെ എത്താത്ത പ്രദേശത്തിന്റെ ആവശ്യകതയും ഇനിയും ഉൾക്കൊള്ളേണ്ടവതന്നെ.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമത്തിന് കാർഷികാധിഷ്ഠിത വ്യവസായത്തിന് സാദ്ധ്യതകൾ ഏറെയാണ്. കാർഷിക നിർമ്മാണരംഗത്തെ തൊഴിലവസരങ്ങളിൽ ഒതുങ്ങുന്ന ഗ്രാമീണർ ചെറുകിട-ഇടത്തരം വ്യവസായിക മേഖല തുറന്ന് തൊഴിലവസരം നേടാനുള്ള വ്യഗ്രതയിലാണ്.

മൂക്ക് മുറിച്ച ശകുനം മുടക്കുന്ന കാടൻ സംസ്കാരത്തോട് എന്നെന്നേക്കുമായി വിടപറയാം. കക്ഷിരാഷ്ട്രീയത്തിന്റെയോ ജാതിമതാദി പരിഗണനകളുടെയോ ഇടുങ്ങിയ വേലിക്കെട്ടുകൾ തകർത്ത് നാടിന്റെ വികസനത്തിനു വേണ്ടി ഒരേ മനസ്സോടെ താമരക്കുളം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഒന്നിക്കണമെന്നും തന്നാലാവുന്ന എല്ലാത്തരം പുരോഗമന പ്രവർത്തനങ്ങളിലും ഏർപ്പെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് താമരക്കുളം പഞ്ചായത്തിന്റെ വികസനറിപ്പോർട്ട് സവിനയം അവതരിപ്പിക്കുന്നു.

■



ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിൽ

1994ൽ ഇന്ത്യൻ ഭരണഘടന 73,74 ഭേദഗതികളോടെ യശ:ശരീരനായ മുൻപ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പഞ്ചായത്തീരാജ് ആക്ട് പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയ സുദിനം മുതൽ ആസൂത്രണ പ്രക്രിയയ്ക്ക് പുതിയൊരു മാനം കൈവന്നതായി കണക്കാക്കാം. നിലവിലിരുന്ന കേന്ദ്രീകൃത ആസൂത്രണപ്രക്രിയ വികേന്ദ്രീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായാണ് നമ്മുടെ സംസ്ഥാനത്ത് 1994ൽ പഞ്ചായത്തീരാജ് നിയമം പാസ്സാക്കിയത്. തൊണ്ണൂറ്റിയഞ്ച് ഒക്ടോബർ രണ്ടാംതീയതി അധികാരകൈമാറ്റം നടക്കപ്പെട്ടതും അതിൽ വിഭാവനചെയ്തിട്ടുള്ള അധികാര വികേന്ദ്രീകരണം പദ്ധതികളുടെ ആസുത്രണം മുതൽ നടത്തിപ്പുവരെ ഗ്രാമീണ ജനതയുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് ശുഭോദർക്കമായ ഒരു കാര്യമാണ്. ഇന്ത്യയ്ക്ക് മൊത്തത്തിൽ മാതൃകയാകും വിധം അധികാരവികേന്ദ്രീകരണം എല്ലാ വാർഡുകളിലും എത്തിക്കുന്നതിനായി വിശേഷാൽ ഗ്രാമസഭകളോടെ തുടങ്ങിയ ഒരു പ്രസ്ഥാനമാണ് ജനകീയാസൂത്രണം.

ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടികൾ 1996 സെപ്തംബർ 17-ാം തീയതി ജില്ലാതല പരിശീലകരുടേയും പഞ്ചായത്തു ഭരണ സമിതിയുടേയും നേതൃത്വത്തിൽ പഞ്ചായത്തു തല ശില്പശാലയോടെ ആരംഭിച്ചു.

ഈ ശില്പശാലയിൽ വിവിധ മേഖലകളിൽനിന്നും പ്രത്യേകം ക്ഷണിക്കപ്പെട്ടവരുൾപ്പടെ 150ൽ പരം ഗ്രാമീണർ പങ്കെടുത്തു. ഇവിടെ 9-ാം പദ്ധതിയുടെ ആസുത്രണപദ്ധതികളെപ്പറ്റി അവലോകനം ചെയ്യുകയും ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. ആയതിന്റെ വെളിച്ചത്തിൽ 29-9-96മുതൽ 21-10-96 വരെ പഞ്ചായത്തിലെ 11 വാർഡുകളിൽ വിശേഷാൽ ഗ്രാമസഭകൾ കൂടി പദ്ധതികൾക്കാവശ്യമായ ആവശ്യങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഈ റിപ്പോർട്ടുകൾ വിദഗ്ധരുടെ പങ്കാളിത്തത്തോടുകൂടി ചർച്ച



ചെയ്ത് ക്രോഡീകരിക്കുകയും ചെയ്തിട്ടുള്ള താണ്. തുടർ നടപടിയായ ദ്വിതീയ സ്ഥിതിവി വര ശേഖരണവും പഠനപര്യടനവും നടത്തി ആവശ്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തി യതോടെ രണ്ടാംഘട്ട പ്രവൃത്തനത്തിന് തുടക്കം കുറിച്ചു.

ജില്ലാതല നിർദ്ദേശങ്ങളുടെ അടിസ്ഥാ നത്തിൽ പഞ്ചായത്ത് വികസനരേഖ രൂപംകൊ ണ്ടു. പ്രസ്തുതരേഖ പഞ്ചായത്തുകമ്മറ്റിയുടെ അംഗീകരത്തോടും സമഗ്രമായ ചർച്ചയ്ക്ക വിധേയമാക്കുവാൻവികസന സെമിനാറിൽ വെച്ചിരിക്കുകയാണ്


ഈ റിപ്പോർട്ട് പരമാവധി നീതിപു ലർത്തിക്കൊണ്ടും കിട്ടാവുന്നത്ര വിവരങ്ങൾ ഉൽക്കൊള്ളിച്ചുകൊണ്ടും തയ്യാറാക്കിയിട്ടുള്ള താണ്. സെമിനാറിൽ ഉരുത്തിരിയുന്ന വിലപ്പെട്ട പുതിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി പ്രസ്തുത വികസനറിപ്പോർട്ടിൽ ഉൾപ്പെടുത്തി 9-ാംപദ്ധതിയുടെ മാർഗ്ഗനിർദ്ദേശമായി സ്വീക രിക്കുന്നു കൂടാതെ ഈ സെമിനാറിൽ നിന്നും ബന്ധപ്പെട്ട കർമ്മ സമിതികൾ രൂപീകരിക്കപ്പെ ടുന്നു. ഈ കർമ്മ സമിതികൾ വികസന റിപ്പോർട്ടിനെ ആധാരമാക്കി, ലഭ്യമായ വിഭവ ങ്ങളുടെ അടിസ്ഥാനത്തിലും സാമൂഹ്യമുൻഗ ണനാക്രമത്തിലും പ്രൊജക്ടുകൾ തയ്യാറാക്കു ന്നതാണ്.



പഞ്ചായത്തു പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	– മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)
വില്ലേജ്	– താമരക്കുളം
ബ്ലോക്കു പഞ്ചായത്ത്	– ഭരണിക്കാവ്
ജില്ലാപഞ്ചായത്ത്	– ആലപ്പുഴ
നിയമസഭാ മണ്ഡലം	– പന്തളം (റിസർവേഷൻ)
ലോകസഭാ മണ്ഡലം	– മാവേലിക്കര
വിസ്തീർണ്ണം	– 20.88 ച:കി:മീറ്റർ
അതിരുകളൾ	– വടക്ക് ഭരണിക്കാവ്, നൂറനാട്. ചുനക്കര ഗ്രാമപഞ്ചായത്തുകൾ കിഴക്ക് പാലമേൽ, (ആലപ്പുഴ ജില്ല), പള്ളിക്കൽ (പത്തനംതിട്ട ജില്ലാ) ഗ്രാമപഞ്ചായത്തുകൾ തെക്ക് ശൂരനാട് വടക്ക്, തഴവ (കൊല്ലംജില്ല), വള്ളികുന്നം (ആലപ്പുഴ ജില്ല) ഗ്രാമപഞ്ചായത്തുകൾ പടിഞ്ഞാറ് വള്ളികുന്നം, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകൾ
ജനസംഖ്യ	– 24470(1991 സെൻസസ്)
വാർഡുകൾ	– പതിനൊന്ന്

ആലപ്പുഴ ജില്ലയുടെ തെക്കേയറ്റം കിഴക്ക് മാറി സ്ഥിതിചെയ്യുന്നതായ താമരക്കുളം 1953–ൽ രൂപീകൃതമാകുമ്പോൾ ആറു വാർഡുകൾ മാത്രമായിരുന്നത് ഇപ്പോൾ 11 വാർഡുകളായി.



സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം

മദ്ധ്യതിരുവിതാംകൂറിന്റെ ഭാഗമായ ഓണാട്ടുകരപ്രദേശത്തിന്റെ കിഴക്ക്-തെക്ക് അറ്റം സ്ഥിതിചെയ്യുന്ന കാർഷിക ഗ്രാമമായ താമരക്കുളം പഞ്ചായത്തിന്റെ ചരിത്രരേഖകൾ വിരളമാണ്. പഴമക്കാരിൽനിന്നും കിട്ടിയ വിലപ്പെട്ട വിവരങ്ങൾ ആകർഷണീയവും സവിശേഷപൂർണ്ണവും ആകുന്നു. വളരെ മുമ്പുതന്നെ കാർഷിക പ്രാധാന്യം നിലനിർത്തികൊണ്ടു പോരുന്ന ഒരു ഗ്രാമത്തിന്റെ നെറുകയിൽ ചാർത്തിയ തിലകം പോലെ മാധവപുരം പബ്ലിക്ക് മാർക്കറ്റ് മദ്ധ്യതിരുവിതാംകൂറിന്റെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദിവാനായിരുന്ന സർ.ശ്രീ. മാധവരായർ സ്ഥാപിച്ച ഈ മാർക്കറ്റും – ശാസ്താംകോട്ട, ചാരുംമൂട് റോഡും ഈ നാടിന്റെ കാർഷിക പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. ഈ മാർക്കറ്റ് താമരക്കുളത്തു നിലനിർത്തുന്നതിനും ഉന്നത നിലവാരം പുലർത്തി വ്യവസായികളുടെ ശ്രദ്ധ പിടിക്കുന്നതിനും സമീപവാസികളായ കച്ചവടക്കാരുംനാട്ടുകാരുംവളരെ പ്രയത്നിച്ചിരുന്നു. സുലഭമായ കാർഷിക വിളകളുടെ വിപണനം ഇന്നും ഈ ഗ്രമത്തെ പച്ചക്കറി ഗ്രാമമാക്കിയിരിക്കുകയാണ്. ഫലഭൂയിഷ്ടമായ ഈ നാടിന്റെ തെങ്ങും മാവും കമുങ്ങും കശുമാവും തിങ്ങിയ കരഭൂമിയും നെൽ വയലുകളും നീർചാലുകളും വെള്ളക്കെട്ടുകളും ഈ ഭൂമിയെ സുന്ദരമാക്കിയിരിക്കുന്നു.

ശാലീനമായ ഗ്രാമാന്തരീക്ഷത്തിലെ ശാന്തസുന്ദരമായ പ്രഭാതം കർഷകകുടുംബങ്ങളിലെ കാലിത്തൊഴുത്തിൽ നിന്നുയരുന്ന മണികിലുക്കവും നുരഞ്ഞു പൊങ്ങുന്ന പാൽ പാത്രത്തിലേക്കുള്ള പാൽ പ്രവാഹത്തിന്റെ സംഗീതമാധുര്യവും മുറ്റത്തെ മാവിൻകൊമ്പിലുയരുന്ന കിളിനാദവും കൊണ്ട് അനുഗ്രഹീതമാണ്.

ഈ പ്രദേശത്തം കായംകുളം രാജാവിന്റെ അധീനപ്രദേശമായിരുന്നു എന്നതിന് തെളിവുകൾ പലതുമുണ്ട്. കായംകുളം രാജാവിന്റെ അതിർത്തികല്ലായ 'ആണിക്കൽ' ഉണ്ടായിരുന്നതിനാൽ "നെടിയാണിക്കൽ" സ്ഥലവും അതിനോടടുത്തുള്ള ക്ഷേത്രം നെടിയാണിക്കൽ ക്ഷേത്രവുമായി. കൂടാതെ രാജാവിന്റെ 'തേവാരമൂർത്തിയായി ആരാധിച്ചുപോന്ന' 700 വർഷം പഴക്കമുള്ള കണ്ണനാകുഴിയിലെ തേവരുനടക്ഷേത്രം (ശ്രീകൃഷ്ണസ്വാമിക്ഷേ



ത്രം)വും ചേർന്നുണ്ടായ ബ്രാഹ്മണമഠവും ചുറ്റപ്പെട്ട മൺകോട്ടയും കിടങ്ങും ഇതിനുതെളിവു നൽകുന്നു. കൂടാതെ ക്ഷേത്രത്തിന് കിഴക്കു താമസമുള്ള നമ്പ്യാർ കുടുംബം വള്ളികുന്നത്തു താമസമാക്കിയിരുന്ന രാജവൈദ്യന്മാരുടെ പിൻതലമുറ ആണെന്ന് പറയപ്പെടുന്നു. ഈ രാജഭരണകാലത്ത് നാട്ടു പ്രഭുക്കളെ കൊണ്ട് ചെയ്യിച്ചിരുന്ന വഴിയോരത്തെ സമചതുരാകൃതിയിലുള്ള കുളങ്ങളും കിണറും കളിത്തട്ടും, ചുമടുതാങ്ങിയും അന്നത്തെ ക്ഷേമപ്രവൃത്തനങ്ങളുടെ ഭാഗമാണ്.

വേടരപ്ലാവിലേയും കണ്ണനാകുഴിയിലേയും കല്ലുകുളവും രാജഭരണത്തിന്റെ ഓർമ്മകൾ പുതുക്കുന്നു. കൂടാതെ രാജാവിന്റെ നാട്ടു പ്രഭുവായിരുന്ന ചത്തിയറയിലെ കൊട്ടക്കാട്ട്താനിന്റെ കുടുംബവും കൽകുളങ്ങളും ഇന്നും ജീവിക്കുന്ന ഓർമ്മകൾ തന്നെ. താമരക്കുളത്തെ കോയിക്കൽ ചാവടിയും രാജാവിന്റെ വിശ്രമസ്ഥലമായിട്ടുള്ളതായിപറയപ്പെടുന്നു. ഈ പഞ്ചായത്തിന്റെ കിഴക്കു സ്ഥിതിചെയ്യുന്ന നൂറനാട് ലെപ്രസിസാനിട്ടോറിയം വർഷങ്ങൾക്കു മുമ്പ് തിരുവനന്തപുരത്ത് (പേരൂർക്കട) ഊളമ്പാറയിൽ പ്രവർത്തിച്ചുപോന്നിരുന്നതും എന്നാൽ ശ്രീമൂലം രാജാവിന്റെ കല്പന അനുസരിച്ച് കായംകുളം രാജാവിന്റെ അതിർത്തിയിൽ മാറ്റിസ്ഥാപിക്കുകയും ചെയ്തതായി പറയപ്പെടുന്നു. അണുക്കത്ത് വക വസ്തുക്കൾ ഭാഗമായികൊടുത്ത് രാജഭരണകാലത്ത് സ്ഥാപിച്ച ഈ ആശുപത്രിയിൽ സംസ്ഥാനത്തിന്റെ നാനാഭാഗത്തുനിന്നും അന്തേവാസികൾവരുന്നു. തുടക്കത്തിൽ 1500 പേർ ഉണ്ടായിരുന്നത് 715 പേരായി ചുരുങ്ങിയിരിക്കുകയാണ്. 306 ഏക്കർ വിസ്തൃതിയുള്ള ഈ ആശുപത്രിയോട് ചേർന്ന് ഒരു പ്രത്യേക അനൗദ്യോഗിക ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. വളരെ വികസന സാദ്ധ്യതയുള്ള ഈ ആശുപത്രിയ്ക്ക് ഇനിയും അംഗീകാരം ലഭിക്കുക എന്നത് അത്യാവശ്യംതന്നെ. മിതമായ സൗകര്യങ്ങൾ മാത്രമുള്ള ഈ അനൗദ്യോഗിക ആശുപത്രി വളരെയേറെ രോഗികൾക്ക് ആശ്വാസം പകരുന്നു.

നമ്മുടെ ഗ്രാമത്തിന്റെ പിന്നിലും ചരിത്രമുണ്ട് നെടിയാണിക്കൽ ക്ഷേത്രക്കുളത്തിലും പരിസരപ്രദേശങ്ങളിലെ കുളങ്ങളിലും താമര പൂവ്സമൃദ്ധമായി ഉണ്ടായിരുന്നതിനാൽ താമരക്കുളം എന്നനാമം ഉത്ഭവിച്ചു.

സ്ഥലനാമവുമായി ബന്ധപ്പെട്ട് ഐതീഹ്യങ്ങളും നിലനിൽക്കുന്നു. വേടർസരസ്വതിവാണ സ്ഥലമെന്നും ശിവപാർവ്വതി ഭഗവാന്മാർ വേടർ രൂപം പൂണ്ട് നാട്ടിലെ ഒരു കാരണവരുടെ വീട്ടിൽ വേലികെട്ടുകയും കൂലി ഇരക്കുകയും വേലികെട്ടിയതിലുള്ള അപാകതകാരം കോപാകുലനായ കാരണവർ വേടരെ പറമ്പിലുള്ള പ്ലാവിൽ കെട്ടിയിട്ട് ഭേദിക്കാൻ തുടങ്ങി. ഈ സമയം ദേവന്മാർ അപ്രത്യക്ഷപ്പെടുകയും ഇങ്ങനെ വേടർ ഇരക്കുകയും പ്ലാവിൽ കെട്ടിയിടുകയും ചെയ്തതിനാൽ വേടരപ്ലാവായി.

പേരൂർകാരായ്മ എന്ന സ്ഥലം അപരൂർമനക്കൽ തമ്പുരാന്റെ അധീനതയിലുള്ള സ്ഥലമായതിനാലാണ് പേരൂർകാരായ്മ എന്നു നാമം ഉണ്ടായത്.

താമരക്കുളത്ത് മുസ്ലീംപള്ളിയുടെ ഉത്ഭവത്തിലും ഐതീഹ്യം നിറഞ്ഞുനിൽക്കുന്നു. വർഷങ്ങൾക്കുമുമ്പു ആത്മീയചൈതന്യം തുളുമ്പുന്ന അശരീരി ബാങ്കുവിളയിൽ ഉയർന്ന വിജന സ്ഥലത്ത് ഓടിക്കൂടിയ മുസ്ലീംവിശ്വാസികൾ പ്രാർത്ഥനനടത്തി. പ്രാർത്ഥനാലയം പണിതുടങ്ങി ഇന്നത് കല്ലൂർ പള്ളിയായി.

വളരെ പഴക്കം മുത്ൽ ഉന്നത സംസ്കാരംനിലനിർത്തിപോന്നിരുന്ന ഗ്രാമീണ ജനതയാണ് ഈ പഞ്ചായത്തിൽ ഉള്ളത്. എല്ലാ മത വിശ്വാസികളും പരസ്പര വിശ്വാസത്തിലും സഹകരണത്തിലും സ്നേഹത്തിലും കഴിഞ്ഞുപോരുന്നു. ഇതര സമുദായങ്ങളിലെ ആരാധനാലയങ്ങളിൽ വഴിപാടുകൾ നേരുന്ന ഗ്രാമീണരുടെ വിശ്വാസം പരസ്പരസഹകരണത്തെ സൂചിപ്പിക്കുന്നു. എല്ലാ മതാചാരങ്ങളിലും ആഘോഷങ്ങളിലും ജാതിമതഭേദമന്യേ പങ്കു കൊള്ളുന്നത് സമുദായസൗഹാർദ്ദത്തെ സൂചി





പ്പിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരുടെ പങ്കാളിത്തം പ്രത്യേകം എടുത്തു പറയേണ്ടതുതുന്നെ. നാനാതുറകളിലും ഇവരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. കലാവാദ്യമേളങ്ങളിൽ ഇവരിലുള്ള പ്രാവീണ്യം ശ്രദ്ധേയം തന്നെ. കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിന്റെ കാർഷിക വിഭവങ്ങൾ സമൃദ്ധിയായി ഉണ്ടാവുകയും മാധവപുരം മാർക്കറ്റിലൂടെ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ വിപണി കാർഷിക വിഭലങ്ങളുടെ വർദ്ധനയ്ക്ക് ഒരളവുവരെ പ്രചോദനം നല്കിയിട്ടുണ്ട്.. ഗ്രാമത്തിന് അഭിമാനിക്കാവുന്ന തരത്തിൽ 94–95 ലെ ഗ്രാമതല മാതൃകാകർഷകോത്തമ അവാർഡും 94–95ലെ സംസ്ഥാന ക്ഷീരധാരാ അവാർഡും വാങ്ങിയ താമരക്കുളം സുകുമാരകുറുപ്പും 95 ബ്ലൂമിക്സ് ജില്ലാതലഅവാർഡും അദ്ധ്യാപകനായ കാഞ്ഞിരവിളയിൽ ശ്രീ. അബ്ദുൾ അസീസും നമ്മുടെ കാർഷിക സംസ്കാരിത്തിന്റെ പൊൻതൂവലുകൾ ആകുന്നു.

ആധുനിക വൈദ്യശാസ്ത്രത്തിന്റെ ആവിർഭാവത്തിനു മുമ്പ് നമ്മുടെ ആരോഗ്യ ശുശ്രൂഷാരംഗം ആയൂർവേദചികിത്സകൊണ്ട് സമ്പന്നമാണ്. പ്രദത്തരും പ്രതിഭാശാലികളുമായ ആയുർവ്വേദവൈദ്യന്മാരായ ആനന്ദക്കര, ചിറയരുകിൽ, മുണ്ടേണിയിൽ തുടങ്ങിയ കുടുംബവൈദ്യന്മാരും ചെക്കാട്ടുതറ വിഷചികിത്സാകേന്ദ്രവും പ്രശംസനീയമാണ്. യശഃശരീരനായ വ്യാകരണപണ്ഡിതനും, ജ്യോതിശാസ്ത്രജ്ഞനും വൈദ്യശിരോമണിയും ആയ താമരക്കുളം കൊച്ചുശങ്കരവൈദ്യരുടെ ജന്മംകൊണ്ട് ഈ ഗ്രാമം ധന്യമായിട്ടുണ്ട്. കൂടാതെ രണ്ടാംലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് ഭരണത്തിൽ കറാച്ചിയിൽ റൈസ് സ്പെഷ്യൽ ഓഫീസറായും പിൽകാലത്ത് കൊല്ലം ജില്ലയിൽ അസിസ്റ്റന്റ് പേഷ്കാരായും സേവനമനുഷ്ഠിച്ച പരേതനായ കൊപ്പാറ കെ മാധവൻ പിള്ള ഈ നാടിന് അഭിമാനം തന്നെ. വിദ്യാഭാസ–സാംസ്കാരിക രംഗങ്ങളിലെ നമ്മുടെ സംഭാവനയും ചെറുതല്ല. കേരളമുസ്ലീം സമുദായത്തിന് ആദ്യമായി ഒരു ഐ.എ.എസ്. കാരനെ – പി.എസ്. ഹബീബ് മുഹമ്മദ് സംഭാവനചെയ്ത ബഹുമതിയും ഈ ഗ്രാമത്തിനുണ്ട്. വിദ്യാഭ്യാസമേഖലയിൽ ശ്രേഷ്ഠമായ സേവനം നടത്തിയതിന് ഈ പഞ്ചായത്തിലെ രണ്ട് സ്കൂളിലെ രണ്ട് അദ്ധ്യാപകർക്ക് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. താമരക്കുളം വി. വി.എച്ച്. എസ്. ഹെഡ്മാസ്റ്റർ ശ്രീ. മുരളീധരൻനായർക്ക് ദേശീയ അവാർഡും ,ചത്തിയറ എച്ച്. എസിലെ അദ്ധ്യാപകനായ ശ്രീ ജോയി വെട്ടിക്കോടിന് സംസ്ഥാനതല അവാർഡും ലഭിച്ചത് ഈ പഞ്ചായത്തിന് അഭിമാനകരംതന്നെ.

ദേശീയപ്രസ്ഥാനങ്ങളിൽ നേരിട്ട് ഇടപഴകിയ അനുഭവം ഇല്ലെങ്കിലും ദേശീയപ്രസ്ഥാനങ്ങളുടെ പരിഷ്കരണപ്രസ്ഥാനങ്ങൾ മറ്റെവിടെയും പോലെ ഇവിടേയും പ്രവർത്തിച്ചുപോരുന്നു. കാർഷിക മേഖലകളിലെ അവകാശ സമരങ്ങൾ അരങ്ങേറിയ സംഭവങ്ങൽ ഇല്ലെങ്കിലും അവകളുടെ സ്വാധീനവും പരിണതഫലങ്ങളും ഇവിടെ അനുഭവമായിട്ടുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്ത് വില്ലേജ് യൂണിയനായി സ്ഥാപിതമായത് 1949ലാണ്. ആദ്യപ്രസിഡന്റ് പനയ്ക്കൽ പത്മനാഭപിള്ള ആയിരുന്നു. അന്ന് ആഫീസ് പ്രവർത്തിച്ചിരുന്നത് ഒരു വാടകക്കെട്ടിടത്തിൽ ആയിരുന്നു. പിന്നീട് രൂപാന്തരപ്പെട്ട് പഞ്ചായത്ത് ബോർഡ് (1953) ആയും പില്ക്കാലത്ത് അത് പഞ്ചായത്ത് ആയും (1963) ശ്രീമാൻ ചാമവിള കേശവപിള്ളയുടെ പ്രസിഡണ്ട് പദത്തിൽ പ്രവർത്തിച്ചുപോന്നു. അദ്ദേഹത്തിന്റെ കാലത്താണ് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിഞ്ഞത്. ശേഷം അതേ കമ്മറ്റിയുടെ കാലത്ത് ഭരണമാറ്റമുണ്ടാവുകയും കൊപ്പാറ എസ്. നാരായണൻ നായർ പ്രസിഡന്റ് ആവുകയും ചെയ്തു. ഈ കാലയളവിൽ വേടരപ്ലാവിൽനിന്നുംഎതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ശ്രീമാൻ.കേശവൻനായർ 1949 മുതൽ പഞ്ചായത്ത് മെമ്പറായും 1963 മുതൽ വൈസ്പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. 1979ൽ പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. വി. തങ്കപ്പൻ പിള്ള പ്രസിഡന്റ് ആയും 1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എം. കെ. വിമലൻ പ്രസിഡന്റ് ആയും ഈ പഞ്ചായത്ത് ഭരണം നടത്തിയിട്ടുണ്ട്. 1979ലെ കമ്മിറ്റിയുടം ശ്രമഫലമായി അനുവദിച്ച് പണികഴി





പ്പിച്ചതാണെങ്കിലും പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടവും ഷോപ്പിംഗ്കോപ്ലക്സും 1988ലെ കമ്മറ്റിയുടെ കാലത്താണ് ഉത്ഘാടനം ചെയ്യപ്പെട്ടത്. നമ്മുടെ പഞ്ചായത്തിന്റെ പ്രധാന റോഡുകൾ ഇതിനകം ടാർചെയ്തിട്ടുള്ളതും വൈദ്യുതി വെളിച്ചം എച്ചിയിട്ടുള്ളതുമാണ്. 1995ൽ നടപ്പിലാക്കിയ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ശ്രീ. കൊപ്പാറ ദാമോദരൻനായർ പ്രസിഡന്റ് ആയുള്ള ഭരണസമിതി ഭരണനിർവ്വഹണം നടത്തുന്നു.

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവ: സ്ഥാപനങ്ങൾ (ഭാഗികം)

നമ്പർ	വാർഡ്	സ്ഥാപനങ്ങൾ	കെട്ടിടം	വാടക
1	3	ഭരണിക്കാവ് ബ്ലോക്കുപഞ്ചായത്താഫീസ്	സ്വന്തം	-
2.	3	കല്ലട ഇറിഗേഷൻ പ്രൊജക്ട്	സ്വന്തം	-
3.	6	ഇലക്ട്രസിറ്റ് ഓവർസിയർ ആഫീസ്	പഞ്ചായത്ത് കെട്ടിടം	
4.	6	കൃഷിഭവൻ		വാടക
5.	2	പോസ്റ്റാഫീസ്		വാടക
6.	4	പോസാറ്റാഫീസ്		വാടക
7.	6	പോസ്റ്റാഫീസ്		വാടക
8.	6	എസ്.ബി.ടി.		വാടക
9.	6	കോ.ഓ. ബാങ്ക്		വാടക
10.	3	മാവേലിസ്റ്റോർ		വാടക
11	10	ലെപ്രസി സാനിട്ടോറിയം	സ്വന്തം	
12.	5	പി.എച്ച്.സെന്റർ		വാടക
13.	2	ഫാമിലിവെൽഫയർ സെന്റർ		വാടക



നമ്പർ	വാർഡ്	സ്ഥാപനങ്ങൾ	കെട്ടിടം	വാടക
14.	4	ഫാമിലിവെൽഫ		
		യർ സെന്റർ		വാടക
15.	9	ഫാമിലിവെൽഫ		
		യർ സെന്റർ		വാടക
16.	11	ഫാമിലിവെൽഫ		
		യർ സെന്റർ		വാടക
17.	5	മൃഗാശുപത്രി	സ്വന്തം	
18.	2	ഐ.സി.സി.പി	സാനിട്ടോറിയം വക	
		സെന്റർ	കെട്ടിടത്തിൽ	
19	3	റബ്ബർ ബോർഡ്		വാടക
20	6	വില്ലേജ് ഓഫീസ്	സ്വന്തം	
21	2	ദേവസ്വംസബ്ഗ്രൂപ്പ്		
		ആഫീസ്	സ്വന്തം	
22.	8	ദേവസ്വംസബ്ഗ്രൂപ്പ്		
		ആഫീസ്	സ്വന്തം	





ഭൂപ്രകൃതിയും വിഭവങ്ങളും

ചെങ്കല്ല് നിറഞ്ഞ ചെമ്മൺപ്രദേശമായ ഈ ഗ്രാമത്തിന്റെ ഭൂരിഭാഗവും നെൽവയലുകൾ കൊണ്ട് ചുറ്റപ്പെട്ടുകിടക്കുന്നു. കിഴക്കൻ പ്രദേശങ്ങൾ ഉയർന്നതും കടുപ്പമുള്ള ചെങ്കല്ല് നിറഞ്ഞതുമാണ്. മദ്ധ്യഭാഗം കടുംപ്പംകുറഞ്ഞ ചെങ്കല്ല് നിബിഢമായതും പടിഞ്ഞാറോട്ട് ചരിവുള്ളതുമായ പ്രദേശമാണ്. പടിഞ്ഞാറേഅറ്റം വളരെ താഴ്ന്ന പ്രദേശവും പടിഞ്ഞാറോട്ട് ചരിവുള്ളതും ചെമ്മണ്ണ് നിറഞ്ഞപ്രദേശവുമാണ്.

കിഴക്കൻ മേഖല-ഉയർന്ന ലാറ്ററേറ്റ് സമതലം

6,7,8,9,10,11 എന്നീ വാർഡുകൾ ഉൾക്കൊള്ളുന്ന കിഴക്കൻ മേഖലയുടെ കരവിസ്തൃതിയുടെ 15% ലാറ്ററേറ്റ് പീഠഭൂമിയാണ്. 6,7,8,10,11 വാർഡുകളുടെ പ്രധാന ഭാഗങ്ങളിൽ തെളിഞ്ഞ് കാണുന്ന ഈ പാറക്കെട്ടുകൾ കൃഷിക്ക് അനുയോജ്യമല്ല. മണ്ണ് പൊതിഞ്ഞ ഈ പാറപ്രദേശങ്ങളിൽ 2ശതമാനം നെൽകൃഷി ചെയ്യുന്നു. മറ്റുള്ള പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമല്ലാത്തരീതിയിൽ കിടക്കുന്നു. ഈ കിഴക്കൻ ഭാഗത്തിലെ ബാക്കി പ്രദേശങ്ങളിൽ തെങ്ങുകൃഷിയും, ഇടവിളകളായ മരച്ചീനി, വാഴ, ചേന, കാച്ചിൽ, ചേമ്പ് മുതലായ ഭഷ്യവിളകളും, പച്ചക്കറികളും സമൃദ്ധമായി കൃഷിചെയ്തുവന്നിരുന്നു. എന്നാൽ തെങ്ങിന്റെ മാരകമായ രോഗകാരണത്താലും ആകർഷണീയമായ രീതിയിലുള്ള റബ്ബർകൃഷിയുടെ പ്രേരണയാലും ഭൂരിഭാഗവും റബ്ബർകൃഷിയായി മാറിയിരിക്കുന്നു.

ഈ പിഠപ്രദേശത്തിന്റെ ചരിവുകളിൽ മൺകയ്യാലകൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുന്ന കൃഷിരീതി തുടർന്നുവരുന്നു. കൂടാതെ താഴ്ചഭാഗങ്ങളും ഉയർന്ന കരനിലങ്ങളിൽ വെറ്റില, പച്ചക്കറി, വാഴ തുടങ്ങിയ കൃഷികൾ ചെയ്തുവരുന്നു. കൂടാതെ തെങ്ങുകൾ വച്ച് കരനിലങ്ങളെ നികത്തിയും വരുന്നുണ്ട്. പൊതുവേ ഈ ഭാഗങ്ങളിലെ വയലുകൾ ജലാംശം നിലനിൽക്കുന്ന വയലുകളാണ്. കൂടാതെ ജലനിരപ്പ് ഈ പ്രദേശങ്ങളിൽ വളരെ ഉയർന്നതായും കാണുന്നു. കൊടുക്കാട്ടുശ്ശേരിയിലെ കല്ലുകുളവും, നങ്ങാരിയ്ക്കൽ കുളവും, ആറാം വാർഡിലെ കൂവേലിച്ചിറയും, ഉഴലിച്ചിറയും, വയ്യാങ്കരച്ചിറയും, കൊടുവിരച്ചിറയും ഒരിക്കലും വറ്റാത്ത ജലസമ്പത്താണ്. കൂടാതെ ഈ മേഖലകയുടെ പടിഞ്ഞാറൻ വാർഡുകളായ 6,7 വാർഡുകളുടെ പടിഞ്ഞാറ് വശത്ത് നെൽപാടമാണ്. ഈ പാടത്തിന്റെ അരികിൽ





ഉയർന്നകരയിലുള്ള ഊറ്റൽകൊണ്ട് ജലാംശം നിലനില്ക്കുന്നു. ഈ മേഖലയിലെ കരപ്രദേശങ്ങൾ വയലുകളിൽനിന്ന് വളരെ ഉയർന്നവയാണ്. ഇവിടെ കരകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഫലഭൂഷ്ടമായ പ്രദേശങ്ങളിൽ റബ്ബർകൃഷി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഈ പീഠഭൂമിപ്രദേശത്ത് വളരെയേറെ വിസ്തൃതിയിൽ വള്ളിക്കെട്ടുകളോടുകൂടിയ കാവുകൾ ഉണ്ടായിരുന്നു. അടുത്തകാലത്തുണ്ടായ കാർഷികഭൂമിയുടെ ആവശ്യകത കൊണ്ട് ഏതാനും ക്ഷേത്രക്കാവുകൾ ഒഴിച്ച് മറ്റുള്ളവ കൃഷിയിടമായി മാറി.

ഇനിയും നിലവിലുള്ള കാവുകൾ

കുമ്പഴക്കാവ് ആറാം വാർഡ് ക്ഷേത്രം വക

കൊയ്പ്പള്ളിക്കാവ് വാർഡ് 6 കുരിയാല

മണ്ണൂർശ്ശേരിക്കാവ് വാർഡ് 7 ക്ഷേത്രം വക

കൊട്ടാരത്തിൽകാവ് വാർഡ് 8 ക്ഷേത്രംവക

നെടിയാണിക്കൽ കാവ് വാർഡ് 8 ക്ഷേത്രം വക

ഒടയാന്റെ കാവ് വാർഡ് 9 ക്ഷേത്രം വക

കണ്ടായനട വാർഡ് 9 കുരിയാല

കാഞ്ഞീത്തറക്കാവ് വാർഡ് 6 ക്ഷേത്രം വക

തുണ്ടുതറക്കാവ് വാർഡ് 7 ക്ഷേത്രംവക

ഈ ഭാഗത്ത് വയലുകൾ ചെറുതും വെള്ളപ്പൊക്ക കെടുതി താരതമ്യേന കുറവുമണ്. നല്ല ഫലഭൂഷ്ടമായ വയൽ നെൽപ്പാടങ്ങളാണ് ഈ പ്രദേശമാകെ.

മദ്ധ്യമേഖല

മദ്ധ്യമേഖലയിൽപെടുന്ന 3,4,5 വാർഡുകൾ കിഴക്കൻ മേഖലയിൽ നിന്നും അല്പം കൂടി കരവിസ്തൃതി കുറവും അല്പം ഉയരം കുറവുള്ള ചെങ്കല്ലും ചെമ്മണ്ണും നിറഞ്ഞ പീഠഭൂമിയാണ്. ഈ പ്രദേശത്ത് കിഴക്കൻ മേഖലയിൽ നിന്നും വേർതിരിക്കുന്ന വയലുകൾ ചത്തിയറ വയൽ, അമ്പീൽ വയൽ, കോടച്ചിറ വയൽ എന്നിവയാണ്. മദ്ധ്യമേഖലയുടെ തെക്കേ വാർഡുകളായ ചത്തിയറയും വേടരപ്ലാവും കുന്നുമലകൾ രൂപാന്തരപ്പെട്ട് കൃഷിഭൂമിയായവയാണ്. ചരിവു കൂടുതലുള്ള ഈ ഭാഗങ്ങളിൽ മണ്ണൊലിപ്പ് തടയുവാൻ കയ്യാലകൾ കെട്ടി കിഴക്കൻ മേഖലയിലെ കൃഷിരീതിതന്നെ ചെയ്തുപോരുന്നു. വടക്കേ അറ്റത്തുള്ള പേരൂർകാരാണ്മ വാർഡ് പൊതുവേ കുറഞ്ഞ ചരിവും ഉയരം കുറവുമുള്ള പ്രദേശമാണ്. കിഴക്കൻ മേഖലയുമായി കൃഷി സമ്പ്രദായത്തിൽ വ്യത്യാസമില്ലാത്ത സ്ഥലമാണിത്. ഈ പ്രദേ



ശത്ത് നെൽകൃഷിക്ക് പറ്റിയ ചെളിനിറഞ്ഞ വയലുകൾ തൊട്ട് ചേർന്നുകിടക്കുന്നതുകാരണം കരഭൂമിക്ക് മഴക്കാലത്ത് സുലഭമായ ജല സമ്പത്ത് ലഭ്യമാണ്. ജലനിർഗമനത്തിനുള്ള തോടുകൾ നെൽകൃഷിക്ക് സഹായകമായിട്ടുണ്ട്. അധ്വാനശീലരായ ഗ്രാമവാസികൾ സമൃദ്ധമായ കൃഷി ഈ കരയിലും വയലിലും ചെയ്തുപോരുന്നു. നടീൽ വയൽ പാലയ്ക്കൽ വയൽ, അമ്പിയിൽ വയൽ എന്നീ പ്രദേശത്ത് മണൽ ചേരുവ കൂടുതൽ ഉള്ളതിനാൽ മൂന്നാം വിളയായ എള്ളുകൃഷിയും നടത്തിപ്പോന്നിരുന്നു. അടുത്തകാലത്തായി ഈ കൃഷി അന്യം നിന്നു പോരുകയാണ്.

കാവുകൾ

കൊപ്പാറക്കാവ് – കുളവും വാർഡ് 5

ശക്തികുളങ്ങരക്കാവ് – കുളവും വാർഡ് 5

മുതിരക്കാലലിക്കാവ് – വാർഡ് 5

പനമ്പാതോട്ടത്തിൽ കാവ് – കുളവും വാർഡ് 5

തോട്ടത്ര ക്ഷേത്ര കാവ് – കുളവും വാർഡ് 4 ര

ചെറ്റാലിക്കൽ കാവ് – കുളവും വാർഡ് 4 ക്ഷേത്രം വക

കാവുള്ളതിൽ കാവ് – വാർഡ് 4 നാഗരാജപ്രതിഷ്ഠ

ചിറ്റേഴത്ത് കാവ് – വാർഡ് 4 നാഗരാജ പ്രതിഷ്ഠ

മുണ്ടപ്പുള്ളിക്കാവ് – കുളവും വാർഡ് 4

എരുമക്കുഴിക്കാവ് – വാർഡ് 4

വിളയിൽ കാവ് – കുളവും – വാർഡ് 8

പുതിയകാവ് ദേവീക്ഷേത്രക്കാവ് – കുളവും വാർഡ് 4

പടിഞ്ഞാറൻ മേഖല

പടിഞ്ഞാറൻ മേഖല ഈ ഗ്രാമത്തിന്റെ ഏറ്റവും താഴ്ന്ന പ്രദേശമാണ്. ഈ പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകളായ കണ്ണനാകുഴി ഇരുവശങ്ങളിലും വിശാലമായ നെൽപാടങ്ങളാൽ തൊട്ടുരുമ്മികിടക്കുന്നു. മറ്റ് മേഖലകളിൽ നിന്നും ഒറ്റപ്പെട്ട് അയൽ പഞ്ചായത്തുകളുടെ വാർഡുകളാൽ ചുറ്റപ്പെട്ടുകിടക്കുകയാണ്. ഭൂമി പൊതുവേ നല്ല ആഴത്തിൽ ഗ്രാവൽ നിറഞ്ഞ ചെമ്മൺ പ്രദേശമാണ്. തെങ്ങും ഇടവിളകളും സമൃദ്ധമായി വളരുന്ന തെങ്ങിന്റെ രോഗാധിക്യത്താൽ പൊതുവേ റബ്ബർകൃഷിയിലേക്ക് കൃഷിഭൂമി മാറിയിരിക്കുകയാണ്. കരയുടെ ഇരുവശങ്ങളിലായി കിടക്കുന്ന വിസ്തൃതമായ പുഞ്ചപാഴ്ക പുഞ്ച, പൂവത്തൂർ ചിറ പാടങ്ങളും, കിഴക്ക് മദ്ധ്യമേഖലയുടെ കരഭൂമിയും, പടിഞ്ഞാറ് വെളുത്തമണ്ണ്





നിറഞ്ഞ സമതലപ്രദേശമാണ്. ഈ മേഖലയെ പടിഞ്ഞാറുവശത്തുള്ള മറ്റ് പഞ്ചായത്തുകളെ വേർതിരിക്കുന്നത് തൊടിയൂർ, ആറാട്ടുപുഴ ത്തോടാണ്. നമ്മുടെ അതിർത്തിയിൽ 3.25 കിലോമീറ്റർ നീളത്തിൽ ഈ തോട് കടന്ന് പോകുന്നു. ഈ തോട്ടിലേക്ക് ഇരുവശത്തു മുള്ള പാടത്തിന്റെ നടും തോടുകൾ 6 കിലോ മീറ്റർ നീളത്തിൽ ഒഴുകിയെത്തുന്നു.

ഈ പ്രദേശത്തെ വിസ്തൃതമായ പാട ശേഖരത്തിലെ ചെളി ഇഷ്ടികനിർമ്മാണത്തിന് പറ്റിയത് ആയതിനാൽ സമൃദ്ധമായ നെൽകൃ ഷിയുടെ പതനത്തിന് വഴിയൊരുക്കി. ലാഭക രമായ ഇഷ്ടികവ്യവസായം ഈ പ്രദേശത്ത് തഴച്ചുവളരുകയാണ്. ഇത് ഭൂ പ്രകൃതിയെതന്നെ ബാധിച്ചിരിക്കുകയാണ്. കൃഷിഭൂമിയുടെ ചെരിവ് ഇരുവശങ്ങളിലുമുള്ള പാടങ്ങളിലേക്കാ ണ്. ഇവിടെ മണ്ണൊലിപ്പ് തടയുന്നതിനുള്ള കയ്യാലകെട്ടുന്ന നടപിടികൾ ഉണ്ട്.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ കാവുകൾ ഭൂരിഭാഗവും കൃഷിയിടമായി എന്നാലും ഏതാനം കാവുകൾ നിലനില്ക്കുന്നുണ്ട്. ഇവ സാമൂഹ്യബന്ധങ്ങളുടെ ഭാഗമാണ്. കാലങ്ങ ളായി കാവും കളരിയും വെച്ചാശ്രയങ്ങളുമാ യിട്ടുള്ള ക്ഷേത്രവും കുളങ്ങളുമാണ്. ഇപ്പോൾ ലോപിച്ചവയാണെങ്കിലും ഇനിയും നിലനി ല്ക്കുന്നവ ഭീഷണിയുടെ വക്കിലാണ്.

കാവുകൾ

- തേവരക്കാവ്
- മീനത്തെതിൽ കിഴക്ക് കാവ്
- ഇളങ്ങളൂർ കാവ്
- തോപ്പിൽ കാവ്
- നെല്ലിക്കോമത്ത് കാവ്
- ചിറ്റക്കാട്ട് കാവ്

ജൈവസമ്പത്ത്

കാടും മേടും നിറഞ്ഞ ഈ പ്രദേശത്ത് ആട്ടമാടുകളെ കൂട്ടമായി മേയിച്ചുപോന്നി രുന്നതാണ്. ജനപപെരുപ്പം

കാരണം കൃഷിഭൂമിയുടെ ആവശ്യം വർദ്ധിക്കുകയും വെറും ഭൂമികൾ കൃഷിഭൂമി ആയിമാറുകയും ചെയ്തു. വളരെ പരിമിത മായ ക്ഷേത്രകാവുകളും കുളങ്ങളും മാത്രമേ ഇന്ന് നിലവിലുള്ളു . ഈ കാവുകളിൽ കുള മാവ്,ചാര്, കാര, ഇലഞ്ഞി, പൈൻ എന്നിവ അപൂർവ്വമായി കണുന്നു. തെങ്ങ്, തേക്ക്, ആഞ്ഞിലി , മാവ്, കശുമാവ്, റബ്ബർ, പാഴ്വൃ ക്ഷങ്ങൾ എന്നിവ കൃഷിചെയ്ത് സസ്യസ മ്പത്ത് പോഷിപ്പിക്കുന്നു. ഈ പച്ചില പടർപ്പു കൾക്കിടയിൽ തുന്നിച്ചേർത്ത കണക്കേ കുറ്റി ക്കാടുകളും ഇടവിളകൃഷികളും കൊണ്ട് നമ്മുടെ ഗ്രാമത്തെ പച്ച പുതപ്പിച്ചിരിക്കുന്നു. കൂട്ടത്തിൽ ചരിവുകളിലും അതിരുകളിലും മണ്ണ് സംരക്ഷിക്കാനായി കരുതിയിരുന്ന

കൈതയും കടച്ചയും കൈമോശം വന്നു തുടങ്ങി. സസ്യജലങ്ങളിൽ അത്തി,ഇത്തി, അരയാൽ, പേരാൽ, കൂവളം, വേപ്പ് എന്നിവ ഗണിക്കപ്പെട്ട ഇനങ്ങൾ തന്നെ. കൊടങ്ങലും ജാതിയും കടലാടിയും, നൊച്ചിയും, കാട്ടുകുറു ഞ്ഞിയും തുടങ്ങിയ അനേകം ഔഷധചെടി കൾ നമ്മുടെ സസ്യസമ്പത്തുക്കളുടെ ഗുണം വർദ്ദിപ്പിക്കുന്നു.

സാധാരണ വളർത്തുമൃഗങ്ങളായ പശു, കാള, എരുമ,ആട്, പൂച്ച, പട്ടി,മുയൽ എന്നിവ നമ്മുടെ മൃഗസമ്പത്താണ്. കാക്ക,മൈന,പ്രാ വ്,കൊക്ക്,പച്ചക്കിളി തുടങ്ങിയ അനേകം പക്ഷിവർഗ്ഗങ്ങൾക്കൊണ്ടും നമ്മുടെ ഗ്രാമം ശബ്ദമുഖരിതമാണ്. വളർത്തുപക്ഷിയായ കോഴി സാധാരണ എല്ലാവീടുകളിലും അപൂർവ്വമായി താറാവുകളേയും വളർത്തി വരു



ന്നു. നമ്മുടെ ജലാശയങ്ങളിൽ മുൻകാലങ്ങളേപ്പോലെ മത്സ്യങ്ങൾ സമൃദ്ധമല്ല എങ്കിലും മാരകമായരോഗങ്ങളെ അതിജീവിച്ച് ഇപ്പോഴും വരാൽ,കാരി,മുശി,കരട്ടി, പരൽ തുടങ്ങിയവ കണ്ടുവരുന്നു. അടുത്തിടയായി വളർത്തുമത്സ്യങ്ങളേയും നമ്മുടെ ഗ്രാമത്തിൽ കണ്ടുവരുന്നുണ്ട്. കൂടാതെ ഞണ്ട്,നത്തക്ക,തവള,നീർക്കൊലിയും മറ്റും നമ്മുടെ ജലസമ്പത്തിന്റെ സന്തുലിതാവസ്ഥക്ക് മാറ്റ് കൂട്ടുന്നു.

മണ്ണ്

ഇവിടെ കിഴക്കൻ മേഖലകളിൽ തെളിഞ്ഞുകാണുന്ന കടുപ്പമുള്ള പാറകെട്ടുകളും , ചെമ്മൺ പൊതിഞ്ഞ ചെങ്കൽ പ്രതലവും മദ്ധ്യ-പടിഞ്ഞാറൻ മേഖലകളിൽ വളരെ ആഴത്തിൽ ചെമ്മൺനിറഞ്ഞ ഉപരിതലത്തോടുകൂടിയ ചെങ്കൽ നിറഞ്ഞിരിക്കുന്ന വളരെ ഫലപുഷ്ടമായ ഈ മണ്ണും ഇതിൽ തെങ്ങ്, റബ്ബർ, കമുങ്ങ് തുടങ്ങിയ വൃക്ഷങ്ങളും, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും പയർ, ഉഴുന്ന്, മുതിര തുടങ്ങിയ പയറുവർഗ്ഗങ്ങളും കപ്പ, ചേന, ചേമ്പ് എന്നീ കിഴങ്ങ് വർഗ്ഗങ്ങളും വാഴയും സമൃദ്ധിയായി കൃഷിചെയ്യുന്നു. ഇവിടെ മണ്ണെടുത്ത് മാറ്റുന്നതു മൂലം മണ്ണിന്റെ ഘടനയ്ക്കും ഗുണത്തിനും മാറ്റം വരുന്നു.

നമ്മുടെ വയലുകളിലെ മണ്ണ് ഫലപുഷ്ടിയുള്ളവതന്നെ ചാരനിറത്തിലുള്ള മേൽചെളി നല്ല വളക്കൂറുള്ളതാണ്. പടിഞ്ഞാറൻ മേഖലകളിലെ വയലുകളിലെ അല്പം ആഴത്തിൽ കാണുന്ന ചെളിയ്ക്ക് കറുപ്പ് നിറവും ജൈവാംശം ഉള്ളതും ജലാംശം നിലനിൽക്കാത്തതുമാണ്. കിഴക്കൻ മേഖലകളിലെ വയലുകളിലെ ചെളി ചർൽ ചേരുവയുള്ളതും വളക്കുറുള്ളതും ആണ് എന്നാൽ വളരെ ആഴത്തിൽ ചെളിയില്ലാത്തത് ആണ് എന്ന് കാണാം.

കാലാവസ്ഥ

സമതലപ്രദേശമായ ഈ ഗ്രാമം തെക്കൻ കേരളത്തിന്റെ കാലാവസ്ഥയോട് യോജിച്ചതാണ്. ഇടവപ്പാതിയോടെ തുടങ്ങുന്ന വർഷകാലം തുലാം അവസാനം വരെ നിലനിൽക്കുന്നു. വൃശ്ചികം മുത്ൽ മേടം പകുതി വരെ നല്ല വേനൽകാലമാണ്. ഇക്കാലത്ത് നല്ല വരൾച്ച് അനുഭവപ്പെടുന്നു. വൃശ്ചികം, ധനു, മകരം മാസങ്ങൾ മഞ്ഞുകാലമാണ്. എന്നാൽ മഴക്കാലത്ത് ഇടവിട്ടുള്ള തെളിഞ്ഞ കാലാവസ്ഥ കാർഷികവൃത്തിയ്ക്ക് അനുഗ്രഹമാണ്. കൂടാതെ വേനൽകാലത്തുള്ള ഇടമഴ കൃഷിക്കും കുടിവെള്ളത്തിനും അനുഗ്രഹമാണ്. താളം തെറ്റിയ കാലാവസ്ഥ കർഷകന്റെ മനസ്സിന്റെ താളവും തെറ്റിക്കുന്നു.





കൃഷിയും ജലസേചനവും

കാർഷിക പ്രദേശമായ ഓണാട്ടുകര യുടെ കിഴക്കുതെക്കായി സ്ഥിതിചെയ്യുന്ന താമ രക്കുളം പഞ്ചായത്ത് ഒരു കാർഷിക ഗ്രാമ മാണ്. നെല്ല്, തെങ്ങ് ഇടവിളകളായ വാഴ, കുരു മുളക്, കാച്ചിൽ, ചേന, കപ്പ, പച്ചക്കറികൾ, വെറ്റില, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ പ്രധാന വിളകളാണ് പരമ്പരാഗതമായി ഇവിടെ കൃഷി ചെയ്തുവരുന്നത്. കൂടാതെ മാവ്, പ്ലാവ്, കശു മാവ് എന്നിവ കൃഷിചെയ്ത് ഭക്ഷ്യവിഭവങ്ങൾ എടുക്കുന്നതോടൊപ്പം തടിയുടെ ആവശ്യവും സാധിക്കുന്നു. ആഞ്ഞിലി, തേക്ക്, മറ്റു പാഴ് വൃക്ഷങ്ങൾ എന്നിവ കഴിഞ്ഞ കാല ഭൂപ്രകൃ തിയുടെ സമ്പത്തുകളാണ്. ഭൂപ്രകൃതിയുടെ വൈവിധ്യ ജൈവസമ്പത്ത് നിലനിർത്തികൊ ണ്ടുള്ള കൃഷിയാണ് തുടർന്നു പോകുന്നത്.

ഈ ഗ്രാമത്തിന്റെ വയലുകൾ ആകെ വിസ്തൃതിയുടെ അഞ്ചിലൊന്ന് വരും ഈ വയ ലുകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വിളവ് വർദ്ധിപ്പിക്കുകയും കൃഷിയിടം കുറഞ്ഞുവരി കയും ചെയ്യുന്ന പ്രവണത കാണുന്നു. മുപ്പത് വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന നെൽകൃഷി രീതിയും കൃഷിയോടുള്ള താൽപര്യവും കഴിഞ്ഞ പതിനഞ്ച് വർഷമായി കുറഞ്ഞുവ രുന്നു.

ഇതിന് കാരണം ഭക്ഷ്യോത്പാദന ത്തിന്റെ വിലയിൽ ഉള്ള നിയന്ത്രണവും ഒപ്പം അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ഉത്പാദ നച്ചെലവുമാണ്. പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിചെയ്തുപോരുന്ന കർഷകർ കാലാനു സൃതമായ മാറ്റങ്ങൾക്ക് അനുസരിച്ച് കൃഷിരീ തിയിലും മാറ്റം വരുത്തി. തരിശുഭൂമികൾ കൃഷി യിടങ്ങളാക്കി മാറ്റുന്നതിൽ അധ്വാനശീലരായ കർഷകർ താല്പര്യം പ്രകടിപ്പിച്ചു. സർക്കാ രിന്റെ കാർഷിക പരിഷ്കരണരീതികൾ ഉൾക്കൊണ്ടുകൊണ്ടുള്ള കൃഷി സമ്പ്രദായം



സ്വീകരിച്ചു പോരുന്ന കർഷകർ സമൂഹത്തിൽ പിൻതള്ളപ്പെടുന്ന സാഹചര്യം മനസ്സിലാക്കി ഇതര മേഖലകളിലേക്ക് ചേക്കേറാൻ തുടങ്ങി. ഒപ്പം കർഷകതൊഴിലാളികളും വിദ്യാഭ്യാസ സമ്പാദനത്തോടെ ഉദ്യോഗരംഗങ്ങളിലേക്ക് തിരിഞ്ഞതോടെ കാർഷികരംഗം താറുമാറായി. കൂട്ടത്തിൽ പുത്തൻരീതികൾ, പുത്തൻ രോഗങ്ങൾ വിളകൾക്ക് സംഭാവനനൽകി. ഇത് കർഷകന്റെ മനസ്സിനെ തളർത്തി. സർക്കാരിന്റെ ഇടപെടൽ തൃപ്തികരമല്ലാതെയും വന്ന സാഹചര്യത്തിൽ കർഷകർ ലാഭകരമായ മേഖലതിരക്കി സ്വയം തിരിഞ്ഞു. കാർഷിക-ഭൗതിക സാഹചര്യങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങൾ പോലും കർഷകന് പിടിച്ചുനിർത്താൻ സാധിച്ചില്ല.

അങ്ങനെ ഭക്ഷ്യവിളകളിൽനിന്ന് നാണ്യവിളകളിലേക്ക് ഉള്ള പരിവർത്തനം ഈ പഞ്ചായത്തിലും പ്രകടമായി. റബ്ബർകൃഷിയിലുള്ള ലാഭവും ആകർഷണീയമായ കൃഷിസമ്പ്രദായവും കർഷകരുടെ ഈ മേഖലയിലേക്ക് ഉള്ള തള്ളിക്കയറ്റത്തിന് കാരണമായി. ഇത് കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന ജൈവവൈവിധ്യം നഷ്ടപ്പെടുകയും ഭൂപ്രകൃതിയെ ബാധിക്കുകയുമാണ് ചെയ്തത്.

മുപ്പതു വർഷങ്ങൾക്കുമുമ്പ് ഈ ഗ്രാമത്തിലെ മുഖ്യവിള കപ്പതന്നെയായിരുന്നു. കൂടാതെ ചേന, കാച്ചിൽ, ചേമ്പ്, കിഴങ്ങ് തുടങ്ങിയവ ഇടവിളയായും കൃഷി ചെയ്തിരുന്നു. കരഭൂമിയിൽ വാഴകൃഷിയും പയർകൃഷിയും ഉണ്ടായിരുന്നു. എന്നാൽ റബ്ബർകൃഷി വന്നതിനാൽ ഇടവിളകൃഷികൾക്ക് സാധ്യതയില്ലാതെ വന്നിരിക്കുകയാണ്. ഇടവിളകൃഷിക്കാവശ്യമായ ജൈവവിളകൾക്കുവേണ്ടി കാലികളെ വളർത്തൽ നല്ലരീതിയിൽ നടന്നിരുന്നു. നാടൻ പശുക്കളും ഉഴവു കാളകളും എല്ലാ കർഷക കുടുംബങ്ങളിലും ഉണ്ടായിരുന്നു. കാലിവളത്തിനോടൊപ്പം വേപ്പിൻപിണ്ണാക്ക്, കടലപിണ്ണാക്ക്, മരോട്ടിപിണ്ണാക്ക് എന്നിവയും ഉപയോഗിച്ചുപോന്നു. ഇതിനുപരിയായി പച്ചിലവളവും ഉപയോഗിച്ചുപോന്നു. പച്ചിലവളത്തിനായി ഉപയോഗിച്ചിരുന്ന കുറ്റിക്കാടുകൾ ഇന്ന് കൃഷിയിടമായും പാർപ്പിടമായും മാറിയിരിക്കുന്നു.

ജൈവവളത്തിന്റെ സ്ഥാനം ഇന്ന് രാസവളം കയ്യടക്കുകയും ചെയ്തു. രാസവളങ്ങളുടെ പ്രയോഗം ഇന്ന് കൃഷിരീതിയിൽ മാറ്റം വരുത്തി എന്നാൽ പരമ്പരാഗതകൃഷി വിളകൾ ഇന്നും നിലനിൽക്കുന്നു. എങ്കിലും ഗുണത്തിലും ഇനത്തിലും വലിയമാറ്റം തന്നെ സംഭവിച്ചിരിക്കുകയാണ്.

പരമ്പരാഗതമായി കർഷകരും തൊഴിലാളികളും തമ്മിൽ നല്ല ബന്ധം പുലർത്തിപോരുന്നതാണ്. ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും ഉരുത്തിരിഞ്ഞ് വന്ന ഭൂമിയുടെ കൈവശസ്വഭാവം കാർഷിക മേഖലയിലെ സാമൂഹ്യബന്ധത്തെ സൂചിപ്പിക്കുന്നു. കർഷകന് തൊഴിലാളികളും ഈ മേഖലയിൽ തമ്പ്രാൻ-അടിയാൻ ബന്ധം സൂചിപ്പിക്കുന്നു. ഭൂഉടമയായ കർഷകപ്രമാണിയുടെ വിസ്തൃതിയിലുള്ള കൃഷിയിടം സംരക്ഷിക്കുന്നതും കൃഷിനടത്തുന്നതിനും തൊഴിലാളികളുടെ നേതൃത്വത്തിന് ചുമതലനൽകിയതായി കാണുന്നു. കൂടാതെ താഴ്ന്ന ജീവിത നിലവാരം പുലർത്തുന്ന തൊഴിലാളികൾ കർഷകനെ ആശ്രയിച്ച് ജീവിതം പുലർത്തിപോകുന്നു. കർഷകന്റെ ഭൂമിയിൽ പാട്ടകൃഷിചെയ്തും സ്വന്തം അടിയാന്മാർ ഉടമയുടെ ഭൂമിയിൽ കൃഷിചെയ്തും പോന്നിരുന്നു. അന്ന് കൂലിവ്യവസ്ഥ കാർഷിക ഉല്പന്നങ്ങളായിതന്നെ നൽകിയിരുന്നു. കൂടാതെ ആഹാരവും നൽകി പണിചെയ്യിക്കുകയായിരുന്നു പതിവ്.

ഇവിടെ പരസ്പരസഹകരണ ബന്ധം നിലനിർത്തിയിരുന്നു. എങ്കിലും ജന്മി-കുടിയാൻ ബന്ധത്തിന്റെ തിക്തമായ മറ്റൊരു വശം



ഈ ബന്ധത്തിനെതിരെ തിരിയാൻ കാരണമായി. പാവപ്പെട്ട കൃഷിത്തൊഴിലാളികളായ അടിയാന്മാരെ വളരെ പീഡിപ്പിക്കുന്ന ജന്മിത്വം രാഷ്ടീയപാർട്ടികളുടേയും ജനാധിപത്യഗവൺമെന്റുകളുടെ ഇടപെടലുകൾകൊണ്ടും ജന്മി-കുടിയാൻ ബന്ധം തകരുകയും പലസമരങ്ങൾ ഉത്ഭവിക്കുകയും ഭൂപരിഷ്കരണനിയമം മറ്റ് ജോലിവ്യവസ്ഥാനിയമം വരികയും ചെയ്തു. ഇതോടെ കഴിഞ്ഞ കാലത്ത് അനുഭവത്തിലുള്ള പാട്ടഭൂമിയും കൂടി കിടപ്പുഭൂമിയും സ്വന്തമായതോടെ സമ്മിശ്രിത പ്രതികരണങ്ങൾ ഉണ്ടായി. ചില കർഷകകുടുംബങ്ങൾക്ക് വളരെഭൂമി നഷ്ട്ടപ്പെട്ടു. വളരെയേറെ തൊഴിലാളികൾക്ക് കുടിയിടപ്പ് കിട്ടുകയും ചെയ്തു. ഈ അവകാശസമരങ്ങൾ സാമൂഹിക മാറ്റങ്ങൾക്ക് കാരണമായി.

കൂലിവ്യവസ്ഥമാറി ഉൽപ്പന്നങ്ങൾക്കുപകരം രൂപ നൽകി. സ്ഥിരം തൊഴിലാളികൾ ഇല്ലാതായി. കൃഷിയിടങ്ങൾ തുണ്ടുകളായി. തൊഴിലവസരങ്ങൾ കുറയാനും കരകൃഷികളിൽ ദീർഘകാല വിളകൾ വളരാനും ഇടയായി. ഈ സംഭവങ്ങൾ കാർഷികമേഖലയിൽ



ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. പല പാട്ടക്കാരും തൊഴിലാളികളും ഈ മേഖല വിട്ട് മറ്റ് മേഖല തെരഞ്ഞെടുക്കുകയും ചെയ്തു. വിശേഷിച്ച് ആകർഷകമായ വേതനവ്യവസ്ഥകൾ ഉള്ള നിർമ്മാണ മേഖലയിലോ, വ്യവസായ വാണിജ്യ മേഖളകളിലോ വിദേശ രാജ്യങ്ങളിൽ തൊഴിൽതേടിയോ പോയിട്ടുണ്ട്. ഈ വ്യതിയാനം നമ്മുടെ പരമ്പരാഗത കാർഷിക വിഭവങ്ങളേയും ബാധിച്ചു.

നെല്ല്

നമ്മുടെ ഗ്രാമത്തിലെ പ്രധാന വയലുകളെ സംബന്ധിച്ചതിൽ സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമത്തുനാവശ്യമായ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ ഈ വയലുകൾക്ക് സാധിക്കുകയില്ല. കിഴക്കൻ മേഖലകളിൽ പാടങ്ങൾചെറുതും കൂറവുമാണ്. മദ്ധ്യമേഖലയിലെ പാടങ്ങളും അത്രവിശാലമല്ല. എന്നാൽ പടിഞ്ഞാറൻ മേഖലയിൽ നെൽപ്പാടം വളരെ വിസ്ത്രിതമാണ്. ഈ ഗ്രാമത്തിൽ ആകെ 1720എം.റ്റി നെല്ലും 1100 എം.റ്റി. വൈക്കോലും സാധാരണയായി രണ്ട് കൃഷിയിലുമായി ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്ക് കാണുന്നു. എന്നാൽ പലപ്പോഴും പടിഞ്ഞാറൻ മേഖലയിലെ വെള്ളക്കെടുതിമൂലം, വരൾച്ച കൊണ്ടും കൃഷി നശിച്ചുപോകാറുണ്ട്. ഈ കാരണത്താൽ ഒരു പൂവിൽ നഷ്ടമാകുന്നത് 2120 ക്വിന്റൽ നെല്ലാണ് . ഇവിടെ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വളരെ കുറഞ്ഞു. പുതിയ വിത്തിനങ്ങളാണ് ഇന്ന് കൃഷിചെയ്യുന്നത്. ഇവിടെയുള്ള പാടങ്ങളിൽ അറുപതുകൾക്ക് ശേഷമാനണ് 2 പൂവ് കൃഷിചെയ്തുതുടങ്ങിയത്. ഇപ്പോൾ ഈ ഭാഗത്ത് ശരാശരി 9550 ക്വിന്റൽ നെല്ല് ഉൽപ്പാദിപ്പിക്കുന്നു.

പടിഞ്ഞാറൻ മേഖലയിലെ പാടങ്ങളായ പൂവത്തൂർ ചിറ 56 ഹെക്ടർ ഗവ.ഉടമയിലുള്ള



വയും, ആളുകൾ കയ്യേറി കൃഷി ഇറക്കി കേസ് രജിസറ്റർ ചെയ്ത് ലൈസൻസിന്റെ പേരിൽ കൃഷിചെയ്ത് 1978 ൽ പതിച്ചു കൊടുത്ത് ഇപ്പോൾ പട്ടയം കിട്ടി കൃഷിചെയ്തുവരുകയാണ്. ഈ പാടം വെള്ള കെട്ടായി സൂക്ഷിക്കുന്നു. ഇതിനുതാഴെ പാടമായ പുഞ്ചവാഴ്ക പുഞ്ചയ്ക്കും കൃഷിചെയ്യാൻ വെള്ളം ശേഖരിച്ചിരുന്നതായിരുന്നു. എന്നാൽ പുഞ്ചവാഴ്ക പുഞ്ചയും ഒരു പൂവ് കൃഷി ഇരുപൂവുകൃഷി ചെയ്യുകയും അവിടെ പഴയ വയലകൾ, മുണ്ടകൻ കൃഷിമാറ്റി ഇരുപ്പൂകൃഷി ആയി. കാരണം പാടത്തിന് നടുംതോടുവെട്ടി ജലനിർമ്മാണ മാർഗ്ഗം വന്നതോടെ കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് പൂവത്തൂർ ചിറയുടെ ഉപയോഗം ക്രമേണ മത്സ്യ ബന്ധനം മാത്രമായി. ഇതിനാൽ അയൽ പ്രദേശത്തുകാർ കയ്യേറികൃഷിയിറക്കി. തുടർന്ന് 1982 ൽ ഇവിടേയും നടുംതൂണുകെട്ടി ഒരുപൂവ് ഇരുപൂവ് കൃഷി ആയി മാറി. ഇതോടെ ഈ പ്രദേശത്ത് സാമ്പത്തിക അഭിവൃദ്ധിയുണ്ടാവുകയും കന്നുകാലി വളർത്തൽ നല്ലനിലയിൽ എത്തുകയും ചെയ്തു. അറുപത്-എഴുപതുകളിൽ എരുമകൃഷി സമൃദ്ധമായി ഈ പ്രദേശത്ത് വളർന്നിരുന്നു.

ഈ പാടത്തെ കൃഷിക്ക് പര്യാപ്തമായ കർഷകതൊഴിലാളികൾ അന്ന് ഇവിടെ സുലഭമായിരുന്നു. എങ്കിൽ കാലത്തിന്റെ മാറ്റത്തിൽ ഇന്ന് ആളുകളെ ലഭ്യമല്ല. അന്നത്തെ കാലത്ത് പൂവത്തൂർചിറയിൽ ഒരുപൂവ് ആയിരുന്നെങ്കിൽ പുഞ്ചവായ്കപുഞ്ചയിൽ ഇരിപ്പൂവ് കൃഷിക്ക് ചക്രവും അറയും വെച്ച് വെള്ളം വറ്റിച്ച് ഉഴവുകാളകളെ ഉപയോഗിച്ചപതിവ് ആയിരുന്നു. അപ്പോൾ എല്ലാ കർഷകർക്കും കൃഷിയായുധങ്ങളും (കലപ്പ, ചെരുപ്പ്, നുകം) ആവശ്യമായിരുന്നു. എന്നാൽ ട്രാക്ടറും ട്രില്ലറും വന്നതോടെ വളരെ ജോലിഭാരമൊഴിഞ്ഞു. ചക്രവും അറയും വെച്ച് വെള്ളം വറ്റിക്കാതെ പൂട്ടാൻ സാധിച്ചു. ഉഴവുകാളകൾ അപ്രത്യക്ഷമായപ്പോൾ വിരിപ്പിന് മാത്രം ചാലുകൾകീറി വിത്ത് ഇടുന്നതിന് ഉഴവുകാളകളെ ഉപയോഗിക്കുന്ന ഈ പാടത്ത് അനുഭവിക്കുന്ന കാർഷിക ബുദ്ധിമുട്ടുകൾ താരതമ്യേന മറ്റ് എല്ലാ മേഖലകളിലും അനുഭവിക്കുന്നു.

ഈ വയലുകളിൽ മൂന്നാം കൃഷിയായി വളരെ അപൂർവ്വമായി എള്ളും പയറും കൃഷി ചെയ്തുവരുന്നു. ഇവിടെ തൊഴിലാളികളെ കിട്ടുന്നതിന് ഇപ്പോൾ ബുദ്ധിമുട്ടുണ്ട്. വിരിപ്പു കൃഷിയ്ക്ക് തരിശ്ശിടുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നു. ഇവിടെ ട്രാക്ടറുകൾ സുലഭമായതിനാൽ കൃഷിയിറക്കുന്നതിനുള്ള ചെലവ് കുറയ്ക്കാൻ സാധിക്കും പക്ഷെ പൊതുവിൽ ചെലവ് കൂടുതലാണ്. വളത്തിന്റെ വിലയിലുള്ള വർദ്ധനവും കൊയ്ത്തിന് ആളിനെ കിട്ടാതെയും വന്നതോടെ ഇന്ന് ഇതൊരു പ്രശ്നമേഖലയാണ്.

പടിഞ്ഞാറൻ മേഖലയെപ്പൊലെതന്നെ മധ്യമേഖലകളിലെ പാടങ്ങൾക്കും പ്രതിസന്ധികളുണ്ട്. ചെളിയെടുപ്പ് ഭീഷണിയായി വരുന്നത് ചത്തിയറ പുഞ്ചയ്ക്ക് മാത്രമാണ്. എന്നാൽ മറ്റ് പാടങ്ങളിൽ പൊതുവേയുള്ള ഭീഷണി ഇവിടേയും നിലനിൽക്കുകയാണ്. ജലസേചനസൗകര്യങ്ങളുടെ കുറവ് ഈ പ്രദേശങ്ങളെ ബാധിക്കുന്നുണ്ട്. ഈ പ്രദേശത്ത് ഒരുപൂവ് കൃഷികളുള്ള കുറച്ച് പാടമുണ്ട് ബാക്കിഭാഗം ഇരിപൂകൃഷിയാണ്. ഈ മേഖലയിൽനിന്നും ഒരു വർഷം നാലായിരത്തിമൂന്നൂറ്റിയമ്പത് ക്വിന്റൽ നെല്ലുല്പാദിപ്പിക്കുന്നതായ് കണക്കാക്കുന്നു.

കിഴക്കൻ മേഖലകളിലെ പാടങ്ങൾ വളരെ വിസ്തൃതികുറവുള്ളതാണ്. ഇവിടെ പടിഞ്ഞാറൻ മേഖലയെ അപേക്ഷിച്ച് പ്രശ്നങ്ങൾ വേറേയും ഉണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം എന്നതുപോലെ കൊയ്ത്തിനും അത് വീടുകളിൽ എത്തിക്കുന്നതിനും ഗതാഗതസൗകര്യം





കുറവുള്ളതുമായി കാണുന്നു. ഈ പാടത്തിനടുത്തോ പാടത്തേക്കോ വാഹനങ്ങൾ ഇറക്കുവാൻ പറ്റിയ മാർഗ്ഗങ്ങളില്ല. ഇത് പ്രായോഗിക ബുദ്ധിമുട്ടുകൽ ഉണ്ടാക്കുന്നു. അങ്ങനെ കൃഷിക്കാർ എല്ലാ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നതുകൊണ്ട് നെൽകൃഷിയിൽ നിന്നും പിന്മാറാൻ സാധ്യതകൾ ഏറെയുണ്ട്. ഈ മേഖലയിൽ നിന്നും വർഷം 3300 കിന്റൽ നെല്ല് ഉത്പാദിപ്പിക്കുന്നുണ്ട്.

ചരിത്രം.

1987–88 കാലത്ത് കാർഷിക പരിഷ്കരണപരിപാടിയായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം രൂപപ്പെടുത്തിയതിനാൽ കാർഷിക രംഗത്ത് ഉണർവ്വുണ്ടായി ഈ രംഗത്തെ ഒരുമയും കൂട്ടയ്മയും ഉത്സാഹത്തിന് വഴിവച്ചു. ഈ ഒരുമയും കൂട്ടായ്മയും നമ്മുടെ പരമ്പരാഗത കാർഷികചരിത്രത്തിന്റെ ഏടുകളിൽ കുറിക്കപ്പെട്ടവയാണ്. പുഞ്ചകൃഷിയുടെ ശൈലി പൗരാണികം തന്നെ. ഉഴവുകാളകളെ ഇറക്കി കർഷകനും തൊഴിലാളികളും ഒരുമിച്ച് നിലമുഴുത് തൊളിയാക്കി അടിവളവും ചെയ്തുകഴിഞ്ഞ് വിത്തുവിതയ്ക്കുന്നതും കിളികളെ ഓടിക്കുന്നതും വളംചേർക്കുന്നതും വെള്ളം മേൽചിറയിൽനിന്നും ചക്രം ചവിട്ടി തിരിക്കുന്നതും, കൊയ്ത്ത് നടത്തുന്നതും കൂട്ടയ്മയോടുകൂടിയാകുന്നു. ഇത് കർഷകരുടെ പരസ്പരവിശ്വാസത്തിലും സഹകരണത്തിലും അധിഷ്ഠിതമായിരുന്നു. ഈ കാർഷിക വ്യവസ്ഥിതിയ്ക്ക് കാവത്തിന്റെ ഒഴുക്കിൽ സാമൂഹ്യബന്ധങ്ങളുടെ ഉലച്ചിൽതട്ടി മാറ്റങ്ങൾ സൃഷ്ടിച്ചു. തുടർന്ന് പലവയലുകൾക്കും ഭൗതിക മാറ്റങ്ങൾ കാരണം ഒരിപൂ നിലങ്ങളെ ഇരിപൂ നിലങ്ങളാക്കി മാറ്റി. വിരിപ്പ്, മുണ്ടകം കൃഷികൾ ചെയ്തും വിളകൾ വർദ്ധിപ്പിച്ചു. ഈ കൃഷികളിലും കൂട്ടമായ രീതി തുടരുകയാണ്. നടിച്ചിൽപാട്ടും കാളകളെ പൂട്ടുന്നതിന്റെ ആരവങ്ങളും പാടത്തെ കൃഷിയിറക്കിന്റെ സന്തോഷം അനുസ്മരിപ്പിക്കുന്നു. ഈ ഉത്സാഹവും താത്പര്യവും കർഷകരിൽ പ്രത്യേകിച്ച് നെൽകൃഷി പഴയകഥകളാണ്.

മുൻകാലങ്ങളിൽ കാലിവളവും ചവറും സുലഭമായി ഉപയോഗിച്ച പാടത്ത് നമ്മുടെ പരമ്പരാഗതമായി കൈമാറിവന്ന കൊച്ചുവിത്ത്, ഞവര, തവളക്കണ്ണൻ, കരവാള, വലിയവെള്ള തുടങ്ങിയ വിരിപ്പ് വിത്തുകളും, അധിക്കിരാഴി, മുണ്ടകൻ, രണ്ടാംനമ്പർ, പത്തൊൻപത്, ചെമ്പാവ് എന്നീ മുണ്ടകൻ കൃഷികളും ചെയ്തുപോന്നു. എന്നാൽ ഹരിതവിപ്ലവത്തിന്റെ പരിണിതഫലമായി മേൽവയലുകളിൽ അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങൾ, ചുവന്ന ത്രിവേണി, ജയ, അയ്യാറെട്ട്, കൾച്ചർ 28 എന്നിവ ഉപയോഗിച്ചു തുടങ്ങി. കൂടാതെ രാസവളങ്ങൾ പ്രേരിപ്പിച്ച് ഉപയോഗിച്ചുവന്നു. ഈ പുതിയ സാങ്കേതിക വിദ്യകാരണം ഉത്പാദനക്ഷമത ഉയർന്നു എന്നാൽ പിൽക്കാലത്ത് ഉണ്ടായ നെൽകൃഷിയോടുള്ള വൈമുഖ്യം കാരണം കരപ്പാടങ്ങൾ തെങ്ങുംതറകളായി മാറാൻ തുടങ്ങി. ഇതു പ്രധാനമായും ഞാറ്റടി വയലുകളെ ഇല്ലായ്മയിലേക്ക് നയിച്ചു. ഈ വിള ആവശ്യമാണെങ്കിലും കൃഷി ചെയ്യാൻ വിമുഖത കാണിക്കുന്ന സ്ഥിതിയിലാണ്.

തെങ്ങ്.

ഈ ഗ്രാമത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങ് കൃഷി വ്യാപിച്ചു വന്നിട്ടുണ്ട്. നൂറു വർഷം പഴക്കമുള്ള തെങ്ങുകൾ കാണാമെങ്കിലും തെങ്ങുകൃഷി വ്യാപകമായിട്ട് 50 വർഷത്തിൽ താഴെയേ ആയിട്ടുള്ളൂ. പൊതുവേ കപ്പയും പയറും മുതിരയും കൃഷി ചെയ്തിരുന്നിടത്ത് തെങ്ങുകൃഷി വ്യാപകമായപ്പോൾ കർഷകന് ആശ്വാസമായിരുന്നു. നിലം



നികത്തി തെങ്ങുകൃഷിചെയ്യാൻ തുടങ്ങി നല്ല യിനം തെങ്ങിൻതൈകൾ കൃഷിക്കാരിൽ നിന്നും വാങ്ങി നടുക കർഷകരുടെ ശീലമാ യി. ഈ രീതി വളരെ നല്ല ഗുണങ്ങൾ നില നിർത്തി. ഈ സാഹചര്യത്തിൽ സർക്കാരിന്റെ ഇടപെടലോടെ തെങ്ങിൻതൈകൾ ഡിപ്പാർട്ട്മെന്റ് വിതരണം ചെയ്തു തുടങ്ങു കയും ആദ്യകാലങ്ങളിൽ നല്ലയിനം തൈകൾ വിതരണം നടത്തുകയും ചെയ്തു. ശേഷകാലം വളരെ മോശവും രോഗമുള്ള തൈകളും ലഭ്യ മാക്കുകയായിരുന്നു. ഇത് കർഷകരിൽ വിശ്വാസം നഷ്ടപ്പെടുത്തി. എന്നാൽ മാരക മായ തെങ്ങുരോഗവും ജലസേചനസൗകര്യം ഇല്ലായ്കയും തെങ്ങുകൃഷി ഈ ഗ്രാമത്തിന് അന്യംനിന്നുംപോകുകയാണ്. രോഗത്തെ ചെറുത്ത് നിർത്താൻ സാധിക്കാതെ വന്നപ്പോൾ വിളവ് കുറയുകയും ചെയ്തു ഈ സാഹചര്യ ത്തിൽ റബ്ബർകൃഷിക്ക് പറ്റിയമണ്ണാണ് എന്നതി നാൽ, തെങ്ങിൻതോപ്പുകൾ റബ്ബർ തോട്ടങ്ങ ളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അത്യാകർഷകമായി ഈ വിള കടന്നുവന്നിരി ക്കുന്നു. ഈ ഗ്രാമത്തിന്റെ സിംഹഭാഗവും റബ്ബർ കയ്യടക്കി. ആകെ കരയുടെ 60 ശതമാനം റബ്ബർകൃഷി വ്യാപിച്ചു ഇത് തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

ഇടവിളകൾ

നമ്മുടെ കരകൃഷിയിൽ തെങ്ങും റബ്ബറും കഴിഞ്ഞാൽ കുരുമുളക്, കമുക്, വാഴ കൂടാതെ കപ്പ, ചേന തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങളും ആഞ്ഞിലി, മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ വൃക്ഷങ്ങളും കൃഷിചെയ്തുവരുന്നു.

തെങ്ങുകൃഷി നശിച്ചതോടെയും റബ്ബർകൃഷി വർദ്ധിച്ചതോടെയും ഈ ഇടവിള കൃഷി നാശത്തിലേക്ക് നീങ്ങുകയാണ്. കപ്പ കൃഷി മുപ്പത് വർഷങ്ങൾക്കുമുമ്പ് ആധിപത്യം സ്ഥാപിച്ചിരുന്ന ഈ ഗ്രാമത്തിൽ ഇപ്പോൾ വെളിയിൽ നിന്നും കപ്പ വരുന്നു, ചേന, കാച്ചിൽ, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ വളരെ അപൂർവ്വമായി കൃഷിചെയ്തുവരുന്നു. മുൻകാലങ്ങളിൽ ഇവിടെ സമൃദ്ധമായി കൃഷി ചെയ്തുവന്നിരുന്നു വിപണിയായ താമരക്കുളം മാധവപുരം മാർക്കറ്റിൽ ഇതിന്റെ വിത്തും വിള കളും സമൃദ്ധമായ രീതിയുൽ വിപണനം നട ത്തുന്നു. ഇപ്പോൾ ഈ കൃഷികൾ റബ്ബർ കൃഷി എത്താത്ത ഭാഗത്തുമാത്രം 10 ശതമാനം കൃഷിചെ യ്തുവരുന്നു.

വാഴ കൃഷിമുൻകാലങ്ങളെ അപേക്ഷിച്ച് വളരെ പരിമിതമാണ്. 2 ശതമാനം കൃഷിയിടങ്ങ ളിലെ വാഴ കൃഷി ഇപ്പോഴുള്ളു.

കശുമാവിന് റബ്ബർ കൃഷിയുടെ വരവോടെ ഏറെ നാശം വന്നിരിക്കുകയാണ്. വളരെ പരിമിത മായി മാത്രം കൃഷി ചെയ്യുന്നു. (35 കിന്റൽ ഹെക്ടർ) മാവും പ്ലാവും നമ്മുടെ ഭക്ഷ്യക്ഷാ മത്തെ പിടച്ചുനിർത്തിയിരുന്ന കാലം മറന്നു. നന മ്മുടെ ഭക്ഷണക്രമത്തിൽ പ്ലാവ് വളരെ സ്വാധീനി ച്ചിരിന്നു. ഇന്നു എങ്കിലും ഇവിടെ പ്രീയങ്കരമാണ്. ഇപ്പോൾ കന്നുകാലികൾക്ക് ആഹാരമായി ഉപയോ ഗിക്കുന്നു. പ്ലാവിന്റെ തടി കെട്ടിടം പണിക്കും വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിന് സുലഭമായി ഉപയോഗിച്ചിരുന്നിടത്ത് ഇപ്പോൾ ദൗർലഭ്യം നേരി ടുകയാണ്. മാവിന്റെ കാര്യത്തിലും സംഗതി



ഭിന്നമല്ല. പഴയ നാടൻ മാവിനങ്ങൾ കർപ്പൂരം, മൈലാപ്പൂർ, കിളിച്ചുണ്ടൻ, കപ്പമാങ്ങ, മൂവാണ്ടൻ തുടങ്ങിയ നാടൻ ഇനങ്ങൾ എല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ അപൂർവ്വമായി നാടൻ ഇനങ്ങളും ഒട്ടുമാവുകളുമാണ്ുള്ളത്. പക്ഷേ പൊതുവെ മാവുകൾ അപ്രത്യക്ഷമാവുകയാണ്. റബ്ബർ കൃഷി ഈ കൃഷിയെയും ബാധിച്ചിര ിക്കുകയാണ്.

വെറ്റില

നമ്മുടെ പഞ്ചായത്തിൽ ഇന്നും സമൃദ്ധിയായി കൃഷി ചെയ്തുവരുന്ന ഒരു വിളയാണ് വെറ്റില. ഇത് വളരെ ആധായകരമായി ഇന്നും നില നിർത്തിക്കൊണ്ടുപോകുന്നു. വിപണി സൗകര്യം പഞ്ചായത്ത് ആസ്ഥാനത്തുള്ളതിനാലും വിപണന സാധ്യതഉള്ളതിനാലും ഈ വിള ഇപ്പോഴും നില നിൽക്കുന്നു. ഏകദേശം 8 ഹെക്ടർ സ്ഥലത്ത് വെറ്റില കൃഷി ചെയ്യുന്നു.

പച്ചക്കറി

ഇവിടെ മുൻകാലങ്ങളിൽ പച്ചക്കറി സമൃദ്ധമായി കൃഷിചെയ്തിരുന്നു. മുളക്, വഴുതനങ്ങ, പാവക്ക, പടവലം,വെള്ളരി എന്നിവയാണ് മുഖ്യകൃഷിയിനങ്ങൾ ഇവടെ ഉത്പാദിപ്പിക്കുന്നവ വിറ്റഴിക്കുന്നതിനുള്ള വിപണി ഉള്ളതിനാലും ഈ വിളകൾ കൃഷിചെയ്യുന്നതാന് കർഷകർക്ക് താല്പര്യമുണ്ട്. എന്നാൽ നാണ്യവിളകളുടെ കടന്നുവരവ് പച്ചക്കറികൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. അധ്വാനം വളരെ വേണ്ട കൃഷി ആടയതിനാൽ പരിചരണം കൃത്യമായി വേണ്ടത് ആകെയാലും ഈ കൃഷി അപൂർവ്വം ആളുകളിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. മറ്റ് പണികൾക്ക് പോകുന്നവർ ഈ കൃഷിയെ ആശ്രയിക്കാൻ ബുദ്ധിമുട്ടാണ്. കൂടാതെ ആയാസം കുറവുള്ള കൃഷിയായ റബ്ബർ കൃഷിയിലേക്കുള്ള താത്പര്യം പച്ചക്കറി കൃഷിയേയും ബാധിച്ചു. നല്ല വേനൽ പ്രദേശത്തേ കൃഷി സാധ്യതയുള്ളൂ എന്നതും അയൽക്കാരുടെ കൃഷിയേക്കൂടി ആശ്രയിച്ച് ചെയ്യാവുന്ന കൃഷിയാണ് പച്ചക്കറി. ആകയാൽ പച്ചക്കറി സമൃദ്ധിയായി ഇപ്പോഴും കൃഷിചെയ്തുവരുന്നു. നമ്മുടെ ഗ്രാമത്തിൽ വളരെ ആളുകൾ പച്ചക്കറികൃഷിയിൽ ഉത്സാഹം കാണിക്കുന്നുണ്ട്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ മേഖലയിലേക്ക് വളരെയേറെ ചെറുപ്പക്കാർ ഉത്സാഹത്തോടെ കടന്നുവന്നിരിക്കുന്നു.

കുരുമുളക്.

കരഭൂമിയിലെ മറ്റൊരു പ്രധാന കൃഷിയാണ് കുരുമുളക്, ഈ ഗ്രാമത്തിൽ നല്ലനിലയിൽ കൃഷിചെയ്തുപോന്ന ഈ നാണ്യവിള ഇന്ന് നശിച്ചു തുടങ്ങിയിരിക്കുകയാണ്. കാലാവസ്ഥയിലുള്ള മാറ്റവും ഭൂ പ്രകൃതിയിൽ വരുന്ന മാറ്റവും ഇതിന് പ്രതികൂലമായി ബാധിക്കുന്നു. വരൾച്ചയെ നേരിടുവാൻ ശേഷിക്കുറവുള്ള ഈ വിള നമ്മുടെ വൃക്ഷവിളകൾ താങ്ങുമരമാക്കിയാണ് കൃഷി ചെയ്തിരുന്നത്. ഗ്രാവൽ മണ്ണ് കുഴിച്ചു മാറ്റുന്ന പ്രവണത ഭൂമിയുടെ ജല സംഭരണ ശേഷി കുറയ്ക്കുന്നു. കൂടാതെ ചില രോഗം വന്ന് നശിക്കുന്ന സ്വഭാവവും ഉണ്ട് വൃക്ഷങ്ങൾ വെട്ടി വീട് പണിയുന്നതിനോ വിറകിനോ ആയി ഉപയോഗിക്കുന്നതിനാൽ കുരുമുളക് കൃഷിക്ക് ഭീഷണി നേരിടുകയാണ്.

ഇഞ്ചി, മഞ്ഞൾ

താമരക്കുളം പഞ്ചായത്തിൽ ഇഞ്ചി കൃഷി സാമാന്യം നല്ലരീതിയിൽ നടക്കുന്നുണ്ട്. എന്നാൽ മഞ്ഞൾ കൃഷിതുലോം വിരളമാണ്. വിപണനസാധ്യത കുറവായതിനാലാണ് സാധാരണ മഞ്ഞൾകൃഷി കൃഷിക്കാരെ ആകർഷിക്കാത്തത്. ഇഞ്ചി കൃഷിക്കും



മഞ്ഞൾകൃഷിക്കും പറ്റിയതരം മണ്ണാണ് ഈ പ്രദേശത്തുള്ളത്.

ജലസേചനം

ഈ ഗ്രാമത്തിന്റെ ജലസേചന സൗകര്യങ്ങൾ മുഖ്യമായും പ്രകൃതിദത്തമായുള്ളതാണ്. കര ഭൂമികളിൽ ഭൂരിപക്ഷം വീടുകളിലും സാധാരണ കിണറുകൾ ഉണ്ട്. കുടിവെള്ളാവശ്യത്തോടൊപ്പം കാർഷിക ജലസേചനവും നടത്തുന്നു. കൂടാതെ സ്വകാര്യവും പൊതു ആയതുമായ കുളങ്ങളും ചാലുകളും ഉണ്ട്. കരകൃഷികളായ തെങ്ങ് വാഴ, പച്ചക്കറി, വെറ്റില എന്നിവയ്ക്ക് ആവശ്യമായ ചെറുകുളങ്ങളും വാൽകുളങ്ങളും ഉണ്ട്. വെള്ളം കോരി നനയ്ക്കുകയാണ് സാധാരണ ഇപ്പോൾ. ഇലക്ട്രിക്മോട്ടോർ പമ്പുകൾ പ്രവർത്തിപ്പിച്ച് ഈ കൃഷികൾക്ക് നനയ്ക്കാനും ജലദൗർലഭ്യം കാരണം പ്രധാന കരകൃഷിയായ തെങ്ങിനെ ജലസേചനത്തിന് അപൂർവ്വ സാധ്യതതയേ ഉള്ളൂ. ഇവിടെ ട്രിപ്പ് ഇറിഗേഷൻ രണ്ടിടത്ത് നടക്കുന്നു.

പാടശേഖരങ്ങളിലെ ജലസേചനം പ്രകൃതിദത്തമായതുതന്നെ. ചത്തിയറ പുഞ്ചയിലെ പത്തേക്കർ പുഞ്ചകൃഷി (ഒരുപൂവ്) ഒഴിച്ച് മറ്റ് വയലുകൾ ഇരുപൂവ് കൃഷിചെയ്യുന്നു. വയ്യാങ്കരച്ചിറയിലെ വെള്ളം ഒഴുക്കിയാണ് പഞ്ചകൃഷി നടത്തുന്നത്. കരയിൽ നിന്നും മഴവെള്ളം ഊർന്നിറങ്ങി വയലുകളിലെ നടുംതോടുകളിലൂടെ ഒഴുകിപ്പോകുന്നു. ഈ നടുംതോടുകളിലെ ജലനിർഗ്ഗമനം നീയന്ത്രിച്ച് നെൽ കർഷകർ ജലസേചനസൗകര്യം ഉണ്ടാക്കുന്നു. ഈ ജലസേചന സൗകര്യം ജലനിർഗ്ഗമനത്തിന് നീയന്ത്രണത്തിനോ ഉപയോഗിക്കുന്നു. എന്നാൽ വരൾച്ച് അനുഭവിക്കുന്ന സാഹചര്യത്തിൽ എല്ലാ വയലുകളുടെയും അതിർ ഭൂമിയോടു ചേർന്നുള്ള കുളങ്ങൾ തൊട്ടടുത്തുള്ള വയലുകൾ നനയ്ക്കുന്നതിന് ഉപകരിക്കുന്നു. മുൻകാലങ്ങളിൽ ചക്രവും അറയും, തേക്ക് കുട്ട എന്നിവ ഉപയോഗിച്ച് വെള്ളം തിരിച്ച് കൃഷിക്ക് നനയ്ക്കുന്ന പതിവ് ഉണ്ടായിരുന്നു. ഇന്ന് അതിന്റെ സ്ഥാനത്ത്. മോട്ടോർപമ്പുകൾ വന്നതോടെ കർഷകന്റെ അധ്വാനഭാരം ലഘൂകരികരിക്കപ്പെട്ടു. 93 ഏക്കറുള്ള വയ്യാങ്കരച്ചിറ വളരെയേറെ പ്രത്യേകതകൾ ഉള്ള ജലസംഭരണിയാണ്. പഞ്ചായത്തിന്റെ അധീനതയിൽ 103 ഏക്കർ കുളങ്ങളോ ചാലുകളോ ഉണ്ട്. ഇവകൂടാതെ സ്വകാര്യ കൈവശത്തിലുള്ള 55 ഏക്കർ കുളവും ചാലുമായുണ്ട്. ഇത് ആകെ 150 എണ്ണം വരും നമ്മുടെ പ്രധാനതോടുകൾ പുഞ്ചവായ്കപുഞ്ചയിലെ പാലയ്ക്കൽ വയലിൽ നിന്നും ടി.എ. കനാൽ വരെയുള്ള തോടും, പൂവത്തൂർചീറയിലെ നടുംതോടും, വയ്യാങ്കരച്ചിറയിൽ നിന്നും ചത്തിയറപുഞ്ചവരെയും നടീൽ വയലിലുള്ള നടുംതോടും തെങ്ങിൻവയലിന്റെ നടുംതോടും പണയിൽ വയൽ നങ്ങാരയ്ക്ക വയൽ, ഇടവം വയൽ എന്നിവയുടെ അരികുതോടുകളും കൂടാതെ ചെല്ലിച്ചിറ അമ്പിവയലിന്റെ നടുംതോടും ഗുരുനാഥൻകുളം തെക്കോട്ട് പായിക്കാട്ട് കിഴക്കു മുണ്ടപ്പള്ളി ക്കുളത്തിൽ നിന്നുള്ള അരികുതോടും നാട്ടുവാതുക്കൽ മുതൽ തെക്കോട്ടു ഞായറാഴ്ച മുക്കു വഴി നടീൽ വയൽ വരെയുള്ള നടുംതോടും, കൂടി നടീൽ വയലുവരെ പുതുചിറയുടെ നടുംതോട് കല്ലൂർവയലിന്റെ നടും തോടും ജലസേചന മാർഗ്ഗങ്ങളാണ്. ഇവ 22.5 കിലോമീറ്റർ ഉണ്ട്. ഇതിന്റെ വിസ്തീർണ്ണം 56 ഏക്കർവരും.

നമ്മുടെ പഞ്ചായത്തിൽ കെ.ഐ.പി. യുടെ കനാലുകളും പോഷകചാലുകളും കടന്ന് വന്നിട്ടുണ്ട്. പേരൂർ കാരാണ്മ, ചത്തിയറ, വേടരപ്ലാവ് എന്നീ വാർഡുകളിലൂടെയാണ് ഈ ജലസേചനപദ്ധതി ഒരു പരിധിവരെ കരകൃഷിക്ക് പ്രയോജനം ചെയ്യുന്നു. എന്നാൽ പേരൂർകാരാണ്മ കോതച്ചിറപാടത്തും പാലയ്ക്കൽ വയലിലും നല്ലനിലയിൽ ഈ പദ്ധതിയുടെ ഗുണം എത്തിയിട്ടുണ്ട്.





രോഗങ്ങൾ

നമ്മുടെ പ്രധാന വിളയായ തെങ്ങിനെ മാരകരോഗം ബാധിച്ചതിനാൽ നമ്മുടെ പ്രദേശത്ത് തെങ്ങുകൃഷി നാശത്തിലെത്തിനിൽക്കുന്നു. ഫലപ്രദമായ രോഗപ്രതിരോധപ്രവൃത്തികൾ നടത്തുകയോ രോഗശാന്തിക്കായ് മരുന്ന് തളിക്കുകയോ, നടത്താത്ത കാരണത്താലും രോഗം വളരെ പടർന്നിട്ടുണ്ട്. കറുത്ത ചെല്ലിയെ നശിപ്പിക്കുന്നതിന് ചെല്ലുക്കോലിന്റെ ഉപയോഗം ചെമ്പൻചെല്ലിയെ കീടനാശിനിഉപയോഗുച്ചും ഉള്ള നീയന്ത്രണം ഒരു പരിധിവരെ കർഷകർ പരിചരിച്ചുവരുന്നു. കൂടാതെ നല്ലയിനം തൈകളുടെ ദൗർലഭ്യം നമ്മുടെ തെങ്ങ് കൃഷിയെ ബാധിച്ചിട്ടുണ്ട്. ആവശ്യമുള്ള ജലസേചനത്തിന് ജലസമ്പത്ത് നമുക്കില്ലാത്തതും ഈ കൃഷിയെ ബാധിച്ചു.

കരകൃഷികളിൽ കശുമാവ്, മാവ്, ഇപ്പോൾ കഴിഞ്ഞോകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പൂക്കാലമാകുമ്പോൾ ഉണ്ടാകുന്ന രോഗം ആദായത്തെ ബാധിച്ചിട്ടുണ്ട്. കശുമാവിന്റെ പൂവ് കരിഞ്ഞ് പോകുന്നതിന് ഈ പ്രദേശത്ത് മരുന്ന് തളി നടത്തുന്നില്ല. അതേപോലെമാമ്പൂവിലോ, കണ്ണിമാങ്ങയിലോ ഉണ്ടാകുന്ന കീടശല്യം മാമ്പഴത്തിലെ പുഴുക്കേടിന് കാരണമാകുന്നു. ഇതിനെ ഫലപ്രദമായ നീയന്ത്രണമാർഗ്ഗം നടത്തുന്നില്ല. നമ്മുടെ വാഴ കൃഷിയിൽ കാണുന്ന കുറുനാമ്പ് രോഗം എട്ടു ശതമാനം വാഴകളെ ബാധിച്ചിട്ടുണ്ട്. പച്ചക്കറികൾക്കുണ്ടാകുന്ന കീടശല്യം വളരെ വലുതാണ്. ഇതിനായി സാധാരണ നിർദേശിക്കപ്പെടുന്ന കീടനാശിനികളേക്കാൾ മാരകമായ 'ഫുർടാൻ' ആണ് ഭൂരിഭാഗം കൃഷിക്കാരും ഉപയോഗിക്കുന്നത്. ഇത് മനുഷ്യ ആരോഗ്യ സംരക്ഷണത്തെ ബാധിക്കുന്നു. ഈ മാരകരോഗങ്ങളിൽ നിന്നും രക്ഷപ്പെടാനായി റബ്ബർ കൃഷിയിലേയ്ക്ക്

മാറിയ കർഷകർക്ക് അവിടേയും കാർഷികരോഗത്തിനെ നേരിടേണ്ടിവരുന്നു റബ്ബറിന് കാണുന്ന പട്ടമരവിപ്പ് ചീക്ക, എന്നീ രോഗങ്ങൾക്ക് ബോർഡോമിശ്രിതം ഉപയോഗിക്കുന്നു. അതുകൊണ്ട് ചീക്കയ്ക്ക് മാത്രം ശമനം കിട്ടുന്നു.

നെൽകൃഷിയിൽ ആധുനികരീതികളും വിത്തുകളും രാസവളങ്ങളും ഉപയോഗിച്ച് തുടങ്ങിയതോടെ പല പുത്തൻ രോഗങ്ങളും കണ്ടു തുടങ്ങി. മുൻകാലങ്ങളിൽ ഓലപ്പുഴുവിനെ നീയന്ത്രിച്ചിരുന്നത് പാറക്കുട്ട കൊണ്ട് വയലിലിറങ്ങി അതിരാവിലെ വീശിപ്പിടിച്ച് നശിപ്പിച്ചിരുന്നു. കൂടാതെ മണ്ണെണ്ണ കയറിൽ മുക്കി നെല്ലോലയിൽ തട്ടി നശിപ്പിച്ചും ചാഴി ശല്യം ഒഴുവാക്കിയിരുന്നു. ഇപ്പോൾ മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നതിനാൽ രോഗങ്ങൾ അതിക്രമിക്കുകയും ധാന്യങ്ങൾ മാരകവിഷവിപ്തമാകുകയും ചെയ്തു. ഇത് മനസ്സിലാക്കിയ ശാസ്ത്രജ്ഞന്മാർ ഇപ്പോൾ നമ്മെ ഉപദേശിക്കുന്ന പുത്തൻ രോഗനീയന്ത്രണ സമ്പ്രദായം പഴമയിലേക്ക് നമ്മെ നയിക്കുന്നു. മിത്ര-ശത്രു കീടങ്ങളെ മനസ്സിലാക്കി ആവശ്യാനുസരണം നീയന്ത്രണമാർഗ്ഗങ്ങൾ തേടാനും പരിസ്ഥിതിയ്ക്ക് ഏറെ പ്രാധാന്യം നൽകാനും നിർദ്ദേശിക്കുന്നു. അങ്ങനെ പ്രകൃതിയിലെ സന്തലിതാവസ്ഥ നിലനിർത്തി കൃഷി പോഷിപ്പിക്കാൻ ഉപദേശിക്കുന്നു. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളുടെ വരവോടെ കുലവാട്ടം, മുഞ്ഞ തുടങ്ങിയ രോഗങ്ങളും ഈ പ്രദേശത്ത് എത്തിയിരുന്നു. എങ്കിലും ഇവ ഇപ്പോൾ പൂർണ്ണമായും ഇല്ല. നമ്മുടെ ഗ്രാമത്തിന്റെ ഉയർന്ന നീർക്കെട്ടും ജലനിർഗ്ഗമന സാഹചര്യങ്ങളും രോഗപ്രതിരോധത്തിന് സഹായകരമാണ് കൂടാതെ പൂർണ്ണമായും വരണ്ട വയലുകൾ ഉഴുതുമറിക്കുന്നതും രോഗ നിവാരണത്തിന് സഹായകരമാണ്.

പ്രശ്നങ്ങൾ

- ജലസേചനസൗകര്യങ്ങൾ കുറവാണ്.
- ജാനുവരിമുതൽ മെയ് മാസം വരെ വയലുകൾ തരിശ് കിടക്കുന്നു.



- പടിഞ്ഞാറൻ പാടങ്ങളിൽ നിലം അനിയന്ത്രിതമായി കുഴിച്ച് കൃഷിയിടം നഷ്ടപ്പെടുത്തുന്നു.
- നെൽകൃഷി അനാദായകരമായിരിക്കുന്നു.
- ജൈവവളങ്ങൾക്കും രാസവളങ്ങൾക്കും കീടനാശിനികൾക്കും ഉത്പന്നത്തിന്റെ വിലയുമായി തട്ടിച്ചാൽ ഉയർന്ന വിലയാണ്.
- കർഷകന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ
- നെല്ലിന്റെ ഉത്പാദനച്ചെലവ് ഏറുന്നു.
- നെൽപാടങ്ങളിലെ കൃഷിക്കും വിളവെടുക്കുന്നതിനും തൊഴിലാളികളുടെ ദൗർലഭ്യം.
- നിലം തരിശ്ശിടുന്നു.
- മുഖ്യവിളയായ തെങ്ങിനുണ്ടായ മാരകരോഗങ്ങൾ കൃഷിക്കാരന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടി.
- കൊപ്രായുടെ വിലക്കുറവ്
- പച്ചക്കറികൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
- ആവശ്യമായ വിത്തിനങ്ങൾ തക്ക സമയത്ത് ലഭ്യമല്ലാത്തതിനാൽ പച്ചക്കറി ഉത്പാദനം കുറയുന്നു.
- മുൻകാലങ്ങളെ അപേക്ഷിച്ച് രോഗബാധ പച്ചക്കറി കൃഷിയെ ബാധിക്കുന്നു.
- ലാഭം ഇടത്തട്ടുകാർ കൊയ്യുന്നതിനാൽ കാർഷിക ഉത്പന്നങ്ങൾക്ക് (നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങർഗ്ഗങ്ങൾ, വെറ്റില) യഥാർത്ഥവില ലഭിക്കുന്നില്ല.
- നമ്മുടെ മണ്ണിന് അമ്ലാശം ഉള്ളതിനാൽ ചെയ്യുന്ന വളം പൂർണ്ണമായും ഉപയോഗപ്പെടുന്നില്ല.
- മണ്ണൊലിപ്പും പാഴായിപോകുന്ന ജലനിരക്കും കൃഷിഭൂമിയുടെ ഘടനനയെ ശോഷിപ്പിക്കുന്നു.
- നാണ്യവിളയായ റബ്ബർ മറ്റു കൃഷികളെ അപേക്ഷിച്ച് ആദായകരമായതിനാൽ കർഷകർ അതിലേക്ക് തിരിഞ്ഞുതുടങ്ങിയെങ്കിലും റബ്ബറിന് ന്യായമായ വില ലഭിക്കുന്നില്ല.
- കൃഷിഭവനുകളുടെ പ്രവർത്തനം കർഷകർക്ക് പ്രയോജനകരമല്ല
- മേൽത്തരം നടീൽ വസ്തുക്കളുടെ ദൗർലഭ്യം കാലാകാലങ്ങളിൽ ഉണ്ടാകുന്ന വരൾച്ചയും വെള്ളപ്പൊക്കവും കൃഷിയെ ബാധിക്കുന്നു.
- പുഞ്ചവാഴ്കപുഞ്ചയുടെ പടിഞ്ഞാറുഭാഗവും പൂവത്തൂർ ചിറയുടെ വെള്ളപ്പൊക്കക്കെടുതിയിലും വരൾച്ചയിലും കൃഷിനാശം സാധാരണമാണ് (വാർഡ് 1,2)
- പുഞ്ചവാഴ്കപുഞ്ച, പാലയ്ക്കൽ വയൽ, ചെല്ലച്ചിറ എന്നിവിടങ്ങളിലെ നിലങ്ങളിൽ പെട്ടെന്ന് നീർ വാർച്ച ഉണ്ടായി നെല്ലുണങ്ങുന്നു. (വാർഡ് 1)
- പാടത്ത് ഗതാഗതസൗകര്യങ്ങൾ എത്താത്തതിനാൽ വിളവെടുപ്പിന് വളരെയേറെ കൂലിച്ചെലവ് ഉണ്ടാകുന്നു. കൂടാതെ ട്രാക്ടറുകൾക്ക് യഥാസമയം എത്താൻ സാധിക്കുന്നില്ല.(1–11)
- കൊതുചിറ പാടത്ത് കെ.ഐ.പി. കനാലിൽ അസമയത്ത് വെള്ളം ഊറിയിറങ്ങി വെള്ളക്കെട്ടുണ്ടാകുന്നു. (വാർഡ് 3)
- കെ.ഐ.പി.യുടെ സബ് കനാലുകളുടെ പണി പൂർത്തിയായിട്ടില്ല. കെ.ഐ.പി.യുടെ പൈപ്പുകൾ കരഭൂമിയിൽ ഏതാനും ഭാഗത്ത് മാത്രമേ സ്ഥാപിച്ചിട്ടുള്ളു.(4)
- അമ്പീൽ വയൽ, നടീൽ വയൽ എന്നിവിടങ്ങളിലെ അധികജലം ഒഴുകിപ്പോകാതെ കൃഷിനാശം സംഭവിക്കുന്നു. (വാർഡ് 4,5)
- തോടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. (വാർഡ് 1–11)
- കാലികളെ കുളിപ്പിക്കുന്നതിന് നാടുവാതു





ക്കൽ തെക്കുഭാഗത്ത് നല്ല സൗകര്യമില്ല. (വാർഡ് 4)

- മുണ്ടപ്പള്ളിൽ കുളവും അനുവദിച്ച തോടും ഉപയോഗശൂന്യമായിരിക്കുന്നു. (വാർഡ് 4)
- ചത്തിയറ പുഞ്ചയിലെ പുഞ്ചകൃഷി വളരെ കഷ്ടതയിലാണ്. ചത്തിയറ പുഞ്ച, അമ്പിയിൽ, നടീൽ വയൽ എന്നീ പാടത്തേക്ക് ട്രാക്ടറുകൾക്ക് സൗകര്യമായി ഇറങ്ങാൻ വഴിയില്ല. (വാർഡ് 4,5)
- ജലസേചനസൗകര്യം ഒട്ടുമില്ലാത്ത പാടങ്ങളിൽ ജലസേചനസൗകര്യം ഉണ്ടാകണം
- പയ്യാങ്കരചിറമുതൽ ഇരപ്പൻപാറവരെയുള്ള തോടിന്റെ ഇരുകരകളും ഇടിഞ്ഞ് നാശം സംഭവിക്കുന്നു. (വാർഡ് 6,7)
- വയ്യാങ്കരചിറയിലേക്ക് മണ്ണൊലിച്ചിറങ്ങി ചിറയിലെ ജലനിരപ്പ് കുറയുന്നു. (വാർഡ്8-11)
- കല്ലുച്ചാൽ, ഞാറകുഴികൽചാൽ എന്നിവ സംരക്ഷിക്കപ്പെട്ടിട്ടില്ല.
- നല്ല ചരിവുള്ള കരഭൂമി ആയതിനാൽ മണ്ണൊലിപ്പ് സാരമായി അനുഭവപ്പെടുന്നു.(വാർഡ് 8)
- പണയിൽ - നെടിയാണിക്കൽ തോട്ടിലൂടെ ജലനിർഗ്ഗമം തടസ്സപ്പെടുന്നു. (വാർഡ് 8,9)
- ഇടവം വയലിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിനുള്ള വഴിയില്ല (വാർഡ് 8)
- തൊട്ടുകിഴക്കുവശത്തുകൂടി പോകുന്ന കെ.ഐ.പി. കനാൽ ഈ പ്രദേശത്തിന് യാതൊരു ഗുണവും ചെയ്യുന്നില്ല (വാർഡ് 8)
- പണയിൽ വയലിലേക്ക് ട്രാക്ടറും മറ്റ് വാഹനങ്ങളും എത്തുന്നതിന് വേണ്ട സൗകര്യമില്ല (വാർഡ് 9)
- തടത്തിൽ വയലിലേക്ക് കെ.ഐ.പി. വെള്ളം എത്തുന്നില്ല.
- വയലിൽ ജലസേചനസൗകര്യം തീരെയില്ല.
- വയലിലേക്ക് ട്രാക്ടർ എത്തുന്നതിന് മാർഗ്ഗമില്ല.
- ഒരുപൂവ് കൃഷിയുള്ള ഇവിടം ശേഖരശേഷം തരിശ്ശ് കിടക്കുകയാണ്. (വാർഡ്11)

ഭൂമിയുടെ വിനിയോഗം

ആകെ പുരയിടം	നിലം	വീട്	റോഡ്	തോട്	കുളം	കാവ്	തരിശ്
2090	1531	390	15	101	23	22	05	03
ഹെക്ടർ								

കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമനാത്ര കർഷകർ	ചെറുകിട കർഷകർ	വൻകിട കർഷകർ
	ഒരു ഹെക്ടർ താഴെ	(1-2 ഹെക്ടർ)	(2-ഹെക്ടറിന് മുകളിൽ)
1-11	50%	40%	10%

കാർഷികോപകരണങ്ങൾ

ഉഴവുപകരണങ്ങൾ		മരുന്നുതളി	മെതിയന്ത്രം	തെങ്ങുകയറ്റ	പോർട്ടബിൾ			
യന്ത്രങ്ങൾ			യന്ത്രം	പമ്പുസെറ്റ്				
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രേയർ	സാപ്സ്റ്റക്ക് സ്പ്രേയർ	മറ്റുള്ളവ			
2	3	1500	55	30	200	1	-	1



വയലുകളുടെ വിവരങ്ങൾ

നമ്പർ	വയലുകളുടെ പേര്	വാർഡ്	വിസ്തീർണ്ണം	വാർഷികോത്പാദനം
1	പൂവത്തൂർ ചിറ	1,2	56 ഹെക്ടർ	249 മെ.ടൺ
2	പുഞ്ചവാഴ്കപുഞ്ച	1,2	78 ഹെക്ടർ	344 മെ.ടൺ
3	ചെല്ലിചിറ	2	20ഹെക്ടർ	88 മെ.ടൺ
4	പാലയ്ക്കൽ വയൽ	2	15ഹെക്ടർ	66 മെ.ടൺ
5	കോടശം കുന്നത്ത് ചിറ	3	20ഹെക്ടർ	88 മെ.ടൺ
6	കോതുചിറ	3	15ഹെക്ടർ	66 മെ.ടൺ
7	അമ്പീൽവയൽ	4	18ഹെക്ടർ	79 മെ.ടൺ
8	ചാത്തുരുത്തി-കാട്ടിറക്ക്ത്ത് വയൽ	4	7ഹെക്ടർ	31 മെ.ടൺ
9	നടീൽ വയൽ	4,5,6	70ഹെക്ടർ	308 മെ.ടൺ
10	മാവുള്ളതിൽ പടിഞ്ഞാറ് വ.ൽ	4	5ഹെക്ടർ	22 മെ.ടൺ
11	ചത്തിയറ പുഞ്ച	5	17ഹെക്ടർ	75 മെ. ടൺ
12	പുതുചിറ	5	10ഹെക്ടർ	44 മെ.ടൺ
13	തെങ്ങിനാ വയൽ	6	20ഹെക്ടർ	88 മെ.ടൺ
14	കോയിക്കൽതടം വയൽ	7	5ഹെക്ടർ	22 മെ.ടൺ
15	ഇടവം വയൽ	8	13ഹെക്ടർ	57 മെ.ടൺ
16	പണയിൽ വയൽ	8,9	5ഹെക്ടർ	22 മെ.ടൺ
17	മങ്ങാരയ്ക്കൽ വയൽ	9	4ഹെക്ടർ	18 മെ.ടൺ
18	തണ്ണിയ്ക്ക വയൽ, വഞ്ചിവയൽ, ആശാന്റെകിഴക്ക് വയൽ	8	12ഹെക്ടർ	53 മെ.ടൺ
ആകെ			**390ഹെക്ടർ**	**1720**

ഈ പറയുന്ന തോടുകൾക്ക് ആഴം കൂട്ടിയും വീതി വർദ്ധിപ്പിച്ചും പിച്ചിംഗ് കെട്ടിയും ആവശ്യമുള്ളിടത്ത് സൂയസ് നിർമ്മിച്ചും സംരക്ഷിക്കേണ്ടതാണ്.

നമ്പർ	വാർഡ് നമ്പർ	സംരക്ഷിക്കേണ്ട തോടുകളുടെ വിവരം
1	1,2	പാലയ്ക്കൽ വയൽ–പുഞ്ചവാഴ്കപുഞ്ച, ടി.എ. കനാൽതോട്
2.	1,2	ചെല്ലിച്ചിറ, പൂവത്തുചിറ, നടുംതോട്
3	2	മാത്തൂർ തോട്
4.	1	ടി.എ. കനാൽ തോട്
5.	3	കൊടശ്ശംകുന്നത്ത് ചിറ, സൈഡ് തോട്
6.	3	കോതുചിറ പടിഞ്ഞാറ് സൈഡ് തോട്
7.	3	കോതുചിറ നടുംതോട്
8.	3	വേലിപ്പാടം, സൈഡ് തോടും
9.	4	ഗുരുനാഥൻകുളങ്ങര (മൂന്നുകലങ്ക്) – മുക്കുഴി– പായിക്കാടു–നടീൽ വയൽ തോട്
10	4	അമ്പിയിൽ വയൽ, നാട്ടുവാതിൽക്കൽ നടുംതോട്
11.	4	മുണ്ടപ്പള്ളി നാട്ടുവാതുക്കൽ അരുക് തോട്
12.	4	നാട്ടുവാതുക്കൽ ഞായറാഴ്ച മുക്ക് നടുംതോട്
13.	5	നടീൽവയൽ നടുംതോട്
14	5,7	ചത്തിയറ പുഞ്ച നടുംതോട്
15	6	തെങ്ങിനാവയൽ നടുംതോട്
16	6	വയ്യാങ്കരചിറ–ചത്തിയറപുഞ്ച നടുംതോട്
17.	8	ഇടവൻ വയൽ നടുംതോട്
18	9	നങ്ങാരയ്ക്കൽ വയൽ നടുംതോട്
19	8,9	പണയിൽ വയൽ നടുംതോട്
20	9,10	കല്ലൂർവയൽ നടുംതോട്

ആകെ തോടിന്റെ വിസ്തീർണ്ണം 56 ഏക്കർ നീളം 22.5 കിലോമീറ്റർ



കൃഷിയും ജലസേചനവും പൊതു തീരുമാനങ്ങൾ

- മേൽവളം കിട്ടാത്ത സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
- നമ്മുടെ പഞ്ചായത്തിൽ മുഖ്യമായും പ്രകൃതിയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത് ജനുവരിമുതൽ മെയ്മാസം വരെയുള്ള കാലം കൃഷിനിലങ്ങൾ തരിശ് കിടക്കുകയാണ്. തൊട്ടടുത്ത പ്രദേശത്തുകൂടി കടന്നു പോകുന്ന കെ.ഐ.പി. യിലെ ജലം ഈ പാടങ്ങളിലേക്ക് കടത്തിവിട്ട് ലാഭകരമായ രീതിയിൽ കൃഷി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- ഇഷ്ടിക വ്യവസായത്തിൽ നിന്നുള്ള ലാഭം മാത്രം കണക്കിലെടുത്തുകൊണ്ട് എല്ലാ മാനദണ്ഡങ്ങലും ലംഘിച്ചുകൊണ്ടുള്ള ചെളിയെടുപ്പ് കാരണം കൃഷിയിടങ്ങലുടെ സന്തുലിതാവസ്ഥ താറുമാറാകുകയും കൃഷി ഒരു വന്യനഷ്ടമായി പരണമിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം മാറ്റി അയൽനില ഉടമകളുടെ നിർദ്ദേശങ്ങൾ മാനിച്ചുകൊണ്ട് ചെളിയെടുപ്പ് നീയന്ത്രിക്കുക.
- പിളവെടുപ്പ് കാലത്ത് നെല്ല് കുത്തക വിലയ്ക്ക് സർക്കാർ ഏറ്റെടുക്കുക.
- കീടനാശിനികളും രാസവളങ്ങളുംനിലവിലുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് വിതരണം ചെയ്യുക
- കൃഷി വായ്പകൾ കാലാകാലങ്ങളിൽ പലിശ സബ്സിഡിയോടുകൂടി ബ്ങ്കു വ്യവസ്ഥകൾ ലഘൂകരിച്ച് കർഷകർക്ക് വിതരണം ചെയ്യുക.
- കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഉപകനാൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ലഭ്യമാക്കുക
- കൃഷി ഭവനങ്ങളുടെ ദയനീയാവസ്ഥ മാറ്റുക
- കാറ്റുവീഴ്ച സംഭവിച്ച തെങ്ങുകൾ വെട്ടിമാറ്റി വേണ്ട ധനസഹായം നല്കി തെങ്ങു കൃഷിയെ പ്രോത്സാഹിപ്പിക്കുക
- വെറ്റില പച്ചക്കറികൃഷി എന്നിവയ്ക്ക് ഉദാരവ്യവസ്ഥയിൽ വായ്പ തരപ്പെടുത്തുക
- കൃഷിക്കാർക്ക് ലാഭകരമായി നിലമുഴുത് കിട്ടുന്നതിന് കർഷക സംഘം രൂപീകരിച്ച് ട്രാക്ടർകൃഷി ആഫീസ് മുഖേന അനുവദിക്കുക
- കർഷകസമിതികൾക്ക് കുറഞ്ഞവിലയ്ക്ക് മെതിയന്ത്രം അനുവദിക്കുക.
- റബ്ബർകൃഷിക്ക് വേണ്ട പ്രോത്സാഹനവും സഹായവും ഉറപ്പാക്കുക.
- മരച്ചീനി, ചേന, ചേമ്പ്, വാഴ കാച്ചിൽ മുതലായ ഇടവിളകൾ പ്രോത്സാഹിപ്പിക്കുക.
- കൃഷിഭവനുകളിലുള്ള ആനുകൂല്യങ്ങൾ കർഷകന് കാലാകാലങ്ങളിൽ ലഭിക്കുന്നതിന് നോട്ടീസ് ബോർഡ് എല്ലാ വാർഡുകളിലും സ്ഥാപിച്ച് വിവരങ്ങൾ പരസ്യപ്പെടുത്തുക.
- കൃഷി ഉദ്യോഗസ്ഥർ കൃഷിയിടം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- ജലസേചനത്തിനുള്ള മോട്ടോർ സ്ഥാപിച്ച് കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതനുള്ള വൈദ്യുതി കാലതാമസം കൂടാതെ ലഭ്യമാക്കുക.
- അത്യുത്പാദനശേഷിയുള്ള നെൽവിത്തുകൾ സബ്സിഡി റേറ്റിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുക
- ഗ്രൂപ്പ് ഫാർമിംഗ് സംവിധാനം മുഴുവൻ പാട





ശേഖരങ്ങളിലും ഫലപ്രദമായി നടപ്പിലാക്കുക.

- നിലം നികത്തുന്നതും കുഴിക്കുന്നതും നിരോദിക്കുക
- തെങ്ങിന്റെ രോഗവാധ തടയുന്നതിന് മരുന്നുതളി നിർബന്ധമാക്കുക
- കൊപ്രാസംഭരിക്കുന്നതിനുള്ള തീരുമാനം പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.
- എണ്ണക്കുരുക്കൾക്ക് നൽകുന്ന സാമ്പത്തിക സഹായം നാളീകേരകർഷകർക്കും ലഭ്യമാക്കുക.
- നമ്മുടെ പഞ്ചായത്ത് പച്ചക്കറി ഗ്രമാമമായി പ്രഖ്യാപിക്കുക.
- പച്ചക്കറിവിത്തുകൾ വളം, പമ്പുസെറ്റ്, ജല സേചനത്തിനാവശ്യമായ കിണർ, കുളം എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുക.
- പച്ചക്കറി വിതരണവും സംഭരണവും പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക.
- റബ്ബർ അധിഷ്ടിത വ്യവസായം ഗ്രാമപ്രദേശങ്ങളിൽ സംഘടിപ്പിക്കുക.
- എല്ലാ വീടുകളിലും പുഷ്പകൃഷിയും ഔഷധച്ചെടികളേയും പ്രോത്സാഹിപ്പിക്കുക.
- കുരുമുളക്, ഇഞ്ചി, ഗ്രാംപൂ, ജാതി എന്നീ കൃഷികളെ പ്രോത്സാഹിപ്പിക്കുക
- എലി നശീകരണത്തിനുള്ള പരിപാടി പഞ്ചായത്തു തലത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുക
- കാർഷിക ബോധവല്ക്കരണ ക്ലാസ്സും ചർച്ചയും നടപ്പിലാക്കുക
- കാർഷിക സർവ്വകലാശാലയുടെ ഒരു സബ്സെന്റർ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.
- മാതൃകാ പച്ചക്കറി കൃഷിതോട്ടം നിർമ്മിക്കുക.
- അംമ്ലാധിക്യം കൂടുതലുള്ള നമ്മുടെ പ്രദേശത്ത് കുമ്മായം ഉപയോഗിക്കുന്നതിന് സബ്സിഡി നിരക്ക് ലഭ്യമാക്കുക.
- മണ്ണ് സംരക്ഷണം ആവശ്യമുള്ള സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണിരീതി നടപ്പിലാക്കുക.
- നിലം തരിശിടുന്നത് നിരോധിക്കുക
- തോടിനും കൃഷിക്കും ദോഷകരമായ മണ്ണെടുപ്പ് തടയുക
- മണ്ണ് പരിശോധനാസമ്പ്രദായം നടപ്പിലാക്കുക.
- കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും സംവരണം ഏർപ്പെടുത്തുക.
- ഉന്നത വിദ്യാഭ്യാസത്തിന് ബോണസ് മാർക്ക് നൽകുകയും ചെയ്യുക, കർഷകർക്ക് 50 വയസ്സുകഴിയുമ്പോൾ പെൻൻ പദ്ധതി നടപ്പിലാക്കുക, ആതുര സേവനത്തിനുള്ള ആനുകൂല്യങ്ങളും നടപ്പിലാക്കുക
- തരിശുഭൂമിയും തർക്ക ഭൂമിയും പഞ്ചായത്ത് നേതൃത്വത്തിൽ ഏറ്റെടുത്ത് കൃഷിക്കായി കൃഷിക്കാരെ ഏല്പിക്കുക.
- നാണ്യവിളകളിലുള്ള കർഷകപ്രേമം നിരത്സാഹപ്പെടുത്തുന്നതിനുള്ള ബോധവല്ക്കരണം നടത്തി ഭക്ഷ്യോത്പാതനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.
- പരിമിതമായ ഭൂ ഉടമകൾക്ക് കൃഷിക്ക് ആവശ്യമായ ജലസേചനത്തിനുള്ള കിണറിനും പമ്പിനുമുള്ള സബ്സിഡി അനുവദിക്കണം
- കാർഷികോത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് പഞ്ചായത്തുതലത്തിൽ കമ്മറ്റി രൂപികരിക്കുക.





- ❖ ഓരോ വിളകളിലും കർഷകർക്ക് പ്രോത്സാഹനസമ്മാനങ്ങൾ ഏർപ്പെടുത്തുക
- ❖ വാടകക്കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന കൃഷി ആഫീസ് പഞ്ചായത്തുവക സ്ഥലത്ത് കെട്ടിടം പണിഞ്ഞ് അവിടെ പ്രവർക്കിക്കുക.
- ❖ അത്യുത്പാദനശേഷിയുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുക

വാർഡ് 1

- പൂവത്തൂർചിറയിൽനിന്നും പുഞ്ചവായ്കപുഞ്ചയിലേക്കുള്ള മാത്തൂർതോടും ടി.എ. കനാലിൽ ബാക്കിവന്ന പണികളും പൂർത്തീകരിക്കുക
- പൂവത്തൂർ ചിറയ്ക്കും പുഞ്ചവാഴ്കപുഞ്ചയ്ക്കും അരിക് തോടുകൾ നിർമ്മിക്കുക, അമ്പിയിൽ കുളം കുഴിക്കുക
- കാവുംതാഴെ മുതൽ വരിക്കോലിൽ താഴെ വരെയുള്ള റോഡിന്റെ സൈഡു വാൾ കെട്ടുക.
- അമ്പിയിൽ കുളത്തിന്റെ കിഴക്കോട്ടും പടിഞ്ഞാറോട്ടും ട്രാക്ടർ ഇറങ്ങുന്നതിന് സൗകര്യപ്പെടുത്തുക.
- ടി.എ കനാലിൽ ചീപ്പ് മുക്കിന് ഇരുനൂറ്റിയമ്പത് മീറ്റർ തെക്ക് ചീപ്പ് നിർമ്മിക്കുക.
- കോയ്ക്കലേത്ത് മുക്ക്-വടക്കോട്ട് റോഡു നിർമ്മിക്കുക

വാർഡ്-2

- ചെല്ലിച്ചിറ, പൂവത്തൂർ ചിറ, പാലയ്ക്കൽ വയൽ എന്നിവയുടെ നടുംതോട് വീതികൂട്ടിയും ആഴംകൂട്ടിയും ബണ്ട് കെട്ടുക.
- ചീപ്പ് നിർമ്മാണം
- ചെല്ലിച്ചിറയുടെ അടിഭാഗത്തുള്ള കലുങ്കു കെട്ടുക.
- മാത്തൂർ തോട്ടിൽ കുമ്പഴത്ത് ചീപ്പ് വേണം.
- പുഞ്ചവാഴ്ക പുഞ്ചയിൽ തെക്കടത്തു തെക്കുവശം
- റോഡ്
- ഇടശ്ശേരിൽ കുഴക്കുവശത്തുകൂടി പൂവത്തൂർ ചിറയിലേക്ക്.
- കണ്ണനാകുഴി എൽ.പി.എസ്. ന് പടിഞ്ഞാറുവശത്തുകൂടി പൂവത്തൂർ ചിറയിലേക്ക്
- എള്ളും വിള കിഴക്കുവശത്തുകൂടി തെക്കോട്ട് ട്രാക്ടർ ഇറങ്ങുന്നതിന് സൗകര്യപ്പെടുത്തുക.
- കണ്ണനാകുഴിഎൽ.പി.എസ് ന് തെക്കുവശമുള്ള ചീപ്പ് മുക്കിന് കിഴക്കുഭാഗത്തേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് കലുങ്കുനിർമ്മിച്ച് അരികുറോഡ് കിഴക്കോട്ടു നീട്ടുക.
- കൃഷി ആഫീസിലേക്കുള്ള ദൂരം പരിഹരിക്കുന്നതിന് നടപടിസ്വീകരിക്കുക.

വാർഡ് 3

- ഏലാസമിതി പുന:സംഘടിപ്പിക്കുക.
- കൃഷിഭവന്റെ നോട്ടീസ് ബോർഡ് വാർഡിൽ സ്ഥാപിക്കുക.
- കോതുചിറപാടത്ത് കനാൽ വെള്ളം ഇറങ്ങി കൃഷിക്ക് ദോഷം ആണ്. ആകയാൽ ഇരുകരത്തോടുകളും ശരിയാംവണ്ണം വെട്ടി വെള്ളം ഒഴുകി പോകാനുള്ള സൗകര്യം ഉണ്ടാക്കണം. ഈ കരത്തോടുകൾ മുക്കുഴിയിൽ വന്ന് യോജിപ്പിച്ച് കിഴക്ക് വശത്തുകൂടിയുള്ള തോടിൽക്കൂടിയൊഴുകി മലാശ്ശേരിൽ വടക്കുവശം വഴി ഒഴുകാൻ സൗകര്യമുണ്ടാക്കണം.
- കോതുചിറ കുഴിച്ചും സൈഡ്കെട്ടിയും മേൽവെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക. കൂടാതെ വേനൽസമയത്തേക്ക് ചിറയിലെ വെള്ളം ഉപയുക്തമാക്കുക.
- മൂന്നും പത്തും വാർഡുകൾ തമ്മിൽ യോജി



പ്പിക്കുന്ന മുക്കുഴി തോടിനും മുകളിലുടെ പാലം പണിയുക.

- ഗുരുനാഥൻകുളം വെട്ടി വൃത്തിയാക്കുക.
- കുടശ്ശൻ കുന്നത്തുചിറ വെട്ടി സൈഡ് വാൾ പണിഞ്ഞ് പാലയ്ക്കൽ വയലിലേക്കുള്ള വെള്ളമൊഴുക്കുതോട് തന്നാക്കുക. ചിറയിൽ പമ്പ്സെറ്റ് സ്ഥാപിക്കുക.

വാർഡ് 4

- കെ.ഐ.പി. യുടെ സബ്കനാലിന്റെ പണി തീർത്ത് ജലസേചനത്തിന് ഉപയുക്തമാക്കുക.
- കരഭൂമിയിൽ ജലസേചനത്തിന് കെ.ഐ.പിയുടെ പൈപ്പുകൾ ഇല്ലാത്ത ഭാഗത്തുകൂടി പൈപ്പുകൾ സ്ഥാപിക്കുക.
- അമ്പിയിൽ വയലിൽ മുണ്ടപ്പള്ളിക്കുളം വീതിവർദ്ധിപ്പിച്ച് നാടുവാതുക്കൽവരെ ജലസേചന സൗകര്യം ഉണ്ടാക്കിയെടുക്കുക.
- അമ്പിയിൽ വയൽ നടുതോട് വെട്ടി വീതി വർദ്ധിപ്പിക്കുക.
- നാടുവാതുക്കൽ മുതൽ ഞയറാഴ്ചമുക്കുവഴി നടീൽ വയൽവരെയുള്ള തോട് വെട്ടി വൃത്തിയാക്കി ജലസേചന സൈകര്യം ഉണ്ടാക്കുക.
- അമ്പിയിൽ ചിറവയലിൽ മൂന്നു പുകൃഷിക്ക് കെ.ഐ.പിയുടെ സബ്കനാൽവെട്ടി ജലം എത്തിക്കുക.
- ഗുരുനാഥൻ കുളങ്ങര മുതൽ തെക്കോട്ട് നടീൽ വയൽവരെയുള്ള തോട് വീതിവർദ്ധിപ്പിച്ച് ജലസേചന സൗകര്യമുണ്ടാക്കുന്ന തോടൊപ്പം മുക്കുഴി മുതൽ പായിക്കാട്ട് കിഴക്കുവശംവരെ തോഡിന്റെ ഒരുവശം സൈഡുവാൾകെട്ടി റോഡിന്റെ ഉപയോഗം ഫലപ്രദമാക്കുക.
- നടീൽവയലിൽ വർഷകാലത്ത് കെട്ടിനില്ക്കുന്ന അധികജലം ഒഴിച്ചുവിടാനുള്ള തോടുനിർമ്മിക്കുക.
- അമ്പിയിൽ കിഴക്ക്ഭാഗത്തുനിന്നും കണ്ടശ്ശാം കുളംവരെ റോഡുവെട്ടി ആവശ്യമുള്ള കലുങ്കുകളും നിർമ്മിച്ച് തണ്ടളത്തുമുക്കുൽ നിന്നു വരുന്ന റോഡുമായി ബന്ധിപ്പിക്കുക.
- നടുവാതുക്കൽ കലുങ്കിനു തെക്കുവശത്ത് കാലികളെ ഇറക്കി കുളപ്പിക്കുവാൻ സൗകര്യമുണ്ടാക്കുക.
- ചത്തിയറ പുഞ്ചയെ പുഞ്ചസ്പെഷ്യൽ ആഫീസിന്റെ പരിധിയിൽപ്പെടുത്തുക. പമ്പിംഗ് സബ്സിഡി നൽകി പമ്പിംഗ് സംവിധാനം നടപ്പിലാക്കുക.
- വയ്യാങ്കരചിറ സംരക്ഷിക്കുക. ഉഴലിച്ചിറ കുഴിച്ച് ബണ്ടുകെട്ടി ജലം സംഭരിച്ച് പമ്പ് സ്ഥാപിക്കുക.

വാർഡ് 5

- ചത്തിയറ പുഞ്ചയുടെ നടുംതോടിൽ ആവശ്യമുള്ളിടത്ത് ചെക്ക് ഡാം കെട്ടുക.
- വയലിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് ചാങ്ങൂട്ടിൽ തെക്ക്-കിഴക്കോട്ടുള്ള റോഡ് വീതികൂട്ടി വൃത്തിയാക്കുക. കിഴക്കേ ഒടിയിൽ ഇറങ്ങുന്നതിനും സൗകര്യപ്പെടുത്തുക.
- കാരച്ചന്ത് വടക്കുവശം നിലവിലുള്ള റോഡ് നടുംതോട് വരെ വെട്ടി നിരപ്പാക്കുക.
- അംബിയിൽ നിന്നുംഞായറാഴ്ചമുക്ക് വഴി കിഴക്കോട്ട് പോകുന്ന തോട് വീതികൂട്ടി വടങ്ങൾ കെട്ടി നടുത്തോടുമായി ബന്ധിപ്പിക്കുക.
- പുതുച്ചിറയിലെ നടുംതോട് വെട്ടി ജലസംഭരണിയുമായി ബന്ധിപ്പിക്കുകയും സംഭരണിയുടെ ബണ്ട്കെട്ടി ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.





- കാർഷികാവശ്യത്തിന് നിലവിലുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 6

- നിലം തരിശിടുന്നത് നിരോധിക്കുക.
- ഗുരുനാഥൻകുളം നന്നായി അതിൽ മൂന്ന് കലുങ്കിനും താഴവശം മുതൽ ചത്തിയറ പുഞ്ചവരെയുള്ള തോടുവെട്ടുക. ആവശ്യമായ സ്ഥലത്ത് ചീപ്പുനിർമ്മിക്കുക.
- ചാവടി മുതൽ പുത്തൻവീട്ടിൽ പടിഞ്ഞാറുവശം വരെയുള്ള തോടുവെട്ടി ചീപ്പ് നിർമ്മിക്കുക.
- നെടിയാണിക്കൽ ക്ഷേത്രത്തിന് തെക്കുവശം മുതൽ ഇരപ്പൻ പാറവരെയുള്ള തോടുനിർമ്മിക്കുക.
- കൂവേലിൽച്ചിറ, ഉഴലിച്ചിറ മുതലായവ കൃഷിക്കുപയുക്തമായ രീതിയിൽ സംരക്ഷിക്കുക.
- കൃഷി, ജലസേചനം

വാർഡ് 7

- ഏഴാം വാർഡിലെ കല്ലുചാൽ, ഞാറക്കുഴിചാൽ മുണ്ടയാൽ എന്നിവ കൃഷിക്കും, മൃഗസംരക്ഷണത്തിനും ഉപയുക്തമാക്കുക.
- പൈനാപ്പിൾ കൃഷി നടപ്പിലാക്കുക
- വയ്യാങ്കര ചത്തിയറ പുഞ്ച തോട് സൈഡുകെട്ടിയും മംഗലത്തുതറക്ക് മുകൾഭാഗത്ത് ചീപ്പുകെട്ടി ഈ വയലിനെയും പുഞ്ചയേയും കൃഷിക്ക് അനുയോജ്യമാക്കുക.

വാർഡ് 8

- പണയിൽ മുതൽ നെടിയാണിക്കൽ ക്ഷേത്രംവരെയുള്ള നീരൊഴുക്ക് തോടിന്റെ വിസ്തീർണ്ണം കുറയുന്നതു കാരണവും മണ്ണെടുക്കുന്നതിനാലും നീരോഴുക്കിന് തടസ്സമാകുന്നു. ഈ തേട്ടിൽ തണ്ണിക്കൽ കിഴക്കേമുകളിലും ആശാന്റെ കിഴക്കേ മുകളിലും പാണുവേലിക്കുളത്തിന്റെ അടിവശത്തും നെടിയാണിക്കൽ ക്ഷേത്രത്തിനു അടിവശത്തും ക്രോസ്ബാർ കെട്ടുക.
- തണ്ണിക്കൽ കിഴക്ക്, ആശാന്റെ കിഴക്ക്, ഇടവം വയൽ എന്നിവിടങ്ങളിൽ ട്രാക്ടർ ഇറക്കാനുള്ള സൗകര്യം ഉണ്ടാക്കണം.
- എട്ടാം വാർഡിലെ പ്രധാന ജലസംഭരണികളായ കൊടുവരച്ചിറ പാണുവേലിൽ കുളം വയ്യാങ്കരച്ചിറ പൂവത്താളിക്കുളം . കൊഴുവരച്ചിറ-കൊടുവരച്ചിറയുടെ ഇറിഗേഷൻ പൂർത്തീകരിക്കുക. അതിനാവശ്യമായ റോഡ് നിർമ്മിക്കുക. (താഴോട്ട് നെടിയാണിയ്ക്കൽ ക്ഷേത്രം വരെയുള്ള നീരൊഴുക്ക് തോട് വരെ) പാണുവേലിൽ കുളവും വയ്യാങ്കരച്ചിറയും പൂവത്താളി കുളവും കൃഷിക്ക് ഉപയോദപ്രദമാകുന്ന വിധത്തിൽ ഇറിഗേഷൻ സൗകര്യം ഉണ്ടാക്കുക.
- നൂറനാട് തെക്കോട്ടുള്ള കനാൽ തുറക്കുമ്പോൾ തണ്ണിക്കൽ നീരൊഴുക്ക്തോട്ടിലും പാലനിൽക്കുന്നതിൽ ഭാഗത്തുനിന്നുമുള്ള കനാലിൽനിന്ന് വാർഡിന്റെ കിഴക്ക് ഭാഗത്ത് ജലം ലഭിക്കുന്നതിനിള്ള സംവിധാനം ഉണ്ടാക്കുക.

വാർഡ് 9

- കൃഷി ഓഫീസിന് വേണ്ടി എടുത്ത സ്ഥലത്ത് കൃഷിഓഫീസ് പണിയുക
- വാർഡിലുൾപ്പെടുന്ന വയലിലേക്ക് ട്രാക്ടർ ഇറക്കുന്നതിനും മറ്റ് വാഹനങ്ങൾ എത്തുന്നതിനും ഉള്ള സൗകര്യമുണ്ടാക്കുക (റാമ്പ് അപ്റോച്ച് റോഡ്)




വാർഡ് 10

- ലപ്രസി സാനിട്ടോറിയത്തിൽ നിലവിലുള്ള കൃഷിയിടങ്ങൾ ഫലപ്രദമായു ഉപയോഗിക്കുന്നതിനും നടപടി ഉണ്ടാകണം.
- മാവ്, കശുമാവ്, തെങ്ങ് എന്നിവ ആവർത്തനകൃഷിചെയ്ത് വിളവ് വർദ്ധിപ്പിക്കേണ്ടതാണ്.
- ആറാട്ടു കുളത്തിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ നടത്തി കൃഷിയിടങ്ങൾ നനയ്ക്കുകയും അന്തേവാസികളുടെ കുടിവെള്ളമൊഴിച്ചുള്ള പ്രാഥമികാവശ്യടങ്ങൾ നിറവേറ്റുകയും ചെയ്യാൻ വേണ്ട നടപടിയുണ്ടാകണം.
- സമൃദ്ധ ഭക്ഷ്യവിളയായ കപ്പകൃഷി സംരക്ഷിക്കുന്നതിനും നടപടി ഉണ്ടാകണം

വാർഡ് 11

- തടത്തിൽ വയലിൽ കഴക്ക് ഭാഗത്തുകൂടി കനാൽ പോകുന്നു,. ഈകനാലിലെ വെള്ളം തുറന്നു വിട്ട് സബ്കനാലുണ്ടാക്ക് മേപ്പടി വയലിൽ ജലസേചനം നടത്തുക.
- തടത്തിൽ വയലിന്റെ മുകൾ ഭാഗത്തു നിന്നും പളംകുഴിവരെയുള്ള തോട് വെട്ടിച്ച് കൃഷിക്ക് ദജലസേചനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. ഈ വയലിലേക്ക് നിലമുഴുന്നതിനുവേണ്ടി ട്രാക്ടർ ഇറങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
- ഫെബ്രുവരി മാസത്തെ വിളവെടുപ്പിനു ശേഷം മാർച്ച് എപ്രിൽ, മെയ് മാസങ്ങളിൽ പച്ചക്കറി കൃഷിയും നെൽകൃഷിയും ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.
- കെ.ഐ.പി. കനാലിന്റെ ഭാഗങ്ങൾ കടന്നു പോയിട്ടാല്ല 11-ാം വാർഡിൽ അതിന്റെ സബ്കനാൽ സ്ഥാപിച്ച് 6,7 മാസക്കാലങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവിക്കുന്ന ഈ വാർഡിൽ ശുദ്ധജലവിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക.





മൃഗസംരക്ഷണ മേഖല

കന്നുകാലികൾ

താമരക്കുളം പഞ്ചായത്തിൽ മൊത്തം 12341 കന്നുകാലികൾ ഉണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഇവയിൽ പ്രജനനത്തിന് ഉപയോഗിക്കാവുന്നവ 5074 എണ്ണവും 7267 എണ്ണം കിടാക്കളും കിടാരികളും ആണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3942 കന്നുകാലികളേ കൃത്രിമബീജധാനം നടത്തിയിട്ടുണ്ട്. ആകെയുള്ള കന്നുകാലികളിൽ 1683 ഉൽപ്പാദനം 29,80,955 ലിറ്റർ പാൽ ആണ് (വാർഷികം)ഇതിൽ 10,93,905 ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ വഴി സംഭരിച്ച് മിൽമാർക്ക് സപ്ലൈ ചെയ്യുകയും 1,95,640 ലിറ്റർ സംഘങ്ങൾ വഴി പ്രാദേശിക വില്പന നടത്തുകയും ചെയ്യുന്നു. 18,87,050 ലിറ്റർ പാൽ ആഭ്യന്തര ഉപഭോഗമായി കണക്കാക്കപ്പെടുന്നു. പാൽവില ഇനത്തിൽ പ്രതിവർഷം 2,98,09,550 രൂപാ വരവ് ചാണകം ഇനത്തിൽ 49,36,400 രൂപായും കണക്കാക്കുന്നു. പാൽ ഉല്പാദന മേഖലയിൽ പഞ്ചായത്ത് ജനസംഖ്യയിലെ 19 ശതമാനം (അത് ഏതാണ്ട് 4680 ആൾക്കാർവരും) ആൾക്കാർ പ്രവർത്തിക്കുന്നു. ഇതിൽ 60 ശതമാനം ആൾക്കാരും പാലുല്പാദനം പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ ആണ്.

പാൽ, ഇറച്ചി, തുകൽ, ചാണകം ഇത്യാദി ഇനങ്ങളുടെ മൊത്തം മൂല്ല്യം 9,15,14,550 രൂപയായി കണക്കാക്കപ്പെടുന്നു. കന്നുകാലി മേഖലയിലെ മൊത്തം ചിലവ് 7,55,16,191 രൂപയായി കണക്കാക്കുന്നു. കന്നുകാലി സംരക്ഷണമേഖലയിലെ നിലവിലുള്ള സമ്പത്തിന്റെ ചെലവ് തള്ളിയാൽ ഏകദേശം 1,59,98,359 രൂപാമിച്ചമായും കണക്കാക്കുന്നു. ഈ തുക കന്നുകാലി സമ്പത്തിൽ നിന്നുള്ള ഉൽപ്പാദന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ജന



ശക്തി (മാൻ പവർ) യുടെ പ്രവർത്തനഫലമാണ്. ആകയാൽ ഈ മേഖലവരും കാലങ്ങളിൽ പരമപ്രാധാന്യം നൽകി സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വർഷം തോറും കാർഷിക യോഗ്യമായ ഭൂമിയുടെ വിസ്ത്രിതി കുറയുന്നതും ഗുരുതരമായ ഊർജ്ജം പ്രതിസന്ധിമൂലവും ഇതരമേഖലകളേ അപേക്ഷിച്ച് വികസന പ്രവരത്തനങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന മേഖല കന്നുകാലി വളർത്തലാണ്. ഈ രംഗത്തേക്ക് ദുർബല വിഭാഗത്തിൽപ്പെട്ട ഗ്രാമീണജനതയേ കൂടുതൽ ആകർഷിക്കുന്നതിനും സ്വയംതൊഴിൽ പദ്ധതി എന്ന നിലയിൽ അഭ്യസ്ത വിദ്യരായിട്ടുള്ളവർക്ക് ദുർബല വിഭാഗത്തിൽപ്പെട്ട ഗ്രാമീണ ജനതയെ കൂടുതൽ ആകർഷിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതിയെന്നനിലയിൽ അഭ്യസ്ഥവിദ്യരായിട്ടുള്ളവർക്ക് മിനിഡയരി യൂണിറ്റുകൾ മുതലായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ്രാധാന്യം നല്കേണ്ടതാണ്.

പാലുത്പാദനവുമായ ബിധപ്പെട്ട് നമുക്ക് വേണ്ടുന്ന കന്നുകാലിത്തീറ്റയും വൈക്കോൽ തീറ്റപ്പുല്ല് മുതലായവയുടെ ദൗർലഭ്യവും ഈ മേഖലയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

കന്നുകാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും ദൗർലഭ്യവും പരിഹരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ക്ഷാരോത്പാദകരേയും ക്ഷീരസഹകരണ സംഘങ്ങളേയും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളേയും ഉൾക്കോള്ളിച്ചുകൊണ്ട് ഒരു കന്നുകാലിത്തീറ്റ മിശ്രണ ഫാക്ടറി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിഭാവനം ചെയ്യുന്നത് നന്നായിരിക്കും.

സഹകരണാടിസ്ഥാനത്തിലും അല്ലാതെയും ലഭ്യമായിട്ടുള്ള കൃഷി ഭൂമികൾ/തരിശ് ഭൂമികൾ കമ്യൂണിറ്റി ഫോർ ഡവലപ്പ്മെന്റ് സ്കീമായി അതാതു വാർഡുകളിലെക്ഷീരസംഘങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.

കന്നുകുട്ടി പരിപാലനപദ്ധതി

താമരക്കുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴി ഒരു വർഷം 3900 കന്നുകലികൾക്ക് ക്രിത്യമ ബീജദാനം നടത്തുന്നു. ഇതിൽനിന്നും ഏകദേശം 2700 പശുക്കിടാക്കളേയും കാളക്കിടാക്കളേയും ലഭ്യമാകുന്നു. ഇവയെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഉൽപ്പാതന ക്ഷമതയിലെത്തുന്ന കാലത്തേക്ക് (28 മാസം) സൗജന്യനിരക്കിൽ കന്നുകാലിത്തീറ്റ മരുന്ന് ഇൻഷ്വറൻസ് മുതലായവ നടപ്പിലാക്കേണ്ടതാണ്.

മാംസോത്പാദന മേഖല

കാളക്കുട്ടികൾ

ഈ പഞ്ചായത്തിൽ ഏകദേശേ 45000 ജനസംഖ്യയുള്ളതായി കണക്കാക്കപ്പെടുന്നു. കാർഷികാടിസ്ഥാനത്തിൽ 100 ടൺ വിവിധതരം മാംസ്യം ഉപയോഗിക്കുന്നതായി കണക്കാക്കപ്പെടുന്നു.

വർഷംതോറും വർദ്ധിച്ചുവരുന്ന മാംസ ഉപഭോഗനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ മാസോത്പാദന മേഖല പുഷ്ടിപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ പ്രധാനമായും ആശ്രയിക്കപ്പെടുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന അറവ് മാടുകളെയാണ്. ഇവയിൽനിന്നും താരതമ്യേന ഗുണനിലവാം കുറഞ്ഞ മാംസമാണ് ലഭിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ശരാശരി വാർഷിക മാംസഉപഭോഗം 2.25 കിലോയാണ്. (ആളോഹരി)





മാംസ ആവശ്യം നിറവേറ്റുന്നതിലേക്ക് ക്രിത്യമ ബീജസങ്കലനം വഴി ജനിക്കുന്ന കാളക്കിടാക്കളെ ശാസ്ത്രീയമായ രീതിയിൽ വളർത്തിയാൽ മൊത്തം ആവശ്യമായി വരുന്ന മാംസ്യത്തിന്റെ 50 ശതമാനത്തോളം ലഭ്യമാകും.

കാളക്കുട്ടിവളർത്തലിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ആടുവളർത്തൽ

ഈ പഞ്ചായത്തിൽ വിവിധ പ്രായത്തിലുള്ള 3850 ആടുകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇവയുടെ മൊത്തം മൂല്യം. ഇറച്ചി, തുകൽ 4312000 രൂപയായി കണക്കാക്കപ്പെടുന്നു.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെടുന്നവർക്കും സാമ്പതികമായിപിന്നോക്കാവസ്ഥയിലും ഉള്ളവർക്ക് ആടുവളർത്തൽ പദ്ധതി സാമ്പത്തിക വരുമാനം ഉണ്ടാക്കാവുന്ന ഒരു പദ്ധതിയാണ്.

കോളനി അടിസ്ഥാനത്തിൽ 8–12 മാസം പ്രായമുള്ള രണ്ട് ആടുകൾ വീതമുള്ള 20 യൂണിറ്റ് ഒരു വാർഡ് അടിസ്ഥാനത്തിൽ സൗജന്യ പദ്ധതിയായി നടപ്പിലാക്കണം കൂട്ടത്തിൽ 20 പെൺആടിന് ഒരു മുട്ടനാടിനേയും നല്കണം

ഇറച്ചിക്കോഴികൾ

നമ്മുടെ പഞ്ചായത്തിൽ ഇറച്ചിയുടെ ഉപഭോഗത്തിൽ ഏകദേശം 5 ശതമാനം കോഴിയിറച്ചിയാണ്. സമീപകാലങ്ങളിലായി ഇറച്ചിക്കോഴിവളർത്തൽ വളരെ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്.

പ്രത്യേകതരം ഇനത്തിൽ പെട്ട ഇറച്ചിയുത്പാദനശേഷിയുള്ള കോഴികളെ വാണിജ്യാടിസ്ഥാനത്തിലോ മറ്റോ വലർത്തി രണ്ടു മാസം പ്രായമാകുമ്പോൾ ഇറച്ചിയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതി യൂണിറ്റ് അടിസ്ഥാനത്തിൽ (200,400,500 വീതം കോഴിയളുള്ള യൂണിറ്റ്) സ്വയം തൊഴിൽ പദ്ധതിപ്രകാരം നടപ്പിലാക്കാവുന്നതാണ്.

പന്നിവളർത്തൽ

ഒരു പ്രത്യേകവിഭാഗം ജനങ്ങൾ മുൻകയ്യെടുത്ത് നടത്തുന്ന ഒരു മേഖലയാണിത്. വളരെ ആദായകരമായ ഈ പദ്ധതി 5 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ പ്രാദേശിക സാമുദായിക സ്വഭാവം കണക്കിലെടുത്ത് ആവിഷ്കരിക്കാവുന്നതാണ്.

മുട്ടക്കോഴി വളർത്തൽ

ഈ പഞ്ചായത്തിൽ ഏകദേശം 16500 കോഴികൾ ഉള്ളതിൽ ഉദ്ദേശം 8000 കോഴികൾ മുട്ട ഉത്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. ഇവ വാർഷികാടിസ്ഥാനത്തിൽ 8 ലക്ഷം മുട്ട ഉത്പാദിപ്പിക്കുന്നു. കൂടാതെ ഉദ്ദേശം 401500 മുട്ട പുറമേനിന്നും ഇറക്കുമതി ചെയ്യുന്നു. വാർഷിക ആളോഹരി ഉപഭോഗം 27 മുട്ടയായി കണക്കാക്കുന്നു. ഈ സ്ഥിതി ആരോഗ്യപരിപാലനത്തിന് വളരെ പരിതാപകരമാണ്. വാർഷികാടിസ്ഥാനത്ത്ൽ 45 ലക്ഷം മുട്ട ഉത്പാദിപ്പിച്ചെങ്കിൽ മാത്രമേ സമീകൃത ആഹാരിരീതി അനുസരിച്ച് വേണ്ട പോഷകങ്ങൾ ലഭ്യമാകുകയുള്ളു.

കണക്കനുസരിച്ച് 37 ലക്ഷം മുട്ടയുടെ കുറവ് നമ്മുടെ രഞ്ചായത്തിൽ തന്നെയുണ്ട്. ആയതിനാൽ മുട്ടക്കോഴിവളർത്തൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയായി കണക്കാക്കുന്നു.

മുട്ടയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി വാർഷികാടിസ്ഥാനത്തിൽ 5 പിടക്കോഴിയും ഒരു പൂവൻ കോഴിയും വീതമുള്ള 4.5 യൂണിറ്റ് ഓരോ വാർഡിനും സബ്സിഡി നിര





ക്കിൽ നല്കണം. ഇത്രയും കോഴികളുടെ ലഭ്യതയ്ക്ക് വേണ്ടി 2500 കോഴിക്കുഞ്ഞുങ്ങളെ വാർഷികാടിസ്ഥാനത്തിൽ വളർത്താവുന്ന 12 നഴ്സറിയുണിറ്റുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിവിധ സ്ഥലങ്ങളിലായി നടപ്പിലാക്കണം

സേവന മേഖല

മൃഗസംരക്ഷണ മേഖലയിൽ ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ഐസിഡിപി ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ലബോറട്ടറിസൗകര്യങ്ങൾ ആവശ്യം വേണ്ട മരുന്നുകൾ, പ്രതിരോധ വാക്സിനുകൾ എന്നിവ ലഭ്യമാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിലുള്ള മൃഗാശുപത്രിയ്ക്ക് ചുറ്റുമതിൽ കെട്ടുകയും വാട്ടർ കണക്ഷൻ, മൂത്രപ്പുര, ചെറിയ മൃഗങ്ങളെ പരിശോധിക്കുന്നതിനുള്ള പ്രത്യേകമുറി, ലബോറട്ടറി എന്നിവ അത്യാവശ്യമാണ്. നിലവിലുള്ള മൃഗാശുപത്രി 1-4-82 മുതൽ ഡിസ്പൻസറിയായി പ്രവർത്തനം ആരംഭിക്കുകയും 1-4-91 മുതൽ ഹോസ്പിറ്റൽ ആയും അപ്ഗ്രേഡ് ചെയ്തിട്ടുള്ളതുമാണ്. എങ്കിലും ഈ സ്ഥാപനം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പോളീക്ലിനിക്കായി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബഹുജന സഹകരണത്തോടെ ഈ ആശുപത്രിയ്ക്ക് ഒരു എക്സ്റേ മെഷീൻ നല്കാൻ പഞ്ചായത്ത് മുൻകയ്യെടുത്ത് പ്രവർത്തിക്കണം. താമരക്കുളത്തിന്റെ കിഴക്കൻമേഖലയെ ഉൾക്കൊള്ളിച്ചുകൊണ്ട് താമരക്കുളം ഈസ്റ്റ് ക്ഷീരസഹകരണസംഘം കേന്ദ്രമാക്കി ഒരു ഐസി.ഡി.പി ഉപകേന്ദ്രം എത്രയും വേഗം പ്രവർത്തനം ആരംഭിക്കണം.

ചികിത്സാ സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ മുൻവർഷം 2311 പശുക്കളേയും. 21 എരുമകളേയും 191 ആടിനേയും 44കോഴികളേയും വിവിധ അസുഖങ്ങൾക്ക് ചികിത്സിച്ചിട്ടുണ്ട്.

രോഗപ്രതിരോധ നടപടികൾ

കുളമ്പ് രോഗനിവാരണം

ഈ പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും കുളമ്പുരോഗത്തിന് എതിരേ കുത്തിവെയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പേവിഷബാധ നിർമ്മാർജ്ജന പരിപാടി

ഈ പഞ്ചായത്തിൽ ഏതാണ്ട് 3500 നായ്കൾ ഉള്ളതായി കണക്കാക്കുന്നു. ഇവയുടെ സംഖ്യാബാഹുല്യം പേവിഷത്തിനെ സംബന്ധിച്ചിടത്തോളം ഒരു സാമൂഹ്യപ്രശ്നമായി കണക്കിലെടുത്തും നായ്ക്കളിലുള്ള പേവിഷനിർമ്മാർജ്ജനത്തിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതുമാണ്.

വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവെയ്പിന് വിധേയമാക്കിയും വംശവർദ്ധനവ് തടഞ്ഞും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിച്ചും പഞ്ചായത്തിൽനിന്നുള്ള ലൈസൻസിംഗ് സമ്പ്രദായം കർശനമാക്കിയും പേവിഷത്തെ നേരിടാൻ വേണ്ട ബോധവല്ക്കരണം തദ്ദേശ വാസികൾ നടത്തിയും വേണ്ട മുൻകരുതലുകൾ എടുക്കണം.





മത്സ്യബന്ധനം ഭാഗിക തൊഴിലായി സ്വീകരിച്ച ഏതാണ്ട് 75 തൊഴിലാളികൾനമ്മുടെ പഞ്ചായത്തിലുണ്ട്. നാട്ടിലുള്ള ചെറിയ ജലാശയങ്ങൾ വലവീശി അവർ നിത്യവൃത്തി കഴിയുന്നു. വിപണനരംഗവുമായി ബന്ധപ്പെട്ട് ഏകദേശം 200 തൊഴിലാളികളുണ്ട്. മത്സ്യവിപണനമാണ് അവരുടെ മുഖ്യ വരുമാനമാർഗ്ഗം. ചന്തദിവസങ്ങളിൽ താമരക്കുളം പബ്ലിക്ക് മാർക്കറ്റിലും അല്ലാത്ത ദിവസങ്ങളിൽ പഞ്ചായത്ത് മുഴുവനും സൈക്കിളിൽചുറ്റി വിപണനം നടത്തുകയാണ് പ്രധാനരീതി. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഈ മത്സ്യബന്ധനതൊഴിലാളികളുടേയും മത്സ്യവിപണനതൊഴിലാളികളുടേയും പുരോഗതിയ്ക്ക് പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ചത്തിയറ പുഞ്ചയിലെ ഉഴലിച്ചിറചാൽ, പുതുച്ചിറ, വയ്യാങ്കരച്ചിറ, നൂറനാട്ടുനിന്നും തുടങ്ങി ചത്തിയറപുഞ്ചയുടെ തെക്കേയറ്റം അവസാനിക്കുന്ന തോട് മുതലായവ ഉപയോഗപ്പെടുത്താവുന്നതാണ്.

ചത്തിയറ പുഞ്ചയുടെ തെക്കേയറ്റം ഉള്ള നിലങ്ങൾ ചെളിയെടുപ്പ് കാരണം യാതൊരു വിധകൃഷിയ്ക്കും ഉപയോഗിക്കാൻ പറ്റാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. അവിടെ കൃഷിക്കാരെ സംഘടിപ്പിച്ച് മീൻവളർത്തൽ കാര്യമായി നടപ്പിലാക്കാൻ കഴിയും പല മത്സ്യവിപണനത്തൊഴിലാളികളുടേയും വീട്ടിൽ അധികം വരുന്ന മത്സ്യം ഉണക്കി സംഭരിച്ച് വില്പനനടത്തുന്നുണ്ട്. ഈ മേഖലയിൽ കൂടുതലും സ്ത്രീകളാണ്. ഒരു പ്രത്യേക മതവിഭാഗത്തിലെ വളരെ പിന്നോക്കം നില്ക്കുന്ന ഈസ്ത്രീകൾക്ക് വേണ്ട പരിശീലനവും സാമ്പത്തിക സഹായവും നല്കിയാൽ നല്ല വരുമാനമാർഗ്ഗം ഉണ്ടാക്കാവുന്നതാണ്.

■

പ്രധാന പ്രശ്നങ്ങൾ

- നല്ലയിനം കന്നുകുട്ടികളെ ഉത്പാദിപ്പിക്കുന്നതിന് വേണ്ട മേല്തരം മൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ വളർത്തി ക്രിത്യമ ബീജദാനം നടത്തുന്നതിനുള്ള ശാസ്ത്രീയമായി വളർത്തിയെടുക്കുന്ന ഒരു മൃഗസംരക്ഷണകേന്ദ്രം നമ്മുടെ പഞ്ചായത്തിൽ ഇല്ല.
- കാലിത്തീറ്റ കുറഞ്ഞവിലയ്ക്ക് ആവശ്യത്തിന് ലഭിക്കുന്നില്ല.
- ക്ഷീരവിപണനത്തിനുള്ളസൗകര്യങ്ങൽ പരിമിതമാണ്
- തീറ്റയുടെ വിലയനുസരിച്ച് കർഷകന് പാൽവില ലഭിക്കുന്നില്ല.
- തീറ്റപ്പുൽ വൈക്കോൽ ഇവ ആവശ്യത്തിന് ലഭ്യമല്ല.
- നല്ലയിനം മുട്ടക്കോഴികളും ഇറച്ചിക്കോഴികളും ലഭ്യമല്ല.
- പേവിഷബാധ നിരോധനം അപര്യാപ്തമാണ്.
- അത്യുല്പാദനശേഷിയുള്ള കാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്
- നല്ലയിനം ആടി. കോഴി, താറാവ്, പന്നി, മുയൽ എന്നിവയുടെ വിതരണത്തിനുള്ള അപാകത ഇവയുടെ ഉല്പാദനത്തിനുള്ള ഒരു കേന്ദ്രം ഇല്ല.
- നല്ലയിനം മാംസം കിട്ടുന്നതിനുള്ള ഐ.സി.ഡി.പി സെന്റർ പ്രവർത്തിക്കുന്നത് ഇതു പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്താണ്, അത് അപര്യാപ്തവുമാണ്.
- കൃത്രി ബീജസങ്കലനം വഴി ജനിക്കുന്ന പശുക്കിടാക്കളെയും കാളക്കിടാക്കളെയും പ്രത്യേക ശ്രദ്ധയും സംരക്ഷണവും നല്കി പാലുല്പാദനത്തിനും ഇറച്ചിയുല്പാദനത്തിനും സജ്ജമാക്കുന്നതിന് പ്രത്യേക

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കേണ്ടതാണ്.

- ആകസ്മികമായുണ്ടാകാവുന്ന നേട്ടങ്ങൾ, മറ്റ് അപകടങ്ങൾ കാരണം കന്നുകാലികൾ മരണപ്പെടുകയോ ഉല്പാദനക്ഷമതയില്ലാത്ത് അവസ്ഥയോ നേരിടാന്ട കർഷകർക്ക് സാമ്പത്തികാശ്വാസം ലഭിക്കുന്നതിന് അത്യുല്പാദനശേഷിയുള്ള കുറവ് മാടുകളേയും മറ്റു മൃഗങ്ങളെയും സൗജന്യ നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

പരിഹാരങ്ങൾ

- നല്ലയിനം കന്നുകാലികളെ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു ഫാം (കന്നുകാലിവളർത്തൽ കേന്ദ്രം) നമ്മുടെ നാട്ടിൽ ഇല്ലാത്ത്തിനാൽ നമ്മുടെ പഞ്ചായത്തിലെ മാവേലിക്കര താലൂക്ക് അടിസ്ഥാനത്തിലോ ഒരു ഫാം ആരംഭിക്കേണ്ടതാണ്.
- കാലിത്തീറ്റ സബ്സിഡിയായി അനുവദിക്കുകയും ഒരു കന്നുകാലിത്തീറ്റ ഉല്പാദനകേന്ദ്രം തുടങ്ങുകയും ചെയ്യണം.
- തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് കർഷകർക്ക് ഒരു പ്രോത്സാഹനം നല്കുന്നതിനും വേണ്ടി വിത്തും വളവും സൗജന്യമായി നല്കുക.
- ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് കറവ മാടുകളേയും ഇറച്ചി മുട്ട, എന്നിവയുടെ ആവശ്യത്തിനുള്ള ആട്, കോഴി, താറാവ്, മുയൽ മുതലായവയെ വാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുക.
- ഈ പഞ്ചായത്തിൽ പാലുകൊണ്ടുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഉത്പാദന കേന്ദ്രം സ്ഥാപിക്കുക.
- പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വെറ്റിനറി ഹോസ്പിറ്റലിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയതാക്കുകയും മരുന്നുകൾ ലഭ്യമാക്കിയും ലബോറട്ടറി സൗകര്യവും പ്രതിരോധ വാക്സിൻ വിതരണവും മറ്റ് ബാഹ്യസംരക്ഷണവും സൗകര്യങ്ങൾ ഉണ്ടാക്കിയും ഒരു പോളീക്ലീനിക്കായി ഉയർച്ചണം ഐ.സി.ഡി.പി. സെന്റർ രണ്ടെണ്ണംകൂടി ഈ പഞ്ചായത്തിൽ സ്ഥാപിക്കണം





മത്സ്യബന്ധനം

മത്സ്യബന്ധനം ഈ പഞ്ചായത്തിൽ ഒരു പ്രധാനതൊഴിലല്ല. എന്നാൽ മത്സ്യബന്ധനം ഭാഗികതെഴിലായി സ്വീകരിച്ച ഏകദേശം 75 തൊഴിലാളികൾ ഉണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽകൂടി ഒഴുകുന്ന 22.5 കി.മീ. നീളമുള്ളതോടുകൾ, പഞ്ചായത്ത് പുറമ്പോക്കായി നിലവിലുള്ള 7 ചിറകൾ, വ്യക്തികളുടെ ഉടമസ്ഥാതയിലുള്ള കൊളങ്ങൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ഉപരിതല ജല സ്രോതസ്സുകൾ. ഉൾനാടൻ മത്സ്യബന്ധനത്തിന് ഉപയുക്തമായിട്ടുള്ളത് ഇവയാണ്. പഞ്ചായത്തധീനതയിലുള്ള ചിറകളിലും തോടുകളിലും വർഷം തോറും മത്സ്യബന്ധത്തിന് ലേലം ചെയ്തുകൊടുത്ത് മത്സ്യബന്ധനം നടത്തുന്നു. ഇപ്പോൾ കണ്ണനാകുഴി വാർഡിൽ ഒരു വ്യക്തി ഫിഷറീസ് വകുപ്പിന്റേതായ ഉൾനാടൻ മത്സ്യബന്ധപദ്ധതിയനുസരിച്ച് വായ്പയും ഗ്രാന്റും കൊണ്ട് 2.5 ഏക്കർ സ്ഥലത്ത് ഒരു മത്സ്യം വളർത്തൽ കേന്ദ്രം തുടങ്ങിയുട്ടുണ്ട്.

ഇതിനുപുറമെ ഈ പഞ്ചായത്തതൃത്തിയിൽപ്പെട്ട 93 ഏക്കർ വിസ്ത്രിതിയുള്ള വയ്യാങ്കരചിറ കൊല്ലം ജില്ലാകളക്ടരുടെ അധീനതയിൽ വമ്പിച്ചരീതിയിൽ ഒരു ഉൾനാടൻ മത്സ്യകൃഷി കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലും താമരക്കുളം പഞ്ചായത്ത് അതൃത്തിയിലും സ്ഥിതി ചെയ്യുന്ന ഈ ചിറ എത്രയും പെട്ടെന്ന് പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരുവാൻ ജില്ലാനേതൃത്വനടപടി സ്വീകരിക്കേണ്ടതുണ്ട്. പുഞ്ചപ്പാടങ്ങൾ എല്ലാം ഇരുപ്പൂ നിലമായി തീർന്നതിനാൽ ചെമ്മീൻ കൃഷിക്ക് സാദ്ധ്യത കുറവാണ്. എന്നാൽ മിക്ക പുഞ്ചനിലങ്ങളും, മറ്റ് പാടങ്ങളും ചൂടുകട്ട നിർമ്മാണത്തിനായി ചെളി എടുത്ത് കുഴിച്ച കുഴികൾ വെള്ളകെട്ടുള്ള പ്രദേശമായി തീർന്നതിനാൽ ആ ഭാഗങ്ങളെല്ലാം ചെമ്മീൻ കൃഷിക്ക് ഉപയുക്തമാക്കാം.

നാട്ടിലുള്ള ചെറിയ ജലാശയങ്ങളിൽ നിന്നും വലവീശിമത്സ്യം പിടിച്ചും, കടൽ മത്സ്യം വിപണനം നടത്തിയും ഈ നൂറ്റാണ്ടിനുമേൽ തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. താമരക്കുളം മാർക്കറ്റ് ദിവസങ്ങളിൽ ചന്തയിലും മറ്റു ദിവസങ്ങളിൽ സൈക്കിളിലും കൊണ്ടുപോയി വിതരണം നടത്തുന്നു. അടുത്ത കാലത്തുണ്ടായ നാടൻ മത്സ്യങ്ങളുടെ (വരാൽ, മുശി,കാരി മുതലായ നീർമീനുകൾ) രോഗബാധയും നശീകരണവും മൂലം ഉൾനാടൻ മത്സ്യബന്ധനം ശുഷ്ക്കമായിവരുന്നു. എങ്കിലും ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കന്നതിന് ചത്തിയറ പുഞ്ചയിലേ ചാൽ, ഉഴലിചിറ, പുതുച്ചിറ, വയ്യാങ്കരചിറ, അമ്പിക്കുളം, ശാസ്താം കുളം, കോതുചിറ, കൂവേലിചിറ, കോയിക്കൽ കുളം, ഗുരുനാഥൻ കുളം, കല്ലുകുളം, പൂവത്തൂർ ചിറയിലുള്ള കുളങ്ങൾ കൊടുവര ചിറ എന്നിവയും മറ്റ് വ്യക്തികുളങ്ങളും ശാസ്ത്രീയമായി നവീകരിച്ച് പ്രയോജനപ്പെടുത്തിയാൽ നല്ലൊരളവുവരെ മത്സ്യദൗർലഭ്യം പരിഹരിക്കാം. കടൽ മത്സ്യങ്ങളുടെ കയറ്റുമതി വർദ്ധിപ്പിച്ച് മത്സ്യദൗർലഭ്യം നേരിടുന്ന ഈ സാഹചര്യത്തിൽ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കേണ്ടി ഇരിക്കുന്നു.

പല മത്സ്യവിപണന തൊഴിലാളികൾക്കും അധികംവരുന്ന മത്സ്യം ഉണക്കിസംഭരിച്ച് വില്പന നടത്തുന്നരീതിയും ഉണ്ട്. ഈ മേഖലയിൽ കൂടുതലും സ്ത്രീകളാണ് പ്രവർത്തിക്കുന്നത്. ഒരു മതവിഭാഗത്തിൽപ്പെട്ട വളരെ പിന്നോക്കം നിൽക്കുന്ന കുറച്ചാളുകൾ മാത്രമാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. എല്ലാവിഭാഗം ആളുകൾക്കും മത്സ്യബന്ധനത്തിലും സംസക്കാരത്തിലും വിദഗ്ധപരിശീലനം നൽകണം. ഉദാരമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം നൽകുകകൂടി ചെയ്താൽ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ഒരു മാർഗ്ഗമാകും.





മത്സ്യവിപണനത്തിൽ ഈ പഞ്ചായത്തിനെ സംബന്ധിച്ച് വളരെ സാദ്ധ്യതയുണ്ട്. മുക്കാൽ നൂറ്റാണ്ടിലേറെ പഴക്കമുള്ളതും മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ മാർക്കറ്റുമായ മാധവപുരം പബ്ലിക്ക് മാർക്കറ്റും (ആഴ്ചയിൽ 2 ദിവസം മുഴുവൻ പ്രവർത്തനവും, എല്ലാദിവസവും അന്തിചന്തയും) കണ്ണനാകുഴിയിലെ ഭാഗീകമായി പ്രവർത്തിക്കുന്ന ചന്തയും ഉണ്ട്.

പ്രശ്നങ്ങൾ

- ഉൾനാടൻ മത്സ്യകൃഷിക്ക് സൗകര്യമുണ്ടെങ്കിലും ഉപയോഗപ്പെടുത്തിന്നില്ല.
- ശുദ്ധജല മത്സ്യസമ്പത്തിനെപ്പറ്റിയോ അവയുടെ സംരക്ഷണ രീതിയേപ്പറ്റിയോ വേണ്ടതആ ജ്ഞാനമില്ല.
- കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ താല്പര്യമുള്ളർക്ക് മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

പരിഹാരങ്ങൾ

- മത്സ്യ വിപണത്തിന് മഴനനയാത്തവിധത്തിലുള്ള സൗകര്യവും ആരോഗ്യപരവുമായ സ്ഥലസൗകര്യം ഉണ്ടാക്കണം.
- വയ്യാങ്കര ചിറ ഉടനടി താമരക്കുളം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൊണ്ടുവരുന്നതിനും നല്ലരീതിയിൽ മത്സ്യകൃഷി ചെയ്യുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കണം
- എല്ലാ പഞ്ചായത്ത് കുളങ്ങളും ചിറകളും നവീകരിച്ച് ശാസ്ത്രീമായ രീതിയിൽ മത്സ്യം വളർത്താൻ ഏർപ്പാടാക്കുക.
- വ്യക്തികൾക്ക് മത്സ്യകൃഷി ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായവും ഉപദേശവും എത്തിക്കുക.
- കൂടുതൽ ഉല്പാദമശേഷിയുള്ള നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.
- ഉൾനാടൻ മത്സ്യ ബന്ധനത്തിനും, സംരക്ഷണത്തിനും സംസക്കരണത്തിനും ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ ഗ്രാമീണർക്ക് ലഭ്യമാക്കുക.







വ്യവസായം

ഒരു അവികസിത രാജ്യം വികസിതരാജ്യവുമായി മാറി എന്നതിനുള്ള മാനദണ്ഡം ആ രാജ്യം വ്യാവസായികമായി എത്രത്തോളം പുരോഗതി നേടിയിട്ടുണ്ട് എന്നുള്ളതാണ്. ഭാരതത്തിലെ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളസംസ്ഥാനം വളരെ പിന്നിലാണല്ലോ. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം എഫ്. എ.സി.റ്റി. പോലുള്ള ചുരുക്കം ചില വ്യവസായശാലകൾ പൊതു മേഖലയിലും ഗ്വാളിയോർ റയോൺസ് പോലെയുള്ള ചുരുക്കം ചില വ്യവസായങ്ങൾ സ്വകാര്യമേഖലയിലും ഒഴിച്ചാൽ വൻകിട വ്യവസായങ്ങൾ ഒന്നുമില്ല.

വ്യാവസായികമായി വളരെ ഒന്നും മുൻചരിത്രങ്ങളോ നടപ്പുവ്യാവസായങ്ങൾ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ഇല്ലാത്ത ഒരു പ്രദേശമാണ് നമ്മുടേത് എന്നാൽ ഈ പ്രദേശത്തെ സാഹചര്യം പരിശോധിച്ചാൽ വൻകിട വ്യവസായത്തിലും സർവ്വോപരി ചെറുകിട വ്യവസായങ്ങൽക്കും നല്ല വളക്കൂറുള്ള ഇടമാണെന്നുകാണാം. നാടിന്റെ പിന്നോക്കാവസ്ഥകൊണ്ടും മറ്റ പല സാങ്കേതിക പരിതസ്ഥിതികൊണ്ടും ഒന്നും നടത്തുന്നില്ല എന്നുവേണം കരുതാൻ. ഈ പ്രദേശം പരിപൂർണ്ണമായും കാർഷിക മേഖലയെ ആശ്രയിച്ചാണ് നിലനിന്നുപോരുന്നത്. എന്നാൽ കാർഷിക മേഖലയുടെ പുറകോട്ടുള്ള പ്രയാണം മൂലം കാർഷിക വൃത്തിയെ നല്ലൊരളവു കൈവെടിഞ്ഞ് തുടങ്ങിയിട്ടുണ്ട്. കൃഷിയുടേയും മറ്റ് കാർഷിക വിളകളുടേയും ചെലവ് വർദ്ധിപ്പിച്ചതിനാലും തെങ്ങുകൃഷി കാറ്റുവീഴ്ചാ രോഗം മൂലം ആദായകരമല്ലാതാവുകയും ചെയ്തതോടെ ആദായകരമായ റബ്ബർ കൃഷി ക്രമേണ വർദ്ധിച്ചു വരുന്നു. വ്യാവസായിക പുരോഗതിയുടെ അഭാവത്തിൽ ഈ പ്രദേശത്തെ ആളോഹരി വരുമാനം ദേശീയ ശരാശരിയിൻനിന്നും വളരെ പിറകിലാണ്. കാർഷിക മേഖലകഴിഞ്ഞാൽ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം സർക്കാർ ഉദ്യോഗം പൊതുമേഖലാ കമ്പനികളിലെ ജോലി കാർഷികേതര തൊഴിൽ മേഖലയിൽ





നിന്നുമുള്ള കൂലി. ഗൾഫ് നാടുകളിൽ നിന്നുള്ള വരുമാനം ഇവയെല്ലാമാണ്. ഇത് മൊത്തം വരുമാനത്തിന്റെ 60 % വരും ഒരു വ്യവസായം തുടങ്ങാനുള്ള അനുകൂല ഘടകങ്ങളായ ഗതാഗതം ഒരു പരിധിവരെ ജലസമ്പത്ത് പരിമിതമെങ്കിലും സ്ഥലസൗകര്യം സർവ്വോപരി മനുഷ്യപ്രയത്ന ലഭ്യത ഇവവേണ്ടുവോളമുണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള നാടായതിനാൽ പണവും പ്രോത്സാഹവും ഉണ്ടായാൽ ഈ മേഖലയെ ഉയർത്തിക്കൊണ്ട് വരാവുന്നതാണ്.

ഈ പ്രദേശത്ത് ചെറുകിട വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുവാൻ വളരെ അനുകൂലമായ കാലാവസ്ഥയാണുള്ളത്. ഇപ്പോൾ നാമമാത്രമായി നിലവിലുള്ള പരമ്പരാഗത തൊഴിൽ യൂണിറ്റുകളായ മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ഈറനെയ്ത്, വാദ്യോപകരണ നിർമ്മാണം എന്നിവയെ ആവശ്യമായ പ്രോത്സാഹനവും നല്കിയാൽ ആ മേഖലയെ നിലനിർത്തി ഉപയോഗപ്പെടുത്താവുന്നതാണ്. മേൽപറഞ്ഞ എല്ലാ പരമ്പരാഗത തൊഴിലുകളും ഓരോ കുടുംബത്തിന്റെ അധീനതയിൽ മാത്രം നടത്തന്നതാണ്. പത്തിൽ കൂടുതൽ തൊഴിലാളികളെ പങ്കെടുപ്പിച്ച് നടത്തിവരുന്ന വ്യാവസായയൂണിറ്റ് എന്നുപറയാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്ന കട്ടച്ചൂളകൾ മാത്രമാണ്. ഒരു മാറ്റം വന്നത് 1995 സ്വകാര്യമേഖലയിൽ തുടങ്ങിയ ഏകദേശം രണ്ടായിരത്തോളം തൊഴിലാളികൾ ഉള്ള രണ്ട് കശുവണ്ടി ഫാക്ടറികളാണ്. മുൻ കാലങ്ങളിൽ ഈ പ്രദേശത്തുനിന്നും ഏകദേശം 500 തൊഴിലാളികൾ സമീപപ്രദേശമായ പണയിൽ, കരിമുളയ്ക്കൽ എന്നീസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടിള്ള കശുവണ്ടിവികസന കോർപ്പറേഷൻ ഫാക്ടറികളിൽ പണിയെടുത്തിരുന്നു. കശുവണ്ടി ദൗർലഭ്യം മൂലം അവിടങ്ങളിലെ തൊഴിൽ ദിനങ്ങൾ വർഷത്തിൽ 60-90 ദിവസങ്ങൾ മാത്രം ഈ മേഖല പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നെങ്കിലും തൊഴിൽപ്രശ്നപരിഹാരമുണ്ടെന്ന നേട്ടമുണ്ടെന്നുകാണാം.

കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളുന്നത് ചുടുകട്ട നിർമ്മാണമാണ്. നാടൻ രീതിയിൽ ചുടുകട്ട നിർമ്മിക്കുന്ന 30 യൂണിറ്റുകളും പരിഷ്കരിച്ച രീതിയിൽ ചുടുകട്ട നിർമ്മിക്കുന്ന (വയർ കട്ട് ബ്രിക്സ്) 7 യൂണിറ്റുകളും ഉണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറെ നെൽപാടങ്ങളിലേയും തെക്കു ഭാഗത്തേയും ചെളി ചുടുകട്ട നിർമ്മാണത്തിന് അനുയോജ്യമാണ്. ഇവയിൽ എല്ലാം ശരാശരി 15 വീതം തൊഴിലാളികൾ പങ്കെടുക്കുന്നു. കൂടാതെ 6 തൊഴിലാളികളെ പങ്കെടുപ്പിച്ച് ഒരു ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നു.

കൈത്തറിയുടേയും ഖാദി ഉല്പന്നങ്ങളുടേയും നിർമ്മാണം ഇവിടെ നാളിതുവരെ തുടങ്ങിയിട്ടില്ല എന്നാൽ ഒരു വ്യാഴവട്ടക്കാലഘട്ടത്തിന് മുമ്പ് അഞ്ചാം വാർഡിലും ആറാം വാർഡിലും ഓരോ ഖാദിനൂൽനൂല്പ് കേന്ദ്രങ്ങൾ തുടങ്ങി. ഓരോന്നിലും 25 തൊഴിലാളികളെ അംഗമായി ചേർത്ത് സഹകരണമേഖലയിലാണ് ഇത് പ്രവർത്തിച്ചത്. അഞ്ചാം വാർഡിലെ യൂണിറ്റ് ഒരു വിധം പ്രവർത്തിക്കുന്നു. എന്നാൽ ആറാം വാർഡിലെ യൂണിറ്റ് സംഘാടകരുടെ പ്രവർത്തന വൈകല്യം കൊണ്ട് പരിപൂർണ്ണമായി നാശം സംഭവിച്ചു. മാത്രമല്ല ഇതിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ കൂലിനിരക്ക് വളരെ കുറവായിരുന്നു.

കേരളമൊട്ടാകെ 1977 വർഷത്തിൽ ഗവൺമെൻറ് നടപ്പിലാക്കിയ വ്യവസായവല്ക്കരണ പദ്ധതി അനുസരിച്ചുള്ള ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ ഒരെണ്ണം നമ്മുടെ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പത്തു യൂണിറ്റുകൾ തുടങ്ങാൻ സാധ്യതയുണ്ടെങ്കിലും നാലു യൂണിറ്റുകൾ മാത്രം തുടങ്ങി. ഓയിൽ എക്സ്പല്ലർ, തീപ്പട്ടിക്കോൽ നിർമ്മാണം. ഫാർമസൂട്ടിക്കൽ, എഞ്ചീനീയറിംഗ് വർക് ഷോപ്പ് എന്നിവയണത്. ഡിപ്പാർട്ടുമെന്റിന്റെ പദ്ധതി നടത്തിപ്പിൽ വന്ന നയപരിപാടികളുടെ പോരായ്മ കാരണമാണെന്ന് പറയുന്നു. തുടങ്ങിയ നാലു യൂണിറ്റുകളും പ്രവർത്തനമില്ലാതെ നിലച്ചുപോയി സ്ഥാപനവും പരിസരവും വ്യവസായത്തിന്




ഏറ്റവും അനുയോജ്യവുമാണ്. ഈ സ്ഥാപനത്തിൽ ഇപ്പോൾ ആകെക്കൂടി ഒരേയൊരു വ്യവസായം മാത്രമാണ് അലൂമിനിയം ഷീറ്റും പാത്രങ്ങളുണ്ടാക്കുന്ന ഒരു യൂണീറ്റും മാത്രമാണ്. ഇത് സാമാന്യം മെച്ചപ്പെട്ട രീതിയിലും ആദായകരമായും പ്രവർത്തിക്കുന്നു.

പണ്ടു കാലം മുതൽ ഈ പ്രദേശത്തു നിലനില്ക്കുന്ന കൈതൊഴിലുകളായ തഴപ്പായ് നെയ്ത്ത, ഈറനെയ്ത്ത എന്നിവ പ്രോത്സാഹനമർഹിക്കുന്ന തൊഴിലുകളാണ്. തഴപ്പായ് നെയ്ത്തിൽ സമൂഹത്തിലെ ദുർബല വിഭാഗക്കാരും പട്ടിക ജാതിക്കാരും ഉൾപ്പെടുമ്പോൾ ഈറനെട്ത്തിൽ പട്ടിക ജാതിക്കാർ മാത്രമേഉള്ളൂ. തഴയുടെ അഭാവം നിമിത്തം പ്രസ്തുത കുടിൽ വ്യവസായം അന്യംനിന്ന നിലയിലാണ്. ഈറ നെയ്ത്ത് ഇടനിലക്കാരുടെ ചൂഷണം മൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രയോദനം കിട്ടുന്നില്ല. മേൽപ്പറഞ്ഞ തൊഴിലുകാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയും ഈ മേഖലയെ പുനഃരുജ്ജീവിപ്പിക്കേണ്ടതാണ്.

മറ്റൊരു തൊഴിൽ മേഖലയായി രൂപപ്പെടുത്താനുള്ളത് മുഖ്യമായും വനിതകൾക്ക് പ്രാധാന്യം നല്കി സംഘടിപ്പിക്കേണ്ട തൊഴിൽ സംരംഭങ്ങളാണ്. ഇന്ന് നാം കൈകാര്യം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ ഏറിയ പങ്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റഡിമെയ്ഡായി പായ്ക്കറ്റുകളിൽ എത്തുന്നവയാണ്. ഉദാഹരണമായി കറിപൗഡർ, പലഹാരങ്ങൾ, സ്കൂൾ ബാഗ്, സ്കൂൾ യൂണിഫോം, തീപ്പട്ടി, ചന്ദനത്തിരി, മെഴുക് തിരി, ബേക്കറി സാധനങ്ങൾ, റെഡിമെയ്ഡ് ഡ്രസ്സുകൾ, കരകൗശല വസ്തുക്കൾ , സോപ്പ് മുതലായവ. ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കി വിദഗ്ദ പരിശീലനവും നല്കിയാൽ നമുക്ക്തന്നെ നിർമ്മിച്ച് ന്യായവിലയ്ക്ക് വിറ്റ് തൊഴിൽ മേഖല പുഷ്ടിപ്പെടുത്താൻ കഴിയും.

മറ്റൊരു പ്രധാന തൊഴിൽ മേഖലയായി കാണുന്നത് കച്ചവട വ്യാപാര സ്ഥാപനങ്ങളാണ്. വലുതും ചെറുതുമായ സ്ഥാപനങ്ങൾ 199 എണ്ണത്തോളമുണ്ട്. ഇവയിൽ 4 ശതമാനം സ്ഥാപനങ്ങളിൽമ മാത്രമാണ് തൊഴിലാളികളെ ഏറ്പ്പെടുത്തിയിട്ടുള്ളത്,. മറ്റെല്ലാം സ്വന്തമായി നടത്തുന്നവയാണ്.





വ്യവസായ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

വ്യവസായം	തൊഴിലാളികളുടെ എണ്ണം		മൊത്തം	മൊത്തം
	5ൽ ക്കുറവ്	5 മുതൽ 15വരെ	15 മുതൽ	യൂണിറ്റ്
തൊഴിലാളികൾ				
			58 വരെ	
കശുവണ്ടിഫാക്ടറി			2	
ചുടുകട്ട നിർമ്മാണ യൂണിറ്റ്	37		37	
(എസ്.എസ്.ഐ രജിസ്ട്രേഷൻ ഉള്ളതും				
ഇതിൽപ്പെടും)				
അലൂമിനിയം പാത്രനിർമ്മാണ യൂണിറ്റ്	1		1	
ഹോളോ ബ്രിക്സ് യൂണിറ്റ്	1		1	
ഖാദി യൂണിറ്റ്	1		1	
എണ്ണയാട്ട് മില്ല്	4		4	
നെല്ല്കുത്ത്മില്ല്	12		12	
അരിയാട്ട് മില്ല്	9		9	
വെൽഡിംഗ്	4		4	
ഫർണീച്ചർ (മരം)	7		7	
റെഡീമെയ്ഡ് ഡ്രസ്സ്				
നിർമ്മാണ യൂണിറ്റ്	1		1	
റ്റൂവിലർ റിപ്പയർ യൂണിറ്റ്	1		1	
വാച്ച് റിപ്പയർയൂണിറ്റ്	3		2	
സൈക്കിൾ റിപ്പയർ യൂണിറ്റ്	7		7	
തടി അറപ്പ്മില്ല്	3		3	
വാദ്യോപകരണ നിർമ്മാണ യൂണിറ്റ്	5		5	
അപ്പോൾസ്റ്ററി യൂണിറ്റ്	1		1	





അടുത്ത കാലത്തായി എല്ലാത്തരം കാർഷിക വിളകളെയും പിന്നിൽ ആക്കി കൊണ്ട് റബ്ബർ കൃഷി വർദ്ധിച്ചു വരുന്നു. ഇപ്പോൾത്തന്നെ ഈ പഞ്ചായത്തിൽ പ്രവൃത്തിച്ചുവരുന്ന ഏഴ് റബ്ബർ സ്റ്റോർ മുഖേന പ്രതിവർഷം 600 മെട്രിക് ടൺ റബ്ബർ ഷീറ്റ് വ്യാപാരം നടത്തുന്നുണ്ട്. ഈ അസംസ്കൃത സാധനം ചെറുകിടയന്ത്രങ്ങൽ കൂടി ഉപയോഗിച്ച് റബ്ബർ ബാന്റ്, കയ്യുറ, ഇലാസ്റ്റിക് റബ്ബർ ചപ്പൽ എന്നിവയുടെ ഉല്പാദനത്തിന് ഉതകുന്ന ചെറുകിട യൂണിറ്റുകൾ പ്രവർത്തിപ്പിക്കാം.

വിവിധ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വിവരം

വിഭാഗം	തൊഴിലാളികളുടെ എണ്ണം
ചെറുകിട ഫാക്ടറികൾ	2000
ചെറുകിട വ്യവസായ യൂണിറ്റുകൾ	494
കൊപ്രാനിർമ്മാണം	9
ഈറനെയ്ത്ത്	110
മരപ്പണി	85
ബാർബർ തൊഴിൽ	35
ഇരുമ്പ് പണി	15
സ്വർണ്ണപണി	11
കല്ലുവെട്ട് തൊഴിൽ	78
തെങ്ങുകയറ്റം	21
മോട്ടോർ തെഴിലാളികൾ	120
ഉൾനാടൻ മത്സ്യബന്ധനവും വിപണനവും	150
ബീഡിതെറുപ്പ്	138
തയ്യൽപ്പണി	118
കാർഷികതൊഴിൽ	9
പശുക്കറവ	10
മറ്റ് തൊഴിൽ മേഖലയിൽ ഉള്ളവർ	75

ആധുനിക സാങ്കേതിക രംഗത്ത് അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്കുവേണ്ടി ഇലക്ട്രിക്ക, ഇലക്ട്രോണിക് നിർമ്മാണ സേവന മേഖല ആരംഭിക്കുവാനും ശ്രമമുണ്ടാക്കേണ്ടിയിരിക്കുന്നു.





പ്രശ്നങ്ങൾ

- ഗ്രാമീണതൊഴിൽ മേഖലയുടെ ഉന്നമനത്തിനായി ഖാദി ഗ്രാമവ്യവസായ ബോർഡ് പ്രവർത്തനം ലഭ്യല്ല.
- മരപ്പണി വ്യവസായത്തിന് തടി കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല.
- പ്രധാന കൈതൊഴിലായ തഴപ്പായ് നെയ്ത്ത് നിലച്ചുപോയി.
- ഈറനെയ്ത്ത് പണിയ്ക്ക് ഈറ സുലഭമായി കിട്ടുകയോ ന്യായമായ കൂലി കിട്ടുകയോ ചെയ്യുന്നില്ല.
- റബ്ബർ ഉത്പാദനം വർദ്ധിക്കുന്നു, തൊഴിൽ ലഭിക്കുന്നില്ല.
- നാളീകേര വ്യവസായ രംഗം കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.
- വനിതകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവാണ്.
- സാങ്കേതിക തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നില്ല.
- വ്യവസായ സംരംഭങ്ങൾക്ക് അനുകൂല ഘടകങ്ങൾ ലഭ്യമാകുന്നില്ല. (വൈദ്യുതി, ലൈസൻസ്, സാമ്പത്തികം)
- വൻ വ്യവസായം ഉണ്ടാകുന്നില്ല.
- പല വ്യവസായങ്ങൾക്കും അസംസ്കൃത സാധനങ്ങൾ സുലഭമല്ല.
- കൈതൊഴിൽ ഉല്പന്നങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളും വിറ്റഴിയുന്നില്ല.
- വിപണന സൗകര്യം കുറവാണ്.
- പല ഖാദി യൂണിറ്റുകളും പൂട്ടിയ കാരണം അതിലെ തൊഴിലാളികൾ ബുദ്ധിമുട്ടുന്നു.
- വ്യവസായ സംരംഭങ്ങൾക്ക് ധനസഹായം യഥാസമയവും ആവശ്യാനുസരണവും ലഭ്യമല്ല.
- പാലുത്പാദനം വർദ്ധിക്കുന്നു. പാലുല്പാദകർക്കും നാടിനും പ്രയോജനം കിട്ടുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

- ഗ്രാമീണ കൈതൊഴിലും വ്യവസായങ്ങളുമായ റെഡിമെയ്ഡ് വസ്ത്രങ്ങൾ, നോട്ടു ബുക്ക് നിർമ്മാണം, ബേക്കറി, മെഴുക് തിര, താപ്പട്ടി, കരകൗശല വസ്തുക്കൾ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ സോപ്പ്, കറിപൗഡർ, സ്കൂൾ ബാഗ്, യൂണിഫോം മതലായവ നിർമ്മാണത്തിനും വിപണനത്തിനും സൗകര്യം ഉണ്ടാക്കണം.
- ഫർണിച്ചർ മുതലായ മരം കൊണ്ടുള്ള നിർമ്മാണപ്രവൃത്തനം മെച്ചപ്പെടുത്താൻ സർകത്കാർ ഉടമയിലുള്ള തടി ഡിപ്പോയിൽ നിന്നും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണം.
- പഞ്ചായത്ത് പുറമ്പോക്കുകളിലും വ്യക്തികളുടെ കൈവശമുള്ള ഉപയോഗമില്ലാത്ത ഭൂമികളിലും കൈത നട്ടു പിടിപ്പിക്കാൻ നടപടി വേണം.
- ഈ വ്യവസായം മെച്ചപ്പെടുത്താൻ ബാംബു കോർപ്പറേഷനിലെ ഈറ സബ്സിഡി ഡിപ്പോ ഈ പഞ്ചായത്തിൽ ആരംഭിക്കണം.
- റബ്ബർ അധിഷ്ടിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ പരിശീലനത്തോടൊപ്പം ഉള്ള സഹായം ഉണ്ടാകണം.
- നാളീകേരരംഗം മെച്ചപ്പെടുത്താൻ പൊതു ഉടമയിൽ സഹകരണമേഖലയിൽ ഒരു എക്സ്പെല്ലറോടുകൂടിയ യൂണിറ്റ് ഉണ്ടാക്കുകയും പ്രദേശത്തെ നാളീകേര കർഷകർക്ക് ന്യായവിലകൊടുത്ത് എടുത്ത് കൊപ്രയാക്കി ആട്ടി എണ്ണ ഉത്പാദിപ്പിക്കണം.





- വനിതകളുടെ തൊഴിൽ രംഗം വർദ്ധിപ്പിക്കാനായി വാദിക്കുകയും വ്യവസായങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുകയും വേണം.
- സാങ്കേതിക വിദ്യ അഭ്യസിച്ചവരെ കണ്ടുപിടിച്ച് സഹകരണാടിസ്ഥാനത്തിൽ വിവിധതരം തൊഴിൽ സംരംഭങ്ങൾക്ക് തുടക്കമിടുക.
- വ്യവസായ സംരംഭകരായി വരുന്നവർക്ക് ബുദ്ധിമുട്ട് കൂടാതെ യഥാസമയത്ത് വ്യവസായം തുടങ്ങാൻ ആവശ്യമായ ഘടകങ്ങൾ ലഭ്യമാക്കുക.
- ഗവൺമെൻർ ഉടമയിൽ ഈ പ്രദേശത്ത് ഒരു കാലിത്തീറ്റ ഫാക്ടറി ഉണ്ടാക്കണം
- സംസ്ഥാനത്തെ പൊതു വിതരണ മേഖല ബന്ധപ്പെട്ട് പുതിയ വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ കുറഞ്ഞ വില്യ്ക്ക് ലഭ്യമാക്കുക.
- കീടിയ പ്രവൃത്തന ചെലവോടുകൂടി നിർമ്മിക്കുന്ന ചെറുകിട ഉല്പന്നങ്ങൾക്ക് കുറഞ്ഞ ചെലവിൽ യന്ത്രവല്കൃത നിർമമിതമായ ഉല്പന്നങ്ങളോട് കിടപിടിച്ചു നില്ക്കാൻ പറ്റുന്നില്ല. ആയതിനാൽ പ്രതിവിധി ഉണ്ടാകണം.
- ആറാം വാർഡിലെ ഖാദി, നൂൽനൂല്പ്പ് കേന്ദ്രം തുറന്ന് പ്രവൃത്തിക്കാനും ജീവിത നിലവാര മനുസരിച്ച് കൂലി വർദ്ധിപ്പിക്കുകയും വേണം. ചത്തിയറ കമലാ നെഹ്റു മഹിളാ സമാജത്തിന്റെ കീഴിൽ പ്രവൃത്തിച്ചിരുന്ന ബുക്ക് ബയിംറിംഗ് യൂണിറ്റ് മെച്ചപ്പെട്ട ഉപകരണങ്ങൽ ലഭ്യമാക്കി പ്രവൃത്തന ക്ഷമമാക്കണം.
- എല്ലാ വ്യവസായ സംരംഭങ്ങൾക്കും വ്യവസായ വായ്പ യഥാസമയത്ത് പദ്ധിതി നടത്തിക്കൊണ്ട് പോകാൻ ന്യായമായ ആവശ്യമുള്ളത്ര പണവും ലഭ്യമാക്കണം
- ഈ പ്രദേശത്ത് ഉല്പാതിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കുവാനും ആഹാരാവസ്യത്തിന് കഴിച്ച് മിച്ചമുള്ള മറ്റ് പാലുല്പനന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു ഫാക്ടറി ഉണ്ടാകണം.









ഗുരുകുല വിദ്യാഭ്യാസം നിലനിന്നിരുന്ന ഒരു പ്രദേശമായിരുന്നു താമരക്കുളം എന്ന് പഴമക്കാർ പറയുന്നു. നിലത്തെഴുത്ത് പള്ളിക്കുടം കുടിപ്പള്ളിക്കൂടം, ആശാൻ കളരികൾ എന്നിങ്ങനെ പലപേരിലും ആദ്യാക്ഷരം ഉരുവിട്ടു കൊടുത്ത ഓലപ്പള്ളിക്കൂടങ്ങളെ വിളിക്കാറുണ്ട്. ഇന്നും ഈ പ്രദേശത്ത് ഗ്രാന്റോടുകൂടിയ 19ഉം ഗ്രാന്റില്ലാത്ത നാലും അടക്കം ആകെ 23 നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു. പഴയകാലത്തെ ഗുരുശിഷ്യബന്ധം ഭാഗീകമായിട്ടെങ്കിലും നിലനില്ക്കുന്നത് ഇങ്ങനെയുള്ള നിലത്തെഴുത്ത് കളരികളിൽ മാത്രമാണ്.

അക്കാലത്ത് ആശൻമാർക്ക് ഉച്ചയൂണ് ഓരോ ദിവസം ഓരോകുട്ടിയുടെ വീട്ടിൽനിന്നായിരുന്നു. ഓലപ്പള്ളിക്കൂടത്തിൽ നിന്നും അക്ഷരം എല്ലാം പഠിച്ചതിനു ശേഷം ഒന്നാം ക്ലാസ്സുമുതൽ സ്കൂളുകളിൽ പഠനമാരംഭിക്കുന്നു. പഞ്ചായത്തിൽ ആദ്യം ആരംഭിച്ച സ്കൂളാണ്. ചത്തിയറ എൽ.പി.സ്കൂൾ. ശ്രീ. കേരളൻ നാരായണപിള്ള എന്നയാൾ ഈ സ്കൂൾ സ്ഥാപിച്ചെങ്കിലും അധികം താമസിയാതെ ഇത് ഗവൺമെന്റ് സ്കൂളായി പരിണമിച്ചു. 1911 ലാണ് ഈ സ്കൂൾ സ്ഥാപിച്ചത്. അതുപോലെ 1918ൽ സ്ഥാപിച്ച എൽ.പി.സ്കൂളാണ്. ചാരുംമൂട് സെന്റ് മേരീസ് സ്കൂൾ. ഈ കാലയളവിൽ ഈ രണ്ടു സ്കൂളുകൾ വഴിയായിരുന്നു താമരക്കുളം പഞ്ചായത്തുലള്ളവർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമായത്. അതുപോലെതന്നെ ആദ്യമായി ഒരു സംസ്കൃത സ്കൂൾ സ്ഥാപിതമായത് 1936ലാണ്. പോരൂർകാരായ്മവാർഡിൽ വിജ്ഞാനവിലാസിനി എന്നപേരിൽ പാലയ്ക്കൽ ശ്രീ. കൊച്ചുപിള്ള നായരാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഇത് പിൽകാലത്ത് പേരും പെരുമയും ആർജ്ജിച്ച വി. വി. ഹൈസ്കൂൾ ആയി മാറി. ഇന്ന് ഈ പ്രദേശത്തെ ഏറ്റവും വലിയ ഹൈസ്കൂളാണിത്. അതുപോലെ 1956ൽ ശ്രീ കൊപ്പാറ ടി.നാരായണൻനായർ സ്ഥാപിച്ച യുപിസ്കൂൾ 1964ൽ ഹൈസ്കൂളായി മാറി. ഈ രണ്ട് ഹൈസ്കൂളുകൾ നിലവിൽവരുന്നതിനുമുമ്പ് താമരക്കു





ളത്തുകാർ ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിനായി വള്ളികുന്നം, കറ്റാനം മാവേലിക്കര, കായംകുളം എന്നീ പ്രദേശങ്ങളിൽ പോയിരുന്നു.

എന്നാൽ പണ്ടത്തെ ഏഴാം ക്ലാസ്സ് വരെയുള്ള പഠനവും അതിൽനിന്നുള്ള അറിവും ഇന്നത്തെ ബിരുധധാരികൾക്കുള്ളതിലും നല്ല നിലയിലായിരുന്നു എന്നാണ് പണ്ടുള്ളവർ പറയുന്നത്. പഠനസൗകര്യങ്ങൾ കുറവായിരുന്നുവെങ്കിലും പാഠ്യവിഷയങ്ങൾ, പടനരീതികൾ, അധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ ഇവയെല്ലാംഅനുകരണീയവും മഹത്തരവും ആയിരുന്നു. 6ഉം 7ഉം മയിലുകൾ നടന്നാണ് അക്കാലത്ത് – ഈ പഞ്ചായത്തിൽ ഹൈസ്കുൾ സ്ഥാപിക്കുന്നതിനുമുമ്പ്–കുട്ടികൾ വിദ്യാഭ്യാസത്തിനു വേണ്ടി ദൂരെ സ്ഥലങ്ങളിൽ പൊയ്ക്കൊണ്ടിരുന്നത്. അങ്ങനെ കഷ്ടപ്പെട്ട് വിദ്യ അഭ്യസിച്ച താമരക്കുളത്തുള്ള ഒരാൾക്ക് ഐ.എ.എസ്. വരെ കിട്ടുകയുണ്ടായി. ശ്രീ.പി.എസ്. ഹവീവ് മുഹമ്മദ് കേരളത്തിൽനിന്നും ആദ്യമായി ഒരു മുസ്ലീം സമുദായത്തിൽപെട്ട ആൾക്ക് ഐ.എ.എസ്. കിട്ടുന്നത് ഇദ്ദേഹത്തിനാണ്. ഒറീസയിൽ കളക്ടറായും കേരളത്തിൽ റബ്ബർ ബോർഡ് ചെയർമാൻ, കേരളാ സർവ്വകലാശാലാ വൈസ് ചൻസിലർ എന്നീനിലകളിൽ അദ്ദേഹം സേവനമനുഷ്ടിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വി.വി. ഹൈസ്കുളിൽ പടിച്ച ശ്രീ സോജൻ എന്ന കുട്ടിയ്ക്ക 1990ൽ 8–ാം റാങ്കു വരെ കിട്ടുകയുണ്ടായി. അതുപോലെ 1991ൽ കുമാരി ഷെജി എന്ന കുട്ടിയ്ക്ക് ഈ പഞ്ചായത്തിൽ ജനിച്ച് ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ മാർക്കവാങ്ങുകയുണ്ടായി. അങ്ങനെ വിദ്യാഭ്യാസപരമായി താമരക്കുളം പഞ്ചായത്ത് പലരീതിയും ഉന്നതി നിലവാരം പുലർത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

നഴ്സറി സ്കൂളുകൾ 4

പഞ്ചായത്തിൽ മീനാ നെഴ്സറി സ്കൂൾ അഞ്ചാം വാർഡിലും ക്രസന്റ് നഴ്സറിസ്കൂൾ ആറാം വാർഡിലും, സെന്റ് മേരീസ് നഴ്സറി ക്ലൂൾ മൂന്നാംവാർഡിലും ബാപ്പുജിനഴ്സറി സ്കൂൾ എട്ടാം വാർഡിലും സ്ഥിതിചെയ്യുന്നു. എല്ലാ നവ്സറിസ്കൂളുകളും വശരെ കാര്യക്ഷമമായിതന്നെ പ്രവർത്തിക്കുന്നു.

അംഗൻവാടികൾ 8 എണ്ണം

പഞ്ചായത്തിലെ 1,2,4,6,8,9 എന്നീ വാർഡുകളിൽ ഓരോ അംഗൻ വാടികളും അഞ്ചാംവാർഡിൽ രണ്ട് അംഗൻ വാഡികളും പ്രവർത്തിക്കുന്നു. എട്ടാം വാർഡിലെ അംഗൻ വാടിയ്ക്ക് സ്വന്തമായി കെട്ടിടമില്ല. പല അംഗൻവാടി കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ ഉടനേ നടത്തേണ്ടതുണ്ട്.

ഇംഗ്ലീഷ് മീഡിയം സ്കൂൾ

സെന്റ്മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മൂന്നാം വാർഡിലും നവജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ പത്താം വാർഡിലും പ്രവർത്തിക്കുന്നു.

സെന്റ്മേരീസിൽ നാലാം ക്ലാസ് വരെയും നവജ്യോതിയിൽ ഏഴാംക്ലാസ്സുവരെയുമാണ് പടനം നടക്കുന്നത്.

സെന്റ്മേരീസ് പള്ളി നടത്തുന്നതാണെങ്കിൽ സെന്റ്മേരീസ് സ്കൂളെങ്കിൽ ബാബു എന്ന ഒര വ്യക്തിയുടെ മാനേജ്മെന്റിലാണ് നവജ്യോതി സ്കൂൾ.





ലോവർ പ്രൈമറി സ്കൂൾ ഏഴ് എണ്ണം

ചത്തിയറ ഗവ: എൽ.പി.എസ്. വാർഡ് 5. ശ്രീകേരളൻ നാരായണപിള്ള എന്നയാൾ 1913ൽ ഈ സ്കൂൾ സ്ഥാപിച്ച് ഗവ: കൊടുത്താണ് പ്രവർത്തനം ആരംഭിച്ചത് താമരക്കുളം ജംഗ്ഷനിൽ നിന്ന് ഉദ്ദേശം മൂന്നുകിലോമീറ്റർ പടിഞ്ഞാറ് താമരക്കുളം – ഓച്ചിറ റോഡിന്റെ സൈഡിൽ പ്രവർത്തിക്കുന്നു. 140 അടി കെട്ടിടത്തോടുകൂടി തുടങ്ങിയ ഈ സ്കൂളിന് പില്ക്കാലത്ത് കൂടുതൽ ബലവും ഉറപ്പുമുള്ള കെട്ടിടം ഗവൺമെന്റിൽ നിന്നും തന്നെ ഉണ്ടാക്കി പ്രവർത്തനം തുടങ്ങി.

സെന്റ് മേരീസ് ചാരുംമൂട്-വാർഡ് പേരൂർ കാരാൺമ

1918ൽ കൊല്ലം രൂപതയുടെ കീഴിൽ ശ്രീ ലോറൻസ് പെരേര എന്ന ബിഷപ്പാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഈന്ന് പുനലൂർ രൂപതയുടെ കീഴിൽ കോർപ്പറേറ്റ് മാനേജർ റൈറ്റ് റവറന്റ് മാത്യൂസിന്റെ നേതൃത്വത്തിലാണ് പ്രവർത്തനം. ആലപ്പുഴ ജില്ലയിലെ എട്ടാമെന്ന ടൗൺ എന്ന ഖ്യാതി നേടിയ ചാരുംമൂട് ജംഗ്ഷനെ തൊട്ടുരുമ്മി ഈ സ്കൂൾ നില്ക്കുന്നു. പ്രശസ്തമായ ചാരുംമൂട് കോൺവെന്റിൽ കന്യാസ്ത്രീമഠം, പള്ളി എന്നിവ സാംസ്കാരികസൗധങ്ങളുടെ നടുവിൽ തലയുയർത്തി നിൽക്കുന്ന ഈ സ്കൂളിന്റെ പേരും പെരുമയും ഒളിമങ്ങാതെനില്ക്കുന്നു.

ഗവ: എൽ.പി. കണ്ണനാകുഴി

ഈ പഞ്ചായത്തിലെ പടിഞ്ഞാറേഅറ്റം സ്ഥിതിചെയ്യുന്ന കണ്ണനാകുഴി വാർഡിലാണഅ ഈ സ്കൂൾ സാഥാപിച്ചിട്ടുള്ളത്.1മുതൽ 5 ക്ലാസ്സു വരെയുള്ള പഞ്ചായത്തിലെ ഏക സ്കൂളാണിത്. ഇത് സ്ഥാപിതമായത് 1943ലാണ്. എത്രയും പെട്ടന്ന് ഇവിടെ 6,7 ക്ലാസ്സുകൾ കൂടി ഇവിടെ അനുവദിച്ച് ഒരു യു.പി. സ്കൂളായി ഇതിനെ അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

ഗവ: വെൽഫയർ എൽ.പി. എസ്. താമരക്കുളം

ശ്രീ.കെ.എസ്. കൃഷ്ണ ശാസ്ത്രി കുന്നത്തൂർ എം.എൽ.എ ആയിരുന്നപ്പോൾ ഹരിജൻ പെൽഫയർ സ്കൂളായിട്ടാണ് ഈ സ്കൂൾ തുടങ്ങിയത് ഇതിന് ആവശ്യമായ സ്ഥലം അട്ടക്കുഴിശേരി ശ്രീ. കുഞ്ഞ്കുഞ്ഞ് ദാനമായി നല്കിയതാണ്. സ്വകാര്യ മാനേജ്മെന്റ് സ്കൂളായിട്ടാണ് തുടങ്ങിയതെങ്കിലും കാലാന്തരത്തിൽ ഗവൺമെന്റ് ഏറ്റെടുക്കുകയായിരുന്നു.

പി.എൻ.പി.എം. എൽ.പി. സ്കൂൾ. താമരക്കുളം

താമക്കുളം ജംഗ്ഷനിൽനിന്നും ഒരു കിലോമീറ്റർ കിഴക്ക് മാറി സ്ഥിതിചെയ്യുന്ന ഈ സ്കൂൾ 1962ൽ സ്ഛാപിച്ചു. സ്വകാര്യ മാനേജ്മെന്റ് സ്കൂളായി പ്രവർത്തിക്കുന്ന ഈ പഴക്കമുള്ള സ്കൂൾ പരേതനായ മണ്ണമ്പള്ളിൽ ശ്രീ. നീലകണ്ഠപിള്ളയുടെ ഓർമ്മയ്ക്കായി സ്ഥാപിച്ചതാണ്. പലകുറവുകളും ഈ സ്കൂളിനുണ്ട്. പ്രത്യേകിച്ച് കളിസ്ഥലം ഈ സ്കൂളിന് ഇല്ല.

എ.പി.എം.എൽ.പി.എസ്. കൊട്ടായ്ക്കാട്ടുശ്ശേരി

കായംകുളം പുനലൂർ റോഡിൽ നൂറനാട് ലെപ്രസി സാനിട്ടോറിയത്തിനടുത്ത് ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. താമരക്കുളം പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റ്. ശ്രീ. ചാമവിള കേശവപിള്ളയുടെ മാനേജമെന്റിലാണ് . ഈ സ്കൂൾ തുടങ്ങിയത്. അദ്ദേഹത്തിന്റെ മര





ണശേഷം കുടുംബാംഗങ്ങൾ സ്കൂൾ മാനേജ്മെന്റ് ഏറ്റെടുത്ത് നടത്തിവരുന്നു. പരിമിതമായ സൗകര്യങ്ങളേ ഈ സ്കൂളിനുള്ളു

ഗവ; എൽ.പി. സ്കൂൾ വേടരപ്ലാവ്

പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗമായ വേടരപ്ലാവിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ പൊതു ജനസമ്പർക്കസഹായത്തിന്റെ ഒരു പ്രതീകമാണ്. സ്കൂൾ കെട്ടിടത്തിന്റെ ശ്തലവും ഫർണ്ണിച്ചറും നാട്ടുകാരിൽ നിന്നുണ്ടാക്കി. കെട്ടിടചെലവുമാത്രം ഗവ: വഹിച്ച് സ്ഥാപിച്ച പഞ്ചായത്തിലെ ഏകസ്കൂളാണിത്. രണ്ട് സ്ഥിരകെട്ടങ്ങളോടുകൂടിയ ഈ സ്കൂളിന് ഭൗതികപ്രവർത്തനങ്ങൽ പതലും ബാക്കിനില്ക്കുന്നു.

ചിത്രശാല സ്കൂൾ ഓഫ് പെയിന്റിംഗ് പേരൂർ കാരായ്മ

ഉദ്ദേശം 15 വർഷംമുമ്പ് ആർട്ടിസ്റ്റ് ചുനക്കര കെ.ആർ.രാജൻ എന്ന വ്യക്തി തുടങ്ങിയ സ്ഥാപനമാണിത്. ഭരണിക്കാവ് ബ്ലോക്കാഫീസിനടുത്താണ് ഇതിന്റെ ആസ്ഥാനം. ഗവ: ധനസഹായത്തോടുകൂടിയും അല്ലാതെയും ഏകദേശം 30 കുട്ടികളോളം ഇവിടെ ചിത്രകല അഭ്യസിക്കുന്നു. ഇവിടെ പഠിച്ച ധാരാളം കുട്ടികൾ സ്വന്തം നിലയിൽ ചിത്രങ്ങൾ വരച്ച് ഉപജീവനം നടത്തുന്നുണ്ട്. ലളിതകലാ അക്കാദമിയിൽനിന്നും അവാർഡുകൾ ലഭിച്ച് വ്യക്തിയാണ് ശ്രീ.കെ.ആർ. രാജൻ ഇവിടെ പഠനം പൂർത്തിയാക്കിയ ധാരാളം പേർ സ്കൂളുകളിൽ ഡ്രോയിംഗ് മാസ്റ്ററായി ജോലിനോക്കിയിരുന്നു.

ഹൈസ്കൂളുകൾ

വി.വി. ഹൈസ്കൂൾ താമരക്കുളം

1936ൽ പാലയ്ക്കൽ ശ്രീ. കൊച്ചുപിള്ള നായർ പിജ്ഞാനവിലാസം എന്ന പേരിൽ ഒരു സംസ്കൃതസ്കൂൾ സ്ഥാപിച്ചു. കായംകുളം പുനലൂർ റോഡിൽ ചാരുംമൂടിനും കരിമുളയ്ക്കലിനും മദ്ധ്യേ ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. 1936ൽ ഈ സ്കൂൾ തുടങ്ങുമ്പോഴത്തെ പ്രഥമ അധ്യാപകൻ പരിയാരത്ത് ശ്രീ. അയ്യപ്പൻ നായരായിരുന്നു. അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ല. 1954ൽ ഈ സ്കൂൾ റഗുലർ മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു 1967ൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. മാനേജ്മെന്റ് അഡ്വ.ശ്രീ. കെ. ശങ്കരൻ നായരിൽ നിക്ഷിപ്തമായി. 1991ൽ എച്ച്. എം ശ്രീ. കെ. മുരളീധരൻ നായർക്ക് ദേശീയ അവാർഡ് ലഭിച്ചു. 1970-71 വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 65% വിജയം നേടി. 89-90വർഷത്തിൽ ഈ സ്കൂളിൽനിന്ന് എസ്. എസ്. എൽ. ലി. പരീക്ഷയെഴുതിയ സോജൻ എന്ന കുട്ടി എട്ടാം റാങ്കുനേടി. 1990 സംസ്ഥാനയുവജനോത്സവത്തിൽ ഗാനമേളയ്ക്ക് ഈ സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു. യുവജനോത്സവം സബജില്ലാ മത്സരങ്ങളിൽ കഴിഞ്ഞ മൂന്നുവർഷമായി ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തിവരുന്നു. ഇവിടെ 5-10 ക്ലാസ്സുവരെ ഇംഗ്ലീഷ് മീഡിയവും പ്രവർത്തിക്കുന്നു. ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലൊന്നാ

എച്ച്. എസ്. ചത്തിയറ

1956ൽ ശ്രീ കൊപ്പാറ നാരായണൻ നായർ യു.പി. സ്കൂളായി സ്ഥാപിച്ച് ഇത്. 1964ൽ ഹൈസ്കൂൾആയി അപഗ്രേഡ്ചെയ്തു. താമരക്കുളം ജംഗ്ഷന് 2 കിലോമീറ്റർ പടിഞ്ഞാറ് താമരക്കുളം -ഓച്ചിറ റോഡിൽ സ്ഥിതിചെയ്യുന്നു. തൊട്ടടുത്തുള്ള എൽ.പി. സ്കൂളിന്റെ ആവിർഭാവമാണ്. ഈ സ്കൂളിന്റെ ഉത്ഭവത്തിന് നിദാനം. ഈ സ്കൂളിലെ ശ്രീ. ജോയിക്കുട്ടി എന്ന അധ്യാപകന് 1995-96ലെ സംസ്ഥാനഅവാർഡ് ലഭിച്ചു. സാമാന്യം നല്ല വിജയശതമാനം നിലനിർത്തികൊണ്ടുതന്നെ കാര്യക്ഷമതയിലും ഈ സ്കൂൾ ശരാശരി നിലവാരം പുലർത്തുന്നു





ബി.എഡ്. സെന്റ്ർ ചത്തിയറ

കഴ്ഞ്ഞ രണ്ടുവർഷമായി ചത്തിയറ ഹൈസ്കൂളിനോട് ചേർന്ന് ഒരു ബി.എഡ്. സെന്റർ പ്രവർത്തിക്കുന്നു. ഗവൺമെന്റിൽ നിന്നും ഗ്രാന്റുകളോ മറ്റ് സഹോയങ്ങളോ ഇല്ലാതെതന്നെ ഈ സെന്ററിന് വേണ്ട കെട്ടിടവും മറ്റ് സൗകര്യങ്ങലും നല്കുിരിക്കുന്നത് ഹൈസ്കൂളിന്റെ മാനേജർ ശ്രീ നാരായണൻ നായരാകുന്നു. 250 കുട്ടികൾ ഇവിടെ പഠിക്കുന്നു.

കംപ്യൂട്ടർ സെന്റർ

സെന്റ് മേരീസ് ക്പ്യൂട്ടർ സെന്റർ എന്ന പേരിൽ ഒരു സ്വകാര്യ കംപ്യൂട്ടർ പഠന ഇൻസ്റ്റിറ്റ്യൂട്ട് ചാരുംമൂട്ടിൽ പ്രവർത്തിക്കുന്നു.

ഓമേഗാ ഐ.ടി.സി. ചാരുംമൂട്

നിലയ്ക്കൽ രാജേന്ദ്രൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ചാരുംമൂട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടാണിത്.

ട്യൂട്ടോറിയൽ കോളേജ്

ശാന്തിനികേതനം, സ്റ്റുഡൻസ്, ഹരിശ്രീ. എന്നീ മൂന്ന് ട്യൂട്ടോറിയൽ കോളേജുകൾ ചത്തിയറ വാർഡിലും ടാഗോർ ട്യൂട്ടോറിയൽസ് എന്ന് ഒന്ന് താമരക്കുളം ആരാം വാർഡിലും പ്രവർത്തിക്കുന്നു.

ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

സെനിത്, ഗീത എന്നീ രണ്ടു ഇൻസ്റ്റിറ്റ്യൂട്ടുകൾ താമരക്കുളം ആറാം വാർഡിലും ശ്യാംജി ഇൻസ്റ്റിറ്റ്യൂട്ട് പേരൂർ കാരായ്മ വാർഡിലും പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ


- സാമ്പത്തിക ബുദ്ധിമുട്ടുകൽ കൊണ്ട് സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കാൻ യാതൊരുവിധ നടപടികളും ഇല്ല.
- തൊഴിലധിഷ്ടിത വിദ്യാഭ്യാസം സാർവ്വത്രീകമായി സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടില്ല
- സാങ്കേതിക വിദ്യാഭ്യാസം നടത്തുവാനുതകുന്ന സ്ഥാപനങ്ങൾ ഗവൺമെന്റ് തലത്തിലോ പ്രൈവറ്റായോ ഈ പഞ്ചായത്തിലില്ല.
- കോളേജ് വിദ്യാഭ്യാസത്തിന് 15–20 കിലോമീറ്ററുകളോളം യാത്രചെയ്യേണ്ടിവരുന്നു.
- രണ്ടു ഹൈസ്കൂളുകളിലും പ്ലസ്ടു ഇതുവരെ തുടങ്ങിയിട്ടില്ല
- 21–ാം നൂറ്റാണ്ടിലും ഈ പഞ്ചായത്തിൽ ഒരു അംഗീകൃത കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയിട്ടില്ല
- മലിനീകരണ സാധ്യതയുള്ള വ്യവസായ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം പാടില്ല എന്നുള്ള വ്യവസ്ഥ ആരും പാലിച്ചുകാണുന്നില്ല
- അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുട്ടികളുടെ കുറവുകൊണ്ടല്ലാതെ നീയമപരമായി ഒറ്റ സ്കൂളും പാലിക്കുന്നില്ല.
- ഉപരിപഠനത്തിന് പോകേ ണ്ടവർക്ക് സർവ്വകലാശാലാ വിവരങ്ങൾ ശേഖരിക്കുവാൻ കൂടുതൽ ദൂരത്തിൽ പോകേണ്ടിപരുന്നു.
- 5–15വയസ്സുവരെയുള്ള കുട്ടികൾക്ക് പലകാരണങ്ങളാൽ വിദ്യാഭ്യാസം നഷ്ടമാകുന്നത് പുനരാരംഭിക്കുവാൻ അവരെ കണ്ടുപിടിച്ച് വേണ്ടതുചെയ്യാൻ ഏർപ്പാടുകളൊന്നുമില്ല.
- ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നില്ല. ഉദാ; 9,11 വാർഡുകൾ




- കലാ-കായിക മത്സരങ്ങൾ എന്നുപറഞ്ഞ് എല്ലാവർഷവും നടത്തുന്ന യുവജനോത്സവം, കേരളോത്സവം എന്നിവ വെറും പ്രഹസനമായി മാറുന്നു.
- നിർദ്ധനരായ വിദ്യാർത്ഥികളുടെ കാര്യത്തിൽ പൊതു ജന പങ്കാളിത്തത്തോടുകൂടി സഹായധനം എത്തിക്കുവാൻ വേണ്ട മടപടികൾ ഒന്നും കാണുന്നില്ല.
- അദ്ധ്യാപക രക്ഷാകർതൃസമിതികൾ പല സ്കൂളുകളിലും സജീവവും ശക്തവുമല്ല
- സാക്ഷരതാ പ്രവർത്തനം പഴയ രീതിയിൽ സജീവമല്ല.
- കലാലയ രാഷ്ട്രീയം നിമിത്തം വിദ്യാർത്ഥികളുടെ ശത്രുത പടനത്തിലുള്ള താല്പര്യമില്ലായ്മ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരം കാണണം
- ചുറ്റുമതിൽ, കഞ്ഞിപ്പുര, ഇലക്ട്രിക് കണക്ഷൻ, കുടിവെള്ളസൗകര്യങ്ങൾ എന്നിവ ഇല്ലാത്തസ്കൂളുകളിൽ അതിനുവേണഅടപരിഹാരങ്ങൾ കാണുക.
- പ്രശ്നപരിഹാരങ്ങൾ
- നിർദ്ധനരും സമൃദ്ധരും വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് നിർത്തിപോയവരുമായ കുട്ടികൾക്ക് വേണ്ടരീതിയിൽ സഹായം എത്തിക്കുവാൻ പഞ്ചായത്തിന്റെനേതൃത്വത്തിൽ സ്കൂൾകളെകൂടി ഉല്പ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കുക
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി എട്ടാം സ്റ്റാന്റേർഡുമുതൽ സാങ്കേതിക വിഷയങ്ങൾ കൂടി സിലബസിൽ ഉൽപ്പെടുത്തുകയാണെങ്കിൽ പത്താം ക്ലാസ്കഴിയുമ്പോൾ കോളേജുകലിലെ തള്ളിക്കയറ്റം കുറയ്ക്കുവാനും അവലവന്റെ അഭിരുചിയ്ക്കനുസരിച്ച് സാങ്കേതിക തൊഴിലുകൾ നേടുന്നതിനും പഠനത്തിനും ഉപകരിക്കും
- സാങ്കേതിക വിദ്യാങ്ഭ്യാസത്തിനുതകുന്ന ഐ.ടി.സി. ജെ.ടി. ഐ. എന്നിവ തുടങ്ങാൻ നടപടിയുണ്ടാകണം
- മൂന്നുപഞ്ചായത്തുകളുടെ സംഗമസ്ഥാനമായ ചാരുംമൂട്ടിൽ ഒരു ആർട്സ് കോളേജെങ്കിലും തുടക്കത്തിൽ ആരംഭിക്കുവാൻ പഞ്ചായത്ത് നടപടിയെടുക്കണം. സ്ഥലം കിട്ടുന്നതിനുവേണ്ടി പള്ളിക്കാരുമായി ആലോചിക്കാവുന്നതും ഒപ്പം ഒരു കമ്പ്യൂട്ടർ കോഴ്സും തുടങ്ങാവുന്നതാണ്.
- പ്ലസ്ടു തുടങ്ങുന്നതിന് രണ്ട് ഹൈസ്കുളുകളുടെ മാനേജ്മെന്റിനോടും ഒട്ടും വൈകാതെ ആവശ്യപ്പെടാവുന്നതാണ്.
- മലിനീകരണ സാധ്യതയുള്ള വ്യവസായ സ്ഥാപനങ്ങൽ സ്കൂളുകളുടെ സമീപത്ത് തുടങ്ങാൻ പഞ്ചായത്ത് അനുമതി നല്കാതിരിക്കുക.
- അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 ആക്കാൻ നടപടിയുണ്ടാകണം
- സർവ്വകലാശാല ഇർഫർമേഷൻ സെന്റർ തുടങ്ങാൻ കേരളാ യുണിവേഴ്സിറ്റിയോട് ആവശ്യപ്പെടണം.
- ഒമ്പതാം വാർഡിലൊരു എൽ.പി.എസു. 11-ാം വാർഡിൽ ഒരു യു.വി.എസും. തുടങ്ങാൻ നടപടിയുണ്ടാകണം
- കലാകായിക പ്രതിഭകളെ വാർത്തെടുക്കുവാൻ എന്നപേരിൽ നടന്നുവരുന്ന യുവജനോത്സവവും കേരളോത്സവവും മറ്റും ന്ടത്തുവാൻ വേണ്ടസമയവും സൗകര്യവും സാവകാശവുമില്ലത്ത അവസ്ഥ മാറ്റി എല്ലാം ഒത്തുചേരുമ്പോൾ മാത്രം നടത്തുക.
- നിർദ്ധനരായ കുട്ടികളുടെ പഠനത്തിന് പൂവർ സ്റ്റുഡന്റ്സ് എയ്ഡ് ഫണ്ട് എന്നൊരുസഹായനിധി പൊതുജനസമ്പർക്കത്തോടെ രൂപീകരിച്ച് അവരുടെ ആവശ്യമനുസരിച്ച് നല്കുന്നതിന് പഞ്ചായത്ത് നേതൃത്വം കൊടുക്കണെം.
- സാക്ഷരതാ പ്രവൃത്തനത്തിന് നിയുക്തമാ

യവരുമായി പഞ്ചായത്ത് സമിതി നിരന്തരം ബന്ധപ്പെട്ട് പൊതുജനക്ഷേമകരമായ പരിപാടികൾ ആസൂത്രണം ചെയ്യുക.

- അദ്ധ്യാപക-രക്ഷാകർതൃസമിതികൾ മാസത്തിലൊരിക്കലെങ്കിലും കൂടി ആവശ്യം വേണ്ട കാര്യങ്ങൾ ചർച്ചചെയ്യുക.
- കലാലയരാഷ്ട്രീയം കഴിവതും ഒഴിവാക്കുവാൻ പ്രധാനമായും അദ്ധ്യാപകരും രക്ഷാകർത്താക്കളും സാമൂഹ്യസംഘടനകളും നിരന്തരം ബോധവല്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണം.
- എല്ലാ സ്കൂളുകളിലും ലറ്റർ ബോക്സുകൾ സ്ഥാപിക്കണം
- അത്യാവശ്യമരുന്നുകൾ നിർബന്ധമായും അടക്കം ചെയ്ത ഫസ്റ്റ്എയ്ഡ് ബോക്സുകൾ എല്ലാസ്കൂളുകളിലും സൂക്ഷിക്കണം
- ചുറ്റുമതിൽ കഞ്ഞിപ്പുര, ഇലക്ട്രിക് കണക്ഷൻ പൈപ്പ് സൗകര്യം എന്നിവ ജില്ലാപഞ്ചായത്തു വഴി ക്രമേണനടപ്പിലാക്കാൻ വേണ്ടത് ചെയ്യുക.





പട്ടിക 1

താമരക്കുളം ഗ്രാമപഞ്ചായത്ത് വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

		ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർ
	സ്കൂൾ							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			ത്തിയവരുടെ
	പേര്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	എണ്ണം
1	Gov. LPS ചത്തിയറ	150	148	298	24	27	51	01	–	01	04	07	11	01	01	02	–	–	–	02
2	Gov. LPS കണ്ണനാകുഴി	71	84	155	16	19	35	–	–	–	–	–	–	–	–	–	–	–	–	–
3	Gov. LPS താമരക്കുളം (വേടരപ്ലാവ്)	37	54	91	07	14	21	–	–	–	03	02	05	–	–	–	–	–	–	–
4	Gov. W.LPS താമരക്കുളം	73	67	140	08	13	21	–	01	01	03	02	05	–	–	–	–	–	–	–
5	St. Marry's LPS ചാരുംമൂട്	281	246	527	30	40	70	–	–	–	09	03	12	–	–	–	–	–	–	–
6	P.N.P.M. LPS താമരക്കുളം	152	112	264	31+1	22	54	03	04	07	–	–	–	–	–	–	–	–	–	–
7	A.P.M.L.P.S കൊട്ടയ്ക്കാട്ടുശ്ശേരി	100	71	171	19/01	10/01	19/2	–	–	–	–	–	–	–	–	–	–	–	–	
8	V.V.H.S താമരക്കുളം	1171	1062	2233	187	169	356	32	26	58	110	112	222	–	–	–	–	–	–	–
9	H.S. ചത്തിയറ	679	641	1320	124	117	241	13	11	24	48	31	79	3	2	5	17	6	23	28

സ്കൂളിന്റെ അക്കാദമിക് സൗകര്യങ്ങളുടെ വിവരം

	ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ-എണ്ണം											ബ്ലാക്ക് ബോർഡ്						
സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല	ലബോറട്ടറി /സയൻസ് കോർണർ ഉണ്ട്/ഇല്ല	പരമ്പരാഗത ഉപകരണങ്ങൾ, മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ ഉണ്ട്/ഇല്ല	റേഡിയോ	ടേപ്	ടി.വി. സെറ്റ്	വി.സി.ആർ., വി.സി.പി.	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്	95-96ലെ അധ്യയന ദിവസം	സമരംമൂലം നഷ്ടപ്പെട്ട് അധ്യയന ദിവസങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ ദിനങ്ങൾ	വായുസംഗമം സജീവം/അല്ല	ഫ്ലാസ് റൂം പി.റ്റി.എകൾ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
Gov. LPS ചത്തിയറ	ഉണ്ട്	ഉണ്ട്	കുറച്ച്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	08	08	193	ഇല്ല	ഇല്ല	സജീവം	പ്രവർത്തിക്കുന്നു
Gov. LPS കണ്ണനാകുഴി	ഉണ്ട്	സയൻസ് കിറ്റ്,കോർണർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	08	8	193	ഇല്ല	അവധി	സജീവം	പ്രവർത്തിക്കുന്നു
Gov. LPS താമരക്കുളം	ഭാഗികം	ഭാഗികം	ഭാഗികം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	05	05	193	ഇല്ല	ഇല്ല	സജീവം	ഇല്ല
Gov. W.LPS താമരക്കുളം	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	05	05	193	ഇല്ല	ഇല്ല	സജീവം	ഇല്ല
St. Marry's LPS ചാരുംമൂട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	12	197	ഇല്ല	ഇല്ല	സജീവം	ഉണ്ട്
P.N.P.M. LPS താമരക്കുളം	ഇല്ല	ഇല്ല	ഭാഗികം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	08	08	197	ഇല്ല	03	സജീവം	ഉല്ല
A.P.M.L.P.S കൊട്ടയ്ക്കാട്ടുശ്ശേരി	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	06	05	193	ഇല്ല	ഇല്ല	സജീവം	ഉണ്ട്
V.V.H.S താമരക്കുളം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	55	55	190	ഇല്ല	ഇല്ല	സജീവം	ഉണ്ട്
H.S. ചത്തിയറ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	33	33	189	ഇല്ല	ഇല്ല	സജീവം	ഉണ്ട്

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

	കെട്ടിടങ്ങൾ എണ്ണം				മുറികൾ എണ്ണം															ഇനി ആവശ്യമായവയുടെ അണ്ണം				
	ആകെ വിവിധതരം കെട്ടിടങ്ങളുടെ എണ്ണം	സ്വന്തം	അൺഓണ്ടിലം	താല്കാലികം	സ്വന്തം	അൺഓണ്ടിലം	താല്കാലികം	ഇനിയുണ്ടാകേണ്ട കെട്ടിടങ്ങൾ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭൂമിയുണ്ട്/ ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം ഉപയോഗിക്കാവുന്ന കുട്ടികളുടെ എണ്ണം	ഇനി ആവശ്യമുള്ളവയുടെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	പ്രയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ളസംവിധാനം കിണർ/കുഴൽ	വൈദ്യുതീകരണം ഉണ്ട്/ ഇല്ല	പാചകപുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാവുന്നുണ്ടോ/ഇല്ലയോ	ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
Gov. LPS ചത്തിയറ	08	01	ഇല്ല	ഇല്ല ഹാൾ1	മുറി1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	02	10	02	02	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	30	10	10	അലമാര2 സ്റ്റീൽ 3
Gov. LPS കണ്ണനാകുഴി	1വീതം	01	ഇല്ല	ഇല്ല ഹാൾ1	മുറി1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	01	5	ഇല്ല	01	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	13	32	10	2	അലമാര3
Gov. LPS താമരക്കുളം	04	01	10	ഇല്ല ഹാൾ2	മുറി1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	02	10	ഇല്ല	02	ഇല്ല	കണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	25	02	05	അലമാര2
Gov. W.LPS താമരക്കുളം	05	01	ഇല്ല	ഇല്ല	ഹാൾ1 01	ഇല്ല	ഇല്ല	ഇല്ല	ഇല്ല	02	10	01	ഇല്ല	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	25	05	05	ബോർഡ്5 അലമാര1
St. Marry's LPS ചാരുംമൂട്	12	02	ഇല്ല	ഇല്ല	04	ഇല്ല	ഇല്ല	ഇല്ല	ഇല്ല	01	03	02	01	ഇല്ല	പൈപ്പ്	ഇല്ല	ഇല്ല	ഇല്ല	മതി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
P.N.P.M. LPS താമരക്കുളം	08	08	ഇല്ല	ഇല്ല	14	ഇല്ല	ഇല്ല	ഇല്ല	ഇല്ല	01	03	02	01	01	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	10	10	10	അലമാര1
A.P.M.L.P.S കൊട്ടയ്ക്കാട്ടുശ്ശേരി	06	03	ഇല്ല	ഇല്ല	ഹാൾ3	ഇല്ല	ഇല്ല	ഇല്ല	ഇല്ല	02	10	01	ഇല്ല	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	05	05	അലമാര3
V.V.H.S താമരക്കുളം	53	03	05	ഇല്ല	27	31	ഇല്ല	ഇല്ല	ഇല്ല	06	50	ഇല്ല	04	ഇല്ല	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	മതി	മതി	മതി	മതി	
H.S. ചത്തിയറ	33	06	05	ഇല്ല	35	20	ഇല്ല	ഇല്ല	ഇല്ല	05	40	ഇല്ല	03	ഇല്ല	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	

സ്കൂളിന്റെ പൊതുവിവരണം

	സ്കൂളിന്റെ പേര്	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം							
			സർക്കാർ	എയിഡഡ്	അൺഎയ്ഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴുവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ	സ്കൂൾ കാമ്പസിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാത്ത കെട്ടിടത്തിന്റെ വിസ്തീർണ്ണം	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1	Gov. LPS ചത്തിയറ	എൽപി.				150	148	298	09	09	ഇല്ല	ഇല്ല	51സെന്റ്	ഇല്ല	ഇല്ല	ചുറ്റുമതിലില്ല അറ്റകുറ്റപ്പണി നടത്തിയിട്ടില്ല റിപ്പയറിംഗ് നടത്തിയിട്ടില്ല
2	Gov. LPS കണ്ണനാകുഴി	എൽ.പി.				71	84	155	6	6	ഇല്ല	ഇല്ല	25സെന്റ്	5സെന്റ്	ഇല്ല	ചുറ്റുമതിൽ ഉണ്ട്അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല , റിപ്പയർ ഇല്ല
3	Gov.LPS താമരക്കുളം	എൽ.പി.				37	54	91	04	04	ഇല്ല	ഇല്ല	50സെന്റ്	20സെന്റ്	ഇല്ല	ചുറ്റുമതിലില്ല അറ്റകുറ്റപ്പണി നടത്തിയിട്ടില്ല റിപ്പയറിംഗ് നടത്തിയിട്ടില്ല
4	Gov. W.LPS താമരക്കുളം	എൽ.പി.				73	67	140	05	05	ഇല്ല	ഇല്ല	28സെന്റ്	ഇല്ല	ഇല്ല	ചുറ്റുമതിൽ പൂർണ്ണമായില്ല അറ്റകുറ്റപ്പണിയും റിപ്പയറും നടത്തിയിട്ടില്ല
5	St. Marry's LPS ചാരുംമൂട്	എൽ.പി.				281	246	527	11	11	ഇല്ല	1	2ഏക്കർ	1.5 ഏക്കർ	ഇല്ല	ചുറ്റുമതിലുണ്ട് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് റിപ്പയറിംഗ് നടത്തിയിട്ടുണ്ട്
6	P.N.P.M. LPS താമരക്കുളം	എൽ.പി.				152	112	264	09	09	ഇല്ല	ഇല്ല	28സെന്റ്	08സെന്റ്	ഇല്ല	ചുറ്റുമതിലില്ല, ഫർണിച്ചർ ഇല്ല അറ്റകുറ്റപ്പണി നടത്തിയിട്ടില്ല
7	A.P.M.L.P.S കൊട്ടയ്ക്കാട്ടുശ്ശേരി	എൽ.പി.				100	71	171	06	06	ഇല്ല	ഇല്ല	1ഏക്കർ	25സെന്ടർ	ഇല്ല	ചുറ്റുമതിലുണ്ട് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് റിപ്പയറിംഗ് നടത്തിയിട്ടുണ്ട്.
8	V.V.H.S താമരക്കുളം	എച്ച്.എസ്.				1171	1062	2233	75	75	ഇല്ല	ഇല്ല	4.5 ഏക്കർ	1.5ഏക്കർ	ഇല്ല	ചുറ്റുമതിലുണ്ട് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് ഫർണിച്ചർ റിപ്പയർ നടത്തിയിട്ടുണ്ട്
9	H.S.ചത്തിയറ	എച്ച്.എസ്				666	636	1302	51	53	ഇല്ല	ഇല്ല	04ഏക്കർ	1.5ഏക്കർ	ഇല്ല	ചുറ്റുമതിലുണ്ട് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് ഫർണിച്ചർ റിപ്പയർ ചെയ്തിട്ടുണ്ട്

അക്കാദമിക് നിലവാരം

സ്കൂളുകളുടെ പേര്	ക്ലാസ്	ആകെ	കുട്ടികളുടെ പൊതുനിലവാരം 30% താഴെ കുട്ടികൾ	30–40മാർക്ക് നേടുന്നവർ	40–50% നേടുന്നവർ	50–60% നേടുന്നവർ	60% കൂടുതൽ നേടുന്നവർ	91–92ൽ കൂടുതൽ	എസ്.എസ്. എൽ.സി. വിജയ ശതമാനം 92–93	93–94	94–95	95–96
വി.വി.ഹൈസ്കൂൾ	5	294	115	100	60	14	05					
താമരക്കുളം	5	337	125	120	70	16	06					
		7	378	135	125	95	18	05				
		8	457	185	150	80	30	12				
		9	425	175	140	75	25	10				
		10	340	140	110	65	15	10	38%	47%	51%	53%
52%												
ഹൈസ്കൂൾ	5	191	48	32	12	04	02					
ചത്തിയറ	6	237	49	31	11	05	03					
		7	189	51	29	11	06	02				
		8	263	56	24	10	06	03				
		9	246	46	30	10	06	03				
	10	194	50	30	10	06	03	–	33%	35%	45%	49%

കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച വിവരം

സ്കൂളിന്റെ പേര്	ഇന വിവരം	ജില്ലാതലത്തിൽ			സംസ്ഥാനതലത്തിൽ			ദേശീയതലത്തിൽ		
		ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	3	4	5	6	7	8	9	10	11
പി.എൻ.പി.എം എൽ.പി.എസ്സ് താമരക്കുളം	ശാസ്ത്രപ്രദർശനത്തിന്	01		02		03				
	പ്രവർത്തിമത്സരത്തിന്	-		01		01				
എച്ച്.എസ്സ് ചത്തിയറ	ജില്ലയിൽ യു.പി.എസ്സ്-ൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയതിന്	01		-		01				
വി.വി.എച്ച്.എസ്സ് താമരക്കുളം	എസ്.എസ്.എൽ.സി പരീക്ഷയിൽ 1990-ൽ സംസ്ഥാനത്ത്8-ാം റാങ്ക്	-	-	-	01	-	01			
	1991,92,93 വർഷങ്ങളിൽ ജില്ലയിൽ ഏറ്റവും ഉയർന്ന മാർക്ക്		01	02	03					

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലീംപെൺകുട്ടി സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള് സ്കോളർഷിപ്പ്	മത്സ്യത്തൊഴിലാളി-കുട്ടികൾ സ്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
സ്കൂളിന്റെ പേര്							
ഗവ: എൽ.പി.എസ്സ്	–	51	–	01			
ചത്തിയറ							
ഗവ: എൽ.പി.എസ്സ്	–	–	–	–			
താമരക്കുളം							
ഗവ: വെൽഫെയർ	–	20	–	–			
എൽ.പി.എസ്സ്							
താമരക്കുളം							
സെന്റ് മേരിസ്		03	70	–	–		
എൽ.പി.എസ്സ്							
ചാരുംമൂട്							
പി.എൻ.പി.എം		–	18	– 02			



കുടിവെള്ളം

താമരക്കുളം പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ് കിണറുകളാണ്. 5907 വീടുകൾ ഉള്ളതിൽ 4640 എണ്ണത്തോളം വീടുകളിലും സ്വന്തമായി കിണറുകൾ ഉണ്ട്. ഇവ മൊത്തം വീടുകളുടെ 80 ശതമാനത്തോളം വരും. ബാക്കിയുള്ളവർ കൂടുതലും കോളനി നിവാസികൾ അയൽ വീടുകളിലെ കിണറുകളേയും 51 ശുദ്ധജലവിതരണ പൊതുടാപ്പുകളേയും ആണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം കിണറുകളും 15 മീറ്റർ മുതൽ 35 മീറ്ററിനുമേൽ താഴ്ചയുള്ളവയാണ്. പൊതുവെ ഈ പഞ്ചായത്തിലെ ഭൂഗർഭ ജലനിരപ്പ വളരെ താഴ്ന്നതാണ്.

വെട്ടിക്കോട് ശുദ്ധജലവിതരണപദ്ധതിയിൽ നിന്നും കണ്ണനാകുഴി 1,2ഉം വാർഡുകളിലെ പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടി കണക്ഷൻ കൊടുത്തു. ഇതിൽ നിന്നും പൊതുനിരത്തിൽ ഭാഗീകമായിമാത്രമേ പൊതുടാപ്പുകൾ കൊടുത്തിട്ടുള്ളു.അതുപോലെ പേരൂർ കാരാഴ്മ വാർഡിൽ ഹരിജൻ കോളനികളിലേക്കും അതോടൊപ്പം 10 പൊതുടാപ്പുകളും ചുനക്കര ജലസേചന പദ്ധതിയിൽ നിന്നും കണക്ഷൻ കിട്ടിയിട്ടുണ്ട്. ഇതേ പദ്ധതിയിൽ വേടരപ്ലാവ് വാർഡിൽ മാവുള്ളതിൽ കോളനിയിൽ കോളനിനിവാസികൾക്ക് മാത്രമായി പ്രത്യേക ഘടകപദ്ധതിയിലുള്ള ഒരു ശുദ്ധജല വിതരണ പദ്ധതി വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രദേശമൊഴിച്ചുള്ള പഞ്ചായത്തിലെ മുഴുവൻ വാർഡിലും കുടിവെള്ള പദ്ധതി നടപ്പാക്കേണ്ടിയിരിക്കുന്നു. വേനൽക്കാലം ആരംഭിക്കുമ്പോൾ തന്നെ ഭൂരിപക്ഷം കിണറുകളും വറ്റി, വരണ്ട്, കുടിനീർ ക്ഷാമത്തിന്റെ നീരാളിപ്പിടുത്തത്തിൽ അമർന്നു പോകുന്ന സ്ഥിതിവിശേഷം നിലനില്ക്കുനനു. ജലക്ഷാമം രൂക്ഷമാകുമ്പോൾ റവന്യൂ ഡിപ്പാർട്ട്മെന്റ് എല്ലാവർക്കും ടാങ്കർ ലോറിയിൽ നാമമാത്രമായി വിതരം ചെയ്യുന്ന കുടിവെള്ളം ഈ പഞ്ചായത്തിലെ ഫലപ്രദമായ പരിഹാരമാർഗ്ഗമല്ല. ഈ പഞ്ചായത്തിലെ കുടിവെള്ളപദ്ധതി 1982ൽ ഗവൺമെന്റിൽ നിന്ന്





അനുമതി കിട്ടി പ്രവർത്തനം തുടങ്ങി. പദ്ധതിയുടെ ഭാഗമായി ചത്തിയറ വാർഡിലെ പുതുച്ചിറയിൽ ആവശ്യാനുസരണം ഭൂഗർഭജലം ഉള്ളതായി കണ്ടെത്തി. കിണർ, നിർമ്മിച്ച് ജല ലഭ്യത ഉറപ്പു വരുത്തി അതോടൊപ്പം പഞ്ചായത്തിലെ ഉയരം കൂടിയ സ്ഥലമായ എട്ടാം വാർഡിലെ പച്ചക്കാടു ജംഗ്ഷനിൽ രണ്ടു ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്കും പണികഴിപ്പിച്ചു. പ്രത്യേക ഘടകപദ്ധതിയിൽ പെടുത്തി കോളനികൾ കേന്ദ്രീകരിച്ച് 2 കുഴൽകിണറുകൾ പ്രവർത്തക്ഷമമായിട്ടുണ്ട്. മറ്റ് മൂന്നോളം കുഴൽകിണറുകൾ ജലലഭ്യതയില്ലാതെയും ഉള്ളവ ഗുണനിലവാരം ഇല്ലാത്ത ജലം ആയതിനാലും ഉപേക്ഷിക്കേണ്ടിവന്നു. ജലലഭ്യതയുള്ള രണ്ട് കുഴൽകിണറുകളിൽനിന്നും ജലവിതരണത്തിന് സ്ഥാപിച്ച പൈപ്പുകൾ ഗുണനിലവാരം ഇല്ലാത്തവയും സാങ്കിതികത്ത തകരാറുമൂലവും ഒരുതുള്ളി കുടിനീരുപോലും ജനത്തിന് കിട്ടാത്ത അവസ്ഥയിലുമാണ്. നിർദ്ദിഷ്ട പദ്ധതികൾ ശരിയായ നിലയിൽ നടപ്പിൽ വരുത്തുകയും ജലക്ഷൈമം അനുഭവിക്കുന്ന മുഴുവൻ ഭാഗത്തും പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യാനുസരണം പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ ഏതാനും വാർഡുകളിൽ ഒരു പരിധിവരെ കുടിനീർക്ഷാമം പരിഹരിക്കാവുന്നതാണ്.

നിലവിലുള്ള കുടിനീർ സാദ്ധതകളുടെ വിവരണം.

സ്വകാര്യ ഉടമയിലുള്ള കിണർ	പൊതുകിണർ	കുഴൽ കിണർ	പൊതുടാപ്പുകൾ
4640	90	2	51

അവലംബം പഞ്ചായത്തു രേഖ.

ഇപ്പോൾ കണ്ടെത്തിയിട്ടുള്ള ജലശ്രോദസ്സ് എത്രനാൾ നിലനില്ക്കുമെന്ന് ഉറപ്പില്ലെന്നാണറിവ്.

ഈ പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വയ്യാങ്കര ചിറ അസാധാരണ നീരുറവകൊണ്ട് ജലലഭ്യതയും വിസ്തീർണ്ണം കൊണ്ട് നല്ലൊരു ജലസ്രോതസ്സുമാണ്. ചിറയുടെ മൂന്നു വശത്തുമുള്ള പ്രദേശങ്ങൾ ചിറയിലേക്ക് ചരിഞ്ഞു കിടക്കുകയാണ്. ചിറയുടെ പടിഞ്ഞാറു വശം നല്ലരീതിയിൽ ചെക്ക് ഡാം പണിത് ജലം സംഭരിച്ചാൽ ജലസേചനത്തിനും കുടിവെള്ളത്തിനും മത്സ്യബന്ധനത്തിനും ഉപയോഗിക്കാവുന്നതാണ്. ഈ ചിറ താമരക്കുളം പഞ്ചായത്ത് അതിർത്തിയിൽ ഉള്ളതാണ് എങ്കിലും കൈവശാവകാശം കൊല്ലം ജില്ലയിലെ മൈനർ ഇറിഗേഷൻ വകുപ്പാണ് എന്ന ഒരു പോരായ്മ നിലനില്ക്കുന്നു. ഇത് മാറ്റിയെടുക്കേണ്ടതാണ്. മറ്റൊന്ന്, ഈ പഞ്ചായത്തിൽ നിന്നും 13 കിലോമീറ്റർ മാത്രം അകലെയുള്ളതും പ്രകൃതിദത്തനായ നീരുറവയുള്ള ശാസ്താംകോട്ട കായലിലെ വെള്ളം ലഭ്യമാക്കത്തക്ക ഒരു പദ്ധതി തയ്യാറാക്കിയാൽ ഈ പ്രദേശങ്ങളിലെ മുഴുവൻ കുടിനീർ പ്രശ്നവും ശാശ്വതനായി പരിഹരിക്കാം എന്നു കാണുന്നു. അതുപോലെ ഈ പഞ്ചായത്തിൽനിന്നും 16 കിലോമീറ്റർ വടക്കുമാറി ഒഴുകുന്ന അച്ചൻകോവിലാറിലെ ജലനമ്പത്തും നമ്മുടെ പ്രധാന ജലസ്രോതസ്സായി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു പഞ്ചായത്തിന്റെ പദ്ധതി വിഹിതം





കൊണ്ട് മാത്രം നടക്കുകയില്ല എന്നുള്ളതിനാൽ മറ്റു പഞ്ചായത്തുകളെയും ഉൾപ്പെടുത്താവുന്നതാണ്.

പ്രശ്നങ്ങൾ.

- വേനൽക്കാലം ആകുന്നതോടം എല്ലാം കിണറുകളും വറ്റിപ്പോകുന്നു.
- ജലസമ്പത്ത് വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല.
- നിലവാരമുള്ള പദ്ധതികൾകാര്യക്ഷമമാകുന്നില്ല.
- നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ കാര്യക്ഷമത തീരെ തൃപ്തികരമല്ല
- ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയുടെ അഭാവം
- പൈപ്പ് ലൈൻ എല്ലാവാർഡുകളിലും ഇടവഴികളിലും എത്തിച്ചിട്ടില്ല.
- വീടുകളിൽ പൈപ്പ് കണക്ഷൻ കിട്ടുന്നില്ല
- എല്ലാവർക്കും സ്വകാര്യ കിണറുകൾ ഇല്ല.
- പ്രശ്ന-പരിഹാര നിർദ്ദേശങ്ങൾ
- പൊതു കിണറുകളെല്ലാം ആഴം കൂട്ടി ഉപയോഗപ്രദമാക്കിയും സ്വകാര്യ കിണറുകൾക്ക് സഹായം വേണ്ടവയ്ക്ക് സാമ്പത്തികസഹായം കൊടുത്തും എല്ലാ കിണറുകളും പരിരക്ഷിക്കുക.
- പേരൂർകാരാണ്മ വാർഡിൽ കൊടശ്ശംകുന്നത്ത് ചിറ, ഒമ്പതാം വാർഡിൽ കുളത്താക്കരകുഴി മേക്കുമുറിയിൽ കുവേലിച്ചിറ എന്നിവിടങ്ങളിൽ കുഴൽകിണറുകൽ സാഥാപിക്കുക. 3,6,9,10 എന്നീ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.
- ധാരാളമായി ഒഴുകിപ്പോകുന്ന ഉപരിതലജലത്തെ ശാസ്ത്രീയമായ രീതിയിൽ തടഞ്ഞു നിർത്തി ഒരു 'നീർമറി' പദ്ധതി തയ്യാറാക്കിയാൽ കുടിനീർ പ്രശ്നത്തിനും ജലക്ഷാമത്തിനും ഒരു പരിധിവരെ പരിഹാരമാകും. ഉദാ; വയ്യാങ്കരച്ചിറ, വെള്ളമൊഴുക്കുതോടുകൾ.
- നിലവിലുള്ള കുഴൽ കിണറിനേക്കാൾ പ്രാധാന്യം മേലിൽ മറ്റ് പദ്ധതികൾക്കു നല്കുക.
- 14 വർഷങ്ങൾക്ക് മുമ്പ് നടപ്പിലാക്കാൻ ഉദ്ദേശിച്ചതും പ്രവർത്തനം മന്ദഗതിയിൽ ഇരിക്കുന്നതുമായ ശുദ്ധജലപദ്ധതി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുക.
- വെട്ടിക്കോട് പദ്ധതിയിൽ നിന്നും ഉള്ള പൈപ്പ് ലൈൻ കണ്ണനാകുഴി ഒന്നും രണ്ടും വാർഡുകലിൽ പൈപ്പ്ലൈൻ ഇല്ലാത്ത ഭാഗങ്ങളിൽകൂടി സ്ഥാപിക്കുക.
- പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടില്ലാത്ത പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉടനടി പൈപ്പ്ലൈൻ സ്ഥാപിക്കുക
- നാളിതുവരെ പൈപ്പ്ലൈൻ എത്തിയിട്ടില്ലാത്ത പത്താ ംവാർഡിൽ ലെപ്രസിസാനിട്ടോറിയം ഉൾപ്പെടെ പലഭാഗങ്ങളിലായി 5 കിലോമിറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കുക.
- ഒമ്പതാം വാർഡിൽ ലക്ഷംവീട്, ചിറയിൽ കോളനി, കല്ലിശ്ശേരിക്കോളനി, മുളകുതോപ്പിൽ കോളനി, കോതകുളം എന്നീ കോളനികളേയും ബന്ധിപ്പിച്ച് 7 കിലോമിറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കണം.
- എട്ടാം വാർഡിൽ വിവധ ഭാഗങ്ങളിലായി 6 കിലോമീറ്റർ ദൂരം പൈപ്പ്ലൈൻ വേണം.
- ഏഴാം വാർഡിൽ തുണ്ടുവിള, പെരുംപള്ളിൽ ചാങ്കൂത്തറ എന്നീകോളനികളെ ഉൾപ്പെടുത്തി വാർഡിൽ വിവധ ഭാഗങ്ങളിലായി 4 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.
- 11-ാം വാർഡിലെ ലക്ഷംവീട് ഉൾപ്പെടെ 3 കിലോമീറ്റർ ദൂരം പൈപ്പ്ലൈൻ കുരുക്കശ്ശേരി പൊരുവിക്കൽ, മണ്ണാരേത്ത് എന്നീ

കോളനികളെക്കൂടി ഉൾപ്പെടുത്തി 5 കിലോ മീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കണം.

- അഞ്ചാംവാർഡിൽ പുന്നക്കുറ്റി കോളനി, ചുടുകുറ്റി, കോയിക്കലേത്ത് എന്നീ കോള നികളെ ഉൾപ്പെടുത്തി ആറു കിലേമീറ്റർ ദൂരവും പൈപ്പ് ലൈൻ സ്ഥാപിക്കുക.
- 4-ാം വാർഡിൽ കാട്ടിറക്കത്ത്, ചെറ്റാരിക്കൽ, കിഴക്ക് കുഴിവേലിൽതെക്ക് എന്നീ കോള നികളെ ഉൾപ്പെടുത്തി ആറു കിലോമീറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക.
- മൂന്നാം വാർഡിൽ ആലുവിള, മാർട്ടിൻ, വേലിക്കകത്ത് എന്നീ കോളനികളെ ഉൾപ്പെ ടുത്തി 5കിലോമീറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക.
- രണ്ടാം വാർഡിലെ കോട്ടുവയലിൽ കോള നിയും മറ്റ് ഹരിജൻ സങ്കേതങ്ങളും കൂടി ഉൾപ്പെടുത്തി 3 കിലോമീറ്റർ ദൂരത്തില്ഡ പൈപ്പ്ലൈൻ സ്ഥാപിക്കുക.
- ഒന്നാം വാർഡിൽ പഞ്ഞിമൂല, ചക്കാല യ്ക്കൽ കല്ലിരിക്കും വിള എന്നീ കോളനി കളേയും കൂടി ഉൾപ്പെടുത്തി നാലു കിലോ മിറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ ഇടുക.
- നാലാംവാർഡിൽ നിലവിലുള്ള മാവുള്ള തിൽ കോളനിയിലെ കിണറ്റിൽനിന്നും അതിനോടുചേർന്നുള്ള പമ്പുസെറ്റുപയോ ഗിച്ച് അടുത്തുള്ള ടാങ്കിൽ വെള്ളം നിറച്ച് വാർഡുമൊത്തം കുടിവെല്ളമെത്തിക്കാൻ സാധിക്കുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖാമൂലം ഉന്നത ഉദ്യോഗസ്ഥരെ അറിയി ച്ചതിന്റെ ഫലമായി ഏറ്റവും വരൾച്ചയനുഭ വിക്കുന്ന ഭാഗത്തേക്ക് നാലു കിലോമീറ്റർ നീളത്തിൽപൈപ്പുലൈൻ സ്ഥാപിക്കാൻ 4.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ളതാകു ന്നു. കൂടാതെ വകുപ്പുമന്ത്രിക്കും ഉന്നതോ ദ്യോഗസ്ഥർക്കും പഞ്ചായത്തു തലത്തിൽ നേരിട്ട് നിവേദനവും നല്കിയിട്ടുണ്ട്. ആയ തിനാൽ നിലവിലുള്ള ഇത്രയും അനുകൂല സാഹതര്യങ്ങൾ കണക്കിലെടുത്ത് ഈ വാർഡിൽ മൊത്തത്തിൽ കുടിവെള്ളമെത്തി ക്കാനുള്ള സത്വര നടപടിയുണ്ടാകണം.
- താമരക്കുളം കുടിവെള്ള പദ്ധതിയുടെ ഭാഗ മായി വെള്ളം പമ്പുപയോഗിച്ച് ടാങ്കിൽഎ ത്തിക്കുന്നതിനുള്ള കുഴലുകൾ ഉപയോഗ പ്രദമല്ലാത്തതിനാൽ പദ്ധതി നടത്തിപ്പിന്റെ കാലതാമസം വർദ്ധിപ്പിക്കുന്നു. ഈ കാല താമസം ഒഴിവാക്കുന്നതിനായി സർക്കാ രിന്റെ ഇടവെടലിനുവേണ്ടി വകുപ്പുമ ന്ത്രിയ്ക്കും ബന്ധപ്പെട്ട ഉന്നതഉദ്യോഗസ്ഥ ന്മാർക്കും പഞ്ചായത്തുകമ്മറ്റി നേരിട്ട് നിവേ ദനം നടത്തിയിട്ടും യാതൊരു പുരോഗ തിയും കാണാത്ത സ്ഥിതിവിശേഷമാണ് ആകയാൽ ഉപയോഗപ്രദമല്ലാത്ത ഈ പൈപ്പുകൾ എത്രയും പെട്ടന്നു മാറ്റി നല വാരമുള്ളവ സ്ഥാപിക്കേണ്ടതാണ്.
- 2000 -ാം മാണ്ടോടുകൂടി എല്ലാവർക്കും കുടി നീർ എന്ന പദ്ധതിനടപ്പാക്കുക.





പൊതുജനാരോഗ്യം

താമരക്കുളം പഞ്ചായത്തിൽ പകർച്ചവ്യാധികൾ താരതമ്യേന കുറവാണ് എങ്കിലും നല്ലൊരു വിഭാഗം ജനങ്ങളുടെ അജ്ഞത നിഷേധം ഇവകൊണ്ടുണ്ടാകുന്ന അപൂർവ്വം ചില പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. ഈ പഞ്ചായത്തിലെ 70 ശതമാനം വീടുകളിൽ സ്വന്തമായി നിർമ്മിച്ച് ഗവൺമെന്റ് വിവിധ പദ്ധതികളിൽ കൂടി നിർമ്മിച്ചു നൽകിയതുമായ കക്കൂസുകളുണ്ട്. ഈ പദ്ധതികളിൽ കൂടിയുള്ള കക്കൂസുകളുടെ നിർമ്മാണം തുടരുകയും ചെയ്യുന്നു. അല്പംകൂടി ശ്രദ്ധചെലുത്തി ഒമ്പതാം പദ്ധതി പൂർത്തിയാകുമ്പോൾ കക്കൂസില്ലാത്ത ഒരു കുടുംബവും ഈ പഞ്ചായത്തിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തണം. ഇരുപതു വർഷങ്ങൾക്ക് മുമ്പ് നടപ്പാക്കിയ പദ്ധതികൾ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലായതിനാൽ അവകൂടി മാറ്റിസ്ഥാപിക്കണം. മാത്രമല്ല സ്ഥലത്തിന്റെ സ്വഭാവമനുസരിച്ച് കക്കൂസ് നിർമ്മാണ രീതിയിൽ വ്യത്യാസം വരുത്തേണ്ടതാണ്. അമ്പതു ശതമാനം വീടുകളിലും നിരുപദ്രവപരമായി ഒഴുക്കിക്കളയുന്നതിനും ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പ്രത്യേക സംവിധാനമോ രീതികളോ നിലവിലില്ല. ഈ പഞ്ചായത്തിലെ മാലിന്യങ്ങളുടെ ഉറവിടങ്ങളായി എടുത്തുപറയാവുന്ന സ്ഥലങ്ങളിൽ പ്രധാനമായി താമരക്കുളം പബ്ലിക്ക് മാർക്കറ്റ്, പഞ്ചായത്താഫീസിന് മുന്നിലുള്ള മൂത്രപ്പുരയും പരിസരവും, ചാരുംമൂട്ടിലെ പൊതുമൂത്രപ്പുരയും ആകുന്നു. അതുപോലെ ഈ പഞ്ചായത്തിലെ അനധികൃതമായ ഇറച്ചിവെട്ടും വിപണനവും പരിസരമാലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങളാണ്.

ഒരു അളവുവരെ കശുവണ്ടി ഫാക്ടറികളുടെ കറയും കരിയും പുകയും പരിസരമലിനീകരണത്തിനും അന്തരീക്ഷ മലിനീകരണത്തിനും കാരണമാകുന്നു.





പഞ്ചായത്തുടമയിലുള്ള പൊതുസേവനമേഖലയുടെ വിവരങ്ങൾ

വാർഡ് നമ്പർ	മൂത്രപ്പുരകൾ	കക്കൂസ് കൾ	പൊതു ടാപ്പുകൾ	പൊതു കുഴൽകിണർ	പൊതു കിണർ	കുളിക്കടവുകൾ
1	–	–	23	–	6	1
2	–	–	17	–	11	1
3	1	–	10	–	10	3
4	–	–	26	–	14	1
5	–	–	–	1	9	2
6	1	1	1	2	6	3
7	–	–	–	–	9	–
8	–	–	–	–	7	4
9	–	–	–	–	8	2
10	–	–	–	–	3	1
11	–	–	–	–	7	–
ആകെ	**2**	**1**	**77**	**3**	**90**	**18**





താമരക്കുളം ഗ്രാമപഞ്ചായത്തിൽ ചത്തിയറ വാർഡിന്റെ തെക്കേയറ്റത്തു വാടകകെട്ടിടത്തിൽ 1982ൽ പ്രവർത്തനം തുടങ്ങിയ ഒരു പബ്ലിക് ഹെൽത്ത് സെന്ററും (പി.എച്ച.സി.) നൂറനാട് സാനിട്ടോറിയത്തിനോടനുബന്ധിച്ചുള്ള ഒരു ആശുപത്രിയും മാത്രമാണ്. കെട്ടിടം പണിക്കുംമായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചെങ്കിലും നാളിതുവരെ പണിതുടങ്ങുവാനുള്ള യാതൊരു നടപടിക്കും ഗവൺമെന്റ് ഭാഗത്തു നിന്നുണ്ടായിട്ടില്ല. പി. എച്ച.സി.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഉണ്ടെങ്കിലും കെട്ടിടം പണി തുടങ്ങിയിട്ടില്ല. നിലവിലുള്ള പി.എച്ച്.സി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനപ്പെടുത്താൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് പഞ്ചായത്തിന്റെ മധ്യമേഖലയിലും വടക്കൻ മേഖലയുമായി ഓരോ ആയുർവേദാശുപത്രിയും ഹോമിയോ ആശുപത്രിയും സ്ഥാപിക്കേണ്ടതായുണ്ട്.

ആരോഗ്യസ്ഥാപനവിവരങ്ങൾ

1.	പി.എച്ച്.സി. താമരക്കുളം	അലോപ്പതി	1	4	1	–	–	18	
2.	ഫാമിലിവെൽ ഫെയർ സെന്റർ	അലോപ്പതി	–	–	–	–	6	–	–
3.	ലപ്രസിസാനി ട്ടോറിയം ആശു:	അലോപ്പതി	1	–	–	–	–	–	31
4.	ആയുർവ്വേദിക്	ആയുർവേദം	–	6	–	–	–	–	6
5	ഹോമിയോ ചികിത്സ	ഹോമിയോ	–	3	–	–	–	–	3

1934–ാം മാണ്ടിൽ (1110 എം.ഇ) നൂറനാട് ലപ്രസി സാനിട്ടോറിയം കുഷ്ഠരോഗികളെ അധിവസിപ്പിച്ച് ചികിത്സിക്കാൻ വേണ്ടിമാത്രമായിരുന്നു സ്ഥാപിച്ചത്. എന്നാൽ ഈ പ്രദേശത്ത് യാതൊരുവിധ സർക്കാർ ചികിത്സാസ്ഥാപനങ്ങളും ലഭ്യമല്ലാതിരുന്നതിനാൽ ഈ ആശുപത്രിയോട് നാട്ടുകാർക്ക് എതിർപ്പുണ്ടാകുകയും ആ എതിർപ്പിന് നിരുത്സാഹപ്പെടുത്തുന്നതിനായി നാട്ടുകാർക്കുകൂടി പ്രയോജനം കിട്ടത്തക്ക രീതിയിൽ ഒരു ഒ.പി.വിഭാഗം പരിമിതമായ സൗകര്യത്തോടുകൂടിയാണെങ്കിലും രാജാവ് നേരിട്ട് അനുവദിക്കുകയുണ്ടായി. പേവിഷം, പാമ്പുവിഷം എന്നീ മാരകരോഗത്തിന് ഈ പഞ്ചായത്ത് ഫലപ്രദമായ ശുശ്രൂഷാ സംവിധാനങ്ങൾ ഇല്ല. ലപ്രസി സാനിട്ടോറിയം ആശുപത്രിയിൽ ജർമൻ മിഷനറിമാരുടെ സേവനം മുൻപുണ്ടായിരുന്നു. ഗവൺമെന്റ് ഉടമയിൽ ഇവർക്ക് വിദഗ്ദചികിത്സ ലഭ്യമാക്കണം. രണ്ടായിരാമാണ്ടോടുകൂടി കുഷ്ഠരോഗനിവാരണം പ്രക്രിയ പൂർണ്ണമാകും എന്നാണ് ഔദ്യോഗിക അറിവ്. അതു ശരിയാണെന്ന് കാണിക്കുന്ന രേഖയാണ് ആശുപത്രിയിൽ ഇന്നുള്ള കുഷ്ഠരോഗികളുടെ നില. രണ്ടായിരത്തോളം രോഗികൾ ഉണ്ടായിരുന്നിടത്ത് 700 അന്തേവാസികളേ ഇന്നുള്ളൂ.

താമരക്കുളം, ചുനക്കര, നൂറനാട്, പാലമേൽ, വള്ളികുന്നം, കൊല്ലം ജില്ലയിലെ വടക്കൻ ഭാഗമായ ശൂരനാട്, പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ എന്നീ പഞ്ചായത്തിലെ ജനങ്ങൾ 15 മുതൽ 20 കി.മീ. വരെ ദൂരങ്ങളിൽ സ്ഥിതിചെയ്യുന്ന മാവേലിക്കര, കായംകുളം,





കരുനാഗപ്പള്ളി, അടൂർ എന്നീഗവൺമെന്റ് ആശുപത്രികളെ ശരണം പ്രാപിക്കേണ്ട സ്ഥിതിയാണിന്നുള്ളത്. ഇതിനൊരു പരിഹാരമായി നൂറനാട് ലപ്രസി സാനിട്ടോറിയത്തെ രണ്ടായിരാമാണ്ടിനു മുമ്പ് തന്നെ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റേണ്ടതാണ്.

ആരോഗ്യപരിപാലന സ്ഥിതിവിവരം

ആകെ വീടുകൾ	ജനസഖ്യ	കുടുംബാസൂത്ര ണമാർഗ്ഗം സ്വീകരിച്ചവർ	അംഗവൈകല്യം ഉള്ളവർ	സ്ഥായിയായ രോഗമുള്ളവർ	പ്രതിരോധകുത്തിവെയ്പ് നടത്തിയവർ	1995-96 ലെ ഒ.പി.
5907	24470	2705	87	526	277	10928

കുടുംബക്ഷേമപദ്ധതിയുടെ പരിധിയിൽവരുന്ന 90 ശതമാനം ദമ്പതികളും സ്ഥിരമായ കുടുംബാസൂത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. ജനന നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ വളരെ കുറവാണ് (1.7 ശതമാനം) 70 ശതമാനം കുടുംബങ്ങളിലും മൂന്നുകുട്ടികളിൽ താഴെയാണ്. ഈ പഞ്ചായത്തിൽ മരണനിരക്കും കുറവാണ്. (0.6 ശതമാനം) മെച്ചപ്പെട്ട് ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ കുറവാണെങ്കിലും സാക്ഷരതയിലും സാംസ്കാരികമായും ജനങ്ങൾ ബോധവാന്മാരായതുകൊണ്ടാണ് ജനനമരണനിരക്കുകൾ കുറയാൻ കാരണം.

പ്രശ്നങ്ങൾ

- പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം അപര്യാപ്തമാണ്.
- പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭ്യമല്ല.
- ജനസംഖ്യ ആനുപാധിക സബ്സെന്ററുകളില്ല
- സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമല്ല.
- ആയുർവേദ ചികിത്സയ്ക്കും ഹോമിയോ ചികിത്സയ്ക്കും സർക്കാർ സൗകര്യം ലഭ്യമല്ല.
- പരിസര ആരോഗ്യ ശുതീകരണ നടപടികൾ വേണ്ടത്രയില്ല.
- പൊതുജനാരോഗ്യ രോഗപ്രതിരോധ നടപടികളുടെ ബോധവല്ക്കരണം ഇല്ലായ്മ
- ആരോഗ്യ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.
- പേവിഷം പാമ്പുവിഷം എന്നീ മാരകരോഗ ചികിത്സയ്ക്ക് സർക്കാർ സംവിധാനം ഇല്ല.
- വിദഗ്ദ ഡോക്ടറന്മാരുടെ സേവനം പോസ്റ്റുമാർട്ടം സൗകര്യം എന്നിവ ലഭ്യമല്ല.
- താമരക്കുളം പബ്ലിക്മാർക്കറ്റ് ചാരുംമൂട് ജംഗ്ഷൻ എന്നീ ജനങ്ങൾകൂടുതലായി തങ്ങുന്ന സ്ഥലങ്ങളിൽ പ്രാഥമികസൗകര്യങ്ങളും ശുചീകരണവും ഇല്ല.
- എല്ലാവർക്കും നല്ലനിലയിലുള്ള കക്കൂസുകളില്ല
- കക്കുസുകളും കിണറുകളുമായുള്ള അകലം കുറവാണ്.





പ്രശ്ന പരിഹാരങ്ങൾ

- പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് സ്ഥിരമായതും പത്തു കിടക്കകൾ ഉള്ളതുമായ ഒരു കെട്ടിടവും രണ്ടാമത് ഒരു ഡോക്ടറും അനുബന്ധസ്റ്റാഫും ലബോറട്ടറി സൗകര്യവും ആവശ്യത്തിന് മരുന്നും ലഭ്യമാക്കണം
- ജനസംഖ്യാനുപാതികമായി സബസെന്ററുകളും പഞ്ചായത്തിന്റെ കിഴക്കും മദ്ധ്യവും കേന്ദ്രീകരിച്ച് ഓരോ ആയുർവേദ ചികിത്സാലയവും ഹോമിയോചികിത്സാലയവും ഗവൺമെന്റ് ഉടമയിൽ ഉണ്ടാകണം. സ്കൂൾതലത്തിലുള്ള ആരോഗ്യ പരിപാടികൾക്ക് മുഖ്യസ്ഥാനം കൊടുത്ത്. പദ്ധതി തയ്യാറാക്കണം. പൊതു ജനാരോഗ്യം രോഗപ്രതിരോധ നടപടികൾ പരിസരശുചീകരണം എന്നിവയ്ക്ക് മുൻതൂക്കം കൊടുത്ത് വിദഗ്ദരെക്കൊണ്ട് ജനങ്ങളെ ബോധവല്ക്കരണം നടത്തണം
- പേവിഷം തടയുന്നതിനായി വളർത്തുനായ്ക്കൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുകയും പ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന ഒരു പട്ടിയും പഞ്ചായത്തിൽ ഉണ്ടാകാതെ നോക്കുകയും വേണം.
- പാമ്പുവിഷ ചികിത്സ നൂറനാട് ആശുപത്രിയിൽ വിദേശമിഷിനറിമാരുടെ സഹായത്താൽ ഉണ്ടായിരുന്നത് ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. ഗവൺമെന്റുടമയിൽ പാമ്പുവിഷ ചികിത്സ അടിയന്തിരമായി ഉണ്ടാകണം. വേടരപ്ലാവ് വാർഡിലെ ചെക്കാട്ടുതറ കുടുംബത്തിന്റേതായ സ്വകാര്യവിഷ ചികിത്സയ്ക്ക് പ്രോത്സാഹനം നൽക്കുയും പൊതു ഉടമയിൽ ചികിത്സ വ്യാപിപ്പിക്കുകയും വേണം.
- നൂറനാട് ലെപ്രസിസാനിട്ടോറിയം ആശുപത്രിയെ എല്ലാ ആധുനികസജ്ജീകരണങ്ങളും ഉപകരണങ്ങളും മരുന്നും സ്വഷ്യലിസ്റ്റ് ഡോക്ടറൻമാരും പോസ്റ്റുമാർട്ടം സൗകര്യാർത്ഥം മോർച്ചറിയും ഉള്ള ഒരു സൂപ്പർസ്പേഷ്യാലിറ്റി ഹോസ്പിറ്റൽ ആയി ഉയർത്തണം.
- താമരക്കുളം പബ്ലിക്മാർക്കറ്റ്, ചാരുംമൂട് ജംഗ്ഷൻ എന്നിവിടങ്ങളിൽ ഓരോ പബ്ലിക് കംഫർട്ട്സ്റ്റേഷൻ സ്ഥാപിക്കണം.
- രണ്ടായിരാമാണ്ടോടെ ഈ പഞ്ചായത്തിലെ മുഴുവൻ കക്കൂസില്ലാത്ത കുടുംബങ്ങൾക്കും നല്ലരീതിയിലുള്ള കക്കൂസുകൾ ഉണ്ടാകണം ''ഓരോ കുടുംബത്തിനും ഒരു കക്കൂസ്" ഇതായിരിക്കണം മുദ്രാവാക്യം.
- കക്കൂസും കിണറും തമ്മിലുള്ള ദൂരപരിധി ക്രമീകരിക്കാൻ നടപടിവേണം.
- നിലവിലുള്ളതും പുതിയതായി തുടങ്ങുന്നവയുമായ വ്യവസായശാലകൾ അന്തരീക്ഷ പരിസര മലിനീകരണത്തിന് ഇടവരാതെ നടപടി സ്വീകരിക്കണം. മാർക്കറ്റും പരിസരവും മറ്റ് പൊതു സ്ഥലങ്ങളും ശുചിയായി സൂക്ഷിക്കാൻ നടപടി വേണം.
- ലപ്രസി സാനിട്ടോറിയത്തിലെ അന്തേവാസികളുടെ അടിയന്തിരമായ ആവശ്യങ്ങൾക്കാ ഉടനടി പരിഹാരമുണ്ടാകണം. ചുറ്റുമതിൽ പുനഃരുദ്ധരിക്കുക, വാർഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക. വെള്ളം വൈദ്യുതി എന്നിവ ലഭ്യമാക്കുക. റേഷൻ ചെരുപ്പ് ഇവ ആവശ്യാനുസരണം ലഭ്യമാക്കുക, പേഷ്യന്റിന് എംപ്ലോയിസി അലവൻസ് വർദ്ധിപ്പിക്കുക. അന്തേവാസികളുടെ ക്ഷേമപ്രവർത്തനം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരുവിദഗ്ദ സമിതിയെ നീയമിക്കുക. ഇവയാണ് ആവശ്യങ്ങൾ.
- സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടമുണ്ടാകണം.
- വേടരപ്ലാവിലുള്ള എഫ്.ഡബ്ല്യു.സി.ന് പഞ്ചായത്തു വക കല്ലുകുളത്തിന് വടക്കുവശമുള്ള പത്തുസെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക.

ഗതാഗതം



ആലപ്പുഴ ജില്ലയുടെ തെക്കു കിഴക്കായി സ്ഥിതിചെയ്യുന്ന താമരക്കുളം പഞ്ചായത്ത് ഗതാഗതകാര്യത്തിൽ വളരെ പിന്നോക്കംനിന്നിരുന്ന ഒരു ഗ്രാമമാണ്. കായംകുളം -പുനലൂർ റോഡ് കടന്നുപോകുന്നതിന്റെ തെക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമം എന്നുള്ള നിലയിൽ സമീപകാലത്തായി ഗതാഗതകാര്യത്തിൽ കുറേയോറെ മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടുണ്ട്. കൊല്ലത്തു നടന്ന പ്രശസ്ത നാടക സമിതിയായ രാജമണിയും കമ്പനിയുടെ നാടകം കാണുന്നതിനായി കാളവണ്ടിവിളിച്ച് പോയിട്ടുള്ളതായി പ്രായമായവർ പറഞ്ഞുകേട്ടിട്ടുണ്ട്. അന്നത്തെ കാളവണ്ടിയുഗത്തിൽ സാമാന്യം ഭേഗപ്പെട്ട ഗതാഗതസൗകര്യങ്ങൾ ഇന്ന് നിലവിലുണ്ട്.

പട്ടകടവ്-കരുവാറ്റ, എസ്.ജി.കെ. എം.എസ്, കായംകുളം - ഓയൂർ എസ്. പി.എം.എസ്. തുടങ്ങിയ ആദ്യകാല ബസ് സർവ്വീസുകൾ ഇന്ന് നിലവിലില്ല. ഏങ്കിലും പുതുതായി കടന്നുവന്ന 60ൽപരം ബസുകൾ ഇന്ന് ഈ പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്നുണ്ട്

11 വാർഡുകളിലായി ആകെ 148.46 കിലോമീറ്റർ റോഡുകളാണ് പഞ്ചായത്തിന്റെ ആധീനതയിലുള്ളത്. ഇതിൽ 18.60 കി.മീ. ടാർ റോഡുകലും 129.73 കിലോമീറ്റർ ഗ്രാവൽ റോഡുകതളുമാണ്. ഇതുകൂടാതെ പി.ഡബ്ല്യൂഡീയുടെ നീയന്ത്രണത്തിൽ 16 കിലോമീറ്റർ റോഡുകളുണ്ട്. ഇവ പൂർണ്ണമായും ടാർ റോഡുകളാണ്. ചാരുംമൂട് - ശാസ്താംകോട്ട റോഡ്, താമക്കുളം - ഓച്ചിറ റോഡ് എന്നിവയാണ് പ്രധാനപ്പെട്ട റോഡ്കൾ. യാത്രാസൗകര്യത്തിന്റെ കാര്യത്തിൽ ഏക ആശ്രയം സർവ്വീസ് ബസുകളാണ്

സ്വകാര്യമേഖലയിലും പൊതുമേഖലയിലുമുള്ള ബസ് സർവ്വീസുകൾ ഏറെക്കുറെ തൃപ്തികരമായി നടക്കുന്നുണ്ട്. എങ്കിലും കണ്ണനാകുഴി 1,2 വാർഡുകലിലൂടെ വേടരപ്ലാവ് ഗുരുനാഥൻ കുളങ്ങല വഴി പഞ്ചായത്തിന്റെ ആസ്ഥാന



മായ താമരക്കുളത്തിന് ബസ് സർവ്വീസ് ഇല്ലാതിരിക്കുന്നത് ഒരു പരാധീനത യായി തുടരുന്നു. പ്രധാനപ്പെട്ട ഹൈസ്കുളായ ചത്തിയറ സ്കൂൾ, ബി എഡ് സെന്റ്ർ, പി.എച്ച്.സി, മൃഗാശു പത്രി എന്നിവ സ്ഥിതിചെയ്യുന്ന ചത്തി യറ നിന്ന് പാവുമ്പാവഴി ചാരുംമൂടിന് സർവ്വീസ് ഒഴിച്ചുകൂടുവാനാവാത്ത ആവ ശ്യമായി നിലനില്ക്കുന്നു. പഞ്ചായത്ത് ആസ്ഥാനത്തുനിന്നും പച്ചക്കാടിന് ചാവ ടിജംഗ്ഷനിൽനിന്നും പുത്തൻചന്ത വഴി കൊട്ടയ്ക്കാട്ടുശ്ശേരി നൂറനാട് ബസ് ഇവി ടുത്തെ ജനങ്ങളുടെ ചിരകാലമായി പൂവ ണിയാത്ത ഒരാവശ്യമായി തുടരുന്നു. പഞ്ചായത്തിലെ പത്താം വാർഡിൽ ലപ്രസി സാനിട്ടോറിയത്തിന്റെ പടിഞ്ഞാ റുവശത്തുകൂടി മലനട, ചാമക്കാലിൽ ജംഗ്ഷിനിൽകൂടി താമരക്കുളത്തേ ക്കുള്ള ബസ് സ്ർവ്വീസ് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കേണ്ടിയി രിക്കുന്നു.

ജലഗതാഗതം

ജലഗതാഗതത്തിന് ഈ പഞ്ചായ ത്തിൽ സാധ്യതയില്ല, തീവണ്ടി ഗതാഗ തവും ഇപ്പോൾ നിലവിലില്ല. പരിഗണ നയിലുള്ള കായംകുളം-പുനലൂർ-ചെ ങ്കോട്ട റയിൽവേലൈൻ യാഥാർത്ഥ്യമാ യാൽ താമരക്കുളം പഞ്ചായത്തിൽ കണ്ണ നാകുഴി വാർഡിലൂടെയും ശേഷിച്ച ഭാഗ ങ്ങൾ ചുനക്കര പഞ്ചായത്തുക ളിലൂടെയും കടന്നുപോകുന്നതാണ്.

നിലവിലുള്ള പ്രശ്നങ്ങൾ

നിലവിലുള്ള ടാർ റോഡുകൾ വീതിക്കുട്ടുക, ഗ്രാവൽ റോഡുകൾ ടാർ ചെയ്യുക. പുതിയ റോഡുകള നിർമ്മിക്കു ക. ചെറിയ കലുങ്കുകൾ കെട്ടി വാർഡു കൾ തമ്മിൽ റോഡുകൾ വഴി ബന്ധിപ്പി ക്കുക എന്നിവയാൽ പ്രധാനമായും റോഡുകളെ സംബന്ധിച്ചുള്ള പ്രശ്ന ങ്ങൾ. ഇവയെല്ലാം വാർഡിതല വിശേ ഷാൽ ഗ്രാമസഭകളിലുടെ ഉയർന്നു വന്നിട്ടുണ്ട്. ഇവ പ്രത്യേക അനുബന്ധ മായി ചേർത്തിട്ടുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

റോഡുകളെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ നടപ്പാ ക്കുക അസാദ്ധ്യമായിരിക്കും. കാരണം നൂറുകണക്കിൻ കി.മീറ്റർ ദൂരം റോഡു കൾ ടാർ ചെയ്യുകയും ഒപ്പം അതിലേ റെ പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള സാമ്പത്തിക സംവി ധാനത്തിന്റെ കുറവുതന്നെ. എന്നാൽ വിവിധ പദ്ധതികളിൽപെടുത്തി മുൻഗ ണനാക്രമത്തിൽ കുറഞ്ഞചെലവിൽ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാ യരീതിയിൽ റോഡുകലുടെ പണി പൂർത്തിയീക്കാവുന്നതാണ്. അതോ ടൊപ്പം FRF, DRF, MP Fund, NREP, RLEGP, JRY, തുടങ്ങിയ പദ്ധതികളിലൂടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന രോഡുകൽക്ക് നിലവിൽ മെയിന്റനൻസി നുള്ള സംവിധാനം PWDപൊലെ ഇല്ലാ യില്ലാത്തിതിന്റെ ഫലമായി അറ്റകുറ്റപ്പ ണിക്ൾക്കായി പ്രത്യേകസംവിധാനം കൂടി നിലവിൽ വരേണ്ടതാണ്.

ഗതാഗതം സംബന്ധമായ പ്രശ്ന ങ്ങളെപ്പറ്റിചിന്തിക്കുമ്പോൾ നിലവിലുള്ള റോഡുകൽ അനധികൃതമായി കയ്യേറു ന്നത് ഗതാഗതം തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുനീയമം പാലിക്കാതെ യുണ്ടാകുന്ന വീടുകളും കച്ചവടസ്ഥാപ നങ്ങളും പൂർണ്ണമായി ഒഴുവാക്കുകയും ചെയ്യേണ്ടതാണ്. റോഡുകൾ വീതി കൂട്ടു മ്പോൾ ഗതാഗതത്തിൽ തടസ്സമായി



വരുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും യഥാസമയം നീക്കി സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ടപരെ നിർബന്ധിക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ റോഡിനെ സംബന്ധിക്കുന്ന വിവരം

വാർഡ്	ടാർറോഡ്	ഗ്രാവൽ	ആകെ
	കി.മീ.	കി.മീ.	കി.മീ.
1	.600	12.840	13.440
2	2.000	7.480	9.480
3	1.200	9.520	10.720
4	5.500	21.675	27.175
5	1.500	22.200	23.700
6	3.500	12.300	15.800
7	–	4.700	4.700
8	2.000	16.750	18.750
9	2.000	10.970	13.170
10	0.300	5.850	6.150
11	–	5.450	5.450
ആകെ	**18.600**	**129.735**	**148.465**





റോഡുകൾ
വാർഡ് തിരിച്ചുള്ള ആവശ്യങ്ങൾ

വാർഡ് 1

- കാവിൽ താഴെ ജംഗ്ഷൻ മുതൽ വരിക്കോലിൽ താഴെവരെ- അവിടെ നിന്നും വിളയിൽ അയ്യത്ത് ജംഗ്ഷൻ വരെറോഡ് നിർമ്മിക്കുക.
- ചക്കിട്ടജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് അത്യത്തിവരെയുള്ള റോഡു പണി നടത്തുക.
- പുതുപുരക്കൽ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് റ്റി.എ കനാൽ വരെയുള്ള റോഡ് പണിയുക.
- മുണ്ടൻ പ്ലാവിൽ ജംഗ്ഷൻ മുതൽ പടിഞ്ഞാറ് അത്യത്തിയിലുള്ള റോഡ് പണിനടത്തുക.
- ചീപ്പ്മുക്കു മുതൽ തെക്കോട്ട് മണൽ വരമ്പിന് കിഴക്കുവശത്തുകൂടി ഉള്ള റോഡ് പണിയുക.
- ആലുംമൂട് പീടിക മുക്കുമുതൽ തെക്കോട്ട് ഹരിജൻ കോളനി വഴി ചീപ്പുമുക്കുവരെ.
- കാവുംതാഴെ മുതൽ കിഴക്കോട്ട് നീങ്ങി തെക്കോട്ട് കൈതക്കര വയൽ വരെ.
- മീനത്തുവിള ജംഗ്ഷൻ മുതൽ വടക്കോട്ട് വയലിൽ നടുംതോഡ് വരെ.
- മതിലകത്ത് തെക്ക് മുതൽ കിഴക്കോട്ട് വയൽ വരെ.
- വിളയിലയ്യത്ത് മുക്ക് മുതൽ തെക്കോട്ട് മാച്ചിക്കുളം വരെ.
- ചിക്കെഴത്ത് മുക്ക് മുതൽ മുണ്ടെത്തി വയൽവഴി കോട്ട വിളമുക്ക് വരെയുള്ള റോഡ്.

വാർഡ്-2

- പ്ലാന്തടം തോട് സൈഡ് വാൾകെട്ടി നടപ്പാതയും നീരൊഴുക്ക് തോടും ഉണ്ടാക്കണം.
- പ്ലാന്തടം റോഡ് വീതിക്കൂട്ടി റോഡിന്റെ കിഴക്ക് ഭാഗം ഉയർത്തിയും റോഡിന്റെ കിഴക്കരികിൽ നിന്നു വടക്കോട്ട് ഓടകെട്ടി വെള്ളച്ചാട്ടം വടക്കോട്ട് ഒഴിച്ചുവിട്ട് റോഡ് മെയിന്റനൻസ് ചെയ്യുക.
- എള്ളുംവിള മുക്കുമുതൽ വടക്കോട്ട് കരിമുളക്കൽ റോഡ് ടാർ ചെയ്യണം.
- കോറാട്ടുജംഗ്ഷൻ -വെട്ടിക്കോട്ട് റോഡിന്റെ പൂവള്ളൂർ ചിറയിലുള്ള കലുങ്ക് പുതുക്കി പണിയുക.
- വേളൂർ പടിഞ്ഞാറു വശത്തുകൂടിയുള്ള വഴി പീതി കൂട്ടി പൂവത്തൂർ ചിറയുമായി യോജിപ്പിക്കണം.
- വിളയിൽ കിഴക്ക് പൂവത്തൂർ ചിറ റോഡ് മെയിന്റയിൻ ചെയ്യണം.
- കല്ലുകുളം- ലക്ഷംവീടുറോഡ് കല്ലുകുളം -പൂവണ്ണം റോഡും ടാറിംഗ് നടത്തണം.





- കണ്ണനാകുഴി എൽ.പി.എസ് -വള്ളി കുന്നം റോഡ് ടാർ ചെയ്യണം.
- തരുഉള്ള കിഴക്കുവശത്ത് തെക്കോ ട്ടുള്ള വഴി വീതികൂടി സഞ്ചാരയോ ഗ്യമാക്കണം.
- കോറാട്ടുകിഴക്കതിൽ മുസ്ലിം കോള നിയിലേക്കുള്ള വഴി സഞ്ചാരയോഗ്യ മാക്കണം.
- കളത്തട്ടുജംഗ്ഷൻ മുതൽ മാംമൂട്ട് ജംഗ്ഷൻവരെയും കോറാട്ടുജം ഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് വാർഡ് അതൃത്തിവരെയുള്ള റോഡ് റീടാ റിംഗ് നടത്തുക.
- ചിറ്റക്കാട്ടേത്തു വടക്കുവശ ത്തുനിന്നും വടക്കോട്ട് മാങ്കൂട്ടത്തി ലേക്ക് പോകുന്ന വഴി വടക്ക് വയലുവരെ എത്തുന്നതിന് സംവി ധാനം ഉണ്ടാക്കണം.
- കളിത്തട്ട് ജംഗ്ഷൻ മുതൽ വടക്കോട്ട് വയലിലേക്ക് പോകുന്ന വഴി സഞ്ചാ രയോഗ്യമാക്കണം.
- എള്ളുംവിള വീടിന് കിഴക്കുഭാഗത്ത് തെക്കോട്ടുള്ള വഴി വീതികൂട്ടി വൃത്തിയാക്കണം.

വാർഡ്-3

- ചാരുംമൂട് ജംഗ്ഷന് തെക്കുവശത്തെ കെ.ഐ.പി കനാൽ റോഡ് മുള്ളു വേലി മാറ്റി സഞ്ചാരയോഗ്യമാക്കുക.
- മുൻപുണ്ടായിരുന്ന താമരക്കുളം കണ്ണനാകുഴി വഴി കറ്റാനം കായംകുളം സർവ്വീസ് പുനരാരംഭി ക്കുക.
- ചാരുംമൂട് ജംഗ്ഷനിൽനിന്നും വേട രപ്ലാവ് വഴി മലമേൽ ചന്തവഴി കരു നാഗപ്പള്ളി, കൊല്ലം ബസ്സ് സർവ്വീസ് തുടങ്ങാനുള്ള നടപടി വേണം.
- ചാരുംമൂട് ചത്തിയറ റോഡ് ഉടൻ റീടാർ ചെയ്യണം.
- കാഞ്ഞിരവിളജംഗ്ഷനിൽ നിന്നും വേടരപ്ലാവ് ആലുവിള കോളനിവഴി കനാൽ ജംഗ്ഷനിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ പണി ടാറിംഗ് ഉൾപ്പടെ ചെയ്യുക.
- റോഡുകളുടെ സൈഡ് ഓടകൾ കാലാകാലങ്ങളിൽ സംരക്ഷിക്കണം.

വാർഡ്-4

- ചാരുംമൂട് കരിമുളക്കൽ എന്നിവിടങ്ങ ളിൽ നിന്നും പാലക്കൽ മുക്ക്- കിണ റുവിളക്ക് കന്നിലേത്ത് മുക്ക് വഴി വേടരപ്ലാവ് എൽ.പി.എസ്, ചത്തിയറ എച്ച്.എസ് ജംഗ്ഷൻ വഴി ഓച്ചിറ ക്കും, കരുനാഗപ്പള്ളിക്കും ഓരോ ബസ്സ് റൂട്ട് ഉടൻ അനുവദിക്കുക.
- വേടരപ്ലാവ് എൽ.പി.എസിന് വടക്കു വശത്തുകൂടി കിഴക്കോട്ടുള്ള വഴി ഗതാഗത യോഗ്യമാക്കണം
- ഞായറാഴ്ച മുക്കുമുതൽ കിഴക്കോട്ട് താമരക്കുളം ചന്തവരെയുള്ള റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്ക ണം.
- തണ്ടളത്തുമുക്ക് മുതൽ പടിഞ്ഞാ ട്ടുള്ള റോഡ് സഞ്ചാരയോഗ്യമാ ക്കണം
- പറങ്കാവിളമുതൽ കിഴക്കോട്ട് വയ ലിൽ കൂടി മുക്കുഴി വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക

വാർഡ്-5

- ചത്തിയറ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ പുന്നകുറ്റി കോളനി, പി.എച്ച്. സെന്റർ വഴി ചിറക്കൽ ക്ഷേത്രത്തിന് വടക്കുവശം വരെയുള്ള റോഡ് മോറ്റൽ ചെയ്ത് ടാറിംഗ് നടത്തുക.
- ചത്തിയറക്ഷേത്രത്തിന് തെക്കുവഴം





മുതൽ പുതുച്ചിറയുടെ മധ്യഭാഗത്തു കൂടി കടുവിനാൽ പ്രദേശവുമായി ബന്ധിപ്പിക്കുന്ന റോഡ് നന്നാക്കുക.

- കിണറുവിളമുക്കുമുതൽ താമരക്കുളം - ഓച്ചിറ റോഡുവരെയുള്ള റോഡ് നന്നാക്കുക.
- കിണറുവിള കോളനിയിൽ കല്ലുവിള മുക്കുമുതൽ കിഴക്കോട്ട് ചത്തിയറ പുഞ്ചവരെയുള്ള റോഡ്നന്നാക്കുക.
- ഞായറാഴ്ച മുക്കുമുതൽ താമരക്കുളം ജംഗ്ഷൻ വരെയുള്ള റോഡിന്റെ ടാറിംഗ്.
- പൊയ്കയിൽ മുക്കുമുതൽ കന്നിമേലയ്ത്ത് മുക്കുവരെയുള്ള റോഡുപണി.
- കോയിക്കത്തറ കോളനി മുതൽ ചുടുകുറ്റി കോളനി വരെയുള്ള റോഡ് നന്നാക്കുക.
- ചുറ്റിക്കുഴി കോളനിജംഗഷൻ മുതൽ പൊയ്കകുറ്റി റോഡുവരെയുള്ള റോഡ് നന്നാക്കുക.
- ചിറമുഖം മുതൽ ചിറക്കൽ അമ്പലം വരെയുള്ള റോഡ് ടാറ് ചെയ്യുക.

വാർഡ്- 6

- താമരക്കുളം പഞ്ചായത്തു ജംഗ്ഷനിൽ ഒരു ട്രാഫിക് ഐലന്റ് സ്ഥാപിക്കുകയും. സ്ഥലവും ദൂരവും രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യണം.
- താമരക്കുളം ചന്തക്കു വടക്കുവശം പാറജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടുള്ള റോഡ് വീതി കൂട്ടി വെട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.
- ഇരപ്പൻപാറ ജംഗ്ഷനിൽനിന്നും വടക്കോട്ടുള്ള വഴി വീതികൂട്ടി വെട്ടുക. ഒപ്പം കുഴലിച്ചിറയിലേക്ക് പുതിയൊരു റോഡ് വെട്ടുക
- പൊതുവത്തിൽ വടക്കേമുക്കിൽനിന്നും കിഴക്കോട്ടുള്ള വഴി വീതിക്കൂട്ടി നെടിയാണിക്കൽ ക്ഷേത്രം ജംഗ്ഷനിൽവരെ പുതിയ റോഡ് നിർമ്മിക്കുക.
- കല്ലൂരേത്ത് ജംഗ്ഷനിൽനിന്നും പടിഞ്ഞാറോട്ട് വേടരപ്ലാവിലേക്കുള്ള റോഡും, പുരുവിക്കൽ കോളനിയിലേക്കുള്ള റോഡും കയറ്റംവെട്ടി നിരപ്പാക്കി ടാർ ചെയ്യുക
- മുത്താടത്ത് ജംഗ്ഷനിൽ നിന്നും ചാവടി ജംഗ്ഷനിലേക്കുള്ള നടപാതതെങ്ങിനാൽ വയലിൽ കൂടി പുതിയ റോഡുവെട്ടി ബന്ധിപ്പിക്കുക.
- ഭജനവിലാസം ജംഗംഷനിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡ് വീതികൂട്ടി ടാർചെയ്യുക. അതിൽ വേലിക്കകത്തു പടിഞ്ഞാറുള്ള തോടിന് കുറുകേ ഒരു കലുങ്ക് കെട്ടി പടിഞ്ഞാറേ റോഡുമായി, ഈരിയ്ക്കൽ ജംഗ്ഷനിൽനിന്നുള്ള റോഡുമമായി ബന്ധിപ്പിക്കുക
- താമരക്കുളം ജംഗംഷനിൽ എല്ലാവിധ വാഹനങ്ങൾക്കും സൗകര്യപ്രദമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക
- ഗുരുനാഥൻ കുളങ്ങരനിന്നും കിഴക്കോട്ടുള്ള ഗ്രാവൽ റോഡ് ടാർ ചെയ്യുക.
- ചാവടിക്ക് വടക്ക് പാലവിളജംഗ്ഷൻവരെയുള്ള റോഡ് ടാർ ചെയ്യുക.

വാർഡ്-7

- നെടിയാണിക്കൽ ക്ഷേത്രത്തിന് തെക്കുവശത്തുകൂടി തെക്കോട്ട് തടത്തിൽ വയലിലേക്ക് റോഡ്, ടാറിംഗ് ഉൾപ്പടെയുള്ള പണി നടത്തുക.
- വെൽഫയിർ എൽ.പി.എസ്. മുതല



പാലവിള റോഡ് ടാർ ചെയ്യുക

- ഇരപ്പൻപാറ മുതൽ പളുങ്കുഴി വരെയുള്ള റോഡ് ടാർ ചെയ്യുക.
- പറമ്പിൽ ജംഗഷനിൽനിന്നും വടക്കോട്ട് താമരക്കുളം മാർക്കറ്റിൽ സന്ധിക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കി തോടിന് കുറുകേ പാലം കെട്ടുക.
- കുളത്തിന്റെതെക്കുമുതൽ പടിഞ്ഞാറോട്ട് പുഞ്ചവരെയുള്ള റോഡ് വെട്ടി വാഹനസഞ്ചാരയോഗ്യമാക്കുക.
- പെരുമ്പെള്ളി കോളനി ചാമവിള കോളനി ഇവിടുള്ള റോഡുകൾ നന്നാക്കി.
- ഒന്നാം മയിൽ ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് കോയിക്കലേത്ത് ജംഗ്ഷൻ സന്ധിക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.
- ഒന്നാം മൈൽ ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് കോയിക്കലേത്ത് ജംഗ്ഷനിൽ സന്ധിക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.
- കൊച്ചുവാലേത്തു മുതൽ കിഴക്കോട്ട് മീനത്തേ മുക്കുവരെയുള്ള റോഡ് മെയിന്റയിൻ ചെയ്യുക
- മുളം കുറ്റി മുക്ക് മുതൽ കിഴക്കോട്ട് നെടുംബ്രരളം വിളമുക്കുവരെയുള്ള റോഡ് ടാർ ചെയ്യുക.

വാർഡ്-8

- പച്ചക്കാട്ട് മുതൽ ആർ.കെ.യു.പി. എസ് വരെയുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യുക.
- പച്ചക്കാട്ട് - ചാലമുക്ക് റോഡ് ടാർ ചെയ്യുക.
- പച്ചക്കാട്ട് കശുവണ്ടി ഫാക്ടറി മുക്കിൽനിന്നും വടക്കോട്ടും തെക്കോട്ടുമുള്ള റോഡ് ടാർ ചെയ്യുക.
- പച്ചക്കാട് കോളനി റോഡ് വെട്ടി ടാർ ചെയ്യുക
- പുത്തൻചന്ത മുതൽ കാഞ്ഞിരവിള ജംഗ്ഷൻ വരെ റോഡ് റീ ടാറിംഗ് നടത്തുക
- പുത്തൻ ചന്തയ്ക്ക് കിഴക്ക് കണ്ടത്തിൽ പീടിക മുക്കുമുതൽ കിഴക്കോട്ട് രണ്ടുപ്ലാവിള വീടിന് വടക്കുവശത്തുകൂടി കോളനിയിലേക്കുള്ള റോഡ് വീതികൂട്ടി ടാർ ചെയ്തു ഇതിന് തുടർച്ചയായി കിഴക്കോട്ട് കൊച്ചുപ്ലാവിള ജംഗ്ഷൻ വഴി കൊടുവര വയലിലേക്കുള്ള റോഡ് വീതികൂട്ടി വെട്ടുക.
- വിളയിൽ കിഴക്കേമുക്കു മുതൽ വാഴപ്പള്ളി ജംഗ്ഷൻ റോഡ് ടാർ ചെയ്യുക.
- കല്ലുവച്ചയ്യത്ത് ജംഗ്ഷൻ മുതൽ നാലുതുണ്ടിൽ മുക്ക് വരെയുള്ള റോഡ് വീതികൂട്ടുക.
- നെടിയത്ത് മുക്ക് മുതൽ പനവേലിൽ കുളം വരെയുള്ള റോഡ് ടാർ ചെയ്യുക
- മണ്ണം പള്ളിമുക്കുമുതൽ കിഴക്കോട്ട് വയലുവരെയുള്ള റോഡ് ടാർ ചെയ്യുക.
- പച്ചക്കാട് ജംഗ്ഷൻ ടച്ച്ചെയ്ത് ബസ് റൂട്ട് അനുവദിക്കുക.
- ഇമ്പിടാംവിള മുതൽ കിഴക്ക് വടക്കോട്ട് പാലമേൽ റോഡിൽ സന്ധിക്കുകന്ന റോഡ് സഞ്ചായോഗ്യമാക്കുക
- തറയിൽ പടിഞ്ഞാറ് മുക്കുമുതൽ നാലുമുക്കുവരെയുള്ള റോഡ് ടാർ ചെയ്യുക.





- ഗുരുനാഥൻ കുളം മുതൽ കിഴക്കോട്ടുള്ള റോഡ് ടാർ ചെയ്യുക.
- താമരക്കുളം വരെയുള്ള ബസ്സുകൾ പച്ചക്കാടുവരെ നീട്ടുക.

വാർഡ്–9

- താമരക്കുളം ചാവടി ജംഗ്ഷനിൽ നിന്നും ചുടലയിൽ മുക്ക് വഴി കെ. പി. റോഡിൽകൂടി മുമ്പുണ്ടായിരുന്ന ബസ്സ് റൂട്ട് പുനരാരംഭിക്കുക.
- കരുനാഗപ്പള്ളിയിൽനിന്നും ഓച്ചിറയിൽനിന്നും താമരക്കുളം വരെയുള്ള ബസ് സർവ്വീസ് പുത്തൻചന്ത, ചടലയിൽ മുക്കുവഴി അടൂരിലേക്ക് നീട്ടുന്നതിന് നടപടിയെടുക്കുക.
- അടൂരിൽ നിന്നും നൂറനാട്ടുവരെയുള്ള ബസ്സ് സർവ്വീസ് ടി. റോഡുവഴി താമരക്കുളത്തേക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് രജിസ്ട്രാറിൽ ഉൾക്കൊണ്ടിട്ടുള്ള ഒമ്പതാം വാർഡിലെ എല്ലാ റോഡുകളും വെട്ടി ടാർചെയ്യുക.
- ചുടലയിൽ മുക്ക് മുതൽ ചാവയിവരെയുള്ള റോഡ് റീ ടാർ ചെയ്യുക.

വാർഡ്–10

- അഞ്ചുമൂല മുക്കുമുതൽ പടിഞ്ഞറോട്ടുള്ള റോഡ് വീതികൂട്ടി വെട്ടി വാഹനഗതാഗതയോഗ്യമാകുക.
- നാട്ടു വാതുക്കൽ മുക്കു മുതൽ പടിഞ്ഞാറോട്ട് വാർഡ് അതിർത്തിവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കണം
- സാനിടോടറിയത്തിന് തെക്ക് മുളംകുറ്റിമുക്കുമുതൽ കിഴക്കോട്ട് പാലച്ചുവടുവരെയുള്ള റോഡ് വെട്ടി നന്നാക്കുക
- പനങ്ങാട്ടുശ്ശേരി ജംഗ്ഷൻ മുതൽ 9–ാം വാർഡുമായി ബന്ധിപ്പിക്കുന്ന റോയ് സഞ്ചാരയോഗ്യമാക്കുക.
- മലനട ക്ഷേത്രത്തിന് കിഴക്കോട്ട് കോളനിയിലേക്ക് നിലവിലുള്ള വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
- കണ്ണഞ്ചാരേത്ത് മുക്കുമുതൽ ഇലവുള്ളതിൻ മുക്കുവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.
- പറയംകുളം മുതൽ കുന്നിൽമുക്കുവരെയുള്ള റോഡ് ടാർ ചെയ്യുക.

വാർഡ് 11

- നെടിയാണിക്കൽ ക്ഷേത്രം മുതൽ കോയിക്കൽ തടം വരെയുള്ള റോഡ് ടാർ ചെയ്യുക
- ഡബ്ല്യൂ.എൽ.പി. ജംഗ്ഷൻ മുതൽ പാലവിള ജംഗ്ഷൻ വരെയുള്ള റോഡ് ടാർ ചെയ്യുക
- പണ്ടാരവിളജംഗ്ഷനിൽനിന്നും ചിറയിലേക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക.
- താമരക്കുളം പാറക്കടവ് പി.ഡബ്ല്യൂ റോഡിന്റെ മുളംകുറ്റിമുക്കുമുതൽ മണ്ണുവാരി മുക്കുവരെ സൈഡ് കെട്ടി റോഡ് സംരക്ഷിക്കുക.
- പുതുപ്പുരയ്ക്കൽ ലക്ഷംവീട് കോളനിമുതൽ വയ്യാങ്കരചിറവരെ റോഡ് വെട്ടി സഞ്ചാരയോഗ്യമാക്കുക.
- പറങ്കാംവിള മുക്കുമുതൽ കോയിക്കൽ തടം വരെ വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.





ഊർജ്ജം

ഊർജ്ജപ്രതിസന്ധിനേരിടുന്ന ഒരു ഗ്രാമമാണ് താമരക്കുളം പഞ്ചായത്ത്. മുൻകാലങ്ങളേക്കാൾ ഊർജ്ജത്തിന്റെ ആവശ്യം ഇന്ന് വർദ്ധിച്ചിരിക്കുകയാണ്. വീടുകളിലും ഭക്ഷണശാലളിലും വ്യവസായ ശാലകളിലും പൊതുറോഡുകളിലും പൊതുസ്ഥാപനങ്ങളിലും ഊർജ്ജത്തിന്റെ ആവശ്യകത വർദ്ധിച്ചു. പഴയ ജിവിത ശൈലിയിൽ നിന്നുള്ള മാറ്റം ഊർജ്ജ ഉപഭോഗത്തിൽ ദൃഷ്യമാണ്. വിറക് ലഭ്യത കുറയുകയും പകരം മണ്ണെണ്ണ ഗ്യാസ് എന്നിവ കടന്നുവരുകയും ചെയ്യുന്നു. വെളിച്ചത്തിന് മണ്ണെണ്ണ പകരം വൈദ്യുതിയും കാർഷിക മേഖലയിൽ സൗരോർജ്ജവും നല്ല വിധത്തിൽ ഉപയോഗിക്കുന്നു. ധാന്യങ്ങൾ ഉണക്കാനും വിത്ത് വർഗ്ഗം ഉണക്കിസൂക്ഷിക്കുന്നതിനും സൗരെർജ്ജം ഉപയോഗിക്കുന്നു. കൂടാതെ വൈക്കോൽ ധാന്യങ്ങൾ എന്നിവ നാം കാലങ്ങളായി ഉണക്കുന്നതിന് ഉപയോഗിച്ചിരുന്ന മുറ്റവും കളങ്ങളും തണൽ വ്യാപിക്കുകയും സൂര്യതാപം നേരിട്ട് കിട്ടാത്ത അവസ്ഥ ഉണ്ടാവുകയും ഇത് പലതരത്തിലും കർഷകരെ പ്രത്യേകിച്ച് നെൽ കർഷകരെ ബാധിക്കുകയും ചെയ്തിട്ടുണ്ട

വിറക്

മുൻകാലങ്ങളെ അപേക്ഷിച്ച് വിറകിന്റെ ഉപയോഗം കുറവാണ്. വികിന്റെ ലഭ്യത കുരഞ്ഞതോടെ വീടിന്റെ നല്ലൊരുവിഭാഗം (ധനികർ) മണ്ണെണ്ണ സ്റ്റൗവിലേക്കും ഗ്യാസ് സ്റ്റൗവിലേക്കും മാറി. എന്നാലും ഈ ഗ്രമത്തുലെ 80 ശതമാനം വീടുകളുലും ഇപ്പോഴും വിറകാണ് ഉപയോഗിക്കുന്നത്. കരുവയും ചപ്പുച വറും ഉണക്കിയും ചുള്ളിയും നേരിയതോതിൽ ഭക്ണം പാചകം ചെയ്യുന്നതിനും കന്നുകാലികൾക്കുള്ള ആഹാരം പാകം ചെയ്യുന്നതിനും ഉപയോഗിക്കുന്നു. ചായക്കടകളിലും ഹോട്ടലുകളിലും മുൻകാലങ്ങളെ അപേക്ഷിച്ച്





വിറകിന്റെ ഉപയോഗം കൂടുതലാണ്. താഴ്ന്നവരുമാനക്കരും സാധാരണ ചായക്കടകളിലും മരപ്പെട്ടി ഉപയോഗിച്ചുള്ള കുറ്റി അടുപ്പുകൾ ഭക്ഷണം പാകം ചെയ്യുതിന് ഉപയോഗിക്കുന്നു. ഇതു വളരെ ലാഭകരമാണ്.

വീട്ടാവശ്യങ്ങൾക്ക് ഗോബർ ഗ്യാസ് പ്ലാന്റ് 3 എണ്ണം ഈ പഞ്ചായത്തിൽ ഇപ്പോൾ അത് ഉപയോഗശൂന്യമാണ്. ആവശ്യം കൂടി ഉള്ളതിനാൽ ആവകയിൽ ഉപയോഗം കൂടാൻ സാധ്യതയണ്ട്.

മണ്ണെണ്ണ

വെളിച്ചം ലഭിക്കുന്നതിന് മണ്ണെണ്ണ വിളക്കുകൾ മാത്രം ആശ്രയിച്ചിരുന്ന ഗ്രാമം ഇപ്പോൾ ഭൂരിഭാഗം വീടുകളിലും വൈദ്യതിയെ ആശ്രയിച്ചിരിക്കുകയാണ്. വീയുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ആയതിനാൽ അവിടെയെല്ലാം മണ്ണെണ്ണ വിളക്കുകളാണ് ശരണം.

വൈദ്യുതി

വൈദ്യുതിയുടെ ഇപയോഗം സാമൂഹ്യമാറ്റത്തുനനുസരിച്ച് വർദ്ധിച്ച് റ്റി.വി, ഫ്രിഡ്ജ്, മിക്സി, ഫാൻ തുടങ്ങിയ ഗർഹിക ഉപകിണങ്ങളുടെ ഉപയോഗം വൈദ്യുതിയുടെ ഇപയോഗം വർദ്ധിച്ചു.. അതിനനുസരിച്ചുള്ള വൈദ്യതി ലഭ്യമല്ലാതെവരികയും ചെയ്തതോടെ പൊതുവിൽ ക്ഷാമം അനുഭവപ്പട്ടു. പുതിയ ലൈനോ ആവശ്യത്തിനുള്ള ട്രാൻസ്ഫോർമറുകളോ സ്ഥാപിക്കാത്തത് വോൾട്ടേജ് ക്ഷാമത്തിനാകാരണമായി.

മുപ്പതി വർഷങ്ങൾക്ക് മുമ്പ് ഉണ്ടയിരുന്ന ഉപഭോഗം വളരെ പരിമിതമായിരിന്നു. വെളിച്ചത്തിനും ഫാനിനും റേഡിയോയ്ക്കും അന്നത്തെ മിതമായ വീുകളിൽ അന്ന് സുലഭമായ വോൾട്ടേജ് കിട്ടുയിരുന്നു. എന്നാൽ ഇന്നത് പോരാതെ വന്നിരിക്കുന്നു. കാലമാറ്റത്തിൽ വൈദ്യുതി സാർവ്വത്രികമായി ഉപയോഗിക്കുവാൻ തുടങ്ങി. പുതിയ ട്രാൻർഫോർമറും 11 കെ.വി. ലൈനും വന്നു. ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും വ്യവസായ സംരംഭങ്ങൾ മുന്നോട്ട് വരുകയും ചെയ്തതോടെ വൈദ്യുതി എല്ലാമേഖലകളിലും വ്യാപിക്കുകയും ഉപയോഗം വർദ്ധപക്കുകയും ചെയ്തു. അമിതമായ ഗാർഹിക ഉപയോഗം വോൾട്ടേജ് ക്ഷാമത്തിനാ ഇടവരുത്തി. പിതിയ എൽ.റ്റി. ലൈനുകളോ 11 കെ.വി. വൈുകളോ ഉയർന്ന കാര്യക്ഷമതയുള്ള ട്രാൻസ്ഫോർറുകളോ ആവശ്യത്തിനില്ല എന്നതിന്നാൽ ഭൂരിഭാഗം വീടുകളിലും വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നു. കൂടാതെ ബോർഡിന്റെ ആകെ സ്ഥിതി തീരെ തൃപ്തികരമല്ല. വൈദ്യുതി നൽകുന്നതിനുള്ള നിയന്ത്രണം പുതുതായി വയറിംഗ് നടത്തി കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുന്ന വരെ നിരാശരാക്കിയിരിക്കുകയാണ്.

ഈ പഞ്ചായത്തിലെ വൈദ്യുതി നിയന്ത്രണവും ഭരണവും ചരുംമൂട് മേജർസെക്ഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ അധീനതയിൽ കറ്റാനം സബ് ഡിവിഷൻ അസി



സറ്റന്റ് എൻജിനിയറുടെ മേൽനോട്ടത്തിലും അധീനതയിലും ആണ്. ഇടപ്പോൺ , അടൂർ, ശാസ്താംകോട്ട സബ്സ്റ്റേഷനുകളിൽനിന്നും 11 കെ.വി. ലൈൻ ഇവിടെ എത്തുന്നു. ഇവിടെ 13 ട്രാൻസ്ഫോർമറുകളുണ്ട്. ഇനിയും 8-ാം വാർഡിൽ പച്ചക്കാട്, 7-ാം വാർഡിൽ നാല്മുക്ക്, 9-ാം വാർഡിൽ റേഡിയോ ജംഗ്ഷൻ, 10-ാം വാർഡിൽ നവജോതി ജംഗ്ഷൻ എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതായുണ്ട്. കൂടാതെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി നഷ്ട്ടം തടയുന്നതിനും ലൈനുകളിൽ കിടക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ച്മാറ്റി അനാവശ്യ ഉപയോഗങ്ങൾ ഒഴിവാക്കുവാൻ ഗാർഹിക ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്ന നടപടി ഉണ്ടാകേണ്ടതുമാണ്. കുറഞ്ഞ വോൾട്ടേജിൽ കത്തുന്ന ഇലക്ട്രോണിക് ചോക്കുള് ട്യൂബുകളും ഉപയോഗിക്കുന്നതിന് പ്രചോദനവും പ്രചരണവും ഉണ്ടാകുന്നു. കാര്യക്ഷമമായ സേവനവ്യവസ്ഥ ഈ വകുപ്പിൽനിന്നും ഉറപ്പാകേണ്ടതുണ്ട്. സമയാസമയത്തു നടത്തേണ്ട അറ്റകുറ്റപ്പണി ഈ മേഖലയിൽ കാര്യക്ഷമത വളർത്തുന്നതിന് സഹായകരമാകും. പൊതുനിരത്തുകളിലെ വൈദ്യുതി വിളക്കുകൾ നിത്യേന കത്തിക്കുന്നതിനും അലംഭാവം കാണിക്കുന്നു. അനിയന്ത്രിതമായ വൈദ്യുതി തടസ്സം വ്യാപകമായ പരാതിക്ക് ഇടനൽകിയിരിക്കുന്നു. അത്യാവസ്യം വേണ്ട സ്ഥലത്ത് രാത്രികാലത്ത് വെളിച്ചം സാധ്യമാകുന്നതിന് ഫ്ളൂറസന്റ് ട്യൂഹുകൾ സ്ഥാപിക്കുന്നു.

പൊതുനിരത്തിലെ ബൾബുകൾ കത്തിക്കുന്നതിന് കാലാകാലങ്ങളിൽ ആവശ്യമായ ഉപകരണങ്ങളും അവയുടെ അറ്റകുറ്റപ്പണിയും ചെയ്ത് പരിചരിച്ചാൽ സാമ്പത്തിക ലാഭവും സേവന സാധ്യതയും കൂടുകയും ചെയ്യും.

പ്രശ്നങ്ങൾ

- ഈ പഞ്ചായത്തിൽ വൈദ്യുതി ലൈൻ വലിച്ചിട്ടുള്ള എല്ലാ റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. ഈ പഞ്ചായത്ത് അതിർത്തിയിൽ ഇനിയും വൈദ്യുതി എത്തേണ്ടപ്രദേശമുണ്ട്.
- കൃഷി ആവശ്യത്തിന് വൈദ്യുതി ആവശ്യമുള്ള മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ല.
- ഈ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്.
- ചാരുംമൂട് മേജർ സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലം എടുത്തിട്ടുണ്ടങ്കെിലും ഓഫീസ് കെട്ടിടം ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ പൊതു സ്ഥാപങ്ങൾക്ക് വൈദ്യുതി ലഭിക്കാത്തവയുണ്ട്.
- ദുർബല വിഭാഗത്തിൽപെട്ട കുറച്ച് കുടുംബങ്ങൾക്ക് പഞ്ചായത്തിൽ നിന്നും വയറിംഗ് ചെയ്തു കൊടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ കണക്ഷൻ ലഭിച്ചിട്ടില്ല.
- പഞ്ചായത്തിലെ പ്രധാനപ്പട്ട കേന്ദ്രങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്.





- പൊതു കിണറുകളുടേയും പൊതു കുളങ്ങളുടേയും സമീപം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടതുണ്ട്.
- ഈ പഞ്ചായത്ത് അതിർത്തിയിൽ അപകടസ്ഥിതിയിൽ നിലനിൽക്കുന്ന ധാരാളം ഇലക്ട്രിക്ക് പോസ്റ്റുകൾ ഉണ്ട്
- ഗതാഗതത്തിന് തടസ്സായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും വൈദ്യുതി തടസ്സവും പ്രസരണ നഷ്ടവും ധാരാളമായി ഉണ്ടാകാറുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

- ഇപ്പോൾ വൈദ്യുതി കണക്ഷൻ ഉള്ള എല്ലാ പ്രദേശത്തും തെരുവ് വിളക്ക് സ്ഥാപിക്കാനുള്ള നടപടി ഉണ്ടാകണം.
- കൃഷി ആവശ്യത്തിനും താഴ്നനിരക്കിൽ വൈദ്യുതി ലഭിക്കുന്നതിനും വേണ്ടി ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന ഭൂ പരിധി കുറയ്ക്കുക.
- വൈദ്യുതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഇല്ലാതാക്കാൻ വാർഡു തലത്തിൽ പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ഒരു ഉപഭോക്തൃസമിതി രൂപീകരിക്കുകയും ഓരോ വാർഡിലും ഓരോ പരാതി പസ്തകം വയ്ക്കാനും അത് ദിവസവും പരിശോധിച്ച് പരിഹാരം കാണണമെന്നുമുള്ള നിർദ്ദേശം
- ഈ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിലവിലിരിക്കുന്ന ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റികൂടിയവ സ്ഥാപിച്ച് ലൈൻ വലിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.
- മുൻഗണനാ ക്രമത്തിൽ അവശ്യം വേണ്ട സ്ഥലങ്ങളിൽ പുതിയ ലൈൻ വലിച്ച് ഇലക്ട്രിഫിക്കേഷൻ നടപടി സ്വീകരിക്കണം ചാരുംമൂട് മേജർ സെക്ഷൻ ഓഫീസിനു വേണ്ടി പൊതു ഉടമയിൽ എടുത്തിട്ടിരിക്കുന്ന സ്ഥലത്ത് ഉടനടി ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കണം.
- വൈദ്യുതീകരിക്കാത്ത ഈ പഞ്ചായത്തിലെ എല്ലാ ഗവ; സ്കൂളുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- പഞ്ചായത്തിൽനിന്നും വയറിംഗ് ചെയ്തുകൊടുത്തിട്ടുള്ള എല്ലാ വീടുകളിലും ഉടനടി കണക്ഷൻ കൊടുക്കണം
- ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ പബ്ലിക്ക് മാർക്കറ്റ് താമരക്കുളം, പഞ്ചായത്ത് ജംഗ്ഷൻ എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കുകയും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളായ ചാവടി ജംഗ്ഷൻ,. ചത്തിയറ എച്ച്. എസ്. ജംഗ്ഷൻ, മഠത്തിൽമുക്ക്, നാലുമുക്ക്, കല്ലുപ്പള്ള് ഡബ്ല്യൂ.എൽ.പി.എസ്. ജംഗ്ഷൻ., മലരുമേൽ ജംഗ്ഷൻ, ഗുരുനാഥൻ കുളങ്ങര, പാലത്തടം ജംഗ്ഷൻ, കിണറവിള ജംഗ്ഷൻ, ഇരപ്പൻ പാറ, എൽ.പി.എസ്. വേടരപ്ലാവ്, ആറാം വാർഡിലെ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, കശുവണ്ടി ഫാക്ടറി വേടരപ്ലാവ്, ചെറ്റാലിയ്ക്കൽ, തണ്ടളത്ത് മുക്ക്, കളത്തട്ട്





ജംഗ്ഷൻ, കോറാട്ടു മുക്ക്, കല്ലുകുളം വിളയിലയ്യത്ത്, ശാസ്താംനട, പച്ച ക്കാട്, പുത്തൻചന്ത, കാഞ്ഞിരവിള ജംഗ്ഷൻ, കൊച്ചുതുണ്ടിൽ മുക്ക്, കശുവണ്ടി ഫാക്ടറി, റേഡിയോ മുക്ക്, കുളത്തിന്റെ കിഴക്ക്, ചിറയിൽ കോളനി, ലക്ഷംവീട്, പത്താം വാർഡ് മലനട, കൊച്ചട്ടയ്ക്കാട്ടുശ്ശേരി ഹരിജൻ കോളനി, പുത്തൻ കുളം, നവജ്യോതി തുടങ്ങിയ പ്രധാനപ്പെട്ട ജംഗ്ഷനിൽ ട്യൂബുകളും സ്ഥീപി ക്കുക.

- പൊതു കിണറുകളുടേയും പൊതു കുളങ്ങളുടേയും സമീപത്ത് ഒരു സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
- ഈ പഞ്ചായത്ത് അതിർത്തിയിൽ അപകട നിലയിൽ സ്ഥിതിചെയ്യുന്ന എല്ലാ ഇലക്ട്രിക് പോസ്റ്റുകളും അടി യന്തിരമായി നീക്കം ചെയ്യണം നട പടി ഉണ്ടാകുക.
- ഈ പഞ്ചായത്ത് അതിർത്തിയിൽ ഗതാഗത തടസ്സമായി നിൽക്കുന്ന എല്ലാ ഇലക്ടിക്ക പോസ്റ്റുകളും മാറ്റി സ്ഥാപിക്കുക.
- ഈ പഞ്ചായത്തിലെ മുഴുവൻ ദുർബല വിഭാഗങ്ങൾക്കും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും സൗജന്യമായി വൈദ്യുതീകരി ക്കാത്ത വീടുകൾ അടിയന്തിരമായി വയറിംഗ് നടത്തി കണക്ഷൻ ലഭ്യമാ ക്കണം
- ഈ പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ പൊതു സ്ഥാപനങ്ങളും വൈദ്യുതി കണക്ഷൻ ലഭ്യമാക്ക ത്തക്ക തരത്തിൽ നടപടിയുണ്ടാ കണം
- വൈദ്യുതി തടസ്സം ഉണ്ടാകാത്ത തര ത്തിലും പ്രസരണത്തിലെ നഷ്ടം ഒഴിവാക്കുന്നതിനും കാലാകാലങ്ങ ളിൽ ടച്ചിംഗ് വെട്ടുന്നതിനുള്ള നടപ ടിയുണ്ടാകണം
- വിറകു ലഭിക്കുന്നതിനും പരിസര ശുചീകരണത്തിനും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനവും ബോധവല്ക്കര ണവും നടത്തണം.
- ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് കർഷകർക്ക് മതിയായ സാമ്പത്തിക സഹായവും പ്രോത്സാഹനവും, ബോധവല്ക്കരണവും നടത്തണം
- എൽ.പി. ഗ്യാസ് പിതരണത്തിൽ കണ്ടുവരുന്ന അഴുമതി ഇല്ലാതാക്കു ന്നതിനും-അപേക്ഷിക്കുന്നതിന്റെ സീനിയോറിറ്റിക്രമത്തിൽ കിട്ടുന്നു ണ്ടോയെന്ന് പരിശോധിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അധി കാരം നൽകുന്നതിനുള്ള നടപടിയു ണ്ടാകണം.
- കൊട്ടയ്ക്കാട്ടുശ്ശേരിയിൽകൂടി കടന്നു പോകുന്ന 11 കെ.വി. ലൈനിൽനിന്നും ഒരു എക്സ്റ്റൻഷൻ ഗുരുനാഥൻ കുളങ്ങര വഴി ആറുതു ണ്ടിൽ മുക്കിന് എത്തിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ ഭൂപ്ര ദേശമാകെയുള്ള (3,4 വാർഡുകലൾ) വോൾട്ടേജ് ക്ഷാമം പരിഹരിക്ക പ്പെടും
- തെരുവ് വിളക്കുകൾക്ക് പ്രത്യേകം മീറ്റർ സ്ഥാപിക്കുക.

■





മാർക്കറ്റ്

1 മാധവപുരം പബ്ലിക് മാർക്കറ്റ്

ഈ ഗ്രാമത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് താമരക്കുളം മാധവപുരം പബ്ലിക് മാർക്കറ്റ്, മധ്യതിരുവിതാംകൂറിലെ പ്രശസ്തമായ ഈ മാർക്കറ്റ് കാർഷിക വിളകളുടെ ക്രയവിക്രയം നടത്തിപ്പോരുന്നു. ഈ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗത്തിന്റെ മുഖ്യപങ്ക് ഈ മാർക്കറ്റ് വഹിക്കുന്നുണ്ട് എങ്കിലും ഇതിന് പരാധീനതകൾ ഏറെയാണ്. പഴയ ഷോപ്പിംഗ് കോംപ്ലക്സുകൾ പൊളിച്ചു പണിഞ്ഞും പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ വേറേയും പണിഞ്ഞ് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ട്രെയിനേജ് നിർമ്മിച്ചും മത്സ്യ-മാംസ്യ മാർക്കറ്റിന്റെ ശുചിത്വക്കുറവ് പരിഹരിച്ചും ഈ മാർക്കറ്റിനെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. സസ്യ മാർക്കറ്റ് പുരഃരുദ്ധരിച്ചും മറ്റ് സ്റ്റാളുകളുടെ ദുഃസ്ഥിതി മാറ്റിയും ഈ മാർക്കറ്റിന്റെ ശോച്യാവസ്ഥ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. മാംസ്യവ്യാപാരത്തിന് മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് വേണ്ടി മാർക്കറ്റിന്റെ സമീപത്തോ സൗകര്യപ്രദമായ മറ്റു സ്ഥലത്തോ ഒരു സ്ലോട്ടർ ഹൗസ് നിർബന്ധമായും നിർമ്മിക്കേണ്ടിയിരിക്കുന്നു. മാർക്കറ്റിന്റെ പരിസരത്തും പഞ്ചായത്താഫീസിനോട് അടുത്തുള്ള ഭാഗങ്ങളിലും ഉള്ള പഞ്ചായത്തു വക സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിക്കേണ്ടത് മാർക്കറ്റിന്റെ പുരോഗതിയ്ക്കും പഞ്ചായത്തിന്റെ വരുമാനവർദ്ധനവിനും തികച്ചും അനിവാര്യമാണ്.

2. കണ്ണനാകുഴി പബ്ലിക് മാർക്കറ്റ്

കണ്ണനാകുഴി വാർഡിലുള്ള ഈ മാർക്കറ്റ് തികച്ചും പരിതാപകരമായ സ്ഥിതിയിലാണ്. ഇവിടെ ഉണ്ടായിരുന്ന ഒരു സ്റ്റാൾ പൊളിഞ്ഞ് നശിച്ചുകിടക്കുന്നു. നിലവിൽ അന്തിച്ചന്തയുള്ള ഈ മാർക്കറ്റിന്റെ വികസനത്തിന്റെ ഭാഗമായി റോഡു സൈഡിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിക്കേണ്ടത് അത്യവശ്യമായി വന്നിരിക്കുന്നു. മാർക്കറ്റിനോട് ചേർന്നുള്ള പുരാതന കല്ലുകുളവും കിണറും മലീമസമാകാതെ കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ഈ പ്രദേശത്തെ പൊതു ജനങ്ങളുടെ ആവശ്യവും പഞ്ചായത്തിന്റെ വരുമാന വർദ്ധനവും കണക്കിലെടുത്ത് ഈ മാർക്കറ്റിനെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.





പാർപ്പിടം

ആദിമ മനുഷ്യൻ ആഹാരസമ്പാദനത്തിനായി കൂട്ടാമായി അനുയോജ്യമായ സ്ഥലങ്ങളിലേക്ക് സഞ്ചാരം നടത്തിയാണ് ജീവിച്ചിരുന്നത്. അന്തിയുറങ്ങാൻ പ്രകൃതിയിലുള്ള വള്ളിക്കുടിലുകളും, ഗുഹകളും ഉപയോഗിച്ചിരുന്നു. എന്നാൽ മനുഷ്യന്റെ ജീവിതരീതിമാറുകയും സ്ഥിരമായി ഒരിടത്ത് തങ്ങാനും ആരംഭിച്ചതോടെ ആണ് ഒരു പാർപ്പിടം വേണമെന്ന ആശയം ഉടലെടുത്തത്. പാർപ്പിടത്തിന് പച്ചിലയും, പുല്ലും, കാട്ടുകമ്പുകളും ഉപയോഗിച്ചിരുന്നിടത്ത് മണ്ണും, കല്ലും, തടിയും വരുകയും കാലക്രമേണ ഇഷ്ട്ടിക, ഓട്, തടി, കോൺക്രീറ്റ്, മാർബിൾ വരെ എത്തുകയും ചെയ്തു. ഇന്ന് പാർപ്പിടം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നാലുചുവരും ഒരു മേൽക്കൂരയും ഉള്ള ഒരിടം എന്നല്ല, പുരോഗമന സ്വഭാവമനുസരിച്ചും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ടും, ആരോഗ്യം ശുചിത്വം, സാമൂഹ്യനീതി എന്നിവക്കനുയോജ്യമായതും, കുടുംബത്തിലെ അംഗസംഖ്യക്കനുസരിച്ച് പരിമിതമായ സൗകര്യങ്ങൾ ഉള്ളതും ചെലവ് കുറഞ്ഞതുമായ ഒരുവീട് എന്നാണ്. വ്യക്തിയുടെ സ്വഭാവരുപീകരണം, ജീവിതരീതി ഇവ ഒക്കെതന്നെ നല്ലൊരളവുവരെ അവൻ കതാമസിക്കുന്ന പാർപ്പിടത്തെ കൂടി ആശ്രയിച്ചിരിക്കും. താമരക്കുളം പഞ്ചായത്തിന്റെ 50 വർഷം മുൻപുള്ള രേഖകൾ പരിശോധിച്ചാൽ 90 ശതമാനം വീടുകളും മണ്ണുകൊണ്ടും തടികൊണ്ടും നിർമ്മിച്ച ഓലമേഞ്ഞ വീടുകളായിരുന്നു. ഓടിട്ട വീടുകൾ വളരെ അപൂർവ്വമായിരുന്നു. ക്രമേണ മണ്ണിന്റേയും, തടി





യുടെയും ഓടിന്റെയും സ്ഥാനം വെട്ടുകല്ലും, ചുടുകട്ടയും കോൺക്രീറ്റ് എന്നിവ കയ്യടക്കി. മാർബളും മൊസൈക്കും പതിച്ച ആധുനിക സജ്ജീകരണങ്ങളേടു കീടിയ മണിമമന്ദിരങ്ങൾ ഇന്ന് ധാരാളമായി ഇവിടെയുണ്ട്. ഓലമേഞ്ഞ വീടുകൾ ഈ ഗ്രാമത്തിൽ അപൂർവ്വമായിരിക്കുന്നു. നമ്മുടെ പൗരാണികത്വത്തിന്റെ തനിമ തുളുമ്പി നില്ക്കുന്ന നാലുകെട്ടുകളും തച്ചുശാസ്ത്രവൈദ്യവും നിറഞ്ഞുനിൽക്കുന്ന കൊത്തുവണ്ണികളോടുകൂടിയ പൂമുഖവും കേരളീയ ഭവനനിർമ്മാണ ശൈലി എടുത്തുകാട്ടുന്നു. ഈ തച്ചുശാസ്ത്രവിദ്യ കൈമോശം വന്നുകൊണ്ടിരിക്കുന്നു,. കേരളത്തിൽ നിന്നും ഈ നാലുകെട്ടുകൾ പൊളിച്ചുമാറ്റി കോൺക്രീറ്റ് സൗധങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഈ തച്ചുശാസ്ത്രവിദ്യ പാശ്ചാത്യ രാജ്യങ്ങളിൽ അനുകരിക്കാനുള്ള ശ്രമത്തിലാണ്. പണ്ടത്തെ കൂട്ടുകുടുംബസമ്പ്രദായം മാറിയതോടെ പാർപ്പിടങ്ങളുടെ ബാഹുല്യം പ്രതിദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജീവിത ശൈലിലുള്ള മാറ്റവും ഭവന നിർമ്മാണത്തെ സ്വാധീനിച്ചിട്ടുണ്ട്. കൃഷിയിടങ്ങൾ പോലും നികത്തി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. എങ്കിൽപോലും ഇന്ന് തറ, ചമുമർഡ, മേൽപുറം, വിസ്തീർണ്ണം, എന്നീ ഘടകങ്ങളെല്ലാം പരഗണിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാറ്റം ആവശ്യമുള്ളതുമായ വീടുകൾ 38 ശതമാനത്തോളമുണ്ടെന്ന് കണക്കാക്കുന്നു.

കെട്ടിടങ്ങളുടെ സ്ഥിതിവിവരം

ഓലമേഞ്ഞവ	ഓട് മേഞ്ഞവ	വാർത്തത്	രണ്ട്നില	ആകെ	വൈദ്യുതീകരിച്ചത്
1760	3150	2207	49	7166	2984

പഞ്ചായത്ത് രേഖ അനുസരിച്ച് 5907 വീടുകളും 6000നുമേൽ കുടുംബങ്ങളും ഉണ്ട്. അതിൽ 7 ശതമാനം വരുന്ന 413 ഭവനങ്ങൽ അത്യാധനിക രീതിയിലും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയതുമായ ഭവനങ്ങളാണ്. 55 ശതമാനമം വരുന്ന ഭവനങ്ങൾ വിവധ പദ്ധതികളിൽനിന്നും വായ്പയെടുത്ത് നിർമ്മിച്ച് 122 വീടുകതൾ ഉൾപ്പടെ 3245 വീടുകൾ ഉണ്ട്. കൂടാതെ വിവിധ പദ്ധതികളിൽനിന്ന് സൗജന്യമായി 327 വീടുകൾ ലഭിച്ചിട്ടുണ്ട്. ശേഷിച്ച 1922 വീടുകളിൽ മിക്കവയും മൺകൂരകളും കുടിലുകളുമാണ് ഈ ഭവനങ്ങൾക്ക് പൂർണ്ണ സഹായം ലഭ്യമാക്കേണ്ടവയാണ്. പദ്ധതികളിൽനിന്നും കിട്ടിയ ഭവനങ്ങൾ ഭൂരിക്ഷവും നിലവിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടവയാണ്.

1994 ന് ശേഷം പദ്ധതിത്തുക വർദ്ധിപ്പിച്ചതുകാരണവും ബോധവല്ക്കരണവും മൂലം നിർമ്മിക്കുന്ന ഭവനങ്ങൾ താരതമ്യേന മെച്ചപ്പെട്ടവയാണ്





എങ്കിലും ഏകദേശം 2000 നു മേൽ കുടുംബങ്ങൾക്ക് ഇനിയും വീടുകൾ പുതുതായി ഉണ്ടാവുകയും നുൻ പദ്ധതികലിൽ കിട്ടിയ വീടുകൾ 75 ശതനാലവും പുനരുദ്ധരിക്കുകയും വേണ്ടിയിരിക്കുന്നു.

പട്ടികജാതി –വർഗ്ഗ കോളനികൾ ജില്ലാപ്ലാനിംഗ് ഓഫീസിൽ അംഗീകരിക്കപ്പെട്ടത് 26 എണ്ണമുണ്ട് അംഗീകാരം കിട്ടിയവയിൽ തന്നെ പാർപ്പിടം കിട്ടാത്തവരുമുണ്ട്. ഉദാഹരണം ചാങ്കൂത്തറ കോളനി, താമരക്കുളം പഞ്ചായത്ത് ഐ. എച്ച.ഡി.പി. കോളനിയായി അംഗീകരിച്ച് പദ്ധതികൾ നടപ്പിലാക്കുക്കൊണ്ടിരിക്കുന്ന രണ്ടെണ്ണമുണ്ട്. ചത്തിയറ പുന്നക്കുറ്റി കോളനിയും കണ്ണനാകുഴി പത്തിമൂല കോളനിയും രണ്ടിലും ഉദ്ദേശിച്ച രീതിയിൽ പദ്ധതി പ്രയോജനം ചെയ്തിട്ടില്ല.

കോളനൈസേഷൻ പദ്ധതികൽ പലതും നടന്നെങ്കിലും അവയുടെ പശ്ചാത്തല സൗകര്യങ്ങൾ ഗതാഗത സൗകര്യം വെള്ളം വെളിച്ചം, പ്രാധമിക സൗകര്യങ്ങൾ ഒക്കെ പരിതാപകരം തന്നെ. പദ്ധതി നടത്തിപ്പിനോടൊപ്പം ബോധവല്ക്കരണവും സാമൂഹ്യപരിവർത്തനവും കൂടി ആവശ്യമായിരുന്നു. പഴയ കാലങ്ങളിൽ പുറമ്പോക്ക് സ്ഥലങ്ങളിൽ അധഃസ്ഥിതരും ഗുർബല വിഭാഗങ്ങളും വസിച്ചരുന്നു. എന്നാൽ ഭൂപരിഷ്കരണനടപടികളുടെ ആവിർഭാവത്തോടെയും, പുരോഗമനപരമായ മറ്റ പദ്ധതികളിൽക്കൂടിയും കുറെഭാഗം ഭൂഉടമകളായി എങ്കിലും ഇനിയും വീട് വയ്ക്കുന്നതിന് ഭൂമിയില്ലാത്തവരായിട്ടുള്ളവരുടെ എണ്ണം കൂടിവരുന്നു. സാമൂഹ്യപരിഷ്കരണ നടപടികൾ കൊണ്ട് അവരുടെ ജീവിത രീതി തന്നെ മാറിയിരിക്കുന്നു. ഒരു മേൽക്കൂരയ്ക്ക് താഴെ അന്തിയുറങ്ങാത്ത ഒരു കുടുംബവും ഈ പഞ്ചായത്തിലുണ്ടെന്ന് കരുതുകവയ്യ.

ഈ പ്രദേശത്തെ ഭവന നിർമ്മാണ രീതി പൊതുവേ പുരോഗാത്മകം തന്നെ പുതുതായി ഭവനം നിർമ്മിക്കുന്ന ഓരോ വ്യക്തിയും ഒരു വീടിനു വേണ്ട പഞ്ചാത്തലസൗകര്യം ചിട്ടപ്പെടുത്തുന്നതിൽ ശ്രദ്ധാലുവാണ്. ഗൾഫ് സമ്പാദ്യത്തിന്റെ 75 ശതമാലവും മുടക്കിയിരിക്കുന്നത് കെട്ടിടനിർമ്മാണത്തിനാണ്. ഒരു കുടുംബത്തിന്റെ ആസ്തിയുടെ സിംഹഭാഗവും മത്സരബുദ്ധിയോടെ കെട്ടിടനിർമ്മാണത്തിനുവേണ്ടി ചെവലഴിക്കുക എന്ന പ്രവണത വർദ്ധിച്ചുവരുന്നു. പ്രത്യുല്പാതനപരമല്ലാത്ത ഈ മുതൽ മുടക്ക് പ്രദേശത്തിന്റെ പ്രതിച്ഛായയ്ക്കാ മാറ്റം വരുത്തുമെങ്കിലും കാലക്രമത്തിൽ അതൊരു പുനർചന്തനത്തിന് വഴിതെളിക്കുമോ ?

ഗൾഫ് വരുമാനത്തിന്റെ ആകർഷണത്താലും കാർഷിക വൃത്തിയോടുള്ള വിമുഖതയാലും നാട്ടിലെ നല്ലൊരു ശതമാനം വരുന്ന യുവജനങ്ങലും അന്യസ്ഥലങ്ങളിലും രാജ്യങ്ങളിലും തൊഴിലിനുവേണ്ടി കുടിയേറിയതിൽനിന്നുള്ള സാമാന്യ ഭ്തപ്പെട്ട വരുമാനം കൊണ്ടും ഒരു കുടുംബത്തിന് ഒരു വാസസ്ഥലം എന്ന പ്രവണത കൊണ്ടും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഭവന നിർമ്മാണ വാർഷിക വർദ്ധനവ് 15 ശതമാനത്തിന് മേൽ വരും.

പാർപ്പിട പ്രശ്നം അത്ര ഭീകരാവസ്ഥയിലല്ല. ഉണ്ണാനില്ലെങ്കിലും പരിമിതമായ സൗകര്യങ്ങലോടുകൂടിയ ഒരു കൊച്ചു വീട് വേണം എന്ന മോഹം ഓരോ പൗരനിലും ഉണ്ട് എന്നുള്ളതാണ്. അതുണ്ടായത് ഈ നാടിന്റെ





പൈതൃക പാരമ്പര്യവും ജനതയിൽ വന്നുചേർന്ന സാമൂഹ്യമായും സാംസ്കാരികമായും ഉണ്ടായ പരിവർത്തനമാണെന്ന് തറപ്പിച്ച് പറയാം. കൂടാതെ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ നാട്ടിൽ നിന്നും തൊട്ടടുത്ത സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ടവയും സുലഭമായി ലഭ്യവുമാണ്. നിർമ്മാന പ്രവൃത്തനത്തിനുള്ള തൊഴിലാളികളുടെ കുറവ് ഒരു പരിധി വരെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തൊഴിലാളികളാൽ പരിഷ്കൃതമാകുന്നുണ്ട്. ഇതൊക്കെയാണെങ്കിലും ഇന്നും മഴപെയ്താൽ ചോർന്നൊലിക്കുന്ന കാറ്റടിച്ചാൽ പറന്നുപോകുന്ന കുടിലുകളും ഉണ്ട് എന്നത് ഏറെ ദുഃഖകരമാണ്.

ഇടത്തരക്കാരായ ഉദ്യോഗസ്ഥർക്കും ദരിദ്രവിഭാഗങ്ങൾക്കും പട്ടികജാതി-വർഗ്ഗങ്ങൾക്കായും സർക്കാരിൽ നിന്നും വിവിധ പദ്ധതികളിലായി 449 വീടുകൾ 1978 മുതൽ ലഭിച്ചിട്ടുണ്ട്.

പട്ടിക

ഹൗസിംഗ് ബോർഡിന്റെ സഹായത്താൽ റവന്യൂ വകുപ്പിൽകൂടി	12	വായ്പയായി
വികസനബ്ലോക്കിൽനിന്നും ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ജെ.ആർ,വൈ, ഐ.എ.വൈ. എച്ച്.ഡബ്ല്യൂ.എസ്. എന്നീ പദ്ധതികളിൽകൂടി	223, 15	സൗജന്യമായി, വായ്പയായി
വില്ലേജ് ഹൗസിംഗ് സ്കീം ഗ്രാമപഞ്ചായത്ത് മുഖേന ജെ.ആർ.വൈ. പദ്ധതിയിൽ	60	സൗജന്യം
ഹൗസിംഗ് സൊസൈറ്റ് മറ്റ് വായ്പാ സ്ഥാപനങ്ങൾ മുഖേന	28	വായ്പയായി
വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കൂടിയുള്ള ഉദ്യോഗസ്ഥരുടെ വായ്പയായി	79	വായ്പയായി
ഗരിജൻ ഡവലപ്പുമെന്റ് കോർപ്പറേഷൻ	21	സബ്സിഡി
ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റ്	11	സൗജന്യം
ആകെ	449	





ഈ പഞ്ചായത്ത് അതിർത്തിയിൽ ഇടത്തരക്കാരായവർക്കും താണവരുമാനക്കാരായ മുന്നോക്കവർഗ്ഗക്കാർക്കും ഭവന നിർമ്മാണ വായ്പയാക്കായി ഒരു സ്ഥിരം സംവിധാനമില്ല. കുറച്ചെങ്കിലും സാധ്യത കൈവരുന്നത് സമീപ പഞ്ചായത്തായ പാലമേൽ സ്ഥിതിചെയ്യുന്ന ഹൗസിംഗ് സൊസൈറ്റിയും മാവേലിക്കര സ്ഥിതിചെയ്യുന്ന പ്രാഥമിക ഭൂപണയ സഹകരണ ബാങ്കുമാണ്. പാർപ്പിടപ്രശ്നം അതീവ രൂക്ഷമല്ലെങ്കിലും ഈ പ്രദേശത്തെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഒരു ജനകീയ സംവിധാനം അടിയന്തിരമായി ഉണ്ടായേതീരൂ.

പ്രശ്നങ്ങൾ

- കെട്ടിടനിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല
- ദുർബല വിഭാഗക്കാർക്കും സ്ഥിരവരുമാനമില്ലാത്തവർക്കും വീട് നിർമ്മാണത്തിന് വായപ ലഭിക്കുന്നില്ല
- നിർമ്മാണത്തൊഴിലാളികളുടെ കൂലി നിരക്ക് താങ്ങാൻ പറ്റുന്നില്ല.
- വായ്പ ലഭിക്കുവാനുള്ള നടപടികൾ ബുദ്ധിമുട്ടുള്ളതാണ്
- ഭൂമിയില്ലാത്തവർക്ക് വീട് വെയ്ക്കുന്നതിന് ഭൂമി ലഭ്യമല്ല.
- ദുർബലരും പട്ടിതജാതി-വർഗ്ഗത്തിൽപെട്ടവരും ഇന്നും ഭൂമിയില്ലാത്തവരായിട്ടുണ്ട്.
- ീടുകൾക്ക് അമിതമായ കെട്ടിടനികുതി ചുമത്തുന്നു.
- കുറഞ്ഞ പലിശയ്ക്ക് ഭവനവായ്പാ സൗകര്യം ഇല്ല
- ഭവനനിർമ്മാണ വായ്പാ നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്
- ഗുർബല വിഭാഗങ്ങൾക്കും പട്ടിക ജാതി -വർഗ്ഗങ്ങൾക്കും സർക്കാരീൽ നിന്നും വീട് നിർമ്മിക്കുവാൻ കിട്ടുന്ന ധനസഹായം മതിയാകുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

- സഹകരണാടിസ്ഥാനത്തിലോ പൊതു മ്ഖലയിലോ കെട്ടിനിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം.
- പഞ്ചായത്ത് അധീനതയിലുള്ളതും ഒറ്റപ്പെട്ടും കൂട്ടായും കിടക്കുന്നതുമായ ഭൂമികൈവശപ്പെടുത്തി ഭൂരഹിതർക്ക് നൽകുകയും കൈവശമുള്ള ഭൂമി ഉടൻ അർഹതപ്പെട്ടവർക്ക് നൽകുകയും ചെയ്യുക.
- മുൻപദ്ധതികലിൽ സൗജന്യമായി നൽകിയിട്ടുള്ള മുഴുവൻ വീടുകളും അറ്റകുറ്റപ്പണി തീർത്ത് പ്രാഥമിക സൗകര്യങ്ങൽ കൂടി ചെയ്തുകൊടുക്കുവാൻ നടപടി വേണം.
- മുൻകാലങ്ങളിൽ ഭവനവായ്പനല്കിയവർക്കുള്ള പലിശ ഇളവ് ചെയ്യുക.
- മുൻപദ്ധതികൾ അനുസരിച്ച് ഭൂമിയും വീടും നല്കിയവർ കൈമാറ്റം ചെയ്തവ , നലവിൽ കൈവശക്കാരായവർക്ക് സ്ഥരപ്പെടുത്താൻ നടപടി വേണം
- ദുർബലർക്കുള്ള ഭവനവായ്പാ തുക വർദ്ധിപ്പിക്കുകയും അതിന്റെ നാലിലൊന്ന് സബ്സിഡി അനുവദിക്കുകയും ചെയ്യുക





- ഇടത്തരക്കാർക്കും ദുർബല് വിഭാഗത്തിനുംവേണ്ടി കുറഞ്ഞ പലിശനിരക്കിൽ ലളിതമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുക.
- നിർമ്മാണതൊഴിലാളികളുടെ കൂലി ഗവൺമെന്റ് തലത്തിൽ നിജപ്പെടുത്തുക.
- പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുകക,
- കെട്ടിടക്കരം മിതപ്പെടുത്തുക.





സാമൂഹ്യക്ഷേമം

താമരക്കുളം പഞ്ചായത്തിന്റെ അരനൂറ്റാണ്ടുമുമ്പുള്ള ചരിത്രം പരിശോധിച്ചാൽ സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു എന്ന് കാണാം. ഓരോ കരയിലും വിരലിലെണ്ണാവുന്നത്ര കുടുംബങ്ങൾ (കൂട്ടുകുടുംബങ്ങൾ) മാത്രമാണുണ്ടായിരുന്നത്. ആ കുടുംബങ്ങളെ ചുറ്റിപ്പറ്റി കുറേയേറെ ജനങ്ങൾ തൊഴിലാളികളായി ജന്മിമാരുടെ ഭൂമികളിൽ അധിവസിച്ചിരുന്നു. സ്വാതന്ത്രലബ്ദിക്കുശേഷമുണ്ടായ സാമൂഹ്യരാഷ്ടീയ പരിവർത്തനങ്ങൽ ഈ പ്രദേശത്തും അലയടിച്ചതിന്റെ ഫലമായി ക്രമേണ മാറ്റത്തിന്റെ കാഹളം മുഴങ്ങിത്തുടങ്ങി. ജന്മി– കുടിയാൻ ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടുകയും അടിയാന്മാരായ ജനസമൂഹം സ്വയം നിർണ്ണയാധികാര അവകാശങ്ങൾ നേടുവാൻ പൗരന്മാരായിതീരുകയും ചെയ്തു.

മുഖ്യതൊഴിൽ കാർഷിക മേഖലയിലായതിനലും വ്യാവസായിക മേഖലയിൽ എത്തിച്ചേരാൻ കഴിയാഞ്ഞതിനാലും പ്രതിശീർഷ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ പിന്നിലായിത്തിർന്നു. തൊഴിലാളി മുതലാളി ബന്ധങ്ങളിലുണ്ടായ പൊതുത്തക്കേടുകൾ കൊണ്ടും ബന്ധപ്പെട്ട വകുപ്പുകളുടെ പാളിച്ചകൾ കൊണ്ടും വ്യവസായ മേഘലയെ പരിപോഷിപ്പിക്കാൻ പറ്റുന്നില്ല. ഇതിനൊരു പരിഹാരം കണ്ടായൽ മാത്രമേ ഈ പ്രദേശത്തിന്റെ ദുഃസ്ഥിതിക്ക് പരിഹീരമാകുകയുള്ളു. പൊതുവേ ഈ ഗ്രാമത്ത് സാമ്പത്തിക





മായി പിന്നോക്കാവസ്ഥയിലുള്ള ഒരു പ്രദേശമായാണ് കണക്കാക്കിയിട്ടുള്ളത്. 1980 കാലഘട്ടത്തിൽ കേന്ദ്രഗവൺമെന്റിരന്റെ ദാരിദ്രനിർമ്മാർജ്ജന പദ്ധതിയിൽ പെട്ട ഐ.ആർ.ഡി.പി. സർവ്വേയിൽ 2915 ന് മേൽ കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെ ഉള്ളവരായി കണ്ടെത്തിയിരുന്നു.(ദാരിദ്ര രേഖ, പ്രതിവർഷ കുടുംബവരുമാനം 3500 രൂപാ എന്ന ക്രമത്തിൽ) ഇതിൽ മൂന്നിലൊന്നു ഭാഗം പട്ടികജാതി വർഗ്ഗമാണ്. ഒരു കുടുംബത്തിന് പരമാവധി 9000 രൂപായുടെ പദ്ധതിയെന്നു കണക്കാക്കിയിരുന്നു. തുടർന്നുള്ള കാലങ്ങളിൽ പദ്ധതി നടന്നുവെങ്കിലും പദ്ധതികളുടെ പ്രായോഗിക തലത്തിലുണ്ടായ അപാകതയിലും തുകയുടെ അപര്യാപ്തതയിലും പെട്ട് ഉദ്ദേശലക്ഷ്യം കൈവന്നില്ല. പലതലങ്ങളിലുണ്ടായ വിലയിരുത്തലുകൾക്കു ശേഷം 1990 മുതൽ ദാരിദ്രരേഖ 11000 രൂപയാക്കി ഉയർത്തി അതനുസരിച്ച് സർവ്വേ നടത്തുകയും ഉണ്ടായി. കുടുംബത്തിനുള്ള പരമാവധി പദ്ധതിത്തുക 15000 മുതൽ 20000 രൂപവരെയുമായി. ഈ പഞ്ചായത്തിലെ 92 വർഷത്തെ പദ്ധതി നടപ്പിനായി തയ്യാറാക്കിയ സർവ്വേയിൽ 1745 കുടുംബങ്ങളാണുള്ളത്. ഇതിൽ 227 പേർ പട്ടികജാതി വർഗ്ഗമാണ്. പദ്ധതി നടത്തിപ്പിനുവേണ്ടി നൽകുന്ന തൊഴൽ പരിശീലനം (ട്രൈസം പ്രോഗ്രാം) കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

രണ്ടുതരം സാമൂഹ്യക്ഷേമപദ്ധതികളാണ് ഇന്ന് നിലവിലുള്ളത് ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗക്കാർക്കുള്ള പെൻഷൻ, ധനസഹായ പദ്ധതികളും ഐ.ആർ.ഡി.പി പോലുള്ള ദാരിദ്രനിർമ്മാർജ്ജനപദ്ധതിയിൽ അർഹരായ ചെറിയൊരു വിഭാഗം കുടുംബങ്ങൾക്കു മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളു. ഇതുവരെ ഈ പഞ്ചായത്തിലെ 216 കുടുംബങ്ങൽക്കു മാത്രമാണ് പദ്ധിത ആനുകൂല്യം ലഭിച്ചിട്ടുള്ളത്. സാമൂഹ്യക്ഷേമ വിഭാഗത്തിൽ മറ്റൊരു ഘടകമായി നടപ്പിലാക്കി വരുന്നവ പെൻഷനുകളും ധനസഹായ പദ്ധതികളുമാണ്. ഇവയെല്ലാം റവന്യൂവകുപ്പിന്റെ കീഴിൽ വില്ലേജാഫീസുകൾ മുഖേനയാണ് കഴിഞ്ഞവർഷം വരെ നടപ്പിലാക്കിക്കൊണ്ടിരുന്നത്. പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നതോടെ ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുകന്നത്.

1995ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ വിവിധ ധനസഹായങ്ങൾ ലഭിച്ചവരുടെ എണ്ണം ചുവടേ ചേർക്കുന്നു.

	സ്ത്രീ	പുരുഷൻ	ആകെ
വിധവാപെൻഷൻ	64	–	64
വിഗലാംഗപെൻഷൻ	38	49	87
വാർദ്ധക്യകാല പെൻഷൻ	23	3	26
കർഷകത്തൊഴിലാളി പെൻഷൻ	376	201	577
തൊഴിലില്ലായ്മാവേതനം	320	118	438





കൂടാതെ ഗവൺമെന്റ് കാലാലാകങ്ങളിൽ നടപ്പിലാക്കിവരുന്ന കശുവണ്ടി തൊഴിലാളി ക്ഷേമനിധി, കർഷകത്തൊഴിലാളി ക്ഷേമനിധി, ബീഡിതൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ പദ്ധതികളിലും ഏറെ തൊഴിലാളികൾ അംഗങ്ങളാണ്.

മേൽപറഞ്ഞ ധനസഹായം ലഭിക്കുന്നവരെല്ലാം അർഹതയുള്ളവരാണെങ്കിലും ഇനിയും അർഹതയുള്ള നല്ലൊരു വിഭാഗം അപേക്ഷകർക്ക് സഹായം ലഭിക്കുന്നില്ലെന്ന് പ്രാഥമിക പരിശോധനയിൽ തന്നെ ബോധ്യപ്പെടുന്നുണ്ട്. ഉദാഹരണത്തിന് വികലാംഗക്ഷേ-കോർപ്പറേഷന്റെ സർവ്വേ റിപ്പോർട്ടിൽ കാണുന്നത് ഈ പഞ്ചായത്തിൽ വിവിധതരം വികലാംഗർ 160 പേർ ഉണ്ടെന്നാണ്. അഞ്ച് വയസ്സ് മുതൽ 60 വയസ്സുവരെ പ്രായമുള്ളവർ ഇതിൽ 87 പേർക്കുമാത്രമാണ് പെൻഷൻ കിട്ടുന്നത്. നിർധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹചെലവിനായി കൊടുക്കുന്ന ധനസഹായം അപര്യാപ്തവും ആവശ്യത്തിന് ഉപകരിക്കത്തക്കസമയത്ത് ലഭിക്കാത്തവയുമാണ്. അർഹതയുള്ള ഗുണഭോക്താക്കൾക്കെല്ലാം എഥാസമയം കിട്ടേണ്ടിയിരിക്കുന്നു. സമൂഹത്തിലെ ദുർബലരുടെയെല്ലാതരം ക്ഷേമപദ്ധതികളുടേയും വ്യാപ്തി എല്ലാരീതിയിലും വർദ്ധിപ്പിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കേണ്ടിയും ഇരിക്കുന്നു.

■

പ്രശ്നങ്ങൾ പരിഹാരങ്ങൾ

- ❖ ഐ.ആർ.ഡി.പി. പദ്ധതിയിൽ അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ലഭിക്കുന്നില്ല.
- ❖ ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുവേണ്ട സഹായം ലഭിക്കുന്നില്ല.
- ❖ പല ക്ഷേമപദ്ധതികൽക്കും അപേക്ഷിക്കേണ്ടത് വളരെ വൈകിയാണ് ഗുണഭോക്താക്കൾ അറിയുന്നത്.അതൊഴുവാക്കാൻ എല്ലാ വകുപ്പുകൾ വഴിയുമുള്ള ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും യഥാസമയം പഞ്ചായത്തുവഴി അപേക്ഷ നൽകുവാൻ വേണ്ട നടപടി ഉണ്ടാകണം.
- ❖ പിന്നോക്കവികസനകോർപ്പറേഷൻ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ആവസ്യമായ നടപടികൾ ഉണ്ടാകണം.
- ❖ എല്ലാ ധനസഹായങ്ങൽക്കുംനൽകുന്ന തുക അപര്യാപ്തമാണ്
- ❖ ഇന്നത്തെ ജീവിത നിലവാരമനുസരിച്ച് തുക വർദ്ധപ്പിക്കണം
- ❖ എല്ലാ അഗഥികളും വൃദ്ധരുമായവരെ അധിവസിപ്പിക്കുന്നതിന് വൃദ്ധസദനം ഉണ്ടാക്കണം
- ❖ പ്രകൃതിക്ഷോഭം മൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്ക് യഥാസമയം തന്നെ വൈദ്യസഹായം, സൗജന്യറേഷൻ, നഷ്ടപരിഹാരം എന്നിവ നല്കണം.
- ❖ ഈ പഞ്ചായത്തിൽ രണ്ട് കേന്ദ്രങ്ങളിലായി രണ്ട പൊതു ശ്മശാനം നിർമ്മിക്കണം
- ❖ പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം





സംസ്കാരം

കേരളീയ സംസ്കാരം നിലനിർത്തിപോരുന്ന ഒരു കൊച്ച് ഗ്രാമമാണ് താമരക്കുളം. കേരളതനിമ ഏറെയൊന്നും കൈമോശം വരാതെ ഇവിടുത്തെ ഗ്രാമവാസികളായ നാനാജാതിമതസ്ഥരും പരസ്പരസ്നേഹത്തോടെ സഹവസിക്കുന്നു. ആചാരാനുഷ്ടാനങ്ങളിൽ കാലത്തിനൊത്ത് മറ്റ് ജനതയോടൊപ്പം ഇവിടെയും മാറ്റം വന്നിട്ടുണ്ട്. ഹിന്ദു.മുസ്ലീം, കൃസ്ത്യൻ സമുദായങ്ങളുടെ ആരാധനാലയങ്ങളിലും ഉത്സവാഘോഷങ്ങളിലും ഏവരും പരസ്പരം സഹകരിച്ചും വിശ്വസിച്ചും പോരുന്നു. മതസഹിഷ്ണതയുടെയും സർവ്വസാഹോദര്യത്തിന്റേയും വിളനിലമായി ഈ ഗ്രാമത്തെ വിശേഷിപ്പിക്കാവുന്നതാണ്. നമ്മനടെ കാർഷിക സംസ്കാരത്തിന് ഉണ്ടായിട്ടുള്ള വിദേശീയ സ്വാധീനം ിവിടെയും ബാധകമാണ്. ഗ്രാമീണരുടെ ജീപിതരീതിയിൽ ആഹാരം, വസ്ത്രം, ആഡംബരവസ്തുക്കൾ, വീട് എന്നിവയ്ക്ക് വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. കാർഷികരംഗത്ത് ഉണ്ടായ മുരടിപ്പും ജനങ്ങളുടെ ജീവിത നിലവാരത്തിൽ പെട്ടെന്നുണ്ടായ ഉയർച്ചയും ശ്രദ്ധേയം തന്നെ. വിദ്യാഭ്യാസം സർവ്വത്രികമാവുകയും വാർത്താമദ്ധ്യമങ്ങളുടെ പ്രചാരവും ഗ്രാമീണരുടെ സാംസ്കാരിക ബോധം വളർത്തി. കൂടാതെ വായനശാലകളുടേയും സാമൂഹ്യസാംസ്കാരിക സംഘടനകളുടെയും സ്വാധീനവും സാമൂഹികസാംസ്കാരിക നിലവാരം ഉയർത്തുന്നതിന് ഉപകരിച്ചു.

ഓണം, വിഷു, ദീപാവലി, ക്രിസ്തുമസ്, ഈസ്റ്റർസ ബക്രീദ്, റംസാൻ എന്നിവ ആഘോഷിക്കുന്നു. ഓണം ദേശീയോത്സവമായാണ് ആഘോഷിക്കുന്നത്യ എല്ലാ ജാതിമതസ്ഥരും ഈ ഉത്സവത്തിൽ പങ്കുകൊള്ളുന്നു. ക്ഷേത്രോത്സവങ്ങളാണ് പിന്നീട് പ്രധാനമായിട്ടുള്ളത്.

ഈ ഗ്രാമത്തിലെ ജനങ്ങൾ കഴിഞ്ഞകാലങ്ങളിൽ നിന്നും എല്ലാരംഗങ്ങളിലും വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. സാമൂഹ്യമായ ഉച്ചനീചത്വത്തിൽ നിന്നും അനാചാനങ്ങളിൽനിന്നും ഉള്ള മോചനത്തിൽ മറ്റ് ഗ്രാമങ്ങളെക്കാൾ മുന്നിൽതന്നെ. വിദ്യാഭ്യാസത്തിന്റെ



കാര്യത്തിൽ ഇന്ന് അഭിമാനകരമായ മുന്നേറ്റം കഴ്ചവെച്ചരിക്കുകുകയാണ്. ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ മറ്റ് പഞ്ചായത്തുകളുടെ കൂട്ടത്തിൽ ഒട്ടും പുറകിലല്ല. സാമ്പത്തിക രംഗത്ത് ഈ ഗ്രാമം സാധാരണയിൽ കവിഞ്ഞ നിലവാരം പുലർത്തുന്നു. കഴിഞ്ഞകാലങ്ങളിൽനിന്ന് തീർത്തും വിഭിന്നമാണ് സാമൂഹ്യ രംഗത്ത് ഉണ്ടായ മാറ്റം.

എല്ലാ സമുദായത്തിലും വിഭാഗത്തിലും പെട്ടവർ പരമ്പരാഗതരീതിയുപേക്ഷിച്ചു. ഇന്ന് ഐക്യരൂപ്യമുള്ള വസ്ത്രധാരണമാണ് നടത്തുന്നത്. സ്ത്രീകൾ സാരിയും ബ്ലൗസും, ചുരീദാറും, മിഡിയും ഉപയോഗിക്കുന്നും. പുരുഷന്മാർ ഷർട്ടും പാൻസും മുണ്ടും ഉപയോഗിക്കുന്നു. എന്നാൽ മുൻകാലങ്ങളിൽ ഹിന്ദുസ്ത്രീകൾ ബ്ലൗസും നേര്യതും മുണ്ടും ഉപയോഗിച്ചിരുന്നപ്പോൾ കൃസ്ത്യൻ വനിതകൾ കച്ചയും ചട്ടയും നേര്യതും ഉപയോഗിച്ചിരുന്നു, മുസ്ലീം സ്ത്രീകളാകട്ടെ കുപ്പായവും തലയിൽ തട്ടവും കള്ളിമുണ്ടും ഉപയോഗിച്ച് പോന്നിരുന്നു. ഇപ്പോൾ ഗൾഫ്നാടുകളുടെ ജീവിതസംസ്കാരത്തിന്റെ സ്വാധീനഫലമായി പർദ അണിയുന്ന മുസ്ലീംസ്ത്രീകളെ ഈ ഗ്രാമത്തിലും കാണാവുന്നതാണ്. അങ്ങനെ കുടിലുകലൾ മാളികകളായി. സുഗഭോഗവസ്തുക്കളായ സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ആടയാഭരണങ്ങളുടേയും ഉപയോഗം വർദ്ധിച്ചു. വിദേശ നിർന്നിത വസ്തുക്കളിലുള്ള ഭ്രമം വർദ്ധിച്ചു. ഇത് അവരുടെ ജീവിതനിലവാരത്തെ ഉയർത്തി.

കാർഷിക ഗ്രാമമായ ഈ പഞ്ചായത്ത് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമായിരുന്നു. സാധാരണ വിദ്യാഭ്യാസത്തിനുപോലും സാഹചര്യങ്ങൾ ഇല്ലായിരുന്നു. ഇവിടെ ഉണ്ടായിരുന്ന വിദ്യാലയങ്ങൾ ചത്തിയറ എൽ.പി. എസ്സും. ചാരുംമൂട്ടിലെ സെൻമേരീസും, പാലൂത്തറ യു.പി.എസും മാത്രമായിരുന്നു. ഉന്നത വിദ്യാഭ്യാസസൗകര്യങ്ങൾ തീരെ ഇല്ലാതിരുന്നതിനാൽ പരിമിതമായ ആളുകൾക്കുമാത്രമേ ഉന്നതവിദ്യാഭ്യാസം നേടുവാൻ സാധിച്ചുള്ളു. എന്നാൽ പരമ്പരാഗത പണികൾ പിന്തുടർന്നു പോന്ന കുടുംബക്കാർ പ്രധാനമായും കാർഷിക രംഗത്ത് ഉറച്ചുനിന്നു. കൃഷിയിലുണ്ടായ അഭിവൃദ്ധിയും നഗരപ്രദേശങ്ങളിലെ ജീവിത സൗകര്യങ്ങളും വിദ്യാഭ്യാസത്തിന് പ്രേരണ നൽകി. തുടർന്നു വിദ്യാഭ്യാസസ്ഥാപനങ്ങൾ പുതുതായി സ്ഥാപിതമായതോടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർന്നു കൂടാതെ പത്രമാസികകളുടെ സ്വാധീനവും പഞ്ചായത്തിന്റെ വിദ്യാഭ്യാസസാംസ്കാരിക ഉയർച്ചയ്ക്ക് ആക്കം കൂട്ടി.

രാഷ്ട്രീയ സാമുദായികസംഘടനകളുടെ പ്രവർത്തനം പൊതുവിൽ നാടിന്റെ വികസനത്തോടൊപ്പം സാമൂഹ്യസാംസ്കാരിക രംഗത്തെ ഉയർച്ചയ്ക്കും അച്ചടക്കത്തിനും തുടക്കം കുറിച്ചു. കേരള ഗ്രാമീണഗ്രന്ഥശാലാ പ്രവർത്തനത്തിന്റെ അലയൊലി നമ്മുടെ ഗ്രാമത്തിലും കടന്നുവരികയുണ്ടായി. അതിന്റെ ഭാഗമായി ഗ്രന്ഥശാലകളും കലാസമിതികളും രൂപംകൊണ്ടു. ലപ്രസിസാനിട്ടോറിയത്തിലെ വളരെ പഴക്കമുള്ള വായനശാലയും ലൈബ്രറിയും, ചത്തിയറ ദേശബന്ധുഗ്രന്ഥശാലയും ഇതിന്റെ ഭാഗമായി പ്രവർത്തനം തുടങ്ങി. യുവജനങ്ങളിൽ ഉണ്ടായ സാംസ്കാരിക മുന്നേറ്റം നാട്ടിൽ ചനലങ്ങൾ സൃഷ്ടിച്ചു. കലാകായിക രംഗങ്ങളിൽ പുതിയ സമിതികൾ രൂപംകൊണ്ടു ഇവ ഗ്രാമത്തെ പൊതുരംഗത്തേക്ക് നയിക്കുകയും ചെയ്തു. സംസ്ഥാന-ദേശീയ തലങ്ങളിൽ വനിതാ നേതൃത്വത്തിന്റെ വളർച്ചയും സ്വാധീനവും നമ്മുടെ ഗ്രാമത്തിലെ വനിതകളിലും ആവേശമേകി. ഈ സാഹചര്യത്തിൽ ചുരുക്കം വനിതകൾ പൊതു രംഗത്തേക്ക് കടന്നുവരികയുണ്ടായി. ഇതു വനിതകളുടെ മനോവീര്യം കൂട്ടുകയും സാമൂഹ്യരാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നതിനും വനിതകളുടെ പങ്കാളിത്തം ലഭ്യമാക്കുകയും ഒപ്പം വനിതാ സമാജങ്ങളുടെ ആവിർഭാവത്തിന് ഇടയാക്കുകയും ചെയ്തു. ക്രമേണ വനിതകളും സമൂഹത്തിൽ ഒരു പരിധിവരെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ചുതുടങ്ങി.





ഈ പഞ്ചായത്തിൽ പ്രധാന ഹൈന്ദവ ക്ഷേത്രങ്ങൾ പത്തെണ്ണവും മറ്റ്ധാരാളം സ്വകാര്യ കുടുംബക്ഷേത്രങ്ങളും ഉണ്ട്. ഇവിടെ ക്ഷേത്രാചാരങ്ങൾ സംരക്ഷിച്ചും വർഷത്തിൽ ഉത്സവം ആഘോഷിച്ചും പോരുന്നു. കാവുകളിലെ നാഗരാജ പ്രതിഷ്ഠകളും അവിടെ നടത്തുന്ന നൂറും പാലും, പുള്ളുവൻ പാട്ടും പ്രത്യേകതയാണ്. അതാതുക്ഷേത്രങ്ങൾക്ക് അതാതിന്റെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടുള്ള ആചാരങ്ങളും രീതികളുമാണ് കാണുന്നത്. കലാവിരുത് പ്രകടിപ്പിക്കുന്ന നയനമനോഹരമായ കെട്ടുകാഴ്ചകളും കരപ്രതക്ഷിണത്തോടുകൂടിയ ഘോഷയാത്രയും നാടകം ഡാൻസ് കഥാപ്രസംഗം തുടങ്ങിയ കലാവരിപാടികളും അരങ്ങേറുന്നു. ഇതിലുപരി ഈ ആഘോഷനിദങ്ങളിൽ ആ പ്രദേശത്തെ നാനാജാതി മതസ്ഥരും ഇതിൽ പങ്കാളികളാകുന്നു. അന്ന് വീടുകളിൽ പ്രത്യേക വിഭനങ്ങളോടെ സദ്യയൊരുക്കുന്നു. എല്ലാ നാട്ടുകാരും ബന്ധുക്കളും ഒത്തൊരുമിക്കുകയും പരസ്പരം സൗഹൃദം പങ്കുവയ്ക്കുകയും ചെയ്യുന്നു. ക്ഷേത്രങ്ങളിൽ വച്ച് വിവാഹവും നടന്നുപോരുന്നു.

ക്രൈസ്തവൻ സമുദായത്തിന്റെ ഈസ്റ്ററും ക്രിസ്തുമസ്സും ഇവിടെ സ്തുത്യർഹമായ രീതിയിൽ തന്നെ ആഘോഷിക്കുന്നു. എല്ലാവീടുകളിലും ക്രിസ്തുമസ്സ് സന്ദേശമായി ക്രിസ്തുമസ്സ് സ്റ്റാർ പ്രദർശിപ്പിക്കാറുണ്ട്. ഇവിടെ ക്രൈസ്തവൻ ദേവാലയങ്ങൾ അഞ്ചെണ്ണമുണ്ട്. കൂടാതെ പെന്തക്കോസ് സഭകളും രണ്ടു പ്രാർത്ഥനാലയങ്ങളും ഉണ്ട്. ശദാബ്ദിയാഘോഷിക്കുന്നു പേരൂർകാരാണ്മയിലെ മർത്തോമാപ്പള്ളി ശ്രദ്ധേയം തന്നെ ഈ പള്ളികളിൽ ഞായറാഴ്ചകളിൽ പ്രാർത്ഥനകളും വർഷത്തിലൊരിക്കൽ ഓർമ്മപ്പെരുനാളും നടത്തിവരുന്നു. പോരുനാളുത്സവത്തിന് മുത്തുക്കുടകളും കൊടികളുമേന്തിയ റാസ കരപ്രദക്ഷിണം ചെയ്യുന്നു. ഇതിൽ നാനാജാതി മത സ്ഥരും പങ്കാളികളാകുന്നുണ്ട്. ഈ റാസയോടു ചേർന്ന് ഇടയ്ക്കിടയ്ക്ക് കരിമരുന്ന് പ്രയോഗവും നടത്തുന്നുണ്ട്.

ഒരു ചെറിയ വിഭാഗം ദളിത് ക്രൈസ്തവർ ഈ പഞ്ചായത്തിൽ വസിക്കുന്നു. ഇവർക്കുള്ള ആരാധനാലയങ്ങൾ പത്താം വാർഡിലും പതിനൊന്നാം വാർഡിലും ഓരോന്നുണ്ട്. എല്ലാ ഞായറാഴ്ചകളിലും കൂടി പ്രാർത്ഥനനടക്കുന്നുണ്ട്.

മുസ്ലീം സമുദായത്തിന്റെ മുഖവും നബിദിനവും ഈദുൽ ഹിത്തർ ബക്രീദ് എന്നിവയും സാമുദായിക ആചാരമാണെങ്കിലും ഈ ഉത്സവദിനത്തിൽ മറ്റ് സമുദായക്കാരും പങ്കുകൊള്ളുന്നു. രണ്ടു മുസ്ലീം പള്ളികളും ഏഴ് തൈക്കാവുകളും അതിനോടൊന്നിച്ച് മദ്രസകളും ഈ പഞ്ചായത്തിലുണ്ട്. വെള്ളിയാഴ്ചതോറും നടത്തുന്ന പ്രത്യേക പ്രാർത്ഥനയും നിത്യേന അഞ്ചുനേരം നടത്തുന്ന നിസ്കാരവും ഈ സമുദായത്തിന്റെ പ്രത്യേകതയാണ്. പെരുനാളുകൾ, പ്രഭാഷണങ്ങളും, സദ്യയൊരുക്കങ്ങളോടും കൂടി ആഘോഷിക്കുന്നു. ഈ ആഘോഷങ്ങളിൽ മറ്റ് സമുദായത്തിൽ ഉള്ളവരും പങ്കെടുക്കുന്നു. റംസാൻ മാസം മുപ്പത് ദിവസത്തെ നോയമ്പിനു ശേഷം ഈദുൽ ഹിത്തർ (കൊച്ചു പെരുനാൾ) ആഘോഷിക്കുന്നു. ഈ നോയമ്പിന്റെ 27-ാം ദിനത്തിൽ "സക്കാത്ത് " (പണം, അരി, വസ്ത്രം) എന്നിവ ദാനം നൽകുന്നു. ഈ പെരുനാളുകൾക്ക് പുതുവസ്ത്രങ്ങളും സദ്യവട്ടങ്ങളും ഒഴിച്ചുകൂടാൻ ആവാത്തതാണ്. ദുൾഹജി മാസത്തിൽ പത്തു ദിവസത്തെ നോയമ്പിനുശേഷം ബലിപെരുനാൾ, മൃഗങ്ങളെ ബലികൊടുത്ത് (ബക്രീദ്) ആഘോഷിക്കുന്നു. ഈ നാളുകളിൽ സാമ്പത്തികമുള്ള വിശ്വാസികൾ ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നു. താമരക്കുളത്തെ മുഖ്യ മുസ്ലീം പള്ളിയായ കല്ലൂർ പള്ളിയിൽ ഏഴു വർഷത്തിനു മുമ്പുവരെ ചന്ദനക്കുട മഹോത്സവം ആഘോഷിച്ചു പോന്നിരുന്നു.

കേരളീയ കലകളായ ഓട്ടം തുള്ളലിലും ക്ഷേത്രാചാര വാദ്യമേളങ്ങളിലും പ്രാവീണ്യം നേടിയ കലാകാരന്മാരെ സാംസ്കാരിക കേരളത്തിന് ഈ ഗ്രാമം സംഭാവനനൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ വേടരപ്ലാവിലെ പരേത





നായ ശ്രീ വാസുദേവക്കുറുപ്പ് പ്രസിദ്ധനായ ഓട്ടംതുള്ളൽ വിദഗ്ദനായിരുന്നു. അദ്ദേഹം മരിച്ചു വീണത് അരങ്ങത്തുതന്നെയായിരുന്നു. കൂടാതെ കാക്കാരിശി നാടകരംഗത്തും ഇദ്ദേഹം പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്. അതേ നാട്ടുകാരനായ ശ്രീ. കുഞ്ഞൻപിള്ള ജീവിച്ചിരിക്കുന്ന ഒരു ഓട്ടംതുള്ളൽ വിദഗ്ധനാണ്. കൂടാതെ ക്ഷേത്രാചാര വാദ്യമേളങ്ങളിൽ സാമർത്ഥ്യം പുലർത്തിയവർ ഇവിടെ സമർദ്ധമായിരുന്നു നാടൻ കലാമേളങ്ങളായ ചെണ്ട, തബല, മൃദംഗം, ഹാർമോണിയം തുടങ്ങിയവയിൽ നല്ല നിലവാരം പുലർത്തുന്നവർ ഇന്നുമുണ്ട്. ഈ മേഖലകളിലെ പട്ടികജാതികളിൽപ്പെട്ട് അനുഗൃഹീതകലാകാരന്മാർ നാടിന് അഭിമാനം തന്നെ. ഈ വാദ്യോപകരണങ്ങൾ നിർമ്മിക്കുന്ന ആശാരിമാരും ഈ ഗ്രാമത്തിൽ വസിക്കുന്നു.

ഓച്ചിറക്കളിയിൽ അവതരിപ്പിക്കുന്ന പഴയ ആയോധനമുറകളിലുള്ള കലാപ്രകടനവും ഈ ഗ്രാമത്തിൽ കണ്ണനാകുഴി പ്രദേശത്ത് അഭ്യസിച്ചും അവതരിപ്പിച്ചും പോരുന്നു. കഥകളി-കഥാ പ്രസംഗം എന്ന കലരൂപപ്പെടുത്തി അവതരിപ്പിച്ച് പ്രശസ്തനായ താമരക്കുളം കെ.ആർ. നമ്മുടെ ഗ്രാമത്തിന്റെ അഭിമാനംതന്നെ. പ്രൊഫഷണൽ ഡാൻസ്, നാടകരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരും കലാകാരികളും നമുക്കുണ്ട്. കൂടാതെ അറവനമുട്ട്, കോൽകളി-എന്നീ കലാപ്രകടനങ്ങളും നമ്മുടെ ഗ്രാമത്തിന്റെ പ്രത്യേകതകളാണ്. ചെറുകഥ, ചിത്രരചന എന്നിവയിൽ പ്രാമുഖ്യം തെളിയിച്ച ചെറുപ്പക്കാർ ഈ നാടിന്റെ അഭിമാന തിലകങ്ങളാണ്.

വായന ശാലകൾ

കൈരളിവായനശാല	–	വേടരപ്ലാവ്	വാർഡ് 4
ദേശബന്ധു വായനശാല	–	ചത്തിയറ	വാർഡ് 5
സനാതന ഗ്രന്ഥശാല	–	കണ്ണനാകുഴി	വാർഡ് 2
പഞ്ചായത്തു ലൈബ്രറി	–	മേക്കും മുറി	വാർഡ് 6
എൽ.എസ്. ലൈബ്രറി	–	കൊട്ടക്കാട്ടുശ്ശേരി	വാർഡ് 10





ക്ലബ്ബുകൾ

രൂപകല	–	കണ്ണനാകുഴി	വാർഡ് 1
ബ്രദേഴ്സ്	–	കണ്ണനാകുഴി	വാർഡ് 1
ഉപാസന സാംസ്കാരിക വേദി	–	കണ്ണനാകുഴി	വാർഡ് 2
നവഭാരത്	–	പേരൂർകാരാണ്മ	വാർഡ് 3
സംഘം	–	പേരൂർകാരാണ്മ	വാർഡ് 3
ടാഗോർ	–	പേരൂർകാരാണ്മ	വാർഡ് 3
നേതാജി	–	പേരൂർകാരാണ്മ	വാർഡ് 3
നവോദയ	–	വേടരപ്ലാവ്	വാർഡ് 4
നവഭാരത്	–	വേടരപ്ലാവ്	വാർഡ് 4
തൂലിക	–	വേടരപ്ലാവ്	വാർഡ് 4
അംബേദ്കർ	–	ചത്തിയറ	വാർഡ് 5
ശ്രുതി	–	ചത്തിയറ	വാർഡ് 5
യുവകേരള	–	മേക്കുംമുറി	വാർഡ് 6
ഒയാസിസ്	–	മേക്കുംമുറി	വാർഡ് 6
ലൗ-ബേർഡ്സ്	–	മേക്കുംമുറി	വാർഡ് 6
ന്യൂസ്റ്റാർ	–	കിഴക്കേമുറി	വാർഡ് 8
അശ്വതീയുവജനസംഘ്യം	–	കിഴക്കേമുറി	വാർഡ് 9
റേഡിയോ പ്രോഗ്രാം	–	കിഴക്കേമുറി	വാർഡ് 9
നവഭാരത്	–	കിഴക്കേമുറി	വാർഡ് 9
രാഹം	–	കിഴക്കേമുറി	വാർഡ് 9
ദേശസ്നേഹി	–	കിഴക്കേമുറി	വാർഡ് 9
മഹാത്മാ	–	കിഴക്കേമുറി	വാർഡ് 9
ഓസ്ക്കാർ	–	കഴക്കേമുരി	വാർഡ് 9
മൈത്രീ ആർട്സ് ക്ലബ്ബ്	–	ചാരുംമൂട്	വാർഡ് 3
ആനന്ദ കലാസമിതി	–	എൽ.എസ്	വാർഡ് 10
ദേശസ്നേഹി	–	എൽ.എസ്	വാർഡ് 10



സംസ്കാരം പ്രശ്നങ്ങളും പരിഹാരങ്ങളും

- നിലവിലുള്ള ഗ്രന്ഥശാലയായ കൈരളി വായനശാലയ്ക്ക് സ്വന്തമായി കെട്ടിടമില്ല അതുണ്ടാക്കാൻ നടപടിയെടുക്കുക
- വായനശാലകലില്ലാത്ത വാർഡ് 1,3,7,8,9,11 എന്നീ വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കുക.
- പഞ്ചായത്തു വക പൊതു കളിസ്ഥലം മിനി സ്റ്റേഡിയം എന്നിവ എത്രയും പെട്ടെന്ന് സ്ഥാപിക്കുക.
- നിലവിലുള്ള റേഡിയോ ക്ലബ്ബുകൾ പ്രവർത്തനക്ഷമമാക്കുക. ഇല്ലാത്ത വാർഡുകളിൽ പുതിയവ നിർമ്മിക്കുവാൻ വേണ്ട നടപിടി എടുക്കുക.
- ഹരിജൻ കോളനികളിൽ ടി.വി. സ്ഥാപിക്കുക.
- പുരാതന കുളങ്ങൾ, കിണറുകൾ എന്നിവ പരിരക്ഷിച്ച് നിലനിർത്തുക
- കുടുംബനീതിമേള നടത്തി തർക്കങ്ങൾ ഒത്തു തീർപ്പാക്കാൻ വേണ്ട നടപടി നടത്തുക.
- പഞ്ചായത്ത് ലൈബ്രറിയിൽ കൂടുതൽ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങി സൂക്ഷിക്കുക
- സ്പോർട്ട്സ്. ഗെയിംസ് എന്നിവയ്ക്കു വേണ്ട ഉപകരണങ്ങൾ പഞ്ചായത്തിൽ സുക്ഷിച്ച് മേളകൾക്ക് പ്രയോജനപ്രദമാക്കുക.
- മദ്യവർജ്ജനത്തിനും പുകവലി നിരോധനത്തിനും വേണ്ട ബോധവൽക്കരണ നടപടി കാര്യക്ഷമമാക്കുക
- നാടൻ കലകൾ, നൃത്തം, സംഗീതം, കഥകളി എന്നിവയ്ക്ക് വേണ്ട പ്രോത്സാഹനം നല്കുക.
- പത്താം വാർഡിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ അസോസിയേഷൻ സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാൽ വേണ്ട പ്രോത്സാഹനം മതിയാകുന്നില്ല അതിനു വേണ്ട നടപടി സ്വീകരിക്കുക.





വനിതാക്ഷേമം

മാവേലിക്കര താമരക്കുളം പഞ്ചായത്തിലെ ജനസംഖ്യയുടെ 55 ശതമാനം സ്ത്രീകളാണ്. എന്നാൽ പട്ടിക ജാതി പട്ടിക വർഗ്ഗക്കാരിൽ സ്ത്രീകളുടെ എണ്ണം കുറവായിട്ടാണ് കാണുന്നത്(പുരുഷന്മാർ 2235, സ്ത്രീകൾ2153).

വിദ്യാഭ്യാസപരമായി സ്ത്രീകൾ ഈ പഞ്ചായത്തിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. സമൂഹത്തിന്റെ മേലേതട്ടിലുള്ള സ്ത്രീകൾ സാമാന്യം ഉന്നത വിദ്യാഭ്യാസം പുലർത്തുമ്പോൾ, ഇടത്തട്ടുകാർ സാമാന്യം വിദ്യാഭ്യാസവും സമ്പാദിക്കുന്നു. താഴേ തട്ടിലുള്ളവരിൽ അപൂർവ്വമായ ഉന്നത വിദ്യാഭ്യാസവും സമ്പാദിക്കുന്നു. താഴേ തട്ടിലുള്ളവരിൽ അപൂർവ്വമായ ഉന്നത വിദ്യാഭ്യാസവും പൊതുവിൽ സാമാന്യ വിദ്യാഭ്യാസവും ആർജിക്കുന്നു.

വിദ്യാഭ്യാസ കാര്യത്തിൽ പൊതുവെ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് മുന്നിൽ. (പുരുഷന്മാർ 9638 സ്ത്രീകൾ 9289) എന്നാൽ തൊഴിൽ മേഖലയിലെ സ്ഥിതി വിപരീതവുമാണ്. ഉന്നത വിദ്യാഭ്യാസം നേടിയ വനിതകളിൽ തൊഴില്ലായ്മ രൂക്ഷമാണ്. സാമ്പത്തിക മേഖലയിൽ ഔന്നിത്യം പുലർത്തുന്നവരിൽ, കുടുംബനാഥൻ നല്ല വരുമാനക്കാരൻ ആയതിനാൽ സാമൂഹ്യ പ്രശ്നം ഏറെ കുറവാണ്. ഇവരിൽ വിദ്യാഭ്യാസ നിലവാരത്തിനനുസൃതമായ ജോലി സമ്പാദിക്കുന്ന പ്രവണതയുണ്ട്. ഭൂരിഭാഗവും അദ്ധ്യാപികമായും ഈ വിഭാഗത്തിൽപ്പെടുന്നു. ഇടത്തരക്കാരിൽ സാമാന്യവും ഉന്നതവുമായ വിദ്യാഭ്യാസം ലഭിച്ചവരിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്. സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഈ കൂട്ടര ഖാദിമേഖലയിലെ നൂൽനൂല്പ്, കശുവണ്ടി ഫാക്ടറി, തയ്യൽ തുടങ്ങിയ മേഖലകളിൽ പണി എടുക്കുന്നുണ്ട്. ഏറ്റവും തഴേത്തട്ടിലുള്ള പാവപ്പെ





ട്ടവരിൽ സൗഹൃദഭാഗവും സ്ഥിരം തൊഴിൽ ഉള്ളവരല്ല. ഇവർ കർഷകതൊഴിലാളികളും കുട്ടനെയ്ത്ത്, പായ്നെയ്ത്ത്, ഇഷ്ടിക തൊഴിലാളികളുമാണ്. ഈ മേഖലളിൽ തൊഴിൽ ദിനങ്ങൾ വളരെ പരിമിതവുമാണ്.

പൊതുവെ വനിതകൾ തൊഴിൽ രംഗത്ത് പിറകിലാണ്. ഒപ്പം വരുമാനത്തിലും സമൂഹത്തിൽ സ്ത്രീകൾക്ക് ഇന്നു കിട്ടുന്ന സ്ഥാനം മെച്ചപ്പെട്ടതാണെങ്കിലും താരകമ്യേന എല്ലാരംഗങ്ങളിലും പിൻതള്ളപ്പെട്ടിരുന്നു. കുടുംബങ്ങളിൽ ഭാരിച്ച ജോലി ഉള്ളതിനാൽ മറ്റു മേഖലകളിൽ പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിരുന്നില്ല. കാലത്തിന്റെ വെല്ലുവിളിയെ നേരിട്ട വിദ്യാസമ്പന്നരും പുരോഗമനവാദികളുടെ പ്രവർത്തനഫലമായി പൊതുവിൽ മാറ്റം വന്നു. അടുക്കളയിൽ നിന്നും സമൂഹത്തിലേക്ക് ഇറങ്ങി തുടങ്ങിയതോടെ അവരോടുള്ള സമീപനത്തിലും മാറ്റം കണ്ടു. ഔദ്യോതിക രംഗങ്ങളിലെ പങ്കാളിത്തവും സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലേക്കുള്ള വരവിന് ദേശീയതലത്തിലുള്ള വനിതാ നേതൃത്വം ആവേശം പകർന്നു. മഹിളാസമാജങ്ങളുടെ പ്രവർത്തനവും രാഷ്ട്രീയരംഗങ്ങളിലേ പ്രവർത്തനവും തൊഴിൽ രംഗത്തെ പങ്കാളിത്തവും ഒരു പുതിയ സംസ്ക്കാരത്തിന് തുടക്കംകുറിച്ചു. സമൂഹത്തിൽ തുല്യസ്ഥ

ഥാനം എന്ന ആശയം ഉദിക്കുകയും സ്ത്രീജീവിതത്തിൽ ഒരു പുതുയുഗത്തിന് നാന്ദികുറിക്കുകയും ചെയ്തു.

സ്ത്രീകൾക്ക് കുടുംബത്തിൽ പ്രധാന പങ്കാണുള്ളത്. എന്നാൽ സ്ത്രീകൾക്ക് പീഠനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. കുടുംബങ്ങളിൽ അടുക്കളയിലെ ഭക്ഷണം പാചകം ചെയ്യലും കുട്ടികളെ സംരക്ഷിക്കലും ഭർത്താവിനെ പരിചരിക്കലും അംഗീകരിക്കപ്പെട്ട ബാദ്ധ്യതയായി കണക്കാക്കുന്നു. ഇവിടെ പ്രശ്നങ്ങൾ പൊന്തുകയും ചെയ്യുന്നു. ഇത് അടിച്ചേല്പിക്കപ്പെട്ട ഭാരമായി പരിണമിക്കുകയും ഇതിന്മേലുണ്ടാകുന്ന പ്രശ്നങ്ങൾ കുടുംബകലഹത്തിനും ദാമ്പത്യജീവിതം താറുമാറാക്കുന്നതിനും ഇടം നൽകുന്നു. പല സംഭവളിലും സ്ത്രീകൾ ഉപേക്ഷിക്കപ്പെടുകയോ പീഠനങ്ങൾക്ക് വിധേയരാവുകയോ ചെയ്യുന്നു. ഇവിടെ കുടുംബങ്ങളിലെ പുരുഷമേധാവിത്വം സ്ത്രീകളെ സഹജീവി എന്ന് അംഗീകരിക്കുന്നില്ലാ എന്നതിലുപരി ഏതോ പതിത്വം കല്പിക്കുകകൂടി ചെയ്യുന്നു. സാമ്പത്തിക ഭദ്രത ഇല്ലാത്ത പലവിടുകളിലും ഈ താളം തെറ്റിയ കുടുംബജീവിതത്തിന് പ്രധാനം സാമ്പത്തികമായിരിക്കും. കൂട്ടത്തിൽ സമൂഹത്തിൽ കാലാകാലങ്ങളുമായി നിലനിന്നു പോന്നിരുന്ന മദ്യപാനം കുടുംബകലാപത്തിനും സ്ത്രീപീഠനത്തിനും കാരണമാകുന്നു. ഇത് ദാമ്പത്യജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മദ്യത്തിന്റെ സ്വാധീനം പല ദുർമരണങ്ങൾക്കും ഇടവരുത്തിയുട്ടുള്ളതായിക്കാണാം. ഇപ്പോൾ വളരെ അപകരകരമായ നിലയിൽ മദ്യത്തിന്റെ സ്വാധീനം സമൂഹത്തിൽ വന്നിട്ടുണ്ട്. വ്യാജമദ്യം കുടുംബിനികളുടെ താളം തെറ്റിക്കുന്നു. ഗ്രാമീണരായ പാവപ്പെട്ടവരുടെ കുടുംബങ്ങളിലാണ് ഏറിയ പ്രശ്നങ്ങൾക്കും ഇടവന്നിട്ടുള്ളത്.

ഈ ഗ്രാമത്തിൽ വനിതകളുടെ പൊതുപ്രവർത്തനം പരിമിതംതന്നെ മാതൃ-ശിശുസംരക്ഷണ പരിപാടികളുടെ ഭാഗമായി പ്രദേശകമായി വനിതാസമാ





ജങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടന്നു വന്നിരുന്നു. ഔദ്യോഗിക പരിഗണന നിന്നപ്പോൾ പ്രവർത്തനങ്ങളും നിലച്ചു. ഏതാനും സമാജങ്ങൾ ഒഴിച്ചാൽ ഈ രംഗത്ത് പ്രവർത്തനങ്ങളും ചത്തിയറ വാർഡിൽ പ്രവർത്തിക്കുന്ന കമലാ നെഹ്രു മഹിളാസമാജം മാതൃകാപര മായ പ്രവർത്തനമാണ് നടത്തുന്നത്. ഇവിടെ സർക്കാരിടപെടല്ട മോശമായ തിനാലാണ് നിലനിന്നിരുന്ന ബുക്ക് ബൈൻഡിംഗ് യൂണിറ്റ് നിലച്ചുപോയത്. വ്യാവസായിക പിന്നോക്കാവസ്ഥയും വനിതാ പ്രവർത്തനങ്ങൾക്കും ക്ഷീണ മേകുന്നു. കാർഷിക ഗ്രാമമായ ഇവിടെ കാർഷിക മേഖലകളിൽ ഒരു വിഭാഗം വനിതകൾ സജീമായി. നല്ല മാനേ ജ്മെന്റ് നടത്തുന്നതായി കാണാം. കൂടാതെ കർഷകത്തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണ്. കശുവണ്ടി ത്തൊഴിലാളികളിൽ 60 ശതമാനവും സ്ത്രീകളാണ്. പൊതിരംഗത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന പൊതുനയം വന്നതോടെ വനിതാപ്രാതി നിധ്യം എല്ലാതുറകളിലും വളർന്നു വന്നിട്ടുണ്ട്.

വനിതാക്ഷേമ പ്രവർത്തന ങ്ങൾതീരെ എത്തപ്പെടാത്ത ഈ പഞ്ചാ യത്തിൽ ഏറെ സാധ്യതകളുണ്ട്. ദുർബ ലരായ കുടുംബങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വനിത വ്യവസായ-വാണിജ്യ കേന്ദ്രങ്ങൾ തുറക്കാൻ സർക്കാർ ഇടപെടൽ ആവശ്യമാണ്. സാമ്പത്തികഭദ്രത ഒരു പരിധിവരെ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതാ ണ്. വ്യർഥാ വ്യയം ചെയ്തു പോകുന്ന മനുഷ്യവിഭവമായ ഈ വിഭാഗത്തിന്റെ പ്രയത്നം ചൂഷണം ചെയ്യുന്നതിന് ആവ ശ്യമായ സഹായങ്ങൾ വനിതാ വിക സന കോർപ്പറേഷന്റെയോ, പിന്നോക്ക വികസന കോർപ്പറേഷന്റെയോ പ്രവർത്തനം എത്തിക്കേണ്ടതാണ്. കൂടാതെ നിലവിൽ പ്രവർത്തന രഹിത മായി കിടക്കുന്ന വനിതസഹകരണ സംഘം കാര്യക്ഷമമാക്കുന്നതോടെ ഒരു പരിധിവരെ വനിതാക്ഷേമക്കാര്യങ്ങൾക്ക് ആശ്വാസം നൽകുവാൻ സാധിക്കും. ഇത് വ്യാവസായിക വാണിജ്യമേഖലക ളിലും സ്ത്രീകൾ ഇതരപഞ്ചായത്തി ന്റെയും പിന്നോക്കാവ്സ്ഥക്ക് മാറ്റം കുറി ക്കാൻ വനിതകളുടെ സഹായം ഏറെ വലുതായിരിക്കും.

വനിതാക്ഷേമം

- വനിതാ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- ആരോഗ്യ കുടുംബക്ഷേമ പ്രവർത്ത നങ്ങളിൽ ഗ്രാമീണ സ്ത്രീകളേ ബോധവൽക്കരിക്കുക.
- വനിതാ സമാജങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.
- സ്ത്രീകൾക്ക് തൊഴിൽ ദാനപദ്ധതി കളായി (തയ്യൽ, നെയ്ത്ത്, കോഴി വളർത്തൽ, കരകൗശല വസ്തു നിർമ്മാണം, ബുക്ക് ബയന്റിംഗ്, ബീഡിതെറുപ്പ്, കർപ്പൂരം, ചന്ദന ത്തിരി നിർമ്മാണം, അച്ചാറുകൾ, മുയൽ വളർത്തൽ, ചിപ്സ് നിർമ്മാണം, ഫാമുകൾ) തുടങ്ങിയ മേഖലകളിൽ ആവശ്യമായ പരിശീ ലനം നൽകി തൊഴിൽ സാധ്യത കൾ വളർത്തുക.
- ഒരു വനിതാ വ്യവസായ സഹകര ണസംഘം രൂപീകരിക്കുക.
- സ്ത്രീധന നിരോധനം നടപ്പിലാ ക്കണം.



❄ വനിതാസമാജം കെട്ടിടങ്ങൾക്ക് വൈദ്യുതിയും കുടിവെള്ളവും എത്തിക്കും.

❄ വനിതകൾക്ക് ആട്ടോറിക്ഷാ വാങ്ങുന്നതിനുള്ള ധനസഹായം നൽകുക.

❄ പഞ്ചായത്ത് സ്റ്റാളുകളിൽ സ്ത്രീകൾക്കുള്ള സംവരണം ഏർപ്പെടുത്തുക.

❄ വികലാംഗരായ വനിതകൾക്ക് തൊഴിൽ സാദ്ധ്യത മുൻനിർത്തി ടെലഫോൺ ബൂത്തുകൾ സ്ഥാപിച്ചു നൽകുക.

❄ സ്ത്രീകളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

❄ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ളതും അംഗീകാരം കിട്ടിയിട്ടുള്ളതുമായ അംഗൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

❄ സ്ത്രീപീഡനം ഒഴിവാക്കുന്നതിന് സാമൂഹ്യബോധവൽക്കരണം ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുക.

❄ മദ്യനിരോധനം നടപ്പിലാക്കുക.

❄ നിർധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ഏർപ്പെടുത്തുക.

❄ കൃഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്ത്രീകൾക്ക് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതികൾ നടപ്പിലാക്കുക.

❄ വനിതകളുടെ പ്രശ്നങ്ങൾക്ക് പരിഹരിക്കുന്നതിനുവേണ്ടി വനിതാപോലീസിന്റെ സേവനം ഉറപ്പു വരുത്തുക.





സഹകരണം

സ്വാതന്ത്ര്യാനന്തര കാലഘട്ടം മുതൽ ഈ പ്രദേശം സഹകരണമേഖലയ്ക്ക് സാമാന്യം നല്ല വേരോട്ടമുണ്ടായതായി കാണുന്നു. 1949-ൽ ആണ് ഈ പഞ്ചായത്തിൽ രണ്ട് സഹകരണ സംഘങ്ങൾ ഉണ്ടായത്. ആദ്യമായി ഗ്രാമോദ്ധാരണസഹകരണ സംഘങ്ങളായാണ് ഇവ തുടങ്ങിയത്. സഹകരണപ്രസ്ഥാനത്തിന്റെ ആശയം ഗ്രാമീണ ജനതയുടെ സർവ്വതോന്മുകമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ സാമ്പത്തിക മേഖലയെ ബന്ധപ്പെടുത്തിയും സേവനപ്രവർത്തനങ്ങളും നടത്തുക എന്നതാണ്. എന്നാൽ ഈ രണ്ടു സംഘങ്ങളും അത്രത്തോളം എത്തിയില്ലില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇവ 1958ൽ സർവ്വീസ് സഹകരണ സംഘങ്ങളായി രൂപാന്തരപ്പെട്ടു.

താമരക്കുളം കേന്ദ്രമായി ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 4280-ാം നമ്പർ സർവ്വീസ് സഹകരണസംഘം 2535 മെമ്പറന്മാരും രണ്ടുലക്ഷത്തിനുമേൽ ഓഹരി മൂലധനമുള്ളതുമാണ്. ഹ്രസ്വകാലകാർഷിക വായ്പാകളും. ദീർഘകാല വായ്പകളുമായി പ്രതിവർഷം ആറുലക്ഷത്തിൽ പരം രൂപയുടെ മൂലധനവിനിയോഗം നടത്തുന്നു. പൊതുവിതരണ മേഖലയിലെ റേഷൻ കട ഇന്നില്ല. രാസവള വിപണനം ഉണ്ട്. കൂടാതെ ഗവൺമെന്റിന്റെ കാലാകാലങ്ങളിലുള്ള സേവനപദ്ധതികളും നടപ്പാക്കുന്നുണ്ട്. കണ്ണനാകുഴി കേന്ദ്രമായി പ്രവർത്തിക്കുന്ന 7998 ാംനമ്പർ സർവ്വീസ് സഹകരണസംഘം നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. ഇതിന്റെ ഓഹരി മൂലധനം സർക്കാർ ഓഹരി ഉൾപ്പടെ 4,24,000/- രൂപായാണ്. ഈ സംഘത്തിൽ നിന്ന് വിവിധതരം വായ്പകളും വളം, കീടനാശിനി എന്നിവയുടെ വിതരണവും ലേലച്ചിട്ടിയും നടത്തുന്നു. മൂന്നാമതൊരു സഹകരണ സംഘം ഈ പഞ്ചായത്ത് ്തിർത്തിയിൽ ഉള്ളത് 1960ൽ തുടങ്ങിയ നൂറനാട് കുഷ്ഠരോഗാശുപത്രിയിലെ ഉദ്യോഗ



സ്ഥരായ രോഗികളുടെ പേഷ്യൻസ് എംപ്ലോയിസ് സഹകരണസംഘമാണ്. അതുപോലെ പട്ടികജാതിക്കാരുടെതായി ഒരു സഹകരണസംഘവും പ്രവർത്തിച്ചു വരുന്നു. കൂടാതെ മിൽമായുടെ കീഴിലും അഞ്ച് ക്ഷിരോല്പാദക സംഹകരണസംഘങ്ങളും രണ്ട് സ്കുൾ കൺസ്യൂമർ സഹകരണ സംഘങ്ങളും ഉണ്ട്. ഇവിടെ ഒരു വനിതാ സഹകരണസംഘവും പ്രവർത്തിച്ചു വരുന്നു..

ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

പേര്	നമ്പർ	അംഗങ്ങൾ	ഓഹരി മൂലധനം
താമരക്കുളം	4250	2535	1,27,000
സർവ്വീസ് സഹകരണസംഘം കണ്ണനാകുഴി സർവ്വീസ് സഹകരണ സംഘം	2998	2294	4,24,000
പട്ടികജാതി സർവ്വീസ് സഹകരണസംഘം	എ.266	1605	12,324
വി.വി.എച്ച്.എസ്. കൺസ്യൂമേഴ്സ് സഹകരണസംഘം	എ. 414	എ. 80 ബി.200	2400
എച്ച്.എസ് കൺസ്യൂമേഴ്സ് ചത്തിയറ എ.44	എ 476	എ 92 ബി 1228	1688
ക്ഷിരോല്പാദക സഹകരണസംഘം താമരക്കുളം	എ. 44	525	5250
ക്ഷിരോല്പാദക സഹകരണസംഘം താമരക്കുളം	എ 117	431	4340
ക്ഷിരോല്പാദക സഹകരണസംഘം ചത്തിയറ	എ95	243	2430
ക്ഷിരോല്പാദക സഹകരണസംഘം പേരൂർകാരാണ്മ	എ 109	398	4270
ക്ഷിരോല്പാദക സഹകരണസംഘം കണ്ണനാകുഴി	എ.101	432	4320
പേഷ്യൻസ് എംപ്ലേയീസ് സഹകരണസംഖം നൂറനാട്	എ309	700	58980
വനിതാ സഹകരണസംഘം	എ995	500	5000





മേൽപറഞ്ഞ എല്ലാ സംഘങ്ങളും പ്രധാനമായി ക്രഡിറ്റ് സംഘങ്ങളായി പ്രവർത്തിക്കുന്നവയാണ്. എല്ലാ സംഘങ്ങളും കുറച്ചുകൂടി ശ്രദ്ധപതിപ്പിച്ച് നടത്തേണ്ടിയിരിക്കുന്നു. ഇരുമ്പുപണി, മരപ്പണി, തഴനെയ്ത്ത്, ഈറനെയ്ത്ത് എന്നിവയ്ക്കും വനിതകൾക്കായുള്ള പല വ്യവസായ യൂണിറ്റുകൾക്കും സഹകരണ മേഖലയിൽ നല്ല വളർച്ച സാധ്യതകൾ ഉണ്ട്. ആധുനിക മാനേജ്മെന്റ് തന്ത്രങ്ങൾ സഹകരണ രംഗത്ത് പ്രയോഗിക്കാൻ കഴിഞ്ഞാൽ ഈ സ്ഥാപനങ്ങൾക്ക് അത്ഭുതങ്ങൾ കാഴ്ചവെയ്ക്കാൻ കഴിയും

പ്രശ്നങ്ങൾ

★ പലസഹകരണ സംഘങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമല്ല

★ സേവനമേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്ക് വേണ്ടത്രയില്ല

★ സഹകരണമേഖല വ്യവസായങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്നില്ല

★ കാർഷികാവശ്യങ്ങൾക്ക് വേണ്ടത്ര വായ്പ ലഭിക്കുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

★ നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങളിൽ പരമാധി അംഗങ്ങളെ ചേർത്ത് വിപുലീകരിക്കുകയും കാർഷിക വ്യാവസായിക സേവന മേഖലയിലുള്ള എല്ലാ ആവശ്യങ്ങൾക്കും പരമാവധി സഹായങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

★ ഏതെങ്കിലും മേഖലയിൽ സഹകരണസംഘം ആവശ്യമാണെന്ന് കണ്ടാൽ അവിടങ്ങളിൽ അതിന് സൗകര്യം ഉണ്ടാക്കുക.

★ എല്ലാ സഹകരണ സംഘങ്ങളുടേയും കീഴിൽ പൊതു വിതരണ ശൃംഖലയിൽ പെട്ട മാവേലിസ്റ്റോർ സ്ഥാപിക്കുകയും ആംഗങ്ങളുടെ പ്രത്യുത്പാതനവരമല്ലാത്ത അത്യാവശ്യങ്ങൾക്കു കൂടി വായ്പ ലഭിക്കാൻ സംവിധാനമിണ്ടാകണം

★ കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ താമരക്കുളം കേന്ദ്രമാക്കി ഉണ്ടാകണം

★ പല ചെറുകിട വ്യവസായ യൂണിറ്റുകളും സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടതുണ്ട്. അവയ്ക്ക് വേണ്ട പ്രോത്സാഹനം കൊടുക്കണം.

★ വിദ്യാഭ്യാസനിലവാരം പിന്നോക്കമുള്ള വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ പഠനം നടത്തുവാൻ സഹകരണാടിസ്ഥാനത്തിലുള്ള ഒരു ടൂട്ടോറിയല്ഡ കോളേജ് സ്ഥാപിക്കണം

★ സഹകരണസംഘങ്ങളിൽനിന്നുള്ള വായ്പ എടുക്കുന്നതിന് ഏർപ്പെടുത്തിയ നടപടികൾ ലഘൂകരിക്കാൻ നിർദ്ദേശം ഉണ്ടാകണം

★ കൃഷിക്കാരുടെ കാർഷിക ഉത്പന്നങ്ങൾ ന്യായവില ലഭ്യമാക്കി ഏറ്റെടുത്ത് വില്പന നടത്താൻ നടപടി വേണം.

★ വനിതകളുടേതായ സഹകരണ സംഘം ഈ പഞ്ചായത്ത് മാത്രം അധികാരപരിധിവച്ച് കിട്ടാൻ നടപടിയുണ്ടാകണം.


★ കണ്ണനാകുഴി സഹകരണസംഘ





ത്തിന്റെ അതിർത്തിയിൽ വേടരപ്ലാവ് വാർഡിനെക്കൂടി ഉൾപ്പെടുത്തുക.

★ പേരൂർക്കാരാണ്മ, ചത്തിയറ എന്നിവിടങ്ങളിലുള്ള ക്ഷിരോത്പാദക സഹകരണ സംഘങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ ഒരു പാൽ കളക്ഷൻ സെന്റർ വാടരപ്ലാവിൽ സ്ഥാപിച്ചാൽ ഇപ്പോൾ പ്രൊവറ്റ് സൊസൈറ്റികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പാലു കൂടി ക്ഷിരോത്പാദക സഹകരണ സംഘത്തിന് കിട്ടും.





പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

1991ലെ സെൻസസ്സ് കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ പട്ടികജാതിക്കാർ 4388 എണ്ണവും പട്ടികവർഗ്ഗക്കാർ 66 എണ്ണവുമുണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 18.2ശതമാനം ആണ്. ഇവർ പ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൂട്ടമായും (കോളനികളിൽ) ഒറ്റപ്പെട്ടും അധിവസിക്കുന്നു. ഏകദേശം 40 വർഷത്തിനുമുൻപു വരെ 95 ശതമാനം പട്ടികജാതി വർഗ്ഗക്കാരും ജന്മി-കുടിയാൻ ബന്ധത്തിൽപ്പെട്ട് അടിച്ചമർത്തപ്പെട്ടവരായിക്കഴിഞ്ഞിരുന്നു. ഇവർ തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും വിധേയരായിരുന്നു. ഇന്ന് വ്യവസ്ഥിതി ആകെ മാറി ഭൂ പരിഷ്കരണ വ്യവസ്ഥിതിയെത്തുടർന്ന് മിക്കവാറും കുടുംബങ്ങൾ സ്വന്തം ഭൂമിയുള്ളവരായും സ്വന്തംനിർണ്ണയാധികാരമുള്ളവരായും മാറിയിട്ടുണ്ട്. ജീവിതത്തിൽ പരിഷ്കൃതസമൂഹത്തോട് കിടപിടിക്കത്തക്കതായിട്ടുണ്ട്. കാലാകാലങ്ങളിലുള്ള ഗവൺമെന്റുകളുടെ പല നൂതനപദ്ധതികളിലൂടെ 750 കുടുംബങ്ങൾക്ക് സ്വന്തമായി ഭവനങ്ങളുണ്ടായി ചുരുക്കത്തിൽ പീഡിപ്പിക്കപ്പെട്ടവരായി കഴിഞ്ഞിരുന്നു എന്ന് കണക്കാക്കപ്പെട്ടിരുന്ന ഈ സമൂഹം ഇന്ന് മറ്റ് സമൂഹത്തോടൊപ്പം ഏറെകുറെ ആയിട്ടുണ്ടെന്നുപറയാം

താമരക്കുളം പഞ്ചായത്തിൽ ജില്ലാപ്ലാനിംഗ് ആഫീസിൽ അംഗീകരിക്കപ്പെട്ട 26 പട്ടികജാതി/വർഗ്ഗ കോളനികൾ ഉണ്ട്.





കോളനികളെ സംബന്ധിച്ച വിവരങ്ങൾ

കോളനിയുടെ പേര്	സ്ഥിതിചെയ്യുന്ന വാർഡ്	കുടുംബങ്ങളുടെ എണ്ണം
ആലുവിള കോളനി		23
വേലിയിൽ കോളനി		13
മാർട്ടിൻകോളനി	പേരൂർകാരാണ്മ വാർഡ് 3	9
മാവുള്ളതിൽകോളനി		30
കുഴുവേലിൽ കോളനി	വേടരപ്ലാവ് വാർഡ് 4	24
കാട്ടിറക്കത്തു കോളനി		21
ചെറ്റാരിക്കൽകിഴക്ക് കോളനി		8
പുന്നക്കുറ്റി കോളനി		54
ചുടുകുറ്റി കോളനി	ചത്തിയറ വാർഡ് 10	15
കോയിക്കലേത്ത് കോളനി		5
മണ്ണാരേത്ത് കോളനി		23
കുരുക്കുശ്ശേരി കോളനി	മേക്കുംമുറി വാർഡ് 6	11
പൊരുവിക്കൽ കോളനി		10
പരിയാരത്ത് കോളനി		08
പെരുമ്പള്ളി കോളനി		13
തുണ്ടുവിള കോളനി	മേക്കുംമുറി വാർഡ് 7	7
ചാങ്കൂത്തറ കോളനി		08
പച്ചക്കാട്ട് കോളനി		32
കാഞ്ഞിരവിള കോളനി	കിഴക്കേമുറി വാർഡ് 8	20
ചിറയിൽ കോളനി		15
ഭൂരഹിതഭവനരഹിതകോളനി		10
മുളകുതോപ്പിൽ കോളനി		7
കല്ലിശ്ശേരിൽ കോളനി	കിഴക്കേമുറി വടക്ക് വാർഡ് 9	10
തിറയിൽ കോളനി		15
കോതകുളം കോളനി		10
കൊട്ടക്കാട്ടുശ്ശേരി കോളനി		
പട്ടികജാതി	കൊട്ടുക്കാട്ടുശ്ശേരി വാർഡ് 10	22
പത്തിമൂല കോളനി		44
കല്ലിരിക്കും വിളകോളനി	കണ്ണനാകുഴി വാർഡ് 1	47
ചക്കാലക്കൽ കളനി		30
കോട്ടുവയലിൽ കോളനി	കണ്ണനാകുഴി വാർഡ് 2	46





മേൽപറഞ്ഞ പട്ടികജാതി കോള നികളെല്ലാം വിവധ വികസന പദ്ധതി കളിൻ ഭാഗമായി ഉൾപ്പെട്ടിട്ടുള്ളവയാണ്. കോളനികളിൽ പല വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നു ണ്ടെങ്കിലും പലയിടത്തും അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴും അപൂർണ്ണമാ ണ്. ഭവനങ്ങൾ ആവശ്യമുള്ളവരും വള രെയുണ്ട്. എന്നാൽ കോളനിയുടെ സമ ഗ്രവികസനത്തിനായി കണ്ണനാകുഴി യിലെ പത്തിയൂർ കോളനിയും ചത്തി യറയിലെ പുന്നക്കുറ്റി കോളനിയും ഐ.എച്ച്.ഡി.പി. പദ്ധതിയിൽപ്പെടുത്തി പ്രവർത്തനങ്ങൽ നടന്ന് വരുന്നു.

മറ്റ് എല്ലാ കോളനികളിലും വിവി ധതരം ഭവന പദ്ധതികളും, ദാരിദ്ര നിർമ്മാണ പദ്ധതിയായ ഐ.ആർ.ഡി. പിയും നടത്തിവരുന്നു. പലകോലനി കളും കേന്ദ്രീകരിച്ച് കലാസാംസ്കാരിക പരിപാടികൾ നടത്തുന്നുണ്ട്. വിദ്യാ ഭ്യാസ പരമായും ഔദ്യോഗിക ഭരണ രംഗങ്ങളിൽ ചെറിയൊരളവിലെങ്കിലും എത്തിപ്പെട്ടിട്ടുമുണ്ട്. വിദ്യാഭ്യാസത്തിന് ഗ്രാന്റനുവദിച്ചിട്ടുണ്ടെങ്കിൽപോലും പല കുടുംബങ്ങളിൽ നിന്നും കുട്ടികൾ പട നത്തിൽ ശ്രദ്ധാലുക്കളല്ല. കഴിഞ്ഞ കാല ത്തുണ്ടായ സാക്ഷരതാപ്രവർത്തനം മൂലം സാക്ഷരതയിൽ അല്പം മാറ്റം വന്നെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവം മൂലം മാക്കവാറും പഴയനില യിലായിട്ടുണ്ട്.

പട്ടികജാതിക്കാരുടെ സാമ്പത്തി കോന്നമനം ലക്ഷ്യമാക്കി പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന ഒരു പട്ടി കജാതി സർവ്വീസ് സഹകരണസംഘം ഉണ്ട്. ഇതിന്റെ പ്രവൃത്തനം മെച്ചപ്പെട്ട രീതിയിൽ ഉദ്ധരിക്കേണ്ടതുണ്ട്.

ഭൂരിപക്ഷംപേരും കാർഷികമേഘ ലയിലും കാർഷികേതര മേഘലയിലും പണിയെടുക്കുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുവേ ഇവിടുത്തെ കൂലിനിരക്ക് ഉയർന്നനിലവാരത്തിലുള്ള താണ്. അതിനാൽ തൊഴിൽ മേഖല യിൽ അൽപം മാന്ദ്യം വന്നിട്ടുണ്ട് എന്നു മാത്രം. സാമാന്യം ഭേദപ്പെട്ട ജീവിതനി ലവാരം പുലർത്തുന്നുണ്ട്.

പട്ടികജാതി /വർഗ്ഗക്കാരുടെ സാമൂ ഹ്യസ്ഥിതി താരതമ്യേനനല്ലനിലയിലാ ണ്. ജാതിയുടെ പേരിലുള്ള ഉച്ചനീചത്വ ങ്ങളില്ല. ജാതിപ്പേര് പറഞ്ഞ് വിളിക്കുന്ന രീതിയും മാറിയിട്ടുണ്ട്. അപൂർവ്വമായി ഉള്ളതായും അറിയുന്നു. എല്ലാ വിഭാഗ ക്കാരുടേയും പൊതു ചടങ്ങുകളിൽ ജാതിഭേദമില്ലാതെ സമഭാവേന പങ്കെടു ക്കുന്നു.

സ്ഥിതികൾ ഇതൊക്കെയാണെ ങ്കിലും പട്ടികജാതി/വർഗ്ഗത്തിന്റെ സമ ഗ്രമായ വികസനത്തിന് എല്ലാ തുറക ളേയും ബന്ധപ്പെടുത്തി ധാരാളം പദ്ധ തികൾ ആസൂത്രണം ചെയ്ത് നടപ്പിലാ ക്കേണ്ടതായുണ്ട്

പ്രശ്നങ്ങൾ

- കോളനികളിലെ അടിസ്ഥാന സൗക ര്യങ്ങൾ അപര്യാപ്തമാണ്
- ദാരിദ്രവും പട്ടിണിയും മാറിയിട്ടുണ്ടെ ങ്കിലും കുടുംബങ്ങളിൽ ഉണ്ടാകുന്ന വിവാഹം മുതലായ കാര്യങ്ങൾ നേരി ടാൻ സാമ്പത്തിക ബുദ്ധിമുട്ട് അനു ഭവപ്പെടുന്നു.
- വിദ്യാഭ്യാസ പിന്നോക്കാവസ്ഥ തുട രുന്നു.
- തൊഴിൽപരമായ പിന്നോക്കാവസ്ഥ യുണ്ട്





* അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.
* സാംസ്കാരിക രംഗങ്ങളിൽ പുരോഗതി പോരാ
* സഹകരണപ്രസ്ഥാനം കുറവാണ്
* കോളനികളിലെ പരിസരശുചീകരണം തൃപ്തികരമല്ല
* ജാതി വരുമാനം ഇവ തെളിയിക്കാനുള്ള രേഖകിട്ടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
* പട്ടിതജാതി /വർഗ്ഗ വിഭാഗക്കാർക്ക് ജീവിത സംരക്ഷണം ഉറപ്പ് വരുത്തണം

പ്രശ്നപരിഹാരങ്ങൾ

* അടിസ്ഥാനസൗകര്യങ്ങളായ വെള്ളം വെളിച്ചം ഗതാഗത സൗകര്യം വീടില്ലാത്ത എല്ലാ കോളനികളിലും ഒറ്റപ്പെട്ട താമസക്കാർക്കും ഇവലഭ്യമാക്കണം
* പരിസരശുചീകരണത്തിന് ബോധവൽക്കരണം നടത്തുകയും മലിനജല നിർഗമനത്തിനും കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൽക്കും അവ ലഭ്യമാക്കുക.
* അഭ്യസ്ഥവിദ്യർക്ക് തൊഴിൽ ലഭിക്കാനുള്ള അവസരം നൽകുകയും പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് ഊന്നൽനൽകുകയും ആവശ്യാനുസരണം വായ്പയും ഗ്രാന്റുംനൽകുകയും വേണം.
* പ്രത്യുത്പാദനപരമല്ലാത്ത കുടുംബത്തിലെ ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക.
* വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റുന്നതിന് ലംസംഗ്രാന്റ് വർദ്ധിപ്പിച്ചും സൗജന്യട്യൂഷൻ ഏർപ്പെടുത്തിയും പഠനോപകരണങ്ങൾ നൽകിയും ഉള്ള സഹായങ്ങൾ ഏർപ്പെടുത്തണം
* ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.
* സാംസ്കാരിക പുരോഗമനത്തിനായി കോളനികൾ കേന്ദ്രീകരിച്ച് കല-സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഒരു ടി.വി. സെന്റർ തുടങ്ങുകയും വേണം.
* സഹകരണ മനഃസ്ഥിതി വളർത്താൻ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനും പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം കേന്ദ്രീകരിച്ച് ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കുകയും, മാവേലിസ്റ്റോർ നിലവിലുള്ള സംഘത്തിനുംകൂടി അനുവദിക്കുകയും വേണം.
* ആവശ്യമായ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ ബുദ്ധിമുട്ട് കൂടാതെ കിട്ടാൻ അവ പഞ്ചായത്ത് ആഫീസിൽനിന്നും ലഭിക്കാൻ നടപടി ഉണ്ടാകണം.
* എല്ലാ പട്ടികജാതി / വർഗ്ഗ കുടുംബങ്ങളിലേയും ഗൃഹനായകരെ സൗജന്യമായി ഇൻഷുർ ചെയ്യണം.





വിഭവസമാഹരണം

പഞ്ചായത്തുകൾ രൂപം കൊണ്ട കാലം മുതൽ സർക്കാർ വകുപ്പുകളിൽ നിന്നും വ്യത്യസ്ഥമായ പ്രവർത്തന ശൈലിയായിരുന്നു. സ്വയം നിർണ്ണായ ധികാരമുണ്ടെങ്കിലും ഓരോ പ്രവർത്ത നവും ഗവൺമെന്റിന്റെ (പഞ്ചായത്തു വകുപ്പിന്റെ) ആക്ടിനും റൂളിനും വിധേ യമായിരുന്നു. ഈ ആക്ടിലും റൂളിലും ഒതുങ്ങിനിന്ന് പഞ്ചായത്തിന്റെ പുരോ ഗമനപ്രവർത്തനങ്ങളും ഭരണതന്ത്രവും ചിട്ടയായി കൊണ്ടുപോകുന്നതിന് എക്സിക്യൂട്ടീവ് അധികാരമുള്ള ഒരു ആ ഫീസർ മാത്രമായിരുന്നു പ്രസ്തുത സ്ഥാപനത്തിലെ ഗവൺമെന്റ് ഉദ്യോഗ സ്ഥൻ, മറ്റു ഉദ്യോഗസ്ഥന്മാരെല്ലാം പ്രാദേശികമായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ യോഗ്യത കണ ക്കാക്കി നിയമിച്ച് പഞ്ചായത്ത് വകു പ്പിന്റെ അംഗീകാരം വാങ്ങിയിരുന്നു. കാലക്രമത്തിൽ പഞ്ചായത്ത് ജീവനക്കാ രെല്ലാം ഓരോ അധികാരപരിധിയിലായി ട്ടുണ്ട്. പഞ്ചായത്തീരാജ് നിയമം നട പ്പിലായതോടെ പഞ്ചായത്തിന്റെ പരമാ വധികാരി തെരഞ്ഞെടുക്കപ്പെട്ട പഞ്ചാ യത്ത് പ്രസിഡന്റാണ്.

മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ പ്രവർത്തനം നടത്തിപോന്നിരുന്നത് പഞ്ചായത്ത് ആക്ടിലും, റൂളിലും നിർദ്ദേ ശിച്ചിട്ടുള്ള നികുതികൾ, ലൈസൻസ്ഫീ സ്, സർക്കാർ ഗ്രന്റുകൾ മുതലായവ യിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ടായിരുന്നു. വരുമാനം കുറവുവ ന്നാൽ ജീവനക്കാരുടെ ശമ്പളം പോലും കുടിശ്ശികയാകുന്ന അവസ്ഥയായി രുന്നു. അധികാര-വികേന്ദ്രീകരണ പ്രക്രിയ നടപ്പായതോടെ വിവിധയിന ത്തിലുള്ള സർക്കാർ ഗ്രന്റുകൾ വർദ്ധി പ്പിക്കുകയും 1984-ലെ കേന്ദ്രഗ വൺമെന്റ് തീരുമാനമനുസരിച്ച് സാമാന്യം ഭേദപ്പെട്ട ഒരു തുക പഞ്ചാ യത്തിന് നിയന്ത്രണ വിധേയമല്ലാതെ ക്ഷേമപ്രവർത്തനത്തിനായി കിട്ടുകയും ചെയ്തു. എന്നാൽ പഞ്ചായത്തീരാജ് നിലവിൽ വന്നതോടെ സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതി വിഹിത ത്തിന്റെയും പദ്ധതിയേതര വിഹിതവു മായി അധികവരുമാനവും ഉണ്ടായിട്ടു ണ്ട്.

ഗ്രാമത്തിന്റെ വിഭവം-വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉള്ള വിക സനപ്രവർത്തനങ്ങൾ ആണ്. ഗ്രാമപ ഞ്ചായത്തോ മറ്റു പഞ്ചായത്തോ ഗവൺമെന്റോ ആണ് വേണ്ട സഹായ ങ്ങൾ ചെയ്യേണ്ടതാണ്. ഈ വചികസല പ്രവർത്തനം നടത്തുന്നതിനുവേണ്ട പല പദ്ധതികൾക്ക് രൂപം നല്കുകയും





വേണ്ടപണം കണ്ടെത്തുകയും ബോധവല്ക്കരണപരിപാടികൾ നടപ്പിലാക്കുകയും ചെയ്യണം. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്നാൽ ഓരോ കുടുംബത്തിന്റെയും നിലവിലുള്ള വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ്.

പ്രധാനമായും പൊതുവെ ചെറുകിട കർഷകരുടേയും തൊഴിലാളികളുടേയും വ്യവസായികളുടേയും വരുമാനം വർദ്ധിക്കുന്നതോടെ ഈ ഗ്രാമത്തിന്റെ വികസനം നടക്കുന്നു ഇതിനായി കാർഷിക വ്യാവസായിക പുരോഗതിക്ക് അനുസ്യൂതമായ സാഹചര്യങ്ങൾ ഉണ്ടാക്കുകയും അതുവഴി പഞ്ചായത്തിന്റെ ആകെ വിഭവങ്ങളിൽ വർദ്ധനവ് ഉണ്ടാക്കുക എന്ന ലക്ഷ്യം നേടുകയും ചെയ്യേണ്ടതാണ് ആയതിലേക്ക് ആവശ്യമായ സാഹചര്യങ്ങൽ ഉണ്ടാക്കിക്കൊടുത്തും പ്രേരണ ചെലുത്തുന്നതിനും പഞ്ചായത്തിന് സാധിക്കും. മനുഷ്യ വിഭവങ്ങളെ പരമാവധി പ്രവർത്തനനിർമ്മാണ മേഖലകളിലേക്ക് നയിക്കുകയും വേണ്ടതാണ്. ഈ ഭൗതിക സാചര്യങ്ങൾ ഒരുക്കുന്നതിന് ഒരു മാലേജ്മെന്റിന്റെ ഇടപെടൽഇന്ന് ആവശ്യമുണ്ട്. ഇത് സാധ്യമാക്കുന്നതോടെ നേരിട്ട് പഞ്ചായത്തുകൾക്ക് ഗവ'ൺമെന്റിനോ പണം ചെലവഴിക്കാതെതന്നെ നാടിന് പുരോഗതി ഉണ്ടാവുകയും അത് പഞ്ചായത്തിന് വരുമാനം വർദ്ധിക്കുവാൻ ഇടയാവുകയും ചെയ്യുന്നു. അങ്ങനെ ഗ്രാമവാസികളുടെ ഉയർച്ചയും നാടിന്റെ വികസനവും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു. പഞ്ചായത്തുകളുടെ നേരിട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകളിൽ നിയന്ത്രണങ്ങൾ ഉണ്ടാവുകയും വികസനരംഗത്ത് 20 ശതമാനം മനുഷ്യപ്രയത്നം ശ്രമദാനമായി ലഭ്യമാക്കുകയും ചെയ്യുന്നത് അഭികാമ്യം തന്നെ. പല ക്ഷേമപ്രവർത്തനങ്ങളിലും പൊതു ജന പങ്കാളിത്തം കാര്യശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക നേട്ടവും കൈവരിക്കാവുന്നതാണ്.

1996–97 ലേക്ക് മേൽ വരുമാനത്തിനു പുറമെ 2,94,033 രൂപ പദ്ധതി വിഹിതമായും പദ്ധതിയേതര വിഹിതമായും കിട്ടിയിട്ടുണ്ട്. ഇതിൽ 18,714 രൂപ ചെലവാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനം 10,26,668 രൂപായും ഭരണച്ചെലവ് 3,65,617 രൂപയുമാണ്. ഇതിൽ നിന്നും ഭരണച്ചെലവ് ആകെത്തുകയുടെ 35.6 ശതമാനം വരുന്നതെന്നു കാണാം. തനതു വരുമാനം ഓരോവർഷവും 5 ശതമാനം വരെ വർദ്ധനവുള്ളതായിക്കാണുന്നു. നികുതിവർദ്ധിപ്പച്ചും നികുതിയേതര വരുമാനവും കഴിയുന്ത്ര വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. നികുതി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. 95–96 അൺടൈഡ് ഫണ്ടായി 3,40000 രൂപയാണ് കിട്ടിയത്. ഇത് സർക്കാർ മൊത്തം ഗ്രാന്റിന്റെ 30.6 ശതമാനം ഉണ്ട്.

ഇതിൽനിന്നും പഞ്ചായത്തിന്റെ തനുതുഫണ്ട് താരതമ്യേന കുറവും ചെലവ് അധികവുമാണ്. എന്ന് കാണാം. എന്നാൽ ഈ കുറവ് പരിഹരിക്കുന്നത് ഗ്രാന്റിനത്തിൽ കിട്ടുന്ന തുക വിനിയോഗിച്ചാണ്. റൂറൽ ഡവലപ്പമെന്റ് ബോർഡിൽ ഉള്ള കടബാധ്യതയായ 5.96,000 രൂപാ നിലനിൽക്കുകയും ചെയ്യുന്നു. പൊതുവേ നോക്കിയാൽ പഞ്ചായത്തിന്റെ തനതുഫണ്ടിന്റെ നിലമെച്ചപ്പെടുത്തിയും ഇതര വരുമാനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്താലേ ഗ്രാമസഭയിലെ ആവശ്യങ്ങൾക്ക് പരിഹാരം കാണാനൊക്കുകയുള്ളു.

പഞ്ചായത്തിന്റെ ആവർത്തനച്ചെലവ് പ്രധാനമായും എസ്റ്റാബ്ലിഷ്മെന്റിനുള്ള ചെലവിനമാണ്. ഇത് ഓരോ വർഷവും കൂടുന്നുണ്ട്.





ഇതിനുകാരണം ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റും, കാലാകാലത്തുണ്ടാകുന്ന ശമ്പള പരിഷ്കരണം, ക്ഷാമബത്തവർദ്ധന എന്നിവ കൊണ്ടാണ്. അടുത്ത പ്രധാന ചെലവിനം വിവിധ പദ്ധതികളിലുള്ള പൊതുമരാമത്തു പണികളാണ്. നോമിനിയെവച്ചും പഞ്ചായത്ത് നേരിട്ടും ആണ് പണികൾ നടത്തുന്നത്. കൂടാതെ ക്ഷേമപ്രവർത്തനങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളുമുണ്ട്. പ്രത്യക്ഷ ഉദ്പാദനമേഖലയിൽ കൂടി പഞ്ചായത്ത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തതൃത്തിയിൽ ധനകാര്യസ്ഥാപനങ്ങളായി താഴെപറയുന്നവ മാത്രമാണുള്ളത്

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖ –1
2. ജില്ലാ സഹകരണ ബാങ്ക് –1
3. സഹകരണ വായ്പാ സംഘങ്ങൾ–3

വാണിജ്യ ധനകാര്യസ്ഥാപനങ്ങൾ കാര്യമായ നിക്ഷേപസമാഹരണം നടത്തുകയും ബാങ്കുകളുടെ അഭിപ്രായമനുസരിച്ച് നിക്ഷേപതുകയുടെ 60–70 ശതമാനം വരെ വായ്പ കൊടുക്കുകയും ചെയ്യുന്നു എന്നാണ്. ഈ തോത് നിലനിരത്താൻ ശ്രമിക്കേണ്ടതുണ്ട് കൂടാതെ അനൗപചാരികമായി പണം പലിശക്ക് കടം കൊടുക്കുന്ന വ്യക്തികളുണ്ട്. ഇവരായൊന്നും ഔപചാരികരീതിയിൽ കൊണ്ടുവരാൻ പറ്റുന്നവയല്ല.

സാമ്പത്തികമുതൽ മുടക്കിന് ഗൾഫ് കുടിയേറ്റക്കാരെ പ്രേരണ ചെലുത്തി സുരക്ഷിതത്വം ഉറപ്പാക്കി പ്രത്യുല്പാദന മേഖലകളിൽ അവരുടെ സമ്പാദ്യം വിനിയോഗിക്കേണ്ടതുണ്ട്.

അവസാനമായി സംഭാവനകളും നമ്മുടെ പ്രധാന മുതൽമുടക്കായ മനുഷ്യപ്രയത്നവുമാണ് ഏറ്റവും വലിയ വിഭവമായി കാണേണ്ടത്.

ശ്രമദാനം ശീലം വളർത്തി പദ്ധതികളുടെ പൂർത്തീകരണത്തിന് 30–40 ശതമാനം വരെയെങ്കിലും ശ്രമദാനം വിനിയോഗിക്കണം.

പ്രശ്നങ്ങൾ

- പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിന്നില്ല.
- ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സം.
- പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യം.
- പൊതുഫണ്ടുകളുടെ ദുർവിനിയോഗം.
- സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.
- പദ്ധതി പ്രവർത്തനങ്ങളിലും പണമിടപാടിലുള്ള സുതാര്യക്കുറവ്.
- ആറ് പഞ്ചായത്തടങ്ങുന്ന ബ്ലോക്കിലെ ഒരു എൻജിനിയർക്ക് സാങ്കേതിക പരിപാടികൾ ആസൂത്രണം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു.

പ്രശ്നപരിഹാരങ്ങൾ

- നിലവിലുള്ള നികുതി പിരിവുകൾ കാര്യക്ഷമമാക്കുകയും പുതിയ സ്ഥാപനങ്ങൽ ഏർപ്പെടുത്തിയും പ്രത്യുത്പാദനപരമായി പ്രവർത്തനം നടത്തിയും സേവന മേഖല വിപുലപ്പെടുത്തിയും വരുമാനം കൂട്ടുക.
- പൊതു ജനോപകാരപ്രദമായ പദ്ധതികൾക്കുള്ള വായ്പകൾ നിയമ നട





പടികൾ ലഘൂകരിച്ച് യഥാസമയം കിട്ടാൻ നടപടിയുണ്ടാകണം.

- ഈ പഞ്ചായത്തിന് അനുയോജ്യമായ നിർമ്മാണപ്രവർത്തനങ്ങളും മറ്റ് ക്ഷേമപ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് വിദഗ്ധന്മാർ പഞ്ചായത്തു തലത്തിൽ ഉണ്ടാകണം
- പഞ്ചായത്തിൻറെ ഫണ്ടുകൾ (സ്വന്തവും ഗവൺമെന്റിൽ നിന്ന് കിട്ടുന്നവയും)ഉത്തരവാദിത്വത്തോടും ആത്മാർത്ഥതയോടുംകൂടി ശ്രദ്ധിച്ച് ദുർവിനിയോഗം ഒഴുവാക്കണം.
- പൊതു ജനത്തിന് സേവനപ്രവർത്തനത്തോട് വിമുഖത വന്നിട്ടുണ്ട് അതൊഴുവാക്കാൻ നടപടി വേണം
- പദ്ധതി നടത്തിപ്പുതുക ചെലവഴിക്കലിലും മറ്റുള്ള രഹസ്യസ്വഭാവം മാറ്റുക
- വിദ്യാഭ്യാസ ആരോഗ്യ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കുക
- സന്നദ്ധസംഘടനകൾക്കുള്ള സഹായധന പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടി ഉണ്ടാവുക.
- പഞ്ചായത്തിന് അനുവദിക്കുന്ന തുക ഉപയോഗിച്ചുള്ള വികസനപ്രവർത്തനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർ വിഷൻ എന്നിവയ്ക്ക് പഞ്ചായത്തിൽതന്നെ പരിജ്ഞാനമുള്ള ഒരു ഓവർസിയറെയെങ്കിലും നിയമിക്കുക.
- മരാമത്ത് പണികളുടെ കാലതാമസം ഒഴുവാക്കാനും ഇടനില്ക്കാരിൽനിന്നുള്ള ചോർച്ച ഇല്ലാതാക്കാനും പഞ്ചായത്തിൽ വിജിലൻസ് കമ്മറ്റി രൂപീകരിച്ചാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൽ പൂർണ്ണമായും ലഭ്യമാകും.
- ചാരുംമൂട് ബ്ലോക്കാഫീസിന് മുൻവശമുള്ള പഞ്ചായത്തു വക സ്ഥലത്തും ജംഗ്ഷനിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന മൂത്രപ്പുരയുടെ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിഞ്ഞാൽ അതും പഞ്ചായത്തിനൊരു വരുമാനമാർഗ്ഗമാകും.





1995-96 സാമ്പത്തികവർഷത്തിലെ വരവ് ചെലവ് കണക്കുകൾ

വരവ്	രൂപ	ചെലവ്	രൂപ
കെട്ടിടനികുതി			
തൊഴിൽനികുതി		ഭരണചെലവ്	3,65,611
പ്രദർശനനികുതി		പൊതുമരാമത്ത്	1,21,888
വസ്തുകൈമാറ്റനികുതി	10,26,668	വിദ്യാഭ്യാസം	5,600
സർച്ചാർജ്		ജലവിതരണം,	
ലൈസൻസ് ഫീസ്		പൊതുജനാരോഗ്യം	14,950
ചന്തലേലം		തെരുവ് വിളക്ക്	
		കത്തിക്കുന്നതിന്	97, 752
അൺടൈഡ് ഫണ്ടുകൾ		പൊതുമരാമത്ത്	2,73,388
ഉൾപ്പടെവിവിധ ഇനം	11,12,720	വിവിധ ഗ്രാന്റുതുകകൾ	
ഗ്രാന്റുകൾ		ചെലവാക്കിയത്	11,12,720
		ജെ.ആർ.വൈ. പദ്ധതി	
ജെ.ആർ.വൈ	4,49,831	നടത്തിപ്പിന്	5.97,310
			25,89,219
ആകെ	**25,89,219**		

പഞ്ചായത്തിന്റെ പൊതു സാമ്പത്തികനില

ഇനം	പൊതുകണക്ക്	മൂലധനക്കണക്ക്	കടം സംബന്ധിച്ച കണക്ക്
വരവ്	**11,17,475**	**6,11,329**	**5,96,000**
ചെലവ്	**17,25,467**		**5,96,000**





ഉപസംഹാരം

ലോകരാജ്യങ്ങളുടെ മദ്ധ്യത്ത് കേരളം ഗണിക്കപ്പെടത്തക്കവിധം ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് നേട്ടം കൈവരിച്ചിട്ടുണ്ട്. ശാസ്ത്ര-സാങ്കേതിക രംഗത്ത് കേരളീയരുടെ സംഭാവന ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധപിടിച്ചു പറ്റിയിട്ടുമുണ്ട്. അദ്ധ്വാനശീലരും ഉത്സാഹമതികളുമായ കേരളീയരുടെ സേവനങ്ങളെ പ്രശംസനീയമാംവണ്ണം മറ്റുസംസ്ഥാനങ്ങളിലും രാജ്യങ്ങളിലും ചെലവിട്ട് സമ്പാദ്യംകൊണ്ട് സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുന്നുണ്ട്. എന്നാൽ നമ്മുടെ രാജ്യത്തെ ഉൽപ്പാദന രംഗത്തെ മുരടിപ്പ് വികസന മേഖലയ്ക്ക് കളങ്കം ചാർത്തുകയാണ്. കഴിഞ്ഞകാലങ്ങളിൽ നിന്നും നാം മുന്നോക്കം പോയിട്ടുണ്ട് എങ്കിലും കാർഷികോദ്പാദന രംഗത്ത് പിന്നോക്കം പോയതായിട്ടാണ് കാണുന്നത്. ഇതിന് ഒരപവാദം റബ്ബർ കൃഷിമാത്രമാണ്. ഭക്ഷ്യഉൽപ്പാദനരംഗം വളരെ തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിന് നമ്മുടെ പഞ്ചായത്തും സാക്ഷ്യം വഹിക്കുന്നു. കാർഷിക രംഗത്തെ തളർച്ചയും നിരാശാജനകമായ വ്യവസായികരംഗവും നമ്മുടെ വികസന രംഗം താറുമാറാക്കി. എന്നാൽ വിദേശസമ്പാദ്യങ്ങൾ നമ്മുടെ സമ്പത്ഘടനയ്ക്ക് ബലമേകുമ്പോൾ സാമൂഹ്യമേഘലയിൽ ഏറെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുന്നു. മണിമന്ദിരങ്ങളും സുഖഭോഗങ്ങളും നാട്ടിൽ പരിമളം വിതയ്ക്കുമ്പോൾ ജീവിത യാതനകൾ പേറിക്കൊണ്ട് ദിവസങ്ങൾ തള്ളിനീക്കാൻ പാടുപെടുന്ന നാടിന്റെ മറുവശം ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും പ്രശ്നങ്ങളുടെ അടിത്തട്ടിൽ എത്തിച്ചേരാതെ ഉപരിതലവിപ്ലവം വിതച്ച് മൂടികെട്ടുന്നു. ഇതുകാരണം ദുർബ്ബലരും കർഷകരും ഏറ്റിരുന്ന നാടിന്റെ സംരക്ഷണ ചുമതല ചുമലിൽ ഏറ്റിട്ട് ഇറക്കിവയ്ക്കാൻ കഴിയാതെ എല്ലാ മത്സര ഓട്ടത്തിലും പിൻതള്ളപ്പെട്ട് പകച്ചുനിൽക്കുകയാണ്.

പഞ്ചായത്തുകളുടെ പ്രവർത്തനം വിജയകരമാകണമെങ്കിൽ സാമാന്യജനങ്ങളുടെ സഹകരണം കൂടിയേതീരു. ജനങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തെപ്പറ്റി ബോധമുണ്ടായാൽ മാത്രമേ ഇതു സാദ്ധ്യമാകു. നഗരത്തിലെ തൊഴിലാളിയെയും ഉദ്യോഗസ്ഥനെയുംപോലെ സാധാരണ ജനങ്ങളും രാഷ്ട്രസേവനത്തിൽ മുൻപന്തിയിൽ വരണം. ഉത്തരവാദിത്വപ്പെട്ട ഒരു പൗരനാണ് താനെന്ന് ഗ്രാമീണർ ഓരോരുത്തരും മനസ്സിലാക്കണം. ഇത് ഉൾക്കൊണ്ടുള്ള 'ഗ്രാമസ്വരാജ്' എന്ന ഗാന്ധിയൻ ആശയംപകർത്തിയിരിക്കുന്ന പഞ്ചായത്ത് രാജ് നിയമവും അതിന്റെ ഗ്രാമസഭാ അധികാരങ്ങളും കൈവന്നരിക്കുന്ന ഈ വേളയിൽ, പ്രവർത്തന മണ്ഡലങ്ങളിലേക്കുള്ള പ്രയാണം ഈ ജനകീയ ആസൂത്രണ പരിപാടികളിലുടെ നാം നേടി എടുക്കേണ്ടിയിരിക്കുന്നു. ആയതിനുവേണ്ടി ഈ ഗ്രാമത്തിലെ ഓരോ പൗരനും അവരവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.


എന്ന്
വിധേയൻ

കൊപ്പാറ ജി. ദാമോദരൻ നായർ
പ്രസിഡന്റ്




"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി




അധികാരം ജനങ്ങളിലേയ്ക്ക്








അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡ് നേടിയ വി.വി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.കെ. മുരളീധരൻനായർ രാഷ്ട്രപതിയിൽനിന്നും അവാർഡ് സ്വീകരിക്കുന്നു. (1991)



സംസ്ഥാന മാതൃകാ കർഷകൻ
(കാർഷിക വികസന ബാങ്ക് 1993–94),
സംസ്ഥാന ക്ഷീരധാരാ (1994–95)
എന്നീ അവാർഡുകൾ നേടിയ
താമരക്കുളം ബി. സുകുമാരക്കുറുപ്പ്

വികസനത്തിന്റെ പാലുറവകൾ



അധികാരം ജനങ്ങളിലേക്ക്

ജനകീയ ആസൂത്രണ പരിപാടി